
ലോകവാണി

No. 10 MARCH 1958 No. 3



ഉള്ളടക്കം : ഉതക്കിന്റെ പിതാവ് + മൃതസഞ്ജീവിനി : വിദ്വാൻ ആർ. വാസുദേവൻ കത്താ + 'വെർതറുടെ ദുഃഖങ്ങൾ' : ഇ.എം.ജെ. വെണ്ണിയൂർ + ഫെലി കോപ്പറർ യുഗം : കോശി മൈനാൻ + അമൃതബിന്ദു : വൈലോപ്പിള്ളി + തെ പക്ഷിനിരീക്ഷകയുടെ മദ്ധ്യാഹ്നം : ഷണ്മുഖദാസ് + ഏഴു പ്പോയ ജീവിതങ്ങൾ : മിസ്സ് മോളി വർഗ്ഗീസ് കുന്നിൽ + ഇന്ത്യൻ സംസ്കാരത്തിന്റെ കാവൽപ്പട്ടയാളി : എ.കെ. ജോസ്. മറ്റും...

30 വയലൈ



സദാ തുവെണ്മ
തുകുന്ന
ആ പുഞ്ചിരി
സജീവമായ
ക്ലോറോഫിൽ
അടങ്ങിയ

ഗ്രീൻ

കോളിനോസ്

ഉപയോഗിക്കുന്നതു കൊണ്ട്!

ഇന്നു തന്നെ ഗ്രീൻ 'കോളിനോസ്'' ടൂത്തു'പേസ്റ്റ്' ഉപയോഗിച്ചു തുടങ്ങുക. അതു' പല്ലുകളെ വിസ്മയകരമാംവിധം വെണ്മയുള്ളവയാക്കും. 'കോളിനോസിന്റെ' സജീവമായ പത, പല്ലുകളുടെ വിടവുകളിൽ ചുഴിഞ്ഞിറങ്ങി, പുഴുക്കത്തും ദുർഗ്ഗന്ധവും ഉണ്ടാക്കുന്ന കൃമികളെ നശിപ്പിച്ചു' പല്ലുകളെ കൂടുതൽ വൃത്തിയായും വെണ്മയും ഉള്ളവയാക്കിത്തീർക്കുന്നു.

എപ്പോഴും ഗ്രീൻ 'കോളിനോസ്'
തന്നെ വാങ്ങുക



Registered User
Geoffrey Manners &
Company Private Ltd.

നോക്കുക! വെറും പകുതികട്ട

സൺലൈറ്റാണ്

ഈ അലക്കു മുഴുവൻ നിർവഹി ച്ചിരിക്കുന്നത്!

അതിന്റെ അധികമായ പതയാണ് അപ്രകാരം ചെയ്യുന്നത്!



സൺലൈറ്റ്

സോപ്പ്

വസ്ത്രങ്ങൾ വെള്ളയായും, ശോഭയുള്ളതായും അലക്കുന്നു!

S. 249-50 MP

ബോംബെയിലെ ഹിന്ദുസ്ഥാൻ ലീവർ ലിമിറ്റഡിനാൽ നിർമ്മിക്കപ്പെട്ടത്.

ഉരുക്ക് ഉറപ്പിനും ബലത്തിനും

ഉരുക്ക് നാടിന്റെ ശക്തിയുടെ പ്രതീകമാണ്. അടിസ്ഥാന വ്യവസായങ്ങൾക്കും ഘനവ്യവസായങ്ങൾക്കും നിത്യോപയോഗസാധനങ്ങൾ ഉല്പാദിപ്പിക്കുന്ന യന്ത്രങ്ങൾ നിർമ്മിക്കുന്നതിനുള്ള യന്ത്രസജ്ജീകരണങ്ങൾക്കും മുഖ്യമായ് ഉരുക്കാവശ്യമായിത്തീരുന്നതാണ്. ഭീലായ്, ദുർഗ്ഗാപൂർ, റൂർക്കേലാ, ദുർഗ്ഗാപൂർ എന്നിവിടങ്ങളിൽ സ്ഥാപിക്കുന്ന ഉരുക്കുല്പാദന ശാലകളിൽനിന്നു് വേണ്ടത്ര ഉരുക്കു് ലഭിക്കുന്നതാണു്.

ഇതുകൊണ്ടു് ടൺ കണക്കിനു് അനേകലക്ഷം വാട്ടു് വിദ്യുച്ഛക്തിയും ചോദിച്ചുവാങ്ങാൻ വ്യവസായത്തിന്റെ സന്ധിബന്ധങ്ങൾ സംജാതമാകുന്നു.

ശക്തിയുടെ സിരാകേന്ദ്രം



കൂടുതലായുല്പാദിപ്പിക്കപ്പെടുന്ന അസംസ്കൃത സാധനങ്ങളും മറ്റുല്പന്നങ്ങളും വഹിക്കുന്നതിനു വേണ്ടി ഗതാഗത സൌകര്യങ്ങൾ വർദ്ധിപ്പിച്ചുവരുന്നു.

സാമ്പത്തിക വളർച്ചയുടെ കാതൽ സ്ഥാനം കരസ്ഥമാക്കിയിരിക്കുന്ന ഉരുക്കു്, കൽക്കരി, തീവണ്ടിപ്പാതകൾ, ഇരുമ്പുഖങ്ങൾ എന്നിവയുടേയും അവയ്ക്കു സഹായകമായ വിദ്യുച്ഛക്തിയുടേയും വികസനത്തിനു് രണ്ടാം പഞ്ചവൽസരപദ്ധതിയിൽ പ്രഥമസ്ഥാനം നൽകിയിരിക്കുന്നു.

പദ്ധതിയുമായി മുന്നോട്ടു്..

പുരോഗതിയും സമൃദ്ധിയുമാണു് ലക്ഷ്യങ്ങൾ

DA 57/296

ഉള്ളടക്കം

പത്രാധിപക്കുറിപ്പുകൾ	7	
ഉരുക്കിന്റെ പിതാവ്	13	
മൃതസഞ്ജീവിനി	18	വിദ്വാൻ ആർ. വാസുദേവൻകുത്താ
ഒരു മരച്ചുവട്ടിൽ	19	നോവാക്ക് നോവാക്കോവിക്ക്
കണ്ണീരിന്റെ പൂക്കൾ	22	ഏറുമാന്നൂർ സോമദാസൻ
'വെർതറുടെ ദുഃഖങ്ങൾ'	23	ഇ. എം. ജെ. വെണ്ണിയൂർ
ഹെലികോപ്ടർ യുഗം	30	കോശി നൈനാൻ
അമൃതബിന്ദു	31	വൈലോപ്പിള്ളി
അജന്തയിലെ ചുവർച്ചിത്രങ്ങൾ	33	ലക്ഷ്മീദേവി
കുഞ്ഞിപ്പാത്തുമ്മ	35	വി. ഈ. ഹംസ
എന്റെ ഓമനയ്ക്കൊരുകുഞ്ഞ്	36	വൈക്കം ദേവരാജ്
ഒരു പക്ഷിനിരീക്ഷകയുടെ മദ്ധ്യാഹ്നം	37	ഷണ്മുഖദാസ്
കവിയും കന്നിയാറും	41	കെ. കെ. പൊതുവാൾ
സ്ത്രീകളും ഉന്നത വിദ്യാഭ്യാസവും	44	മിസ്സ് രജനി
റഷ്യയിലെ സ്ത്രീകൾ	46	ഷിപെലോവ്
ഒഴുകിപ്പോയ ജീവിതങ്ങൾ	48	മിസ്സ് മോളി [illegible]ീസ് കുന്നിൽ
ഇന്ത്യയും അഫ്ഘാനിസ്ഥാനും	54	ജി. എം. കുമാപുരം
മക്കളുടെ പാട്ട്	56	കൃഷ്ണകുമാർ
ഇന്ത്യൻ സംസ്കാരത്തിന്റെ കാവൽ പടയാളി	57	എൻ. കെ. ജോസ്
പുഴയൊഴുക്കും ചിലന്തിവലയും	62	വിദ്യാസാഗർ നൌത്തിയാൽ
വള്ളത്തോൾ : യുഗവിധാതാവ്	67	ഗോവിന്ദൻകുട്ടി നായർ
പുസ്തകങ്ങൾ	71	മോഹൻരാജ്, ജി.കെ.എൻ., എം. എസ്. മേനോൻ,
സ്വർഗ്ഗം നാണിക്കുന്നു	75	ഇ. കെ. പുരുഷോത്തമൻ


കവർചിത്രം :

ജംഷെഡ്ജി ടാറാ

EDITOR : PAUL V. KUNNIL, M. A.

Printed and published by V. I. JACOB for Lokavani Publishers, at Lokavani Press, 40, Muthuranga Mudaliar Road, Tambaram.

'മാളികമുകളേറിയ മന്നന്റെ
തോളിൽ മാറാപ്പു.....'



ധനകാര്യമന്ത്രിസ്ഥാനം രാജിവച്ച് ടി. ടി. കൃഷ്ണമാചാരി
മദിരാശിക്കു പുറപ്പെട്ടിരിക്കുന്നു.

ലോകവാണി

വാല്യം 10 മാച്ച് 1958 ലക്കം 3

പത്രാധിപക്കുറിപ്പുകൾ

അടുത്തകാലത്തു് സ്വാതന്ത്ര്യം ലഭിച്ച ഏഷ്യൻ രാജ്യങ്ങളിൽ ഇൻഡോനേഷ്യക്കു മാത്രം സമാധാനത്തിന്റെ രുചി അനുഭവിക്കാൻ അധികമൊന്നും സാധിച്ചിട്ടില്ല. ഇപ്പോൾ ആ രാജ്യത്തു നടന്നുകൊണ്ടിരിക്കുന്ന ആഭ്യന്തര സമരം തികച്ചും നിഷ്പ്രയോജനമായ ഒരു ഘട്ടത്തിലേക്കു കടന്നിരിക്കുന്നു. ഗവണ്മെണ്ടിനെ റഷ്യയും, വിപ്ലവകാരികളെ അമേരിക്കയും സഹായിച്ചുവരുന്നതായിട്ടാണു് റിപ്പോർട്ടു്. ചെറുരാജ്യങ്ങളുടെ ആഭ്യന്തരകാര്യങ്ങളിൽ മഹാശക്തികൾ ഇടപെടരുതെന്നുള്ള പ്രമേയം പാസ്സാക്കപ്പെട്ടാലും, ഇടപെടൽ തുടർന്നുകൊണ്ടിരിക്കുമെന്നതിൽ തർക്കമില്ല. ഇൻഡോനേഷ്യൻ പ്രശ്നം പരിഹരിക്കുവാൻ സെക്യൂരിറ്റി കൌൺസിൽ നടപടികളൊന്നും എടുത്തിട്ടില്ല. ഈ പ്രശ്നം സമാധാനപരമായി തീർക്കുവാൻ ഏഷ്യൻരാജ്യങ്ങൾ—പ്രത്യേകിച്ചു് ബാന്ദുംഗു് ശക്തികൾ ഒന്നു ശ്രമിച്ചുനോക്കേണ്ടതാണു്.

* * *

നിരായുധീകരണം സംബന്ധിച്ചു് ഉന്നതതലസമ്മേളനം നടത്തുവാൻ റഷ്യക്കു വളരെയധികം താല്പര്യമുണ്ടെന്നു് ബുൾഗാനിനും ക്രൂഷ്ചേവും ഈയിടെ എഴുതിയ "നീണ്ട കത്തുകളിൽ" നിന്നും മനസ്സിലാക്കാൻ സാധിക്കും. പക്ഷെ ജർമ്മൻ ഏകീകരണപ്രശ്നം ചർച്ചചെയ്യാൻ റഷ്യക്കു മനസ്സില്ല. പൂർവ്വ ജർമ്മനിയെ സ്വന്തം നിയന്ത്രണത്തിൽ നിന്നും മോചിപ്പിക്കുവാൻ റഷ്യ തയ്യാറില്ല. അമേരിക്കക്കാകട്ടെ. നിരായുധീകരണത്തിൽ തീരെ വിശ്വാസവുമില്ല. അങ്ങനെ ഈ നിഴൽയുദ്ധം തുടരുകയാണു്. ഒരുപക്ഷെ ബ്രിട്ടീഷ് പ്രധാനമന്ത്രി മാക്മില്ലനു് റഷ്യയുമായി അട്ടഹാസത്തിൽ കഴിയാനാഗ്രഹമുണ്ടെങ്കിലും, അമേരിക്ക അതിനനുവാദം കൊടുക്കുന്നില്ല. തകർന്നുവരുന്ന തന്റെ പാർട്ടിയുടെ പുനരുദ്ധാരണത്തിനു് ഉന്നതതല സമ്മേളനം സഹായിക്കുമെന്നാവാം മക്മില്ലന്റെ പ്രതീക്ഷ.

* * *

ഇന്ത്യൻ മന്ത്രിസഭയിൽ ചില അഴിച്ചുപണികൾ നടത്താൻ കൃഷ്ണമാചാരിയുടെ രാജിയും ആസാദിന്റെ മരണവും നെഹ്റുവിനെ നിർബന്ധിതനാക്കിയിരിക്കുന്നു. വാണിജ്യകാര്യവകുപ്പു് മൊരാർജിദേശായിക്കു നൽകിയിരിക്കുന്നു. ഗോപാലറെഡ്ഡി ഉടങ്ങി കുറെ പുതിയ മന്ത്രിമാരെയും എടുത്തിരിക്കുന്നു. മന്ത്രിസഭയിൽ പുരുഷത്വം കുത്തിവയ്ക്കാൻ ഈ മാറ്റങ്ങൾ സഹായിച്ചേക്കും.


* * *

മൌലാനാ ആസാദിന്റെ മരണം ഇന്ത്യൻ രാഷ്ട്രീയരംഗത്തിൽ വലിയൊരു വിടവാണു സൃഷ്ടിച്ചിട്ടുള്ളതു്. അദ്ദേഹം സ്വാതന്ത്ര്യ സമരത്തിലെ തലയാത്ത ഒരു നേതാവായിരുന്നു. നെഹ്റുവിന്റെ പ്രധാന ഉപദേഷ്ടാക്കളിലൊരാളായിരുന്ന ആസാദിന്റെ മരണം കോൺഗ്രസ്സു് ഗവണ്മെന്റിനു് വലിയൊരു തളർച്ച ഉണ്ടാക്കിത്തീർത്തിട്ടുണ്ടു്.

* * *


പുതിയ വർഷത്തെ ബഡ്ജറ്റ് അവതരിപ്പിച്ചതു് പ്രധാനമന്ത്രി നെഹ്റുവായിരുന്നു. ബഡ്ജറ്റിൽ പുതുമയൊന്നുമില്ല. സോഷ്യലിസത്തിലേക്കുള്ള ഒരു കാൽവെപ്പായിരിക്കും പുതിയ

അപകടംപിടിച്ച കസേര



ഇന്ത്യൻ ധനകായ്യമന്ത്രിയുടെ കസേരയിൽ ഇരിക്കാനിടയായിട്ടുള്ള
എല്ലാവരുംതന്നെ അവിടെനിന്നും ഇറങ്ങിപ്പോവുകയാണുണ്ടായിട്ടുള്ളത്

വാളുവെട്ടുപ്പു നടത്തിയാലും!



ധനകായ്യമന്ത്രി ടി.ടി.കെ. രാജിവച്ചതിനെത്തുടർന്ന്
നെഹ്റു ധനകായ്യവകുപ്പ് ഏറ്റെടുത്തിരിക്കുന്നു.

ബഡ്ജറ്റ് എന്നു പ്രതീക്ഷിച്ചിരുന്നവരെ നെഹ്റു നിരാശപ്പെടുത്തി. പ്രതിരോധവകുപ്പിനു നീക്കിവച്ചിട്ടുള്ള തുക കുറയ്ക്കണമെന്ന് കൃപലാനിയും മറ്റും അഭിപ്രായപ്പെട്ടെങ്കിലും അതു നെഹ്റുവിനു സ്വീകാര്യമായില്ല.

* * *

മൈസൂരിലെ നിജലിംഗപ്പ മന്ത്രിസഭയ്ക്കെതിരായി വീരേന്ദ്ര കൊട്ടുകാറ്റ് എവിടെയോ അപ്രത്യക്ഷമായിരിക്കുന്നു. നിജലിംഗപ്പയുടെ മന്ത്രിസഭ നിഷ്ക്രിയത്വത്തിന്റെ മൂർത്തീകരണമാണെന്നാണ് കോൺഗ്രസ്സ് അംഗങ്ങൾതന്നെ പറയുന്നതു്. മന്ത്രിസഭകൾക്കെതിരായി ഒപ്പുശേഖരണം നടത്തൽ നിരോധിക്കുമെന്ന ഡേബറിന്റെ പ്രഖ്യാപനം മന്ത്രിമാരെ സന്തോഷിപ്പിക്കാനിടയുണ്ട്. പക്ഷേ കോൺഗ്രസ്സ് സംഘടനക്ക് അസംബ്ളിപാർട്ടികളുടെമേൽ എത്രത്തോളം നിയന്ത്രണം ചെലുത്താൻ സാധിക്കുമെന്നുള്ളതു് കണ്ടറിയേണ്ട കാര്യമാണ്.

* * *

ഒറീസ്സയിൽ കോൺഗ്രസ്സ് ഒരു ന്യൂനപക്ഷകക്ഷിയാണെങ്കിലും മേത്താബ് മുഖ്യമന്ത്രിയായിട്ടുള്ള കോൺഗ്രസ്സ് കക്ഷി മന്ത്രിസഭയാണവിടെ ഭരിക്കുന്നതു്. രാജ്യസഭാ തിരഞ്ഞെടുപ്പിൽ നേരിട്ട പരാജയം ഒരു കാരണമായിട്ടെടുത്തു് മന്ത്രിസഭ രാജിവയ്ക്കണമെന്നു് കോൺഗ്രസ്സുകാർതന്നെ പ്രമേയം പാസ്സാക്കിയിരിക്കുന്നു. ഇതൊരു നല്ല കീഴ്വഴക്കമാണ്. മന്ത്രിസഭ രാജിവച്ചാലുമില്ലെങ്കിലും, ഒറീസ്സയിൽ കോൺഗ്രസ്സിനുള്ളിൽ പലനിരൊഴക്കുകളും ഉണ്ടെന്നുള്ളതു് സത്യമാണ്. ഒറീസ്സായിൽമാത്രമല്ല, ഇന്ത്യയിലെങ്ങുമുള്ള കോൺഗ്രസ്സ് സംഘടനകളിൽ ഭിന്നിപ്പും തൊഴുത്തിൽക്കുത്തും ധാരാളമുണ്ട്. കോൺഗ്രസ്സിൽ മാത്രമല്ല പ്രതിപക്ഷകക്ഷികളിലും ഈ രോഗം പടർന്നുപിടിച്ചിരിക്കുന്നു. ജനാധിപത്യത്തിന്റെ പരാജയത്തിനു് ഈ രോഗം ഹേതുഭൂതമാകുമെന്നു് ന്യായമായി സംശയിക്കാം.

* * *

കമ്മ്യൂണിസ്റ്റ് പാർട്ടി കേരളത്തിൽ അധികാരമേറ്റെടുത്തിട്ടു് ഒരു വർഷം തികയാറായിപ്പോകുന്നു. ഈയൊരുവർഷത്തെ ഭരണം കമ്മ്യൂണിസ്റ്റുകാരുടെ ഭരണരീതിയെക്കുറിച്ചു് സാധാരണക്കാർക്കിടയിലുണ്ടായിരുന്ന പല തെറ്റിദ്ധാരണകളും നീക്കാൻസാഹായകമായിട്ടുണ്ടു്. ഭരണത്തിന്റെ ചുമതല പാർട്ടിയിലെ സാധാരണ അംഗത്തിനുപോലും പങ്കിട്ടുകൊടുക്കുക എന്നതായിരുന്നു ഗവമ്മെന്റിന്റെ ലക്ഷ്യം എന്നു് ഇതിനകം വ്യക്തമായിട്ടുണ്ടു്: പലപ്രദേശങ്ങളിലും പോലീസധികാരം ഇന്നും കൈകാര്യംചെയ്യുന്നതു് പാർട്ടിയംഗങ്ങളാണു്. പോലീസുകാരെ അറസ്റ്റുചെയ്യാൻപോലും പാർട്ടിയംഗങ്ങൾ ധൈര്യപ്പെട്ടന്നതായി അസംബ്ളിയിൽ ആരോപണങ്ങൾ ഉന്നയിക്കപ്പെട്ടിട്ടുണ്ടു്. സെൽകോടതികൾ, മജിസ്റ്റീരിയൽ വകുപ്പിന്റെ ചുമതലകൾ സാവധാനത്തിൽ ഏറ്റെടുത്തുവരുന്നു:


ഈ പുത്തൻ ജനാധിപത്യം വളരെ അധികം എതിർപ്പുകൾ സൃഷ്ടിക്കുന്നുണ്ടു്. പലസ്ഥലങ്ങളിലും സംഘട്ടനങ്ങൾ നടന്നു. പോലീസ് വകുപ്പിന്റെ [illegible] നം മിക്കവാറും നിലച്ചമട്ടാണു്. ഈ നില തുടർന്നു, ഒടുവിൽ പോലീസ്വകുപ്പു പിരിച്ചുവിട്ടാൽ ആശ്ചര്യപ്പെടാനിരിക്കും. കൂലി പണം ലാഭിക്കുകയും ചെയ്യാമല്ലോ.

കേരളത്തിലുടനീളം വ്യാപിച്ചുകാണുന്ന അരക്ഷിതാവസ്ഥക്കു് പ്രതിപക്ഷത്തെമാത്രം കുറ്റപ്പെടുത്തുന്ന കേരളഗവമ്മെന്റിന്റെ പ്രവണത അപകടകരമാണ്. ആഭ്യന്തരസമരവും തെരുവുയുദ്ധവും കേരളത്തിലുണ്ടാകണമെന്നല്ല ഗവമ്മെന്റിന്റെ ഉദ്ദേശമെങ്കിൽ, കുറ്റം ചെയ്യുന്നവരെ ശിക്ഷിക്കുവാനും 'നിയമത്തിന്റെ ഭരണം' നടപ്പിലാക്കാനും കേരളഗവമ്മെന്റു തയ്യാറാകണം. അതിനു തയ്യാറാകുന്നില്ലെങ്കിൽ ഭവിഷ്യത്തുകൾ ഭയങ്കരമായിരിക്കുമെന്നു ദീർഘദർശനം ചെയ്യാൻ പ്രയാസമില്ല.

* * *

കേരള ഗവമ്മെന്റിന്റെ ഇക്കൊല്ലത്തെ ബഡ്ജറ്റ് കഴിഞ്ഞകൊല്ലത്തെ


ഗോളിയുടെ കുറ്റം?



'മുന്ദ്രാ ഇടപാട്ട്' സംബന്ധിച്ചു് ഒരു പരസ്യാന്വേഷണം നടത്താൻ ഉത്തരവിട്ടപ്പോൾ അതിന്റെ അനന്തരഫലങ്ങളെപ്പറ്റി ഭരണാധികാരികൾക്കു ഭീതിയുണ്ടായിരുന്നില്ല.

ഡക്കാൺ ഹെറാൾഡ്.

വീ[illegible]ം വിവാഹമോചനം



കേന്ദ്രഗവണ്മെന്റു രൂപീകൃതമായതിനുശേഷം നാലാമത്തെ പ്രാവശ്യമാണു ധനകാര്യമന്ത്രി മാറുന്നതു്.

ശങ്കേഴ്സ് വീക്ക്ലി.

പ്പോലെതന്നെ മിച്ച ബഡ്ജററാണ്. പക്ഷേ തീരെ പിന്തിരിപ്പനാണീ ബഡ്ജററ് എന്നു പറയേണ്ടിയിരിക്കുന്നു. ഓരോ വകപ്പിനും വകകൊള്ളിക്കുകയും, അതു ലാപ്സാക്കിക്കളയുകയും ചെയ്യുന്നകാര്യത്തിൽ മുൻഗവൺമെൻറുകളുടെ മാതൃക കമ്മ്യൂ. ഗവൺമെൻറും സ്വീകരിച്ചിരിക്കുന്നു. ബസ്സ് ചാർജ് കൂട്ടുന്നതിനുള്ള തീരുമാനം സ്വാഗതാർഹമല്ല. അതുപോലെ ഓയിലിൻെറ വിലവർദ്ധനവും സാധാരണക്കാരെ ബാധിക്കും.

* * *

പ്രൈവററ് കോളേജ് അദ്ധ്യാപകരുടെ ശമ്പളവർദ്ധനവിനെക്കുറിച്ച് മന്ത്രി ചിന്തിക്കാൻപോലും തുടങ്ങിയിട്ടില്ലെന്നുള്ളതു് അത്ഭുതകരംതന്നെ. മദ്രാസ് സർവ്വകലാശാലയിലെ പ്രൈവററ് കോളേജദ്ധ്യാപകരുടെ ശമ്പളം വർദ്ധിപ്പിച്ചിട്ടുണ്ട്. സർവ്വകലാശാല ഗവൺമെൻറു നിയന്ത്രണത്തിൽനിന്നും വിടർത്തി സ്വതന്ത്രമാക്കാനും കേരളമന്ത്രിസഭ തയ്യാറാകേണ്ടതാണ്. ഇപ്പോഴുള്ള സർവ്വകലാശാലബിൽ ഒരു ജനാധിപത്യരാഷ്ട്രത്തിനു് അപമാനകരമാണ്. നമ്മുടെ വിദ്യാഭ്യാസരംഗം ദിനംപ്രതി അധഃപതിച്ചുവരുന്നകാഴ്ച തികച്ചും ദയനീയംതന്നെ.

* * *

ആന്ധ്രാ സംസ്ഥാനത്തെ സ്വകാര്യ വ്യാപാരികളിൽനിന്നും അരി വാങ്ങിയതിൽ ചില കുംഭകോണങ്ങൾ നടന്നിട്ടുണ്ടെന്നു് കേരളത്തിലെ പ്രതിപക്ഷകക്ഷികൾ ഒന്നടങ്കം ആവശ്യപ്പെട്ടതിനെത്തുടർന്നു്, ഒരു പരസ്യാന്വേഷണം നടത്തുവാൻ ഗവൺമെൻറു സമ്മതം പ്രകടിപ്പിച്ചിരിക്കുന്നു. ഈ അരിക്കച്ചവടത്തിലെതകരാറുകളുടെകഥ ആദ്യമായി ബഹുജനസമക്ഷം അവതരിപ്പിച്ച സോഷ്യലിസ്റ്റുപാർട്ടി അഭിനന്ദനമർഹിക്കുന്നു. സംസ്ഥാനത്തിനുപുറത്തുള്ള ഒരു ഹൈക്കോടതിജഡ്ജിയെക്കൊണ്ടു് അന്വേഷണംനടത്താൻ ഗവൺമെൻറു തയ്യാറില്ല. ജസ്റ്റീസ് ചാഗ്ലയെപ്പോലുള്ള ഒരുന്നതനായ ജൂഡിഷ്യൽ ഉദ്യോഗസ്ഥൻ ഈ അരിക്കാര്യത്തിൽ ഒരന്വേഷണം നടത്തുന്നപക്ഷം, ഇതു സംബന്ധിച്ചുള്ള പരമാർത്ഥങ്ങൾ പുറത്തുവരുന്നതാണു്.

* * *


മഹാകവി വള്ളത്തോളിൻെറ നിര്യാണം മലയാള സാഹിത്യത്തിനു് ഒരു തീരാനഷ്ടമാണു്. അരനൂറ്റാണ്ടോളം ഭാഷയെ സേവിക്കാൻ അദ്ദേഹത്തിനു സാധിച്ചു. ഇതൊരുവലിയനേട്ടംതന്നെയായിരുന്നു. കേരളത്തിൽമാത്രമല്ല, മുറാജ്യങ്ങളിൽപോലും സ്വന്തം പ്രശസ്തിവരുത്തുവാൻ മഹാകവിക്കു കഴിഞ്ഞു. വള്ളത്തോൾ ഒരു തികഞ്ഞ കലാകാരനായിരുന്നു. അദ്ദേഹത്തിൻെറ കവിതകൾ ഈപരമാർത്ഥം പ്രഖ്യാപിക്കുന്നുണ്ടു്. 'കലാമണ്ഡല'ത്തിൽകൂടി കേരളീയരുടെ പഴയ കലാമാതൃകകൾ കാത്തു സൂക്ഷിക്കുവാനും, അതിനു് വിശ്വമെങ്ങും പ്രചാരംകൊടുക്കുവാനും വള്ളത്തോൾ ശ്രമിച്ചിരുന്നു. ആ ശ്രമം ഏറെക്കുറെ വിജയിക്കുകയും ചെയ്തിരുന്നു. വള്ളത്തോളിൻെറ നിര്യാണം കേരളത്തിനു [illegible] ഒരു തീരാനഷ്ടമാണു്. അദ്ദേഹത്തിൻെറ ശബ്ദം നിലച്ചെങ്കിലും, [illegible] കവിതകൾ എന്നും സ്വയം പാടിക്കൊണ്ടിരിക്കും. ആ ഗാനമാധുരി നശിക്കുകയില്ല—ഒരിക്കലും.

* * *

പത്രക്കടലാസിൻെറ ഇറക്കുമതിക്കാര്യത്തിലുള്ള ഇന്ത്യാഗവൺമെൻറിൻെറ നയംഒട്ടുംതന്നെതൃപ്തികരമല്ല. വിദേശനാണയപ്രശ്നം ഇവിടെ സൃഷ്ടിച്ചതു് ഏതാനും വ്യക്തികൾമാത്രമാണെന്നു് ദേശ്മുഖ് പ്രഖ്യാപിക്കുകയുണ്ടായി. പ്രസ്തുത വ്യക്തികളെ കണ്ടുപിടിച്ചു ശിക്ഷിക്കുന്നതിനുപകരം, പത്രക്കടലാസ് ഇറക്കുമതി തടഞ്ഞു് വായനക്കാരെ ശിക്ഷിക്കുന്നരീതി ഇന്ത്യാ ഗവൺമെൻറിനെപ്പോലുള്ള ഒരു പരിഷ്കൃത ഗവൺമെൻറിനു് ഭൂഷണമല്ലെന്നു പറയാതെ നിവൃത്തിയില്ല. വായനക്കാർ സംഘടിച്ചു ഗവൺമെൻറിൽ സമ്മർദ്ദം ചെലുത്തുവാൻ ശ്രമിക്കേണ്ടതു് ആവശ്യമായിരിക്കുന്നു.

***


വാട്ടർലൂവിനുശേഷം



ധൂർത്ത കേസനേഷണം ടീ.ടി.കെ.യുടെ 'വാട്ടർലൂ'യായിരുന്ന
എന്ന പത്രറിപ്പോർട്ട്.

അമൃതബസാർ പത്രിക.

ഞങ്ങളുടെ [illegible]മത്തിനെതിരു്



ഈജിപ്തും സിറിയയും ചേർന്നു് ഒരു ഐക്യഅറബിരാഷ്ട്രം
രൂപവല്ക്കരിച്ചിരിക്കുന്നു.

അമൃതബസാർ പത്രിക.

ആധുനികഭാരതത്തിന്റെ ശില്പികളിലൊരാളാണ്
ജംഷെഡ്ജി ടാറ്റായെന്നതൊരു പരമാർത്ഥം മാത്രമാണ്.

ഉരുക്കിന്റെ പിതാവ്


"നിങ്ങൾ ഇന്ത്യയിൽ ഉരുക്കു നിർമ്മിക്കുകയാണെങ്കിൽ ഉല്പാദിപ്പിക്കുന്ന ഓരോറാത്തൽ ഉരുക്കും ഞാൻ തിന്നോളാം" ഇന്ത്യൻ ഉരുക്കു വ്യവസായത്തിന്റെ പിതാവായ ജംഷെഡ്ജി ടാറ്റായുടെ പുത്രന്മാർ ഇന്ത്യയിൽ ഒരു ഉരുക്കു നിർമ്മാണകേന്ദ്രം ആരംഭിക്കുന്നതിനു് സഹായമഭ്യർത്ഥിച്ചപ്പോൾ അന്നത്തെ ഇന്ത്യാഗവർമ്മെന്റിന്റെ റയിൽവേ ബോർഡ് ചെയർമാൻ സർ ഫ്രെഡറിക്ക് അപ്പ്കോട്ട് ഇപ്രകാരം പരിഹസിച്ചു പറഞ്ഞതത്രെ. ടാറ്റായുടെ ഇരുമ്പു സാമ്രാജ്യം അന്നൊരു സ്വപ്നമായിരുന്നെങ്കിൽ, ഇന്നാകട്ടെ, മുപ്പത്തഞ്ചു കോടി ഇന്ത്യക്കാരുടേയും അഭിമാനസ്തംഭമായ ഒരു യാഥാർത്ഥ്യമായി പരിണമിച്ചിരിക്കുന്നു.

വളരെക്കൊല്ലങ്ങൾ അതിനുശേഷം കടന്നുപോയിരിക്കുന്നു. ജംഷെഡ്ജി ടാറ്റാ വ്യവസായശാലകളുടെ പ്രവർത്തനം മനസ്സിലാക്കുവാൻ ഇംഗ്ലണ്ടിൽ പോയിരുന്നു. ഇംഗ്ലണ്ടിലേയും മറ്റു പാശ്ചാത്യരാജ്യങ്ങളിലേയും ഉരുക്കുവ്യവസായ രഹസ്യങ്ങൾ നേരിൽക്കണ്ടു മനസ്സിലാക്കാൻ അദ്ദേഹത്തിനു സാധിച്ചു. വ്യാവസായികമായി ഇന്ത്യക്കു് അഭിവൃദ്ധി പ്രാപിക്കണമെങ്കിൽ, ധാരാളം ഉരുക്കു് ഉല്പാദിപ്പിക്കാൻ സാധിച്ചേ തീരൂ എന്നു് അദ്ദേഹം മനസ്സിലാക്കി. എന്നാൽ, ഇന്ത്യയിൽ ഒരു ഉരുക്കു നിർമ്മാണശാല ആരംഭിക്കുന്നതിൽ ബ്രിട്ടീഷ് ഗവർമ്മെന്റിനോ ബ്രിട്ടനിലെ വ്യവസായപ്രമുഖർക്കോ യാതൊരു താല്പര്യവുമുണ്ടായിരുന്നില്ല. അന്നു് ഉരുക്കു നിർമ്മാണത്തിനു കേൾവികേട്ട രാജ്യം ജർമ്മനിയായിരുന്നു. അതിനാൽ ജംഷെഡ്ജി ടാറ്റാ ജർമ്മനിയിൽച്ചെന്നു് ഇന്ത്യയിലൊരു ഉരുക്കു വ്യവസായശാല ആരംഭിക്കുന്നതിനുള്ള സാദ്ധ്യതകളെപ്പറ്റി വിദഗ്ദ്ധന്മാരുമായി ആലോചന നടത്തി. ജർമ്മനിയിൽവച്ചു് 1904 മേയ് 19-ാംതിയതി ആ അത്യാഹിതം സംഭവിച്ചു, ജംഷെഡ്ജി ടാറ്റാ പെട്ടെന്നു് നിര്യാതനായി.

ഇന്ത്യയിൽ ഉരുക്കു നിർമ്മാണത്തിനാവശ്യമായ അസംസ്കൃതവസ്തുക്കൾ-കൽക്കരി, ഇരുമ്പയിർ, കൽച്ചുണ്ണാമ്പ് എന്നിവ, എവിടെ സമൃദ്ധമായുണ്ടെന്നു് കണ്ടുപിടിക്കുവാൻ ടാറ്റാ ശ്രമം നടത്തിയിരുന്നു. സി. മിനോട്ട് വെൽഡ് എന്ന പ്രസിദ്ധ അമേരിക്കൻ ഭൂഗർഭശാസ്ത്രജ്ഞന്റെ നേതൃത്വത്തിലുള്ള ഒരു സംഘമാണു് ടാറ്റാക്കുവേണ്ടി ഇന്ത്യയിൽ [illegible] പര്യടനപ്രവർത്തനമാരംഭിച്ചതു്. [illegible] സംസ്ഥാനത്തുള്ള ധല്ലി രാജ്ഹര [illegible] പ്രദേശത്തു് ഇരുമ്പു നിക്ഷേപങ്ങൾ ഉണ്ടെന്നു് ഇന്ത്യാഗവർമ്മെന്റിന്റെ ഭൂഗർഭശാസ്ത്രജ്ഞനായ വിദഗ്ദ്ധൻ പി. എൻ. [illegible] ആയിടക്കു് ടാറ്റായെ അറിയിക്കുകയുണ്ടായി. ഉടനെ വെൽഡും അനുയായികളും രാജ്ഹരയിലെത്തി കൂടുതൽ ഗവേഷണങ്ങൾ നടത്തി. അതിൽനിന്നും ഉരുക്കുല്പാദനത്തിനാവശ്യമുള്ള എല്ലാ അസംസ്കൃതപദാർത്ഥങ്ങളും അവിടെ സുലഭമായിട്ടുണ്ടെന്നു വ്യക്തമായി.


ടാറ്റായുടെ നിര്യാണശേഷം, അദ്ദേഹത്തിന്റെ സ്വപ്നം സാക്ഷാൽക്കരിക്കുവാൻവേണ്ടി എത്ര ത്യാഗവും സഹിച്ചു മുന്നോട്ടു പോകണമെന്നു് അദ്ദേഹത്തിന്റെ പുത്രന്മാർ നിശ്ചയിച്ചു. എന്നാൽ ധല്ലി-രാജ്ഹര പ്രദേശത്തു് ഫാക്ടറി ആരംഭിക്കുന്നതിനു് പല വൈഷമ്യങ്ങളും പൊന്തിവന്നു. തന്മൂലം വീണ്ടും അന്വേഷണങ്ങളും ഗവേഷണങ്ങളും നടത്തപ്പെട്ടു. ഒടുവിൽ,

സയാമീസ് ഇരട്ടകൾ



ജോർദ്ദാനിലെ ഹുസ്സയിൻരാജാവും ഇറാക്കിലെ ഫൈസൽരാജാവും ചേർന്ന് തങ്ങളുടെ രണ്ടു രാജ്യങ്ങളുടെയും ലയനം വിളംബരം ചെയ്തിരിക്കുന്നു. നാഷനൽ ഹെറാൾഡ്.

'സിംഹ'ത്തിന്റെ പരിണാമം



ഒരുകാലത്തു് കാഷ്മീരിന്റെ പ്രധാനമന്ത്രിയായിരുന്ന ഷേക്ക് അബ്ദുള്ള ഇന്നു കാഷ്മീരിന്റെ ഭദ്രതയെ തുരങ്കംവയ്ക്കാൻ ശ്രമിക്കുകയാണു്. പയനിയർ.

മയൂർഭഞ്ജ് എന്ന പറയപ്പെടുന്ന സ്ഥലം തിരഞ്ഞെടുക്കപ്പെട്ടു. സീനി–മയൂർഭഞ്ജിനടുത്തുള്ള ഒരു സ്ഥലം–യിൽ ഫാക്ടറി സ്ഥാപിക്കുന്നപക്ഷം, അവിടെനിന്നും അധികംദൂരയല്ലാത്ത ജാറിയ, റാണിഗഞ്ജ് മുതലായ സ്ഥലങ്ങളിൽ നിന്നും ഉരുക്ക നിർമ്മാണത്തിനാവശ്യമുള്ള എല്ലാ അസംസ്കൃതപദാർത്ഥങ്ങളും ലഭിക്കുമെന്നു വ്യക്തമായിരുന്നു.

1907–ൽ ആയിരുന്ന ടാറാ ഉരുക്കു കമ്പനി ബോംബേയിൽ രജിസ്റ്റർ ചെയ്തതു് മൂലധനം രണ്ടുകോടി രൂപയായിരുന്നു. 1908–ഫെബ്രുവരിയിൽ കമ്പനിയുടെ ശിലാസ്ഥാപനം നടത്തപ്പെട്ടു. 1911–ന്റെ അവസാനത്തോടെ ഉരുക്കു ഉല്പാദിപ്പിച്ചുതുടങ്ങി. ആദ്യം രണ്ടു ബ്ളാസ്റ്റ്ഫർണസു് മാത്രമേ ഉണ്ടായിരുന്നുള്ളു.

ഒന്നാം ലോകമഹായുദ്ധകാലത്തു് ടാറാ ഉരുക്കിന്റെ നിർമ്മാണം അനേകമടങ്ങു വർദ്ധിച്ചു. യുദ്ധകാലത്തു് ടാറാകമ്പനി സഖ്യകക്ഷികൾക്കു നൽകിയ സേവനത്തിനു കൃതജ്ഞത പറയുവാനായി 1919–ൽ വൈസ്രോയി ചെംസ്ഫോർഡ്പ്രഭു ടാറാ ഉരുക്കു നിർമ്മാണകേന്ദ്രം സന്ദർശിക്കുകയുണ്ടായി. സാക്ചിയിലെ ഉരുക്കു നഗരത്തിനു് 'ജംഷെഡ്പൂർ' എന്നു പേരിട്ടതു് വൈസ്രോയിയായിരുന്നു.

ജംഷെഡ്ജി ടാറാ വെറുമൊരു വ്യവസായപ്രമുഖൻ മാത്രമായിരുന്നില്ല. അദ്ദേഹം ഒരു തികഞ്ഞ ദേശീയവാദിയും സൌന്ദര്യാരാധകനുമായിരുന്നു. ഇന്ത്യയുടെ സ്വാതന്ത്ര്യവും, ലോകരംഗത്തു് ഇന്ത്യയുടെ സ്ഥാനവും ഇന്ത്യയുടെ വ്യവസായാഭിവൃദ്ധിയെആശ്രയിച്ചിരിക്കുന്നു എന്നു് അദ്ദേഹത്തിനു ദീർഘവീക്ഷണം ചെയ്യാൻ കഴിഞ്ഞു. ഏതൊരു രാജ്യത്തിന്റെയും വ്യവസായാഭിവൃദ്ധിയുടെ അടിസ്ഥാനം ഉരുക്കാണു്. ബ്രിട്ടനും അമേരിക്കയും ജർമ്മനിയും റഷ്യയുമെല്ലാം ഇന്നു് വൻകിട ശക്തികളായി മാറിയിരിക്കുന്നതിന്റെ രഹസ്യം പ്രസ്തുത രാജ്യങ്ങളുടെ ഉരുക്കുല്പാദനശക്തി ഒന്നുമാത്രമാണു്.


വ്യവസായകേന്ദ്രം സ്ഥിതിചെയ്യുന്ന പട്ടണം ഏതുവിധമായിരിക്കണമെന്നു നിർദ്ദേശിച്ചു് തന്റെ പുത്രൻ സോറാബ്ജിക്കു് ജംഷെഡ്ജി ടാറാ അയച്ച ഒരു കത്തിൽ ഇങ്ങനെ പറഞ്ഞിരിക്കുന്നു. "വളരെവേഗം വളരുന്നതരം തണൽ നൽകുന്ന വൃക്ഷങ്ങളുടെ തൈകൾ ഇരുഭാഗവും വച്ചുപിടിപ്പിക്കപ്പെട്ട വിസ്താരമുള്ള വീഥികൾ വേണമെന്നു നിർബ്ബന്ധമാണു്; നല്ല പൂൽത്തകിടികൾക്കും ഉദ്യാനങ്ങൾക്കുംവേണ്ടി ധാരാളം സ്ഥലം ഒഴിച്ചുവയ്ക്കണം, ഫുട്ട്ബോൾ, ഹോക്കി, മുതലായ കളികൾക്കും വിശാലമായ സ്ഥലങ്ങൾ കരുതിവെയ്ക്കണം. ഹൈന്ദവ ക്ഷേത്രങ്ങൾ, മുസ്ലിം പള്ളികൾ, ക്രൈസ്തവദേവാലയങ്ങൾ;ഇവയ്ക്കും ആവശ്യമായ സ്ഥലങ്ങൾ ഉണ്ടായിരിക്കണം. ഈ നിർദ്ദേശങ്ങൾ അനുസരിച്ചു് അദ്ദേഹത്തിന്റെ പിൻഗാമികൾ പ്രവർത്തിച്ചതിന്റെ ഫലമായി ജംഷെഡ്പൂർ, ശ [illegible] തിയുടെ മാത്രമല്ല, സൌന്ദര്യത്തിന്റെയും [illegible] നിരീക്ഷിക്കുന്നു.

സ്വാതന്ത്ര്യലബ്ധിയിലെ പ്രധാനവ്യവസായം [illegible] മാത്രമല്ല ഇന്നു് ടിസ്കോ (ടാറാ അയൺ ആൻഡ് സ്റ്റീൽ കമ്പനി) പ്രതീകമത്രേ, ഇന്ത്യയുടെ വ്യാവസായികാഭിവൃദ്ധിയുടെ [illegible] വൈജയന്തികകൂടിയാണു്.

അമ്പതുകൊല്ലംമുമ്പു് ഉറങ്ങിക്കിടന്നിരുന്ന ഒരു കുഗ്രാമമായിരുന്ന ജംഷെഡ്പൂരെങ്കിൽ, ഇന്നതു് ഒരു ആധുനിക നഗരമായി വികസിച്ചിരിക്കുന്നു. ഗ്രാമീണഭാരതത്തിന്റെ വികസനത്തിന്റെ അഥവാ അഭിവൃദ്ധിയുടെ മാർഗ്ഗദർശിയാണീ പുതൻ നഗരം, നമ്മുടെ രാഷ്ട്രത്തിന്റെ വളരാനുള്ള കഴിവ് ഈ നഗരം പ്രകടിപ്പിച്ചിരിക്കുന്നു.


ആണ്ടുതോറും ഇരുപതുലക്ഷം ടൺ ഉരുക്കുല്പാദിക്കുന്നതിനു തെയ്യാറെടുക്കുകയാണിപ്പോൾ 'ടിസ്കോ' ചെയ്യുന്നതു് നമ്മുടെ വ്യവസായവികസനത്തിനു് അത്യന്താപേക്ഷിതമാണല്ലോ ഉരുക്കു്. ഇന്ത്യയ്ക്കാവശ്യമുള്ള ഉരുക്കു മുഴുവൻ ഇവിടെത്തന്നെ ഉല്പാദിപ്പിക്കേണ്ടിയിരി

'നമ്പൂരി പിടിച്ച പുലിവാല്'



കമ്മ്യൂണിസ്റ്റ് ഗവമ്മെന്റിന്റെ പ്രധാനപരാജയകാരണം, ഉദ്യോഗസ്ഥ ലോകത്തിന്റെ മനോഭാവമാണെന്നു പാർട്ടി സെക്രട്ടറി എം. എൻ. ഗോവിന്ദൻ നായർ പ്രസ്താവിച്ചിരിക്കുന്നു. ശങ്കേഴ്സ് വീക്ക്ലി.

'താനിരിക്കും കൊമ്പു മുറിക്കും...'



സ്വതന്ത്രതമിഴ്നാട്ടു വേണമെന്നു വാദിക്കുന്ന ഒരു പുതിയ രാഷ്ട്രീയ പ്രസ്ഥാനം തെന്നിന്ത്യയിൽ രൂപമെടുത്തിരിക്കുന്നു.

ടൈംസ് ഓഫ് ഇൻഡ്യ.

ക്കുന്നു. കപ്പലുകൾ റയിൽവേപ്പാളങ്ങൾ, യന്ത്രസാമഗ്രികൾ മുതലായവ നിർമ്മിക്കുന്നതിനാവശ്യമുള്ളലക്ഷക്കണക്കിനു ടൺ ഉരുക്ക് ഉല്പാദിപ്പിക്കുവാൻ ഇന്ത്യാഗവൺമെന്റ് ബദ്ധശ്രദ്ധയായിരിക്കുകയാണ്. ഭീലായ്, ദുർഗ്ഗാപ്പൂർ എന്നീ മൂന്നു ഉരുക്കുനിർമ്മാണകേന്ദ്രങ്ങളുടേയും പ്രവർത്തനങ്ങൾ ശീഘ്രഗതിയിൽ പുരോഗമിക്കുകയാണ്. അടുത്ത ഏതാനും മാസങ്ങൾക്കകം, പ്രതിവർഷം ഇരുപതുലക്ഷം ടൺ ഉരുക്കുല്പാദിപ്പിക്കുന്നതിനു ടാറാക്കു സാധിക്കുന്നതാണ്.

1955-ൽ പ്രസിദ്ധ ഉരുക്കുനിർമ്മാണവിദഗ്ദ്ധരായ അമേരിക്കയിലെ കൈസർ കമ്പനിയുമായി ടാറ ഒരു കരാറിൽ പ്രവേശിച്ചു. ഇരുപതുലക്ഷം ടൺ പദ്ധതിയുടെ മുഴുമതല അതിൻപ്രകാരം ഈ കമ്പനി ഏറ്റെടുത്തിരിക്കുകയാണ്.

ഈ പദ്ധതിയുടെ നടത്തിപ്പിൽ നേരിട്ട ഏറ്റവും വലിയ പ്രതിബന്ധം സാമ്പത്തിക പ്രശ്നമായിരുന്നു. ആകെ 120 കോടി രൂപാ അവശ്യമുണ്ടായിരുന്നു. അതിൽ 30 കോടിയോളം പുതിയ ഷെയറുകൾ വിറ്റ് ഉണ്ടാക്കി. 40 കോടിയോളം കമ്പനിയുടെ നിക്ഷേപങ്ങളിൽ നിന്നും എടുത്തു. ബാക്കി വേണ്ടിവന്ന തുക ലോകബാങ്കിൽ നിന്നും കടമെടുക്കുകയാണുണ്ടായതു് 52 കോടി ഉറുപ്പിക. ലോകബാങ്ക് ഇത്ര വലിയ ഒരു തുക ഏഷ്യയിൽ ഒരു വ്യവസായത്തിനും കടം കൊടുത്തിട്ടില്ല. ടാറാക്ക് 52 കോടി രൂ. കൊടുക്കാൻ ലോകബാങ്കു തയ്യാറായതിൽനിന്നും ബാങ്കിന് ടാറാ വ്യവസായത്തെക്കുറിച്ചുള്ള അഭിപ്രായം നമുക്ക് ഊഹിക്കാവുന്നതാണ്.

ടാറാ അയൺ ആൻഡ് സ്റ്റീൽ കമ്പനി ആരംഭിച്ചിട്ട് അൻപതു വർഷം തികഞ്ഞ 1958 ഫെബ്രുവരി മാസത്തിൽ ജംഷെഡ്പൂരിൽവെച്ചു നടന്ന വമ്പിച്ച ആഘോഷപരിപാടികളിൽ പ്രധാനമന്ത്രി നെഹ്റു സംബന്ധിച്ചിരുന്നു. ഇന്ത്യൻ ഉരുക്കു വ്യവസായത്തിന്റെ പിതാവ് എന്നു വിളിക്കപ്പെടാവുന്ന ജംഷെഡ്ജി ടാറായുടെ സ്വരാജ്യസ്നേഹത്തേയും ദീർഘവീക്ഷണചാതുരിയേയും പ്രധാനമന്ത്രി അങ്ങേയറ്റം പ്രശംസിക്കുകയുണ്ടായി. ജംഷെഡ്ജിയുടെ പിൻഗാമിയായ ജെ. ആർ. ഡി. ടാറാ നെഹ്റുവിന്റെ ഉറ്റ സുഹൃത്തും, ഇന്ത്യയുടെ വ്യവസായവൽക്കരണ സംരംഭത്തിന്റെ വഴികാട്ടികളിലൊരാളുമാണ്. സർ എം. [illegible] ഡോ. ജോൺ മത്തായി തുടങ്ങിയ [illegible] സേവനം [illegible] തുടങ്ങിവച്ചിരുന്നതു് കമ്പനിയുടെ വളർച്ചയ്ക്ക് സഹായകമായിരുന്നു.

ഇന്ത്യയുടെ മുന്നോട്ടുള്ള ഗതിയിൽ ഉരുക്കു വ്യവസായത്തിന്റെ സ്ഥാനം അദ്വിതീയമാണ്. [illegible] രത്തിൽ ജംഷെഡ്ജി ടാറാ നിർവഹിച്ചിട്ടുള്ള സേവനം രാജ്യാഭിമാനമുള്ള ഓരോ ഇന്ത്യക്കാരനും ഒരിക്കലും വിസ്മരിക്കുകയില്ല. [illegible] രുടെയുടെ നാമധേയം ഇന്ന് [illegible] സാധാരണക്കാരിലെന്നും, കുഗ്രാമങ്ങളിൽപോലും നല്ലപരിചിതമാണ്.



ആരുടെ ഉമ്മറപ്പടിമേൽ ആദിത്യചന്ദ്രന്മാർ ഉദ്ധതങ്ങളായ ഉന്നതശിരസ്സുകൾ കുനിക്കുന്നു, ആ പ്രേമസ്വരൂപമേ, ഉൽക്കണ്ഠയുടെ ഉല്ലംഘനിയിൽനിന്നു നീറാൻ എന്നോട് കല്പിക്കരുതേ! ആശാഭംഗമാകുന്ന മേഘപടലത്തിൽ എന്നെ നിർത്തരുതേ! —ഹാഫിസ്.

മൃതസഞ്ജീവനി

വിദ്വാൻ ആർ. വാസുദേവൻകുത്താ

കണ്മുൻപിൽ കാണ്മൊരു കാഴ്ചയിതത്രയുമുൾക്കടകരുണം
കമ്മത്തിൻ കെട്ടതിയിൽവീണൊരു ജീവിതചരമസ്ഫുരണം

ചിറകു വിരിച്ചംബരവീഥിയിലോടിനടന്ന സുഹൃത്തേ!
പറവകളുടെ കുലസന്തതികളിലൊരുമനിറഞ്ഞൊരു കുഞ്ഞേ!

വിറയൊട്ടുവിവീണുകിടപ്പൊരു നിൻനില നിഴലിക്കുവതാം
വിധിയുടെ ഗതിഗഹനതയുള്ളുതന്നെനിനയ്ക്കുംതോറും
പ്രകൃതിനിനക്കരുളിയ മോഹനരൂപഭൂമിത്രിമ്മെച്ചം
സകലചരാചരചരിതത്തിലു മത്ഭുതമത്ഭുതമേറും
പലനിറവും വരയും പുള്ളിയുമൊത്തുനിന്നുടെ പത്രം,
ജലധികടന്നിവിടെ വരുന്നു മിത്രമനോഹരമല്ലാ.
തല,യുടൽ, ചെറുകൊമ്പുകൾ, കണ്ണുകളൊക്കെയുമെത്രവിചിത്രം
തവപതനം സ[illegible]രുവനു സാധ്യവുമല്ലസഹിപ്പാൻ.

പൊൻ ചിറകുകൾ [illegible]രുനിമിഷത്തിലൊൻരൻപതുതവണ തുടിപ്പൂ
ജൃംഭിതമാം ചെറുരൂപമൊരു പൂഴപോലെ കിടന്നുപിടപ്പൂ.

വാ[illegible] പുതിയ [illegible]പടങ്ങൾവരച്ചുചരിച്ചൊരുനിന്നെ
ഞാനെ[illegible] പുകഴ്ത്തുകിലും തവവേദനമാറുവതുണ്ടോ?
ഹാകഷ്ടം! നിൻറെ തുടിപ്പുകൾ ദുസ്സഹമെങ്കിലുമോർത്താൽ
ലോകമഹാപട്ടികാരചിൻവൈശയുടെ ചലനമിതാവാം.

അതിനിടയിൽ[illegible]തായൊരു ബാലകനെത്തിയടുക്കൽ
പദഹതിയാൽ[illegible]തമായിതു ശലഭം മൃതിസന്നദ്ധം.

"അരുതരുതേ, കൊല്ലരുതേ"യെന്നിവനുഴറുന്നതിനിടയിൽ
പറവയതാ വണ്ടുമുയർന്നുപറന്നുമറഞ്ഞുകഴിഞ്ഞു.

★

ആധുനിക യുഗോസ്ലാവിയൻ സമുദായത്തിന്റെ ഹാസ്യാത്മകമായ ഒരു ചിത്രീകരണമാണ് ഈ ചെറുകഥ—

ഒരു മരച്ചുവട്ടിൽ

നോവാക്ക് നോവാക്കോവിക്ക്

(വിവ: ഗോപി, കഴൂർ)

ഞാനന്നു് റോഡിലൂടെ നടന്നു പോകുകയായിരുന്നു. സുന്ദരമായ ഒരു മഞ്ഞസൂട്ടും ധരിച്ചു് മെലിഞ്ഞ ഒരു പെൺകുട്ടി എന്റെ നേരെ നടന്നു വരുന്നു. സുന്ദരമായ സൂട്ടും അതിസുന്ദരമായ ഷൂസും—ഓ! അതെന്റെ ഭാര്യയാണു്.

"അല്ലാ നിന്നെ തിരിച്ചറിയാതായല്ലൊ." ഞാൻ പതുക്കെ പറഞ്ഞു. "ഒരു മത്സ്യത്തെ നോക്കുന്നതുപോലെ നിങ്ങൾ എന്നെ നോക്കിവരുന്നതു് ഞാൻ കണ്ടു." അതായിരുന്നു എന്റെ ഭാര്യയുടെ മറുപടി. "ഞാൻ ഈ സൂട്ടു് ഇതിനുമുൻപു് കണ്ടിട്ടില്ലല്ലൊ" "ഇല്ലേ? ഇല്ലെങ്കിൽ ഇതാ കൺകുളുക്കെ കണ്ടുകൊള്ളു." ഞങ്ങൾ രണ്ടുപേരും ചിരിച്ചു. "എവിടേക്കു പോകുന്നു" ഞാൻ ചിരി ഒതുക്കിക്കൊണ്ടു് ചോദിച്ചു. "ഇപ്പോൾ ഇന്ന ദിക്കിലേക്കെന്നില്ല. കുറച്ചുകഴിഞ്ഞാൽ എനിക്കു് സാഹിത്യസമാജത്തിൽ ഒരു യോഗത്തിൽ സംബന്ധിക്കേണ്ടതുണ്ടു്. അതിനുശേഷം ഒരു സമ്മേളനത്തിൽ പങ്കെടുക്കുകയും വേണം." ചിരിച്ചുകൊണ്ടുകൊണ്ടെയായിരുന്നു ഭാര്യയുടെ മറുപടി. "ഓ! ഇതു് അതിശയകരമായിരിക്കുന്നവല്ലൊ. എന്റെ ജോലിയെല്ലാം കഴിഞ്ഞു. ഞാനിപ്പോൾ തികച്ചും സ്വതന്ത്രനാണു്. ഇനി എന്തുമായിക്കൊള്ളട്ടെ. നമുക്കു് ഒരു കേഫിൽ കയറി കുറച്ചുനേരം സൊള്ളാം."

"ശരി. നമ്മൾ രണ്ടുപേരും കുറച്ചുനേരമെങ്കിലും ഒരുമിച്ചു് കൂടിയല്ലൊ. അതുതന്നെ വലിയ കാര്യം. ഇനി എവിടെ പോകുന്നുവെന്നതു് അത്ര വലിയകാര്യമല്ല" ഞാനവളുടെ കൈപിടിച്ചു. തിരക്കിന്നിടയിലൂടെ ഞങ്ങൾ കടന്നുപോയി. തിരക്കിൽപെട്ട ചിലർ ഞങ്ങളെ പതുക്കെ തള്ളി. ഞങ്ങളും വിട്ടില്ല. പകരം അങ്ങോട്ടും തള്ളി. ചിലരുള്ളവരെപ്പറ്റി യാതൊരു ശ്രദ്ധയുമില്ലാതെ ഉപേക്ഷിക്കുന്നതിൽ ചിലർ ഞങ്ങളെ കുറ്റപ്പെടുത്തി. ഇന്നൊരു ദിവസം ക്ഷമിക്കുവാൻ ഞാനവരോടു് പറഞ്ഞു. ഇനിമുതൽ നല്ല ശ്രദ്ധയോടുകൂടിതന്നെ ഞങ്ങൾ പെരുമാറുമെന്നും. എന്നാൽ ഇതു് ഒരു പ്രത്യേക ദിവസമാണു്. പല നാളുകളായി ഞാനിന്നു് എന്റെ ഭാര്യയേയും കൊണ്ടു് നടക്കുകയാണു്. ഇടത്തോ വലത്തോ നോക്കുവാൻ പോലും എനിക്കു് സമയമുണ്ടായിരുന്നില്ല. അവളെ നോക്കുവാൻ മാത്രമേ സാധിക്കുന്നുള്ളു.

അതു് നല്ല ശോഭയുള്ള ഒരു ദിവസമായിരുന്നു. സൂര്യകാന്തി പട്ടണത്തെ മുഴുവനും വെള്ളശോഭയിൽ കുളിപ്പിച്ചിരുന്നു. എന്റെ ഭാര്യ അതിസുന്ദരിയാണു്. ഞാൻ പറയാതെ തന്നെ അവൾ അങ്ങിനെയാണു്. എന്നാൽ ഇന്നിതാ അവൾ ഞാൻ വിചാരിച്ചതിലും കൂടുതൽ സുന്ദരിയായിരിക്കുന്നു. വാസ്തവത്തിൽ ഞാൻ കരുതിയതിനേക്കാളും കൂടുതൽ സുന്ദരിയാണല്ലൊ അവൾ.

"നാം തമ്മിൽ ഇങ്ങിനെയുള്ള സൂര്യകാന്തിയിൽ കാണുക അപൂർവ്വമാണ

ല്ലൊ.” എന്റെ മനോഗതം മനസ്സിലാക്കിയ അവൾ മന്ദസ്വരത്തിൽ പറഞ്ഞു, അതു ശരിയാണ്. രാത്രി നമ്മൾ വളരെ ക്ഷീണിതരായിരിക്കും. വിദ്യുച്ഛക്തിയുടെ വെളിച്ചത്തിലാണ് നാം കണ്ടുമുട്ടാറു്. ചിലപ്പോൾ നാം പരസ്പരം കണ്ടില്ലെന്നും വരും. പിറ്റെ ദിവസം നമുക്കു രണ്ടുപേർക്കും ഓടി പോകുകയും വേണം.” തെല്ലൊരു ശോകച്ഛായകലർന്ന സ്വരത്തിൽ ഞാൻ പറഞ്ഞു.

ഞങ്ങൾ കേഫിൽ പ്രവേശിച്ചു. രണ്ടാമത്തെ നിലയിലേക്ക് നേരിട്ടു പോയി. അവിടെയാണ് സാധാരണ വിദ്യാർത്ഥികൾ വന്നിരിക്കാറു്. അവിടെ ചെന്ന് ഒരു മൂലയ്ക്കൽ ഞങ്ങൾ ഇരിപ്പുറപ്പിച്ചു. ഞാൻ എന്റെ ഭാര്യയെതന്നെ നോക്കി. അവളോട് പല കാര്യങ്ങളെപ്പറ്റിയും പറഞ്ഞു. എനിക്ക് അവളോട് എന്തെല്ലാം കാര്യങ്ങൾ പറയുവാനുണ്ടെന്നോ! അവളും [illegible] കയറി പറയും. ചിലപ്പോൾ ഞങ്ങൾ രണ്ടുപേരും ഒരേ സമയത്തുതന്നെ [illegible] സാരിച്ചുവെന്നും വ[illegible]പേക്കും ഒരേ സമയത്ത് ഈ [illegible] എല്ലാത്തിനെപറ്റിയും [illegible] പറയണം. ആ മൂലയ്ക്കൽ ഇരുന്ന് എത്ര നേരം സംസാരിച്ചാലും പിന്നേയും പറയേണ്ട കാര്യങ്ങൾ [illegible] ബാക്കിയെന്നോ?

“ഞായറാഴ്ച ഉച്ചതിരിഞ്ഞു് നമുക്ക് ഇങ്ങിനെ ദിവസവും കണ്ടുമുട്ടണം. വൈകുന്നേരംവരെ [illegible] കഴിച്ചുകൂട്ടണം. കഴിഞ്ഞ ഞായറാഴ്ച [illegible] നെ ഉച്ചമുതൽ വൈകുന്നേരംവരെ ഇരുന്നു. സംസാരിച്ചിട്ടും [illegible] നമുക്ക് കാര്യങ്ങൾ മുഴുവൻ പറഞ്ഞുതീർക്കുവാൻ സാധിക്കാത്തതു് നീ ഓർക്കുന്നുണ്ടോ?” ഞാൻ പറഞ്ഞു. “ഓർക്കാതിരിക്കാൻ കൊള്ളാം ഓർക്കുന്നുണ്ടോ എന്നോ? പക്ഷെ അന്നു് സന്ദർശകർ കൂട്ടത്തലായിരുന്നു.” ശരിയാണ്. വാസ്തവത്തിൽ നമ്മൾ ശരിക്കു് കണ്ടുമുട്ടിയിട്ടില്ലെന്നതന്നെ പറയേണ്ടിയിരിക്കുന്നു.

ഞായറാഴ്ച കഴിച്ചു് മറ്റൊരുദിവസവും ഞങ്ങൾ ഒരുമിച്ചു് ലഞ്ചു കഴിച്ചിട്ടില്ല. ഞാൻ ലഞ്ചു കഴിക്കുമ്പോൾ അവൾക്കു് രണ്ടു മണിക്കൂർ നേരവും കൂടി വിദ്യാർത്ഥികളുടെ കൂടെ കഴിച്ചുകൂട്ടേണ്ടിവരും. രാത്രിയാണെങ്കിലും ഇങ്ങനെതന്നെ. ഞാനെന്റെ ജോലി സ്ഥലത്തുനിന്നും പത്താംനമ്പ്ര ട്രാമിൽ യാത്രതിരിക്കുമ്പോൾ അവൾ ഏഴാം നമ്പ്ര് ട്രാമിൽ സ്കൂളിലേക്ക് തിരിക്കും. ഞാൻ ഒരു ഇൻസ്റ്റിറ്റ്യൂട്ടിലേക്കോ മീറ്റിങ്ങിനോ പതിനാലാം നമ്പ്ര് ട്രാമിൽ യാത്രചെയ്യുമ്പോൾ അവൾ ഒരു സമ്മേളനത്തിൽ പങ്കുകൊള്ളാനോ ട്യൂഷൻ എടുക്കാനോ മറ്റൊരു ട്രാമിൽ സഞ്ചരിക്കുകയായിരിക്കും. വൈകുന്നേരം ചിലപ്പോൾ ഞങ്ങൾ സഞ്ചരിക്കുന്ന ട്രാമുകൾ പരസ്പരം കടന്നുപോകാറുണ്ട്. ചിലപ്പോൾ ഒരു മിന്നൽ പോലെ ഞങ്ങൾ പരസ്പരം കാണാറുണ്ട്. എന്നാൽ വണ്ടിയുടെ ജനവാതിലിലൂടെ ശരിക്കു് കണ്ടു് കയ്യിളക്കുമ്പോഴേക്കും വണ്ടികടന്നുകളയും. പക്ഷെ ആ സങ്കല്പം ബാക്കിനില്ക്കും. എന്റെ പ്രിയപ്പെട്ട സന്ദർശകരെ! നാട്ടുകാരെ! ഞങ്ങളിൽനിന്നു് ഞായറാഴ്ച നിങ്ങൾ അപഹരിക്കുമ്പോൾ വലിയ ഒരു പാതകമാണ് നിങ്ങൾ ചെയ്യുന്നതു് എന്നു് അറിയുന്നുണ്ടോ?

ഞങ്ങൾ രണ്ടുപേരും കേഫിൽ പരസ്പരം സംസാരിച്ചുകൊണ്ടിരിക്കുകയാണ്. ഇനി അര മണിക്കൂർകൂടി ഞങ്ങൾക്കു ബാക്കിയുണ്ടു്. വെയ്റ്റർക്ക് കൊടുക്കാനുള്ളതു് ഞാൻ കൊടുത്തു. വെറുതെ അയാളെ നിത്തി വിഷമിപ്പിക്കേണ്ടതില്ലല്ലോ. അയ്യയ്യോ! ഇതെന്താണ് നടക്കുന്നതു്. അല്ലെങ്കിലെന്തിനു് അതേപ്പറ്റിപറയുന്നു. ഒരു സുഹൃത്തും അയാളുടെ ഭാര്യയും ഞങ്ങളുടെ തൊട്ടടുത്ത മേശയിൽ ഇരിക്കുന്നുണ്ടു് എന്ന മാത്രമേ എനിക്കതേപ്പറ്റി പറയുവാനുള്ളു. അങ്ങേപ്പുറത്തിരിക്കുന്നവരിൽ ഒരുവൾ ചുംബനവും അനുനയനവുമായി പകുതി ദിവസവും കഴിച്ചു. പന്നീട് ബോറു തോന്നാതിരിക്കാൻ പുതിയ ഒന്നിനുവേണ്ടി ശ്രമിക്കുകയാണു്.

ഞാനും എന്റെ ഭാര്യയും ഇത്രയും സമയം വേർതിരിഞ്ഞാണ് ഇരുന്നതെന്നതു് ശരിതന്നെ. പക്ഷെ ചിന്തകളിൽ ഞങ്ങൾ പലപ്പോഴും ഒന്നായി ചേരുകയുണ്ടായി.

"ഞങ്ങൾ എല്ലാം പേ ചെയ്തു. ഇതാ പോകുകയായി" എന്നു് ഞാനെന്റെ അടുത്തിരുന്ന സുഹൃത്തുക്കളോടു് പറഞ്ഞു. "അതിൽ എനിക്കു് വ്യസനമുണ്ടു്" എന്നു് എന്റെ ഭാര്യ കൂട്ടിച്ചേർത്തു.

ഞങ്ങൾ റോഡിലേയ്ക്കു് ഇറങ്ങി. "ആവു! ഞങ്ങൾ രക്ഷപ്പെട്ടു" ഞാൻ പറഞ്ഞു. "ശരിയാണു്" അവൾ തലകുലുക്കി. ഞങ്ങൾ രണ്ടുപേരും ആ ചെറിയ ടവ്വറിന്റെ അടുത്തേക്കുപോയി. രാത്രിയായി. വളരെയധികം നടന്നു, വളരെയധികം സംസാരിച്ചു. സമയം അതിവേഗം നീങ്ങിക്കൊണ്ടിരിക്കുകയാണു്. നാളെ ഇതേ സമയത്തു് ആറുമണിക്കും ഏഴുമണിക്കും ഇടയ്ക്കു് കണ്ടുമുട്ടണമെന്നും മറെറന്നാൾ ആറിനും ഏഴരക്കുമിടക്കു് കണ്ടുമുട്ടണമെന്നും ഞങ്ങൾ തീതമാനിച്ചു. ഒരു മഴത്തുള്ളി അവളുടെ നെറ്റിത്തടത്തിൽ വീണു് കീഴോട്ടു് ഒഴുകി. "എവിടെ കണ്ടുമുട്ടണം" അവൾ ചോദിച്ചു. "ഇവിടെ തന്നെ" ഞാൻ മറുപടിയും പറഞ്ഞു. നമ്മൾ കേഫിൽ പോകുകയാണെങ്കിൽ ആരെങ്കിലും കണ്ടുമുട്ടി ബോറുചെയ്യും.

മഴയുണ്ടെങ്കിൽ നമുക്കു് ഈ മരത്തിന്റെ ചുവട്ടിൽ കണ്ടുമുട്ടാം. നമുക്കു് പോകാം. ഒരു നിമിഷമേയുള്ളു. ഞങ്ങൾ വീട്ടിലേക്കു് പോയി. താമസിയാതെ എന്റെ ഭാര്യ ഉറങ്ങിക്കഴിഞ്ഞു. കാലത്തു് ഞങ്ങൾക്കു് ഒരുമിച്ചു് ചായകുടിക്കുവാൻ കുറച്ചു സമയംകിട്ടി. എങ്കിലും ഇനി കണ്ടുമുട്ടുന്ന കാര്യത്തെപ്പററി ഞങ്ങൾ അന്നു് ഒന്നും പറഞ്ഞില്ല. എല്ലാം ഇന്നലെ നിശ്ചയിച്ചിട്ടുണ്ടല്ലോ. ഞാൻ ഷേവുചെയ്തു. ഭക്ഷണംകഴിച്ചു, വസ്ത്രം ധരിച്ചു. എന്നെ അറിയാവുന്ന ആരുംതന്നെ ഇതു് വിശ്വസിക്കില്ല. എങ്കിലും ഇതൊക്കെ നടന്നു.

ആമരത്തിന്റെ ചുവട്ടിൽവെച്ചു് ഞങ്ങൾ എന്താണു് പറയാറു്? എന്നു് എന്നോടു് നിങ്ങൾ ചോദിക്കരുതു്. പിറെറ ദിവസം ഞങ്ങൾ അവിടെ കൂടുതൽ സമയം കഴിച്ചുകൂട്ടി. ഞങ്ങൾ ദിവസവും അവിടെ വരും. ഒരുമിച്ചു് കുറച്ചുനേരം സൊള്ളും. ഒരു ദിവസം ഒരു ദിപ്പോർട്ടു് എന്റെ ചെവിയിൽ കേട്ടു. ആ പഴയ ടവ്വറിന്റെ അടുള്ള മരത്തിന്റെ ചുവട്ടിൽ എന്റെ ഭാര്യ [illegible] വസവും കാത്തു നില്പുറപ്പാടു് [illegible]റും. മറെറാരു റിപ്പോർട്ടും ഞങ്ങളുടെ ചെവിയിൽകേട്ടു. ആ മരത്തിന്റെ ചുവട്ടിൽ ഞാൻ ഒരു സ്ത്രീയുമൊത്തു ദിവസവും കുറെസമയം കഴിച്ചുകൂട്ടുന്നുണ്ടെന്നു്.

ഞങ്ങൾക്കു് [illegible]കരമായി തോന്നി. [illegible] ആരും ഉപദ്രവിക്കുകയില്ല. പക്ഷേ[illegible]തെയോ ത്തു് [illegible] അവസ്ഥ അവരാരും മനസ്സിലാക്കാതെയിരുന്നാൽ മതിയായിരുന്നു.

***

മനുഷ്യാ! നീ നിനക്കു താങ്ങാൻകഴിയാത്തതിനെ വലിച്ചെറിയൂ! പക്ഷെ; അനുകമ്പനായ മനുഷ്യാ, അടുത്തുതീക്കേണ്ടതു നിഷേധിക്കാൻ മൂഢമായ കയ്യയത്തരുതു്. —ആബുൾ ആല.

കണ്ണീരിന്റെ പൂക്കൾ

ഏറുമാനൂർ സോമദാസൻ

പൂനിലാവൊഴുകുമീ
രാവിലാ കുടിലിന്റെ
വാതിലിൽ വിതുകയായ്
നില്പതെന്തമലേ നീ?
അകലെ,ത്തലരിട്ട
ചമ്പകക്കാട്ടിൽനിന്നു–
മണയും തൈത്തെന്നലിൽ
പൂമണം തുടിക്കുമ്പോൾ,
താരകൾ കൺചിമ്മുമാ
നീലവാനത്തിൽ, വെള്ളി
നീരദപ്പിറാവുകൾ
പൂഞ്ചിറകൊതുക്കുമ്പോൾ
നീല ലോചനങ്ങളിൽ
വേദനയുടെ ദീപ
നാളവും കൊളുത്തി നീ
യേകയായെന്തേ നിദ്രപൂ?
ഈ വിതുകമാം രാവിൽ
ചിന്തതൻ [illegible]
ളാളിട്ടം തലച്ചോ[illegible]
പോറി ഞാനു[illegible]മ്പോൾ
താമക കരളിന്റെ
വീണയിലൊരു ശോക–
ഗാ[illegible]യുണരുക
യ[illegible]ൻ നിശ്വാസങ്ങൾ...
[illegible]
പ്പുലയുടെ ഉച്ചതി[illegible], നിറ
ക്കുൻ മുഖസവും
തിക്കും നിസ്സംഗതയെ
മുങ്ങുകയാണെൻ പിഞ്ചു
ഭാവന, യവിടെല്ല
കണ്ണുനിക്കണങ്ങൾ തൻ
മുത്തുച്ചിപ്പികളല്ലി?.....
താരുണ്യമിതൾ നീട്ടു
നിന്നൊരാ വസന്തത്തിൻ
താമരക്കാവിൽ നീല
ത്തുമ്പിയായ് പറക്കുമ്പോൾ
നീയറിഞ്ഞീലാ തവ
ജീവിതമെന്തെന്നു, നിൻ
ഭാവനയേതോ സ്വർഗ്ഗ
മണ്ഡലം സ്വപ്നം കണ്ടു...

ആ തിരനിലാവണി
രാവുക,ളിരുൾ മൂടി
പ്പോകുമെന്നോരാതെ നീ
പൂങ്കിനാവുകൾ നെയ്തു...
കാനൽവെള്ളത്തെക്കണ്ടു
പൂവിളംകരളിന്റെ
പാനപാത്രവുമായി
ച്ചെന്നു നീ ദാഹംതീർക്കാൻ!
പാട്ടവാൻ കൊതിപൂണ്ട
നിന്നുളന്തണ്ടിൽനിന്നു–
മൂറിയ സംഗീതത്തിൽ
ചേർന്നുപോയപസ്വരം...
വിരിയുന്നതിൻമുമ്പേ
വാടിവീണുപോയ് തവ
മധുരക്കിനാക്കളിൽ
പൂവിട്ട സങ്കല്പങ്ങൾ...
പൊന്നണിഞ്ഞുജത്തീ, പുഴ-
ക്കടവുവീണുപോയ് തവ
കന്യകാത്വത്തിൻ കാട്ടു–
മലരിന്നിതൾത്തുമ്പിൽ
ദാരിദ്ര്യക്കൊട്ടം വിഷ
ജ്വാലയിൽ പതിച്ചുനിൻ
ചാരിത്ര്യമൊരുപിടി
ചാമ്പലായെരിഞ്ഞുപോയ്...
യാമിനി, വിഷാദത്തിൻ
ലോലമാം നിഴൽനീട്ടു
മാമലർമുറ്റത്തു നീ
യേകയായ് നില്പുന്നേരം
അമലേ, നിന്നാത്മാവിൽ
നൊമ്പരങ്ങളെൻ കൊച്ചു
മണിവീണയിൽ മൗന
ഗാനമായ് വിതുമ്പുന്നു
...കദനം കണ്ണീരിന്റെ
വെൺപളുങ്കിനാൽ തവ
കരളിൽ രചിക്കുമാ
കഴിമാടത്തിൻമുന്നിൽ
നോവിന്റെ നനവൂറു-
മെൻ ഗാനകല്ലോലങ്ങൾ
തുവട്ടെ വാടാമല്ലി
പ്പൂക്കൾ,ഉണ്ണനുജത്തീ

ജീവിതാനുഭവങ്ങൾ മാത്രം മതിയാകുമോ ഉത്തമസാഹിത്യത്തിന്റെ രചനയ്ക്ക്? ചിലപ്പോൾ അതു മതിയാകും. ഉദാഹരണം ഗൊയ്ഥേയുടെ കൃതികൾ. വിശേഷിച്ചു ഈ കൊച്ചുനോവൽ

'വെർതറുടെ ദുഃഖങ്ങൾ'

ഇ. എം. ജെ. വെണ്ണിയൂർ

ഇതുപോലെ പ്രതികരണങ്ങൾ സൃഷ്ടിച്ച കൃതികൾ വിശ്വസാഹിത്യത്തിൽ വിരളമാണു്. ഇതിനെക്കുറിച്ചു ഒട്ടനേകം കഥകൾ പറയുവാനുണ്ടു്. ഒന്നാമതു് ഇതൊരു പ്രേമകഥയാണു്. രണ്ടാമതു് ഇതിന്റെ രചയിതാവുതന്നെയാണു് അങ്ങിനെ പ്രേമിച്ചതു്. മൂന്നാമതു്, ഇതു വായിക്കാനിടയായ ഒട്ടവളരെ കാമിനീകാമുകന്മാർ ആത്മഹത്യ ചെയ്യുകയുണ്ടായി.

നെപ്പോളിയൻ ചക്രവർത്തി ഈ പുസ്തകം ഏഴുതവണ വായിച്ചുവെന്നതും പടക്കളത്തിലെ പാരായണത്തിനു് അദ്ദേഹം തിരഞ്ഞെടുത്ത പുസ്തകം ഇതായിരുന്നുവെന്നുള്ളതും ഒട്ടനേകം അനുകരണങ്ങൾക്കും ഹാസ്യാനുകരണങ്ങൾക്കും ഇതു് വിഷയമായെന്നതും ഇതിന്റെ രചയിതാവിനു് പ്രസിദ്ധിയും കുപ്രസിദ്ധിയും നേടിക്കൊടുക്കുവാൻ ഇതു് ഉപകരിച്ചുവെന്നതും ചുരുക്കത്തിൽ യൂറോപ്യൻ സാഹിത്യത്തിന്റെ ചരിത്രത്തിൽ ഇതുണ്ടാക്കിയ ബഹളം ചില്ലറയൊന്നുമായിരുന്നില്ലെന്നും കൂടെ ഓർക്കാവുന്നതാണു്.

കേവലം ഇരുപത്തഞ്ചു വയസ്സുമാത്രം പ്രായമായ ഒരു ജർമ്മൻ യുവാവാണു് ഇതെഴുതിയതു്. 1775-ലെ ഫ്രാങ്ക്ഫർട്ട് നഗരമാണു് ജന്മഗൃഹം. വക്കീൽ പണിയാണു് തൊഴിൽ. ലൈപ്സിങ്ക്, സ്ട്രാസ്ബുർഗ്ഗ് എന്നീ സർവ്വകലാശാലകളിൽ പഠിച്ചിട്ടുണ്ടു്. കുറച്ചു കവിതയും രണ്ടുമൂന്നു നാടകങ്ങളും എഴുതിയിട്ടുണ്ടു്. കുറഞ്ഞതു് അഞ്ചു സ്ത്രീകൾക്കെങ്കിലും കാമുകനായിരുന്നിട്ടുണ്ടു്. അവരിൽ നിന്നെല്ലാം ഒളിച്ചോടിപ്പോവുകയും ചെയ്തിട്ടുണ്ടു്. "കൊട്ടുകാറും സമ്മർദ്ദ"വുമാണു് ജീവിതത്തിന്റെയും കൃതികളുടേയും മുദ്രാവാക്യം. നിലവിലുള്ള സകലതിനോടും അടക്കാനാവാത്ത അമർഷമുണ്ടു്. ഇതുയുമാണു് യോഹാൻ വോൾഫ്ഗാംഗ് ഗോയ്ഥേയെക്കുറിച്ചു് അന്നു് അറിവുള്ളതു്.

പില്ക്കാലത്തു് ജർമ്മനിയുടെ ദേശീയ കവി, വിശ്വ മഹാകവികളിൽ അഗ്രഗണ്യൻ, ഭാഷാകർത്താവു്, ഭടൻ, നടൻ നാടകസംവിധായകൻ, ചിത്രകാരൻ, [illegible] എന്നിങ്ങനെ ഒട്ടനേകം നിലകളിൽ അദ്ദേഹം സമാരാധ്യനാകുന്നുണ്ടു്. യൂറോപ്യൻ സംസ്കാരത്തിന്റെ മൂർത്തിമദ്ഭാവം, സർവ്വജ്ഞൻ, സാർവ്വലൗകിക മനുഷ്യൻ എന്നിങ്ങനെയെല്ലാം അദ്ദേഹം പ്രകീർത്തിതനാകുന്നുണ്ടു്. നെപ്പോളിയൻപോലും "ഇതാ ഒരു മനുഷ്യൻ!" എന്നു് അദ്ദേഹത്തെ നോക്കി അത്ഭുതപ്പെട്ടുപോയി. പക്ഷേ അതിനെല്ലാം ഇനിയും ഏറെ വർഷങ്ങൾ കഴിയണം.

'വെർതറുടെ ദുഃഖങ്ങൾ'ക്കു് ഇന്നത്തെ മാനദണ്ഡം വച്ചുകൊണ്ടല്ല അളക്കേണ്ടതു്. ഇന്നത്തെ കഥയല്ലല്ലോ 180 വർഷങ്ങൾക്കുമുൻപുള്ളതു്. പോരെങ്കിൽ ഇതൊരു കാല്പനിക കഥയല്ല, കഥാകൃത്തിന്റെ ജീവിതത്തിൽനിന്നു് അടർത്തിയെടുത്ത ഒരദ്ധ്യായമാണു്. അതാണു് ഈ പുസ്തകത്തെ ഇത്രത്തോളം അർത്ഥവത്താക്കുന്നതു്. ജീവിതാനുഭവങ്ങൾ മാത്രം മതിയാകുമോ ഉത്തമസാഹിത്യത്തിന്റെ രചനയ്ക്ക്? ചിലപ്പോൾ അതു മതിയാകും.

കഥ ലളിതമാണു്. നല്ലൊരു ചെറുപ്പ
ാരനാണു് വെർതർ. ഹൃദയംനിറച്ചു
കവിത. ചിത്രമെഴുത്തും വശമുണ്ടു്. പ്രകൃതിയാണു് അയാളുടെ പ്രേമഭാജനം. ഉത്തമസാഹിത്യം എന്താണെന്നു് നിശ്ചയമുണ്ടു്. ഹോമർ, പിൻഡാർ, ഓസ്സിയാൻ മുതൽപേരാണു് സുഹൃത്തുക്കൾ. ദരിദ്രരോടു് അതിരറ്റ സഹതാപമുണ്ടു്. അവക്കു് വേണ്ടതു സഹായങ്ങൾ ചെയ്തുകൊടുക്കും. ശിശുക്കൾ ജീവനാണു്. അവരുമൊരുമിച്ചു മണിക്കൂറുകൾതന്നെ ചിലവിടും. പക്ഷേ പൗരുഷമെന്നതു് കുറവാണു്. വികാരങ്ങളാണു് മാർഗ്ഗദർശികൾ. ചില്ലറക്കാരണം മതി, ഒരു ശിശുവിനെപ്പോലേ കണ്ണീരൊഴുക്കുന്നതിനു്. വികാരവിധേയതപം ഒരു ശ്ലേഷ്മ സ്വഭാവമെന്നാണു് അയാളുടെ വിശ്വാസം.

കഥ തുടങ്ങുമ്പോൾ അയാളൊരു കൊച്ചുപട്ടണത്തിലാണു്. അമ്മയുടെ ഏതോ ചില സ്വത്തിടപാടുകൾ നടത്തുവാനാണു് വന്നിട്ടുള്ളതു്. അവിടെ ഒരു മിത്രമുണ്ടു്, വിൽ[illegible]ത്തിനു് മിക്ക ദിവസവും [illegible] വീതം അയയ്ക്കും. (ഈ [illegible] ഒരു സമാഹാരമെന്ന നിലയിലാണു് നോവൽ രചിക്കപ്പെട്ടിരിക്കുന്നു.) ജീവിതം സംഗീതമാണു്, കവിതയാണു്, ചിത്രമാണു് തൊഴിൽ. ചിത്രണവിഷയം രമ്യങ്ങളായ ദൃശ്യങ്ങളാണു്.

പൊട്ടന്നേ അയാൾ ചാർലോട്ടിയെ—ലോട്ടി എന്ന ഓമനപ്പേരിലാണു് അവൾ അറിയപ്പെടുന്നതു്—കണ്ടെത്തുന്നു. ആ നിമിഷംതൊട്ടു അയാളുടെ ജീവിതം പാടെ തിരിഞ്ഞുമറിയുകയും ചെയ്യുന്നു. സ്ത്രൈണ ഹൃദർശത്തെക്കുറിച്ചു് അയാൾ കണ്ടിരുന്ന സകല സ്വപ്നങ്ങളും—സൗന്ദര്യമെന്ന സൗശീല്യവും—ആ പത്തൊൻപതുകാരിയിൽ നിറഞ്ഞുവിളങ്ങുന്നതായി അയാൾ കാണുന്നു. ഒരു ദുരന്തത്തിനു പോകുന്നവഴിക്കാണു് അതു സംഭവിക്കുന്നതു്. ലോട്ടിയേയും കൂട്ടിച്ചെല്ലുന്നതിനു് അയാൾ നഗരത്തിലെ സ്റ്റീവേർഡിന്റെ ഗൃഹത്തിലേക്കു ചെല്ലുന്നു. എട്ടുപത്തു ശിശുക്കൾക്കു മദ്ധ്യേ അവക്കെല്ലാം അമ്മ ചമഞ്ഞിരിക്കുന്ന ഒരു കന്യക. അവരെല്ലാം വിഭാര്യനായ ആ സ്റ്റീവേർഡിന്റെ പ്രജകളാണു്. ലോട്ടിയാണു് മൂത്തവൾ. പ്രതിയൊരു നിർവൃതി അയാളുടെ ആത്മാവിലേയ്ക്കു് ഇറങ്ങിച്ചെല്ലുന്നു. ഇനി മേൽ അയാൾ പ്രകൃതിയെക്കാണുന്നതുതന്നെ ലോട്ടിയുടെ പ്രതിരൂപമായിട്ടാണു്. അവളുടെ ദാസനായിരിക്കുകയെന്നതിൽ കവിഞ്ഞു് അവനു് മറ്റൊരു മോഹമില്ല. പക്ഷേ ഒരു കുഴപ്പം. അവളുടെ വിവാഹനിശ്ചയം കഴിഞ്ഞിരിക്കുന്നു. ആൽബർട്ടാണു് വരൻ. പട്ടണത്തിൽ ഒരുദ്യോഗവും ഉണ്ടു്. ഏതായാലും തല്ക്കാലം അയാൾ അവിടെങ്ങുമില്ല. അടുത്തില്ലാത്ത മനുഷ്യനെക്കുറിച്ചു് എന്തിനു ചിന്തിക്കണം?

വെർതറെ ഇത്രത്തോളം നിർവ്വീര്യനാക്കിയതു് കറുത്ത കണ്ണുകളും സുവർണ്ണകുന്തളവും ഉയർന്ന മാറിടവും ഒരിക്കലും വാടാത്ത പുഞ്ചിരിയും ചലനമോരോന്നിലും വിളങ്ങുന്ന പ്രസന്നതയും മാത്രമായിരുന്നില്ല. അവൾ ഒരു ഗൃഹനായികകൂടെയാണു്. എട്ടുപത്തു ശിശുക്കൾക്കു് സ്നേഹമയിയായ ഒരു മാതാവാണു്. ഒരു വധുവാണു്. ആർക്കും ഒരു മിത്രമാണു്. നേരമ്പോക്കുകളിൽ പങ്കെടുക്കും. പക്ഷേ മൈത്രി പ്രേമമാണെന്നു് തെറ്റിദ്ധരിക്കുവാൻ ഇടനല്കുകയുമില്ല. ഇതെല്ലാമാണു് ആ യുവാവിനെ ഇളക്കി മറിച്ചതു്. ഇതെല്ലാമായിരുന്നു അയാൾ സ്വപ്നം കണ്ടിരുന്നതും.

ഒടുവിൽ ആൽബർട്ടു് മടങ്ങിവന്നു. ലോട്ടി തന്റെ ഭാവിവരനുമായി പറഞ്ഞുറപ്പിച്ചു. മൈത്രിയും സഹതാപവും മാത്രമാണു് അവൾക്കു് നിർഭാഗ്യവനായ ആ കാമുകനു നല്കുവാനുള്ളതു്. അപ്പോഴാണു് അയാളുടെ കണ്ണു തുറക്കുന്നതും. അയാൾ അനുഭവിക്കുന്ന ഹൃദയവ്യഥ അതിതീവ്രമാണു്. എവിടെ തിരിഞ്ഞാലാണു് ആശ്വാസം കിട്ടുക? പ്രകൃതിപോലും ശപിക്കപ്പെട്ട നിലയിലാണു് അയാളുടെ കണ്ണിൽപെടുന്നതു്.

അഗാധവും ഇരുണ്ടതുമായ ഒരു ഗർത്തത്തിന്റെ വക്കിൽ അയാൾ നില്ക്കുന്നു.

ഒടുവിൽ വിൽഹെമിന്റെ ഉപദേശത്തിനു വഴങ്ങി, തന്റെ വ്യഥയുടെ രംഗത്തിൽനിന്നു് അയാൾ മറയുന്നു. ഒരു ജർമ്മൻ നാട്ടുവാഴിയുടെ അകലെയുള്ള പ്രതിപുരുഷ കായ്യാലയത്തിൽ തരക്കേടില്ലാത്ത ഒരു ജോലി അയാൾക്കു ലഭിക്കുന്നു. പക്ഷേ അവിടേയും ജീവിതം ദുസ്സഹമാണു്. പ്രതിപുരുഷൻ ഒരു വിഡ്ഢിയാണു്. അയാളുമൊരുമിച്ചു് ജോലി ചെയ്യുക തീരെ വിഷമം. പോരെങ്കിൽ പ്രഭുക്കളുടെ ഒരു സദസ്സിൽ നിന്നു് ഇറങ്ങിപ്പോകുവാൻ അയാൾ നിർബന്ധിതനുമാകുന്നു. വെർതർ ഒരു പ്രഭുകുലജാതനല്ലാത്തതു മാത്രമാണു് കാരണം. അതോടെ അവിടെ കരുപ്പിടിച്ചുവന്ന ഒരു പ്രേമബന്ധവും ശിഥിലമാകുന്നു. ഈ അപമാനം താങ്ങാനാവാതെ അയാൾ ജോലി രാജിവയ്ക്കുന്നു. ഒരു രാജകുമാരനുമൊരുമിച്ചു് കുറച്ചു ദിവസം അലഞ്ഞുനടക്കുന്നു, ഒടുവിൽ ലോട്ടിയുടെ അരികിലേയ്ക്കുതന്നെ മടങ്ങിയെത്തുന്നു.

ഇപ്പോൾ അവളൊരു പത്നിയാണു്, ആൽബർട്ടിന്റെ. ഇനിയെന്തുചെയ്യും? ഇനിയൊരിക്കലും അവൾ തന്റേതാകുകില്ലെന്ന ബോധം—അവളില്ലാതെ ജീവിതംതന്നെ നിരർത്ഥമാണെന്ന തോന്നൽ—അതു് അയാളുടെ നൈരാശ്യത്തെ പൂർവ്വാധികം ജ്വലിപ്പിക്കുന്നു. ലോട്ടി ഇപ്പോഴും നല്ലവളാണു്. വെർതറോടു് അഗാധമായസഹതാപമുണ്ടു്. പക്ഷേ മറെറന്തുതന്നെ സാധിക്കും? ഏതായാലും ഒരു കായ്യംകൂടെ വെർതർ കണ്ടുപിടിക്കുന്നു. അവൾ തന്നോടു സഹതപിക്കുന്നു എന്നുമാത്രമല്ല, തന്നെ സ്നേഹിക്കയും ചെയ്യുന്നുവെന്നു്. ഒരു പക്ഷേ അതായിരിക്കും അയാളെ കൂടുതൽ ഉന്മത്തനാക്കിയതു്. ഒടുവിൽ അവൾ തന്റെ ആരാധകനോടു് താങ്ങാവീണു് അപേക്ഷിക്കുന്നു: പോവുക, വിവാഹിതയായ എന്നെക്കുറിച്ചു ചിന്തിക്കാതിരിക്കുക, മറെറാരു സ്ത്രീയെ വിവാഹം ചെയ്യുക, എന്നിട്ടു വരുക, നമുക്കു് മിത്രങ്ങളായിക്കഴിയാം, എന്നെല്ലാം.

ആൽബർട്ടു് അസൂയാലുവാകുന്നു, അസ്വസ്ഥനാകുന്നു, തന്റെ ഭാര്യയുടെ പെരുമാറ്റത്തിൽ അസംതൃപ്തിയും ഈർഷ്യയും കാണിക്കുന്നു. പുതുതായി കരുപ്പിടിച്ച ആ ദാമ്പത്യം തകർച്ചയുടെ വക്കോളമെത്തി. പക്ഷേ അവരെ നശിപ്പിക്കണമെന്നു് വെർതർക്കു് മോഹമില്ല, മറെറാരു മാർഗ്ഗം കണ്ടുപിടിക്കണം. സഹനശക്തി തീരെ നശിച്ചിരിക്കുന്നു. ജീവിതം നിരർത്ഥമാണു്, അനാവശ്യമായ ഒരു ഭാരമാണു്. ഒരു മാർഗ്ഗമുണ്ടു്: ആത്മഹത്യ—അതുമാത്രം. അന്ത്യരംഗമായി. ഒരു ദിവസം ലോട്ടി സ്വയം മറക്കുന്നു. വെർതറുടെ ചുംബനങ്ങൾക്കു് വഴങ്ങുന്നു. വെർതർ ആ രംഗത്തിൽനിന്നു് അതിവേഗം പിൻമാറുന്നു. അയാൾ തന്റെ ഭൃത്യനെ പറഞ്ഞയച്ചു് ആൽബർട്ടിന്റെ കൈത്തോക്കുകൾ വരുത്തുന്നു. താനൊരു ദീർഘയാത്രയ്ക്കു പോകുന്നുവെന്ന വ്യാജേന യാത്രയ്ക്കുള്ള [illegible] വരുത്തുന്നതു്. ലോട്ടി പേടിച്ചുപോയി. അവൾതന്നെയാണു് ആ തോക്കുകളെ പൊടിതുടച്ചു് ഭൃത്യനെ ഏല്പിക്കുന്നതും. നിശയുടെ അന്തിമയാമത്തിൽ വെർതറുടെ ജീവിതം ഒടുങ്ങി.

'വെർതർ' രോഗബാധയായ ഒരു മനസ്സിന്റെ അതി സൂക്ഷ്മമായ ഒരു വിശകലനമാണു്. സ്വാഭാവികമായിത്തന്നെ ആത്മവിശ്വാസക്കുറവുള്ളവരുടെ കോളിളക്കം സൃഷ്ടിക്കുന്നു. പക്ഷേ വെർതറുടെ തകരാറുള്ള വ്യക്തിയുടെ തകരാറല്ല, ഒരു കാലഘട്ടത്തിന്റെ തകരാറാണു്. അതുകൊണ്ടാണു് ഇതുപോലുള്ള വലിയൊരു കൊടുങ്കാറ്റിനെ ഈ കൊച്ചുനോവൽ അഴിച്ചുവിട്ടതു്. നിലവിലിരുന്ന ആദർശങ്ങളും വിശ്വാസങ്ങളും ജീർണ്ണിച്ചുപോയിരിക്കുന്നു. ഭൂതകാലത്തിന്റെ ഭാരത്തിൽനിന്നു് കുതറിമാറുവാൻ ശ്രമിക്കയാണു് പുതിയ തലമുറ. പക്ഷേ പഴയതിനുപകരം പ്രതിഷ്ഠിക്കാവുന്ന പുതിയമൂല്യങ്ങൾ കണ്ടെത്താനുമില്ല. പുതിയ ആദർശങ്ങൾ, പുതിയ ലക്ഷ്യങ്ങൾ, പുതിയ കർമ്മപദ്ധതികൾ—യാ

ഒന്നും കാണാതെ ഉഴറുകയാണ് ചെറുപ്പക്കാർ. ഈ നിരാശയും തജ്ജന്യമായ ആത്മനിന്ദയും ഒരു ദേശീയ രോഗമെന്നവിധം ജർമ്മനിയെങ്ങും പടർന്നുപിടിക്കയാണ്. അതു് ഏറ്റവും ഉത്തമങ്ങളായ ഹൃദയങ്ങളെപ്പോലും കരണ്ടുതിന്നു. ഓരോയുവാവിനും തന്റെ അനുഭൂതി മാത്രമായിരുന്ന സത്യമായി തോന്നിയതു്, തന്റെ അഭാവം നിരാശയാണെങ്കിൽ ലോകം മുഴുവനുംതന്നെ അപശപ്തമായ ആ നിരാശയുടെ പകപ്പാണെന്നാണ് അവക്കുതോന്നിയതു്. 'എനിക്കു' വിശപ്പാണെങ്കിൽ ലോകം മുഴുവനും വിശക്കുകയായിരിക്കണം. ആക്കുവേണം ഈ വിശപ്പുനിറഞ്ഞ ജീവിതം? ആകെക്കുടെ ഒരു വെടിമരുന്നായിരുന്ന അന്നത്തെ ജർമ്മനി. അതിൽ പതിച്ച ഒരു തീപ്പൊരിയിണ് "വെർതറുടെ ദുഃഖങ്ങൾ".

ഫലം അതിഭീകരമായിരുന്നു. നിരാശബാധിച്ച ഒരോ യുവാവും യുവതിയും വെർതറിൽ തങ്ങളുടെ പ്രതിനിധിയെ ദർശിച്ചു. അയാൾ [illegible]ണെന്നു് അവക്കു തോന്നി. [illegible]രണം ആ കഥാപാത്രവുമായി അ[illegible]സാമ്യം പ്രാപിച്ചുകഴിഞ്ഞിരുന്നു. അവരും വെർതറുടെ കാലടികളെ പിന്തുടർന്നു തുടങ്ങി.

ആയിടയ്ക്കു് [illegible]ൽ നദിയിൽ ഒരു ആത്മഹത്യ നടക്കുകയുണ്ടായി. പ്രേമനൈരാശ്യം ബാധിച്ച ഒരു പെൺകുട്ടിയാണ് [illegible]ഗ്രത്തത്ത [illegible]കളിർമയിൽ തന്റെ ആത്മ[illegible]നപ്പിച്ചതു്. അവളുടെ വസ്ത്രച്ചുരുളുകൾക്കിടയിൽനിന്നു് അവർ ഒരു പുസ്തകണ്ടെടുത്തു: 'വെർതറുടെ ദുഃഖങ്ങൾ'. അതാണ് ഗോയ്ഥേയുടെ ഒന്നാം വലിയൊരു ശകാരപ്രവാഹത്തെ ഊറ്റംകൊവിട്ടതു്. ജർമ്മൻ യുവലോകത്തെ നശിപ്പിക്കുവാൻ പുറപ്പെട്ട ഒരു ചെകുത്താനായി അവർ അദ്ദേഹത്തെ ചിത്രീകരിച്ചു. സാഹിത്യധർമ്മത്തെക്കുറിച്ചുള്ള ചർച്ചകൾ പൊന്തിവന്നു. തന്റെ ആത്മഭാരം ലഘൂകരിക്കുന്നതിനാണ് ഗോയ്ഥേ അങ്ങനെയൊരു പുസ്തകം എഴുതിയതു്. മറ്റുള്ളവർ ആത്മഹത്യ ചെയ്യുവാൻ തീരുമാനിച്ചാൽ ഗ്രന്ഥകാരൻ അതിനെങ്ങിനെ ഉത്തരവാദിയാകും? അതായിരുന്നു ഗോയ്ഥേയുടെ സമാധാനം.

ബെർലിനിലെ നിക്കോളായ് എന്ന എഴുത്തുകാരൻ ഒരു ഹാസ്യാനുകരണം എഴുതി. നോവലിന്റെ അവസാനം രസാവഹമാണ്. വെർതർ തോക്കെടുത്തു് തന്റെ ശിരസ്സിനുനേക്കു വെടിവെയ്ക്കുന്നു. പക്ഷെ പുറത്തുവന്നതു് വെടിയുണ്ടയല്ല, കോഴിയുടെ രക്തമാണ്! ഒടുവിൽ അയാൾ ലോട്ടിയെ വിവാഹം ചെയ്യുന്നു. എന്നുമെന്നും സുഖമായി ജീവിക്കുന്നു. ഇതു് ഗോയ്ഥേയെ എന്തെന്നില്ലാതെ ചൊടിപ്പിച്ചു. പക്ഷെ ഒടുവിൽ അദ്ദേഹം ചെയ്തതു് ആ ഹാസ്യാനുകരണത്തിനു് ഒരു അനുബന്ധം എഴുതിച്ചേർക്കയായിരുന്നു: തോക്കിൽനിന്നും പുറപ്പെട്ട കോഴിയുടെ രക്തം കണ്ണിൽവീണു് വെർതറെ അന്ധനാക്കുന്നു. തന്റെ സൗന്ദര്യംകാണാൻ കണ്ണില്ലാതെപോയ ഭർത്താവിനെ—അപ്പോഴും അവൾക്കു് അയാൾ സുന്ദരനാണ്.—പരിചരിക്കുന്ന ഒരു പത്നിയാണ് ഒടുവിലത്തെ ലോട്ടി. യൂറോപ്പിന്റെ മറ്റു കേന്ദ്രങ്ങളിലെന്നപോലെ ഇംഗ്ലണ്ടിലും ഇതു് സുശക്തങ്ങളായ പ്രതികരണങ്ങൾ സൃഷ്ടിച്ചു. ബൈറനാണ് ഗോയ്ഥേയെ അധിക്ഷേപിക്കുവാൻ മുന്നോട്ടുവന്നതു്. പക്ഷേ ബൈറന്റെ വലിയൊരു ആരാധകനായിരുന്ന ഗോയ്ഥേ. 'ഡോക്ടർ ഫൗസ്റ്റ്' എന്ന തന്റെ വിശ്വോത്തരനാടകത്തിൽ അദ്ദേഹം സ്വാതന്ത്ര്യപ്രേമിയായ ഈ ആംഗ്ലേയകവിയെ ആദരപൂർവ്വം സ്മരിക്കുന്നുണ്ട്.

മിക്ക ജർമ്മൻ വായനക്കാർക്കും തോന്നി, കഥാകൃത്തിന്റെ ഹൃദയത്തിൽനിന്നാണ് ഇക്കഥ പൊട്ടിപ്പുറപ്പെട്ടതെന്നു്. കാരണം അതു ചെന്നു തറച്ചതു് അവരുടെ ഹൃദയങ്ങളിലായിരുന്നു. തങ്ങളുടെ അനുഭൂതികൾക്കുംകൂടെയാണു് കഥാകൃത്തു് നാവു നല്ലിയിട്ടുള്ളതെന്നു് അവക്കു തോന്നി. വികാരജീവികളെല്ലാം വെർതർക്കുവേണ്ടി കണ്ണീർപൊഴിച്ചു. മാത്രമല്ല, വെർതർ ധരിച്ചി

രുന്നതായി വണ്ണിക്കപ്പെട്ട വസ്ത്രങ്ങൾ അവരും ധരിച്ചു തുടങ്ങി. മിക്ക യൂറോപ്യൻ ഭാഷകളിലേയ്ക്കും ഉടനെതന്നെ ഇതു് വിവർത്തനം ചെയ്യപ്പെടുകയുണ്ടായി. വിദൂരമായ ചീനയിൽപോലും അതു ചെന്നെത്തി. അവിടുള്ള കരകൗശലപ്പണിക്കാർ പല്ലങ്ക പാത്രങ്ങളിൽ വെർതറേയും ലോട്ടിയേയും ചിത്രീകരിച്ചു.

ഒരു ദിവസം പുലർന്നപ്പോൾ ഗോയ്ഥേ യൂറോപ്പിലെങ്ങും പ്രസിദ്ധനായി. പക്ഷേ ജർമ്മനിയിലെ ഒരു കൊച്ചു പട്ടണമായ വെറ്റ്സ്ലറിൽ ഒരു ഭാര്യയ്ക്കും ഭർത്താവിനും വല്ലാത്ത ഒരു വീർപ്പുമുട്ടലായിരുന്നു. ഒരു നയതന്ത്ര പ്രതിനിധികാര്യാലയത്തിലെ ഉദ്യോഗസ്ഥനായ കെസ്റ്റ്നറും പത്നി ചാർലോട്ടിയുമായിരുന്ന ഈ ദമ്പതികൾ. ലോകത്തിലെ സകല കണ്ണുകളും തങ്ങളിൽ തന്നെ കേന്ദ്രീകരിച്ചിരിക്കുന്നതായി അവർക്കു തോന്നി.

അതു ശരിയാണു്. കാരണം കെസ്റ്റ്നറാണു് ആൽബർട്ട്; ചാർലോട്ടി, ലോട്ടി; ഗോയ്ഥേ വെർതറും. ആത്മഹത്യ ചെയ്യുന്ന വെർതറുടെ പ്രതിനിധിയായി ആത്മഹത്യചെയ്തകഴിഞ്ഞിരുന്ന ഒരു യുവാവുണ്ടായിരുന്നു, ജെറുസലെം. പക്ഷേ അതുവരേയുള്ള വെർതർ ഗോയ്ഥേ തന്നെയാണു്. ജെറുസലെമിന്റെ കഥ ദയനീയമാണു്. ഒരു ധനിക പുത്രനാണു്, പണ്ഡിതനാണു്, അധികമൊന്നും സംസാരിക്കാത്തകൂട്ടത്തിലാണു്, ഒരു നയതന്ത്രപ്രതിനിധികാര്യാലയത്തിൽ ഉദ്യോഗസ്ഥനാണു്, ആംഗ്ലേയരീതിയിലാണു് വസ്ത്രധാരണം. ഗോയ്ഥേയ്ക്കു് അയാളെ അറിയാമായിരുന്നു. ആകെകൂടി നല്ലൊരു ചെറുപ്പക്കാരൻ. ഒരു മിത്രത്തിന്റെ പത്നിയിൽ ഭ്രമിച്ചുപോയതാണു് കുഴപ്പത്തിനെല്ലാം കാരണമായതു്. ഒടുവിൽ പ്രേയസി മന്ദിരത്തിന്റെ കവാടം അയാളുടെ നേർക്കു അടയ്ക്കപ്പെട്ടു; ഒരു പ്രഭുസദസ്സിൽനിന്നു് — അയാളൊരു പ്രഭുവല്ലെന്ന കാരണം ഒന്നുകൊണ്ടു മാത്രം—ഇറങ്ങിപ്പോകുവാനും അയാൾ നിർബന്ധിതനാകുന്നു. നിരാശയും അപമാനവും, ഉടൻ ആത്മഹത്യയും.

നിയമ പരിശീലനത്തിനായിരുന്നു ഗോയ്ഥേ വെറ്റ്സ്ലറിലേയ്ക്കുചെന്നതു്. അവിടെവെച്ചു പരിചയപ്പെട്ട ചെറുപ്പക്കാരിൽ നല്ലൊരു മനുഷ്യനാണു് കെസ്റ്റ്നർ. ആരേയും വിശ്വസിക്കുന്ന ആ ഋജു ബുദ്ധി ഗോയ്ഥേയ്ക്കു തന്റെ ഭാവി വധുവിനു് പരിചയപ്പെടുത്തിക്കൊടുത്തു. അവിടെനിന്നുമാണു് ഈ പ്രേമനാടകം ആരംഭിക്കുന്നതു്. 'കവിതയും സത്യവും' എന്ന തന്റെ ആത്മകഥയിൽ ഗോയ്ഥേ ഇക്കഥ സവിസ്തരം പ്രതിപാദിക്കുന്നുണ്ടു്.

"അവളുടെ നൈസർഗ്ഗിക മഹാത്മ്യവും സൗശീല്യവും പരക്കെ അംഗീകരിക്കപ്പെട്ടതാണു്. ഉൽക്കടങ്ങളായ വികാരങ്ങൾ അങ്കുരിപ്പിക്കുന്നതല്ല അവളുടെ സാന്നിദ്ധ്യം. പക്ഷേ ആരെയും ആകർഷിക്കുവാൻ പര്യാപ്തമാണതു്. നീണ്ട, കൃശമായ, സുന്ദരമായ രൂപം; നിർമ്മലവും കുലീനവുമായ സ്വഭാവം; മറ്റുള്ളവരുടെ വികാരങ്ങൾ അനായാസേന നടപ്പാക്കുന്നതിനുള്ള കഴിവു്; ഇതെല്ലാം അവളിൽ ഒത്തിണങ്ങിയിരുന്നു. ഇതാണു് വധു..... വരനാണെങ്കിൽ ഋജുബുദ്ധിയും ആരിലും വിശ്വസിക്കുന്ന പ്രകൃതക്കാരനുമാണു്. തന്റെ ബഹുമാനിക്കുന്ന ആരേയും അവർക്കു് പരിചയപ്പെടുത്തിക്കൊടുക്കും.....ലോട്ടി—നമുക്കവളെ അങ്ങനെ വിളിക്കാം—വശീകരണ വ്യഗ്രതയിൽനിന്നു് സ്വതന്ത്രയായിരുന്നു. രണ്ടുണ്ടു് കാരണങ്ങൾ: സ്വന്തം ഭർത്താവിനെയും സകലതിനേയും ഇഷ്ടപ്പെടുന്നതുകൊണ്ടു്, അല്ലാതെ ഒന്നിൽമാത്രം കേന്ദ്രീകരിക്കുന്നതല്ല, അവളുടെ പ്രകൃതം. രണ്ടാമതു് സമർഹനായ ഒരു യുവാവുമായി അവളുടെ വിവാഹനിശ്ചയം കഴിഞ്ഞുമിരുന്നു. ഏറ്റവും പ്രശാന്തമായ അന്തരീക്ഷമാണു് അവളെ പൊതിഞ്ഞിരുന്നതു്."

ഏറെത്താമസിച്ചില്ല, താനറിയാതെതന്നെ ഗോയ്ഥേ ആ മായാ വലയത്തിൽ അകപ്പെട്ടു. അവൾ അദ്ദേഹത്തെ ഇഷ്ടപ്പെട്ടു—ഒരു മിത്രമെന്ന നിലയ്ക്കു്. അദ്ദേഹത്തിന്റെ അഭാവം അ

വൾക്കു് ദുസ്സഹമായിപ്പോലും അനുഭവപ്പെട്ടിരുന്നു.

"വിളഞ്ഞു് മഞ്ഞനിറംപൂണ്ട പാടങ്ങളിലൂടെ അലഞ്ഞുനടന്നു്, മഞ്ഞണിഞ്ഞ പ്രഭാതത്തിന്റെ കുളിർമയിൽ അവർ രമിച്ചിരുന്നു. വാനമ്പാടിയുടേയും കുയിലിന്റേയും സംഗീതം അവക്കു് സുഖകരമാണു്. ചുട്ടനിറഞ്ഞ മണിക്കുരുകളും കൊട്ടങ്കാറുകളും അവരെ കൂടുതൽ അടുപ്പിച്ചു.... അങ്ങനെ ഓരോ ദിവസവും അടുത്ത ദിവസത്തിൽ ലയിച്ചു. ദിനങ്ങളെല്ലാം തന്നെ അവക്കു് ഉത്സവദിനങ്ങളായിരുന്നു..."

രണ്ടുമാസക്കാലം അങ്ങനെകഴിഞ്ഞു. ഒടുവിൽ ഒരു തീരുമാനമെടുക്കാനുള്ള കാലമായി. ഓടിപ്പോവുകയാണു് ഗോയ്ഥേ കണ്ട ഏക രക്ഷാമാർഗ്ഗം. മുൻപു് രണ്ടുമൂന്നു തവണ തന്റെ പ്രേയസിമാരെ വെടിഞ്ഞു് അദ്ദേഹം ഓടിപ്പോയിട്ടുണ്ടു്. പ്രാങ്ക്ഫൂർട്ടിലെ ഗ്രെഷൻ, കെലപ്സിക്കിലെ അന്നാകാർഷൻ, സ്യത്താചായ്ന്റെ പുത്രി എറ്റ്വിലി, സ്യൂസ്ബുർഗ്ഗിലെ പാതിരിമകൾ ഫ്രെഡറിക്കാ ബ്രയൻ തുടങ്ങിയവർ. പക്ഷേ അന്നൊല്ലാം ഗോയ്ഥേയായിരുന്നു കുറവാളി. ഇന്നിപ്പോൾ ഒരു മിത്രത്തിനുവേണ്ടിയാണു് തന്റെ പ്രേയസിയെ തൃജിക്കുന്നതു്...

"അവൻ പേടിയില്ലാഴിഞ്ഞു, കെസ്റ്റ്നർ. ഈകത്തു കിട്ടുമ്പോഴേക്കും അവൻ പോയിക്കഴിയും... ഒരു നിമിഷംകൂടെ ഞാനിവിടെ കഴിഞ്ഞിരുന്നാൽ എന്നെത്തന്നെ നിയന്ത്രിക്കുവാൻ എനിക്കുകഴിയാതെവരുമായിരുന്നു. ഇപ്പോൾ ഞാൻ മാത്രമേയുള്ളു. നാളെ അവൻ പോയിക്കഴിയും. ഹാ! എന്റെ പാവപ്പെട്ട ശിരസ്സേ!..." അടുത്തദിവസം രാവിലെ വീണ്ടും: "ലോട്ടി, എല്ലാം ഒരുക്കിക്കഴിഞ്ഞു. പുലർ വെളിച്ചം കണ്ടു തുടങ്ങി. കാൽ മണിക്കുറിനുള്ളിൽ ഞാൻ പോയിക്കഴിയും.... നിനക്കെല്ലാം അറിയാം. നിനക്കറിയാം, നിന്റെകൂടെ ഇത്രയും ദിവസം ഞാൻ എത്രമാത്രം ആനന്ദിച്ചുവെന്നു്.... പക്ഷെ ഞാൻ നിന്നെ പിരിയണം."

ഒരാഴ്ചക്കാലം റൈൻ നദിയുടെ തീരത്തിൽ കഴിച്ചുകൂട്ടി. അവിടെ മാക്സ് മില്ലിയേൻ എന്നൊരു പെൺകുട്ടിയുമായി പരിചയപ്പെട്ടു. മടങ്ങി ഫ്രാങ്ക്ഫുർട്ടിൽവന്നു് വക്കീൽപണിതുടങ്ങി. കൂടെക്കൂടെ കെസ്റ്റ്നക്കും ലോട്ടിക്കും കത്തുകളയച്ചും. ദുസ്സഹമായ ഹൃദയവ്യഥ ഓരോവരിയിലും തങ്ങിനില്പുന്നതു കാണാം: "അപ്പോൾ ലോട്ടി എന്നെ സ്വപ്നം കണ്ടില്ല. എനിക്കതിൽ ദേഷ്യമുണ്ടു്. ഞാൻ നിർബന്ധിക്കുന്നു, ഇന്നവൾ എന്നെക്കുറിച്ചു് സ്വപ്നം കാണണമെന്നു്..." രണ്ടുമാസം കഴിഞ്ഞു് മറെറന്തോ കാര്യത്തിനാണെന്നു പറഞ്ഞു് ഗോയ്ഥേ വീണ്ടും വെറ്റ്സ്ലറിലേയ്ക്കു ചെന്നു. മടങ്ങിവന്നു് അദ്ദേഹം കെസ്റ്റനക്കു് ഇങ്ങനെ എഴുതി: "ഒരു ചുംബനത്തിന്റെ വക്കോളം ഞാൻ എത്തി. അവൾ എനിക്കതു് നിഷേധിക്കുകയില്ലായിരുന്നു.... ഇന്നലെ രാത്രി സോഫായിൽ കിടക്കുമ്പോൾ തുങ്ങിമരിക്കുന്നതിനെക്കുറിച്ചായിരുന്നു എന്റെ ചിന്തകൾ..."

ചാർലോട്ടിയും കെസ്റ്റ്നറും തമ്മിലുള്ള വിവാഹം നടന്നു. ആ മധുവിധുവിനെക്കുറിച്ചായിരുന്നു ഗോയ്ഥേയുടെ ചിന്തകൾ. തന്റെയും കെസ്റ്റനറുടേയും കിടക്കകൾ തമ്മിലുള്ള അന്തരം ഗോയ്ഥേയെ അലട്ടി: "എന്റെ കിടക്കയിൽ കൂടപ്പിറപ്പായ നിദ്രയല്ലാതെ മറാരുമില്ല. നോക്കൂ എന്റെ കിടക്ക— ഇതെത്ര ശൂന്യമായിരിക്കുന്നു! ഒരു മണലാരണ്യംപോലെ... ലോട്ടിയെ, താങ്കൾക്കു് ഏല്പിച്ചുതന്ന നമ്മുടെ കർത്താവായ ദൈവം ഒരു തണുപ്പനാണു്..." വിറയ്ക്കുന്ന കൈകളോടാണു് ഈ കത്തു് എഴുതിയിരിക്കുന്നതു്.

മറെറാരു കുഴപ്പംകൂടെ: അന്നു് റൈൻ തീരത്തിൽ വെച്ചുകണ്ട മാക്സ് മില്ലിയേൻ ഇപ്പോൾ ഫ്രാങ്ക്ഫുർട്ടിലാണു്. ബ്രെന്റാനോ എന്നൊരു കച്ചവടപ്രമുഖൻ അവളെ വിവാഹംചെയ്തുകൊണ്ടുവന്നിരിക്കുന്നു. പഴയ പരിചയം പുതുക്കുന്നതിനു് അധികം വേണ്ടിവന്നില്ല. പക്ഷേ അസുഖകരമായിരുന്നു. ഹ്രസ്വവും പ്രക്ഷുബ്ധവുമായ

ആ ഗൂഢപ്രേമത്തിന്റെ പരിണാമഫലം: ഗേയ്ഥേയ്ക്ക് ആ ഗൃഹത്തിൽ പ്രവേശനം നിഷേധിക്കപ്പെട്ടു. അപ്പോഴാണ് വെറ്റ്സ്ലറിൽനിന്ന് ക്ഷോഭജനകമായ ആ വാർത്ത ഗേയ്ഥേയുടെ കണ്ണുകളിൽ വന്നുപതിച്ചതു്: ജെറൂസലെം ആത്മഹത്യചെയ്തു! കാരണം മിത്രകളത്രത്തിൽ അമിതമായ പ്രേമം, പ്രേയസീ മന്ദിരത്തിന്റെ കവാടങ്ങൾ അടയ്ക്കപ്പെട്ടതു്. അദ്ദേഹം ചിന്തിച്ചു: ഹാ, ഇപ്പോൾ തനിക്കു മനസ്സിലായി. ജെറൂസലെം, എനിക്കു നിന്നെ മനസ്സിലായി! നീ അനുഭവിച്ചതു് എന്തെല്ലാമാണെന്നു് ഞാൻ കാണിച്ചുകൊടുക്കാം. ഇതാ, വെള്ളക്കടലാസുകൾ. ഇവയിലാണ് ഇത്രയും കാലം ഞാനെന്റെ ഹൃദയവ്യാപാരങ്ങൾ പകർന്നതു്. ഇപ്പോൾ എനിക്കും നിനക്കും വേണ്ടി....

ആത്മഹത്യയിലേയ്ക്കായിരുന്ന ഇത്രയും കാലം ഗേയ്ഥേയുടെ ചിന്തകൾ നീങ്ങിക്കൊണ്ടിരുന്നതു്. തൂങ്ങി മരിക്കുക, വിഷം കുടിച്ചു മരിക്കുക, കുത്തി മരിക്കുക, വെടിവച്ചു മരിക്കുക—ഇവയിൽ ഏതാണ് ഉത്തമമാർഗ്ഗം? അദ്ദേഹം ചരിത്രത്തിന്റെ താളുകൾ മറിച്ചുനോക്കി. ആത്മഹത്യചെയ്ത ഒട്ടനേകം മഹാരഥന്മാർ ഒരു ഘോഷയാത്രയായി അദ്ദേഹത്തിന്റെ മുൻപിൽ വന്നു് അണിനിരന്നു: ബ്രൂട്ടസ്, കേറോ, ഓർതോ, സെനെക്കാ, ക്ലിയോപ്പാട്രാ.... ഇംഗ്ലീഷ് കവിതയിലേയ്ക്കു് അദ്ദേഹം കണ്ണോടിച്ചു. വിഷാദംനിറഞ്ഞ ഒരു അന്തരീക്ഷം. എങ്ങും ഹാംലറുകൾ! ഒടുവിൽ കുത്തിമരിക്കുകയാവും ഉത്തമമെന്നു് അദ്ദേഹം തീരുമാനിച്ചു. കൈവശം ഒട്ടനേകം ആയുധങ്ങളുണ്ടു്. അവയിൽ ഏറ്റവും ഇഷ്ടപ്പെട്ടതു് ഒരു കഠാരയെയാണു്. തലയണയ്ക്കുതാഴെയാണു് അതിന്റെ ശയ്യ. വിളക്കണയ്ക്കുന്നതിനു മുമ്പു് പുറത്തെടുക്കും, മൂർച്ചനോക്കും, നെഞ്ചിലേയ്ക്കു് മെല്ലെ താഴ്ത്തിനോക്കും. അതു താഴ്ന്നില്ല! തന്റെ ഭീരുത്വത്തെക്കുറിച്ചു് ഗേയ്ഥേ ചിരിച്ചുപോയി.

ഗേയ്ഥേ എഴുതിത്തുടങ്ങി. ഒരു മാസംകൊണ്ടു് നോവൽതീർന്നു. വെറ്റ്സ്ലറിൽനിന്നു് തന്റെ മിത്രമായ മെക്കിനു് അദ്ദേഹം അയച്ചിരുന്ന കത്തുകൾ—മെക്കാണു് വിൽഹം— അദ്ദേഹം തിരികെ വാങ്ങി. അവയായിരുന്നു നോവലിനുവേണ്ടിവന്ന അസംസ്കൃത സാധനങ്ങൾ. പല കത്തുകളേയും അതേപടിതന്നെ ഉൾപ്പെടുത്തിയിട്ടുണ്ടു്.

രണ്ടു പ്രസവങ്ങൾ ഒരുമിച്ചു നടന്നു. ഗേയ്ഥേ 'വെർത'റേയും ലോട്ടി ഒരു മകനേയും. ആ മകനു് തന്റെ പേർതന്നെ—വേൾഫ് ഗാംഗ്—ഇടണമെന്നു് അദ്ദേഹം ലോട്ടിയെ നിർബന്ധിച്ചു. പുറകെ ഒരു പുസ്തകവും അയച്ചുകൊടുത്തു. പുസ്തകത്തിനു് അകമ്പടിയായി പോയ കത്തു്: "ലോകത്തിൽ ഒരൊറ്റ പ്രതിമാത്രമേ ഉള്ളുവെങ്കിൽ അതെനിക്കു് എത്രമാത്രം വിലപ്പെട്ടതായിരിക്കും, അതുപോലെ ഒന്നാണു് ഞാനിതാ അയയ്ക്കുന്നതു്. ഇതു് നിന്റെ തൂലികയിൽനിന്നുതിർന്നുവീണ [illegible] ഞാൻ ആരാധനാപൂർവ്വം ചുംബിച്ചിട്ടുണ്ടു്...."

ഉടനീണ്ടായ ബഹളം ഏറെക്കാലം നീണ്ടുനിന്നു. കെസ്റ്റനർ ക്ഷോഭിച്ചു. കൂടെ ലോട്ടിയും. പക്ഷേ അവർ പിണങ്ങിയില്ല. കെസ്റ്റനർ സ്വരംമാറ്റി. ഗേയ്ഥേ എഴുതി: "....ഹേ, അല്പവിശ്വാസികളേ! ആയിരമായിരം ഹൃദയങ്ങൾക്കു് 'വെർതർ' എന്താണെന്നതിന്റെ ആയിരത്തിലൊരംശം നിങ്ങൾക്കു് അനുഭവിച്ചറിയുവാൻ കഴിയുമെങ്കിൽ!....ലോട്ടിക്കു് സ്നേഹമസൃണമായി എന്റെ കരങ്ങൾ നല്കിയിട്ടു പറയുക: ആയിരമായിരം അധരങ്ങൾ ആദരപുരസ്സരം നിന്റെ പേർ ഉച്ചരിക്കുന്നതു കേട്ടുകൊണ്ടു് ഇതു നിമിത്തം നിനക്കു് ഉണ്ടായിട്ടുള്ള സകല അസുഖങ്ങൾക്കും പ്രതിഫലമായി?"

കെസ്റ്റ്നറുടെ മരണശേഷം ലോട്ടി തന്റെ പഴയ ആരാധകനെ വൈമാറിൽചെന്നു് കാണുന്നുണ്ടു്. ആ കൂടിക്കാഴ്ച മറ്റൊരു നോവലിനു വിഷയമായി—തോമസ്മാൻ എഴുതിയ "ലോട്ടി വൈമാറിൽ".

***

ആസന്നഭാവിയിൽ നിങ്ങൾക്ക് എറണാകുളത്തു നിന്നു കോട്ടയത്തേക്കും കോട്ടയത്തുനിന്നു കൊല്ലത്തേക്കും ഹെലികോപ്റ്ററിൽ പറക്കാൻസാധിക്കും.

ഹെലികോപ്റ്റർ യുഗം

കോശി നൈനാൻ

പക്ഷികളെപ്പോലെ ആകാശ വിതാനത്തിൽ ചുറ്റിപ്പറക്കണമെന്നു് മനുഷ്യൻ പണ്ടു മുതലെ ആഗ്രഹിക്കുന്നതാണു്. അവന്റെ ആഗ്രഹം ഇന്നു് ആകാശവിമാനങ്ങൾ സഫലമാക്കിക്കൊട്ടുത്തിട്ടുണ്ടു്. പക്ഷെ ചെറിയ ദൂരങ്ങൾക്കായി അവയെ ഉപയോഗിക്കുവാൻ സാധ്യമല്ല. അതുകൊണ്ടാണു് ഇപ്പോൾ വില കുറഞ്ഞ ചെറിയതരം ഹെലികോപ്റ്ററുകളുടെ നിർമ്മാണത്തിൽ അമേരിക്ക ശ്രദ്ധ പതിപ്പിച്ചിരിക്കുന്നതു്.



ഹെലികോപ്റ്ററുകൾക്ക് അവശ്യമാത്രമായ ചില സൌകര്യങ്ങളെല്ലാമുണ്ടു്. ഇളക്കംകൂടാതെ ഉയരുവാനും, യഥേഷ്ടം ഏതുദിക്കിലേക്കും പറക്കുവാനുമുള്ള കഴിവു്, അതിലും പ്രധാനമായി നിലത്തുതൊടിക്കാതെതന്നെ നേരെ മുകളിലേക്കു് ഉയരുവാൻ അതിനു് സാധിക്കും എന്നുള്ളതെല്ലാം.

ഇപ്പുറത്തെ കോളത്തിൽ കാണുന്ന റോട്ടർ ക്രിഫ്റ്റ് കോർപ്പറേഷൻ നിർമ്മിച്ച ചെറിയതരം ഹെലികോപ്റ്ററിനു് "പിൻവീൽ" എന്നാണു് പേർ. ഒരു നിവർന്ന ചട്ടത്തിന്റെ ഉപരിതലത്തിൽ ചുറ്റിക്കറക്കാവുന്നതൊരു ഹെലികോപ്റ്റർ ഇലയാണു് അതിനുള്ളതു്. പൈലറ്റിനിരിക്കുവാൻ സൈക്കിളിന്റെമാത്രം ഒരു സീറ്റുണ്ടു്. അതിലിരുന്നുകൊണ്ടു് പുറകിൽ തൂക്കിയിരിക്കുന്ന അരവാറ്റെടുത്തു് മേലിൽ ചുറ്റാം. ഈ ഹെലികോപ്റ്ററിനു് 170 റാത്തൽ ഭാരമെ ഉള്ളു. ഒരു ടെലിഫോൺ ബൂത്തിൽ കൊള്ളിക്കത്തക്ക വലിപ്പവും. വിഷമംപിടിച്ച യന്ത്രതന്ത്രങ്ങളൊന്നും അതിനില്ല. അതിനു് മൊത്തത്തിൽ 500 റാത്തൽ ഭാരം ചുമക്കാൻ കഴിയും. അതെഭാരവുംകൊണ്ടു് ഒരു നിമിഷത്തിൽ 2000 അടി ഉയരാനും, അറുപതെഴപതു് മൈൽ വേഗത്തിൽ മുന്നോട്ടുപായാനും കഴിയുമത്രെ. ഒരാൾക്കു മാത്രം സഞ്ചരിക്കാവുന്നതാണിതു്.

വിമാനങ്ങൾക്കുള്ള അലറുന്ന ശബ്ദം ഇതിനില്ല. എന്തൊ ഒരു ചെറിയ ചീറ്റൽ, സ്പ്രേ ചെയ്യുമ്പോളുള്ളതുപോലെ. അതിന്റെ എൻജിനു് ചാമ്പ്കോലോ (Piston), വൈദ്യുത ശക്തിയോ ആവശ്യമില്ല. ക്ലച്ചു്, സ്റ്റാർട്ടർ എന്നിവയുമില്ല. യന്ത്രത്തിനു് എണ്ണ ഇടേണ്ടതോ, തണുപ്പിക്കേണ്ടതോ ആയിട്ടില്ല. ഇതൊന്നും ആവശ്യമില്ലാത്തതു് അതിന്റെ ഒരു സവിശേഷതയാണു്, എൻജിനായിട്ടാകെയുള്ളതു് യാന്ത്രികന്റെ തലയുടെ മുകളിൽ ചുറ്റിക്കറക്കാവുന്ന ഇലയുടെ ഉള്ളിൽ നിക്ഷേപിച്ചിരിക്കുന്ന ചെറിയ റോക്കറ്റ് എൻജിനുകളാണു്. ഇവക്കോരോന്നിനും 1 റാത്തൽ തൂക്കമെ ഉള്ളു. അജൈവപരപ്രാണിലം(Hydrogen peroxide) കൊണ്ടാണു് ഇവ പ്രവർത്തിക്കുന്നതു്.

റോട്ടോർ ക്രാഫ്റ്റ് കോർപ്പറേഷൻ ഇപ്പോൾ വെറും 75 റാത്തലിൽ കൂട്ടുതലിൽ ഘനമില്ലാത്ത 'പിൻവിൽ' ഹെലികോപ്റ്ററുകൾ നിർമ്മിക്കുന്നതിൽ ബദ്ധശ്രദ്ധരായിരിക്കുകയാണു്. അവയെ ചെറിയദൂര യാത്രകൾക്കു് മനുഷ്യർ ഉപയോഗിക്കുമെന്നാണു് അവർ പ്രതീക്ഷിക്കുന്നതു്. ഒന്നിനു്

1000 ഡോളർ വിലവരുമെന്നു് കണക്കാക്കപ്പെട്ടിരിക്കുന്നു.

റോട്ടർ ക്രാഫ്റ്റ് കോർപ്പറേഷനെപോലെതന്നെ മറ്റു പല കമ്പനികളും ഈ പദ്ധതിയിൽ പരീക്ഷണം നടത്തിക്കൊണ്ടിരിക്കയാണു്. ഹില്ലർ ഹെലികോപ്റ്റർ കമ്പനിയുടെ XROE—1 റോട്ടർ സൈക്കിൾ അഴിച്ചെടുത്തു് പത്തു നിമിഷങ്ങൾകൊണ്ടു് കൂട്ടിച്ചേർക്കാവുന്ന തരത്തിലുള്ളതാണു്. ഇതു് ഗാസലിൻ (Gasoline)കൊണ്ടാണു് ഓടുന്നതു്. ഏകദേശം 250 റാത്തൽ ഭാരംവരും.

കെല്ലറ്റ് എയർ ക്രാപ്റ്റ് കോർപ്പറേഷൻ നിർമ്മിക്കുന്ന ഹെലികോപ്റ്ററിനു് 'സ്റ്റേബിൾ മേബൽ' എന്നാണു് അവർ കൊടുത്തിരിക്കുന്ന പേർ. പിൻവീലിനുപയോഗിക്കുന്ന അജ്ഞാതപ്രാണിലം(Hydrogen peroxide) തന്നെയാണു് ഇതിനും ഉപയോഗിക്കുന്നതു്. മണിക്കൂറിൽ അറുപതുമൈൽ വേഗത്തിൽ സഞ്ചരിക്കും. ഒരു യാത്രയിൽ പതിനാറുമൈൽ നിർത്താതെ പറക്കാം. ഇതിനുള്ള ഒരു പ്രത്യേകത പറക്കുമ്പോൾ ഇളകാതിരിക്കാൻവേണ്ടിയുള്ള അതിന്റെ "ഗൈറോസ്റ്റബിലൈസിങ്ങ് ഏപ്പാടാണു്"

ബെൻസൻ എയർ ക്രാഫ്റ്റ് കോർപ്പറേഷന്റെ B. 7 M ഗൈറോകോപ്റ്ററിനു് 130 റിത്തലിൽ കൂടുതൽ ഭാരമില്ല. മുന്നോട്ടുള്ള പ്രാച്ചിലിന്റെ ശക്തിയാണു് അതിനെ ആകാശത്തിൽ ഉയർന്നുനില്ക്കാൻ സഹായിക്കുന്നതു്. അതിന്റെ പ്രവർത്തനത്തിൽ ചക്രവിമോചന (Free wheeling) സൌകര്യമുള്ളതുകൊണ്ടു് ഒരു ക്രൂക്കാന്റെ ആവശ്യം അതിനില്ല. ചെറിയ യാത്രകളിൽ യന്ത്രസംബന്ധമായ ഒരു തകരാറും വരുവാനില്ലെന്നു് പരീക്ഷിച്ചു് മനസ്സിലാക്കിയിരിക്കുന്നു.

ഇന്നു് ഹെലികോപ്റ്ററുകളുടെ നിർമ്മാണപദ്ധതി ധൃതഗതിയിൽ പുരോഗമിച്ചുകൊണ്ടിരിക്കയാണു്. അധികം താമസിയാതെ അകലംകുറഞ്ഞ യാത്രകൾക്കു് മനുഷ്യർ മോട്ടാർ കാറുകൾക്കു പകരം ഇവ ഉപയോഗിക്കുമെന്നുള്ളതിനു് സംശയമില്ല.

***

★

അമൃത ബിന്ദു

വൈലോപ്പിള്ളി

പുഴനീർ തേകിത്തിരി—
ച്ചെരുവിട്ടാലും, പുതൻ
മഴ നീർ നിരന്തരം
വിരുന്നു കൊട്ടത്താലും
ഉറവു കാത്തിരിയ്ക്കുന്നു
കേരള കേദാരങ്ങൾ
മറ്റൊരിയ്ക്കുമില്ലാ—
മാതിരി തെഴുക്കുവാൻ
തിരുവാതിര ഞാറു—
വേലയിൽ വാനിൽപ്രീതി—
പ്പൊരുളായുതിരുന്ന
പീയൂഷ കണരതിനെ.
അതുപോലത്രേ, ഗുരു—
കാരണവന്മാരുടെ
യനുവാത്സല്യം കോല്ക—
മഭിനന്ദനങ്ങളും
തോഴർ തൻ സ്നേഹോദാര—
പ്രേരണകളും തോന—
ത്തോന്നു യുണ്ടെന്നാകിലും—
മെന്റെ കണ്ണിൻ വെളിച്ചമേ,
ഓമലേ, നീ നുള്ളിലെ
പ്രേമ ബിന്ദുവാൽ മാത്രം
കോൾമയിർ പൂശിത്തഴ—
ച്ചുന്നിതെൻ കവനങ്ങൾ
ഞനിതാശിപ്പു, തെല്ലൊ—
ന്നാദിവ്യ മാധുര്യമെൻ
തേനിലും കനിയിലും
പകർത്താൻ കഴിഞ്ഞെങ്കിൽ!

ആരോഗ്യമുള്ളവരായിരിക്കണമെന്ന് ആഗ്രഹിക്കുന്നവർ എല്ലായ്പ്പോഴും ലൈഫ്ബോയ് ഉപയോഗിച്ച് കുളിക്കുന്നു

കുളികും ആരോഗ്യത്തിന് അത്യന്താപേക്ഷിതമാണ്. എന്നാൽ കുളിക്കുമ്പോഴായാലും, ജോലിചെയ്യുമ്പോഴായാലും എപ്പോഴും നമ്മുടെ ശരീരത്തിൽ അഴുക്ക് പറ്റുന്നു. ലൈഫ്ബോയ് സോപ്പ് അഴുക്കിലുള്ള രോഗാണുക്കളെ കഴുകിക്കളഞ്ഞ് നിങ്ങളുടെ ആരോഗ്യത്തെ സംരക്ഷിക്കുന്നു. ലൈഫ്ബോയ് സോപ്പ് ഉപയോഗിച്ച് നിത്യവും കുളിച്ച് അഴുക്കിലുള്ള രോഗാണുക്കളിൽ നിന്നും നിങ്ങളുടെ ആരോഗ്യത്തെ സംരക്ഷിക്കുക



L. 266-50 ML

ബോംബെയിലെ ഹിന്ദുസ്ഥാൻ ലീവർ ലിമിറ്റഡിനാൽ നിർമ്മിക്കപ്പെട്ടതു്.

ഒരായിരത്തിലധികം വർഷങ്ങളോളം തുടച്ചയായി
ഉളിയും ബ്രഷും അനങ്ങിപ്പോന്നതിന്റെ പരി
ണതഫലമാണ് ഈ പ്രസിദ്ധ കലാക്ഷേത്രം.

അജന്തയിലെ ചുമർച്ചിത്രങ്ങൾ

ലക്ഷ്മീദേവി

സത്യം പറഞ്ഞാൽ, അജന്തയെക്കുറിച്ച് നമുക്കിന്നുള്ള അറിവ് വളരെ പരിമിതമാണ്. വിശ്വമോഹനമായ ആ കലാവേദിയിൽ തുളുമ്പിനിൽക്കുന്ന ഭാവഭാവിതങ്ങളായ സങ്കല്പമാധുര്യങ്ങളെ മുഴുവൻ നുണഞ്ഞിറക്കാൻ നമുക്കിനിയും സാധിച്ചിട്ടില്ല. ചരിത്രത്തിന്റെ കണ്ണടയിൽകൂടി നോക്കി, ആ ചുമർച്ചായങ്ങളുടേയും ശിലാപ്രതിമകളുടേയും നിർമ്മാണകാലം നിഷ്കർഷിക്കുന്ന കാര്യത്തിൽ നാം പലപ്പോഴും നിസ്സഹായരായിപ്പോകുന്നു. പ്രാചീനകാലത്തിന്റെ വകയായി ഏതാനും ചില ശിലാലിഖിതങ്ങളും മറ്റും നമ്മുടെ സഹായത്തിനുണ്ട്. പക്ഷെ അവയൊന്നും അജന്തയിലെ ചിത്രങ്ങളുടെ കാലത്തെപ്പറ്റിയോ ചരിത്രത്തെപ്പറ്റിയോ ഒരക്ഷരവും പറയുന്നില്ല. അജന്തയിലെ ഗുഹാക്ഷേത്രങ്ങൾ കൊത്തിയുണ്ടാക്കപ്പെട്ടതു് ഏതേതുകാലത്താണെന്നു നിഷ്കർഷിക്കാൻ നമുക്കു സാധിച്ചാൽപ്പോലും, ചായച്ചിത്രങ്ങളുടെ കാലാവധി നിശ്ചയിക്കാൻ അതു സഹായകമാവുന്നില്ല. കാരണം, ഗുഹ നിർമ്മിക്കപ്പെട്ടു് അഞ്ചോ ആറോ നൂറ്റാണ്ടുകൾക്കുശേഷം വരയ്ക്കപ്പെട്ട ചിത്രങ്ങളാണു് പലതിലും ഇപ്പോൾ തങ്ങി നില്ക്കുന്നതു്.

എന്നാലും ചില കാര്യങ്ങൾ സുവിദിതമാണു്. അജന്തയിലെ ഏറ്റവും പഴയ ചില ഗുഹാക്ഷേത്രങ്ങൾക്കും അവയിലെ ചില ചിത്രങ്ങൾക്കും രണ്ടായിരം കൊല്ലത്തിലധികം പഴക്കമുണ്ടു്. ബി. സി. ഒന്നാം നൂറ്റാണ്ടിലോ രണ്ടാം നൂറ്റാണ്ടിലോ മറ്റോ ആണു്—അതായതു്, അശോകന്റെ കാലത്താണു് — അവ നിർമ്മിക്കപ്പെട്ടതു്. പിന്നെ, അജന്തയിലെ ഏറ്റവും അവസാനത്തെ കലാസൃഷ്ടികൾ നടന്നതു് ക്രിസ്ത്വബ്ദം എട്ടാം ശതകത്തിന്റെ ഒടുവിലോ ഒമ്പതാം ശതകത്തിന്റെ ആദ്യത്തിലോ മറ്റോ ആണെന്നതിനും തെളിവുകൾ കിട്ടിയിട്ടുണ്ടു്.

അങ്ങനെ, അജന്തയിലെ കലാനിർമ്മിതികളുടെ കാലാവധിയെ ഒരു ദിവസത്തിലോ ഒരു വർഷത്തിലോ ഒരു നൂറ്റാണ്ടിലോ തളച്ചിടുകയോ ഒതുക്കിനിർത്താൻ സാധിക്കയില്ലെന്നു കാണാം. ഒരായിരത്തിലധികം വർഷങ്ങളോളം തുടച്ചയായി ഉളിയും ബ്രഷും അനങ്ങിപ്പോന്നതിന്റെ പരിണാമഫലമാണു് ആ പ്രസിദ്ധകലാക്ഷേത്രം!

അജന്തയുടെ ചരിത്രം നൂറ്റാണ്ടുകളുടെ ചുരുളുകൾക്കുള്ളിൽ ഒളിഞ്ഞുകിടക്കുകയാണെങ്കിലും, അതിന്റെ ഒരേകദേശരൂപം മനസ്സിലാക്കാൻ നമുക്കിന്നു സാധിക്കുന്നുണ്ടു്. അശോകന്റെ ഭരണകാലത്തോ അതിനുതൊട്ടുശേഷമോ ആണു്, അതായതു് ബി. സി. മൂന്നാം ശതകത്തിലോ രണ്ടാം ശതകത്തിലോ ആണു്, ഈ ഗുഹാക്ഷേത്രങ്ങളുടേയും അവയിലെ കലാരൂപങ്ങളുടേയും ആദ്യസൃഷ്ടി നടന്നതു്. ബൌദ്ധകലാകാരന്മാരുടെ സുവർണ്ണദശയായിരുന്നു പിന്നീടു്. തലമുറകൾക്കുശേഷം തലമുറകൾ വന്നു; അവരെല്ലാം അജന്തയിലെ ശാലീനതയ്ക്കു മാറ്റുകൂട്ടി. ഒമ്പതാം ശതകത്തിൽ ബൌദ്ധമതത്തിന്റെ പ്രാബല്യത്തിനു് ഇടിവുതട്ടുകയും, ഹിന്ദുമതത്തിനും ജൈനമതത്തിനും വഴിമാറിക്കൊടുത്തു് അന്ധകാരത്തിന്റെ മൂലകളിലേക്കു് അതു

റാറിനില്ക്കുകയും ചെയ്തതോടുകൂടി, അജന്തയിലെ അന്തരീക്ഷത്തിലും ഇരുൾ പരന്നു. പിന്നീട വളരെ കാലത്തോളം ലോകത്തിനു് അതിനെപ്പറ്റി യാതൊരു വിവരവുമുണ്ടായിരുന്നില്ല. പത്തൊമ്പതാം നൂറ്റാണ്ടിൽ, യാദൃച്ഛികമായി ഒരിംഗ്ലീഷുകാരൻ അതു കണ്ടുപിടിച്ചതോടുകൂടി അജന്ത വീണ്ടും ലോകത്തിന്റെ ശ്രദ്ധയ്ക്കാകർഷണകേന്ദ്രമായിത്തീർന്നു.

ആയിരമോ അതിലധികമോ കൊല്ലങ്ങളുടെ കലാവാസനകളുടെ പ്രദർശനാലയമായ അജന്തയിൽ, ഏകതാനമായ ഒരു 'രീതി'യോ ഒരു സ്റ്റൈലോ ഒരു കലാസങ്കല്പമോ ഉണ്ടെന്നു പറയുന്നതു് ശരിയായിരിക്കയില്ല. എത്രയോ നാം ചില രൂപങ്ങളിൽനിന്നും ഭാവങ്ങളിൽനിന്നും തുടങ്ങി നൂറ്റാണ്ടുകളിലൂടെ നൂണുനൂണുപോയ കലാചിന്തകളുടെകൂടെ പലവിധത്തിലുള്ള പരിണാമങ്ങളനുഭവിച്ചു്, പല കാലഘട്ടങ്ങളുടെയും പ്രതീകങ്ങളായി നിലകൊള്ളുന്ന പല കലാരൂപങ്ങളാണു് അജന്തയിലുള്ളതു്. അവയുടെ സ്ത്രീകളുടെ മുടിക്കെട്ടിനെക്കുറിച്ചോ ആഭരണത്തെക്കുറിച്ചോ ശരീരഘടനയെപ്പറ്റിയോ 'അജന്താ മോഡൽ' എന്നു വിശേഷിപ്പിക്കുമ്പോൾ കാലമെന്ന ഘടകത്തെ നാം മറന്നുപോകുന്നുണ്ടെന്നു തുറക്കം!

ഏതായാലും അജന്തയിലെ ചായച്ചിത്രങ്ങളുടെ ചരിത്രത്തെ മൂന്നു ഘട്ടങ്ങളായി തിരിക്കാമെന്നു തോന്നുന്നു.

ബി. സി. രണ്ടും ഒന്നും നൂറ്റാണ്ടുകളിലുണ്ടായ ചിത്രവേലകൾ ചരിത്രത്തിന്റെ ആദ്യഘട്ടത്തെ കുറിക്കുന്നു. ശിലാപ്രതിമകളോടു് സാദൃശ്യം വഹിക്കുന്ന രൂപങ്ങളാണു് ഇക്കാലത്തുണ്ടാകുവും വരയ്ക്കപ്പെട്ടിട്ടുള്ളതു്. മനുഷ്യരൂപങ്ങൾക്കു് വലിയൊരു ചലനാത്മകത കാണാൻ സാധിക്കില്ല. അധികം വീതിയില്ലാതെ നീണ്ട ഒരു കോളത്തിനകത്തു്, അനവധി രൂപങ്ങളെ പ്രദർശിപ്പിക്കുന്ന ഒരു സ്റ്റൈലാണതു്. സ്ത്രീസൌന്ദര്യത്തെ പകർത്തുന്ന കാര്യത്തിൽ ഈ കലാകാരന്മാർ സമർത്ഥന്മാരായിരുന്നു. അരയ്ക്കു മേലോട്ടു് നഗ്നമായ സ്ത്രീരൂപത്തിന്റെ ഭാവഭദ്രത അത്യധികം ആസ്വാദ്യമാണു്.

ഈ കാലഘട്ടത്തിനുശേഷം കുറച്ചു കാലത്തേക്കു് അജന്തയിലെ കലാനിർമ്മിതിക്കു് വലിയൊരു വാട്ടം സംഭവിച്ചു. പ്രധാനമായ യാതൊരു കലാരൂപവും ഇക്കാലത്തിന്നിടക്കു് അവിടെ നിർമ്മിക്കപ്പെട്ടിട്ടില്ല.

ഗുപ്തന്മാരുടെ വരവോടുകൂടിയാണു് രണ്ടാമത്തെ ദശ തുടങ്ങുന്നതു്. എ. ഡി. നാലും അഞ്ചും ആറും നൂറ്റാണ്ടുകളിൽ അജന്തയിലെ കലാവൈഭവം അതിന്റെ സുവർണ്ണദശയിലെത്തി. യാഥാർത്ഥ്യങ്ങളെ സുന്ദരമായ ക്ലാസ്സിക്കു് രീതിയിൽ ചിത്രങ്ങളിലേക്കു പകർത്താൻ അക്കാലത്തെ കലാകാരന്മാർക്കു കഴിഞ്ഞു. അണപൊട്ടിച്ചു പായുന്ന വൈകാരികോഷ്മളതയോ, അതിശയോക്തികളായ ചലനങ്ങളോ, സങ്കീർണ്ണങ്ങളായ ആഭരണ വൈചിത്ര്യങ്ങളോ ചിത്രങ്ങളിലേക്കു പകർത്തുവാൻ അവർ വിമുഖരായിരുന്നു. കലാസങ്കല്പങ്ങളെ ചില പരിമിതികൾക്കുള്ളിൽ നിർത്തിക്കൊണ്ടു് ലളിതരൂപങ്ങൾ സൃഷ്ടിക്കുന്നതിലായിരുന്നു ഈ കാലഘട്ടത്തിലെ ചിത്രകാരന്മാരുടെ ശ്രദ്ധയധികവും. നിർഭാഗ്യമെന്നു പറയട്ടെ, ഇക്കാലഘട്ടത്തിന്റെ പ്രാതിനിധ്യം വഹിക്കുന്ന ചുമർ ചിത്രങ്ങൾ അജന്തയിൽ ഇന്നു വളരെക്കുറച്ചേയുള്ളു.

മൂന്നാമത്തെ ദശയിൽ, കലാസങ്കല്പങ്ങൾക്കു് വലിയൊരു മാറ്റം വന്നിരിക്കുന്നതായി കാണാം. ക്ലാസ്സിക് കലയുടെ ലളിതരൂപവും അളന്നുമുറിച്ച ഭാവാത്മകതയും ക്രമേണ പോയ്പോയി. കൂട്ടത്തൽ കൂട്ടത്തൽ സങ്കീർണ്ണങ്ങളായ കലാരൂപങ്ങളാവിർഭവിച്ചു. ചലനപ്രധാനമായ ഒരുരീത്യാത്മകത അജന്തയിലെ ചിത്രങ്ങളിലുടനീളം സ്ഥലം പിടിച്ചു. സ്ത്രീശരീരത്തിലെ വക്രരേഖകളേയും ആകാര സൂക്ഷ്മതയേയും തെല്ലൊരതിശയോക്തി കലർന്ന രീതിയിൽ പ്രദർശിപ്പിക്കാനും, മുടിക്കെട്ടുകളേയും ആഭരണങ്ങളേയും കൂട്ടത്തൽ സങ്കീർണ്ണമായ രീതിയിലവതരി

പ്പിക്കാനും ആ കലാകാരന്മാർശ്രമിച്ചു. പലവിധത്തിൽ മടഞ്ഞുകെട്ടിയ തലമുടിയും, തലയിലും കഴുത്തിലും കൈകളിലും അരയിലും കാലിലും മറ്റും മറ്റും സ്ഥാനം പിടിച്ച പല വിധത്തിലുള്ള ആഭരണങ്ങളും, അർദ്ധനിമീലിതങ്ങളായ നീണ്ട മിഴികളും, ആ സ്വാദ്യമധുരമായ നില്പും നടത്തവുമെല്ലാം ഈ കാലഘട്ടത്തിന്റെ പ്രത്യേകതകളാണ്. പലപ്പോഴും നാം 'അജന്താ മോഡലാ'യി കണക്കാക്കുന്ന ഈ കലാരൂപങ്ങളധികവും ഏഴും എട്ടും നൂറ്റാണ്ടുകൾക്കിടയ്ക്ക് നിർമ്മിയ്ക്കപ്പെട്ടവയാണ്. നീലാകാശത്തിലൂടെ പറന്നുപോകുന്ന അപ്സരസ്സുകളും, മുത്തും മാണിക്യവും വളയും അരഞ്ഞാണും മറ്റും മറ്റും ധരിച്ച്, മുഖത്തു പൌഡറിട്ടും ചുണ്ടിനു ചായം തേച്ചും നിൽക്കുന്ന അർദ്ധ നഗ്നകളായ കമനീരത്നങ്ങളും, രാന്തരസം തുളുമ്പുന്ന മുഖഭാവത്തോടുകൂടിയ പുരുഷരൂപങ്ങളുമെല്ലാം, അത്യുജ്വലമായ കലാവൈഭവത്തിന്റെ സന്തതികളാണ്.

ഇതുപോലെയും ചില വാസ്തവങ്ങളെല്ലാം മനസ്സിലാക്കി, ആ അമൂല്യകലാസൃഷ്ടികളുടെ നേർക്ക് തെല്ലൊരമ്പരപ്പോടുകൂടി നോക്കിനിൽക്കാനല്ലാതെ, അജന്തയെക്കുറിച്ച് എല്ലാം പഠിച്ചുകഴിഞ്ഞു എന്നു നമുക്കഭിമാനിക്കാറായിട്ടില്ല. ഇരുപതിലധികം തലമുറകളിലെ കലാകാരന്മാർ, ഏതൊരു സ്നേഹത്തോടും ജാഗ്രതയോടുംകൂടിയാണോ ആ കലാരൂപങ്ങളെല്ലാമുയർ വരച്ചുണ്ടാക്കിയത്, അതേ സ്നേഹത്തോടും ജാഗ്രതയോടുംകൂടി നാം അവയെനോക്കിപ്പഠിക്കേണ്ടിയിരിക്കുന്നു.

(ഇംഗ്ലീഷിൽനിന്ന്)

കുഞ്ഞിപ്പാത്തുമ്മ

(മാപ്പിളപ്പാട്ട്)

വി. ഇ. ഹംസ

തേങ്ങാപ്പൂള് കണക്കൊരു ചന്ദ്രക്കീറു തെളിഞ്ഞതു കണ്ടപ്പോൾ
കുഞ്ഞിപ്പാത്തുമ്മായുടെ കരളിൽ കിക്കിളി പൂത്തു വിടർന്നല്ലോ,
കൊല്ലം രണ്ടു കഴിഞ്ഞിന്നവളുടെ ഓമന മാരൻ പോയിട്ട്—
നാളെ ചെറിയ പെരുന്നാളിന്റെ വന്നീടുമെന്നൊരു കുത്തുണ്ട്.
നിക്കാഹ് ചെയ്തിട്ടൊന്നാളിൽ പിരിഞ്ഞതാണാമണവാളൻ
പെണ്ണവൾ കണ്ട കിനാവുകളൊന്നും നിനവായ് തീർന്നില്ലിന്നോളം.
പെരുന്നാൾ വാങ്കു വിളിച്ചതുകേട്ട് തുള്ളിച്ചാടിനടന്നവൾ.
മൈലാഞ്ചി കൊമ്പൊടിച്ചെടുത്തിട്ടരച്ചു കൈകളിലിട്ടവൾ.
റെങ്കുനിറഞ്ഞപളുങ്കിൻ വളകൾ നിറയേ കൈകളിലിട്ടവൾ.
മിഴികളിലൊത്തരി സുറുമ എഴുതി ചന്തം നോക്കിയിരുന്നവൾ.
മുറ്റത്താടണ മുല്ലക്കൊടിയിൽ വിടർന്നുനിൽക്കും പൂവുകളെ
ഇറുത്തെടുത്തൊരു മാലകൊരുത്തിട്ടകത്തുപോയി കിടന്നവൾ.
പുലർകാലെ വരുന്നതന്റെ പുരുമാരൻ തന്നുടെ സവിധത്തിൽ
പറഞ്ഞിടേണ്ടും പരിഭവ വാക്കുകൾ ഓർത്തിരുന്നു കഴിച്ചവൾ.
ഉറങ്ങിടാതെ ഇരുന്നിരുന്നാ പെണ്ണവളൊന്നു മയങ്ങിപ്പോയ്
കരളു തകർന്നൊരു കിനാവുകണ്ടു ഞെട്ടിയുണർന്നു കരഞ്ഞവൾ.
മുട്ടിവിളിച്ചു വാതലിലാരോ ഉറന്നു പെണ്ണു കതകുകളെ
പറഞ്ഞു വാവാ മയ്യത്തായി വണ്ടിമറിഞ്ഞു നിൻമാരൻ.
പടച്ച റബ്ബേ ചതിച്ചുവല്ലോ നെഞ്ചിലടിച്ചു കരഞ്ഞവൾ.
താങ്ങും മുൻപേ തളർന്നുവീണു തറയിൽ പെണ്ണൊരു പൂപോലെ.
ഉണർന്നതില്ലാ കുഞ്ഞിപാത്തു മയക്കമയ്യോ മാറീലാ.
വിടർന്നതില്ലാ മുറ്റത്താടണ മുല്ലയിൽ മലരുകളിന്നോളം.

എന്റെ ഓമനയ്ക്കൊരു കത്ത്

വൈക്കം ദേവരാജ്

ജീവിതത്തിൻ മധു മലർക്കാവിൽ
നീ വിടർന്നു വന്നെത്തിയനാളിൽ
ഞാനറിഞ്ഞതില്ലീ വഴിത്താര
കാനൽ മൂടിയതാണെന്നകാര്യം!
സ്വരണ തൻ രാഗരേണുക്കൾപാറി
മധുമധുരമാം തേൻമഴചാറി
ഹൃദയമിന്നും കുളിക്കുന്ന സ്വർഗ്ഗ–
സുഖദമായൊരാനാളുകളോക്കെ!

അന്നു പൊന്നുഷസ്സന്ധ്യയിലെന്റെ
മുന്നിൽ വന്നുനീ പുഞ്ചിരിപെയ്കെ,
കൊച്ചൊരു മുല്ലവല്ലിയെൻമുന്നിൽ
നൃത്തമാട്ടുമ്പോൽ നീ കുണുങ്ങുമ്പോൽ,
ഒട്ടുവേപഥംവാന്നൊരെൻകൈയ്യാൽ
കെട്ടി നിന്നെപ്പുണരുകയായ്!
ചുംബനത്തിൻ മധുരാമൃതത്തിൽ
ചുണ്ടുകൾ തമ്മിലൊട്ടി
സൗഹൃദോജ്ജ്വലമാം ഹൃദയങ്ങൾ
സൗമ്യമായ്ത്തമ്മിലൊന്നിച്ചിടിച്ചു
ജീവിതാനന്ദമന്നനിൻമുന്നിൽ
പൂവിരിപ്പു വിരിച്ചുനിന്നപ്പോൾ,
നീയതിന്മേൽ ചിലങ്കകിലുക്കി
നീളെലാസ്യലയങ്ങളിടിച്ചു...!

ആ മഴവില്ലു മാഞ്ഞുമറഞ്ഞു
വ്യോമമാകെ കരിങ്കാറടിഞ്ഞു
കേകിപോൽ ലാസ്യമാടിയനീയും
കേവലമൊരു ഷഡ്പദമായി!
നൃത്തമുദ്രകൾ കുമ്പിയ കയ്യിൽ
കൊച്ചു 'കൊട്ടവടി' പിടിച്ചല്ലോ?
തൊണ്ടടിച്ചു തളർന്ന കരങ്ങൾ
രണ്ടു താമരത്തണ്ടുകൾപോലെ!
പട്ടമൈലാഞ്ചിതേച്ച കൈ വെള്ള
ചുട്ടകീറി തഴമ്പുകൾ പൊങ്ങി!!
എങ്കിലും നീ വിശപ്പിന്നടപ്പിൽ
വെന്തുനീറി നശിക്കുന്നനിത്യം...!
നീ പൊടിച്ചു വളന്നൊരുവല്ലി
നീരുകിട്ടാതുണങ്ങുകയല്ലീ?

നീയതിന്നൊരു താങ്ങും തണലും
നീറിടുമീയവസ്ഥയിൽപ്പോലും!

തലനരച്ചൊരു വാർദ്ധക,മോമൽ–
ത്തളിരണിഞ്ഞവിശുദ്ധിതൻബാല്യം,
മുകുളിത മുഗ്ദ്ധ യൗവ്വന,മാകെ
വിവിധ വർണ്ണമിയന്ന കൂട്ടംബം.
പ്രിയദമാർക്കുമതെന്നതു നേരാം
വിധുരതയിൽ നിനക്കതുഭാരം!
ദുരിതപൂരിത സാഹചര്യത്താ–
ലെരിപൊരികൊണ്ടരുകിട്ടംനിന്നെ
കരളുരുകാതൊരു നോക്കുകാണാൻ
കഴിയുന്നില്ലഞാൻ ദുർബ്ബലനാകുമോ?

അഴലിന്നുഷ്ണജാലപ്രവാഹത്തിൽ
ഒഴുകിയങ്ങനെ പോയിടുംനിന്നെ
ചെറുവിരൽനീട്ടിയാലംബമേകി
കരകയറാൻ കഴിവില്ലെനിക്കു്!
നിശ്ചിതമായൊരീ നിസ്വതയെന്റെ
മൃദുലചിത്തം വരഞ്ഞുകീറുമ്പോൾ
കരയാനാവുമോ? കരയുമ്പോൾ
കരിമിഴികൾ തുടയ്ക്കുണ്ടവൻ ഞാൻ!

കൊച്ചുമുല്ല നിൻ പൂഞ്ചില്ലതോറും
പൊട്ടിവന്നൊരീ'യേറുതലകൾ'
വേരുറയ്ക്കാത്ത തൈമരമൊന്നിൻ–
ശാഖയിലോ പടർന്നേറുന്നു?
കാറണഞ്ഞു കട പിഴുതാലും
ഞാറുവേലയൊന്നെടുക്കയില്ലേ?
പൊട്ടി വീണ്ടും ചെനച്ചുടനീളം
പട്ടിളം തളിർ നീണ്ടിടുവോളം,
മുഗ്ധമായൊരീ യാലിംഗനത്തിൻ
പട്ടുനൂലുകൾ പൊട്ടാതിരിയ്ക്കു!
ആഗമിയ്ക്കും വസുതികൾക്കന്ത്യം
ആ മനോഹരമാകും വസന്തം;
ആ വസന്തമണയും വരെയ്ക്കു–
മാടലിൽ നീ മുഴുകാതിരായ്ക്കു!

ആ വിമാനം അകന്നകന്നു് അപ്രത്യക്ഷമാകുന്നതു് മിസ്സസ് ഗ്രഡ്ഹാർട്ട് കണ്ണുനീർ നിറഞ്ഞ നയനങ്ങളോടെ നോക്കിനിന്നു.

ഒരു പക്ഷിനിരീക്ഷകയുടെ മദ്ധ്യാഹ്നം

ഷണ്മുഖദാസ്

നട്ടുച്ച വെയിൽ. ആ ഒഴിഞ്ഞ മൈതാനത്തിൽ ആകെക്കൂടിയുള്ള ഒരു മരത്തിന്റെ (ഒരു കുറവൻ പേരാലിന്റെ) തണലിൽസ്വല്പനേരം വിശ്രമിക്കുവാൻ, മിസ്സസ്സ് ഗ്രഡ്ഹാർട്ട് തീരുമാനിച്ചു. മിസ്സസ്സ് ഗ്രഡ്ഹാർട്ട്, പതിനാല്വകുഞ്ഞുങ്ങളുടെ മുത്തശ്ശിയാണു്. അവരെല്ലാം സ്കൂളിലും കോളേജിലും പോയിക്കഴിഞ്ഞാൽ, പക്ഷിനിരീക്ഷണത്തിനായിറങ്ങുകയാണു് ഈ മുത്തശ്ശിയുടെ പതിവു്. പക്ഷിനിരീക്ഷണത്തെപ്പറ്റിയുള്ള ഒരു ലേഖന പരമ്പര വായിച്ചശേഷം തുടങ്ങിവെച്ച പതിവാണു് ഇതു്. ചിലനിറങ്ങളെ വേർതിരിച്ചുകാണാൻ പാടില്ലായിരുന്ന ബുവക്കു്. ഈ കുഴപ്പത്തിനു് ഇംഗ്ലീഷിൽ 'കളർ ബ്ളൈന്റ്' എന്നു പറയും എന്നിട്ടുമിവർ പക്ഷിനിരീക്ഷകയായതു് വിധിവൈപരീത്യം–അല്ല, മരുമക്കളുടെ നിർബ്ബന്ധത്താലായിരുന്നുവത്രെ. 'ഒരു പക്ഷി'യുടെ ശരിയായ നിറം എന്താന്നു് അറിയാൻ പാടില്ലാത്തപ്പൊ ഞാൻ പക്ഷിനിരീക്ഷണത്തിനുപോയി വല്ലമെച്ചോണ്ടോ സാറമ്മേ? ' എന്നവർ അടിക്കടി ചോദിക്കാറുണ്ടു്. കിഴവിയുടെ ചോദ്യത്തിനു് സാറമ്മയുടെ മറുപടിയിതാണു്: നിറം അറിയാൻ പാടില്ലെങ്കിക്കൂടി പക്ഷ്യേ കണ്ടുടനെ ഇന്ന ജാതി പക്ഷ്യാന്നു് പറയാൻ കഴിയണതല്ലേ, അമ്മേ സാമർത്ഥ്യം?'.

അരമുക്കാൽ നാഴിക നീണ്ടുകിടക്കുന്ന മൈതാനം. എരിപൊരികൊള്ളുന്ന വെയിൽ. മിസ്സസ്സ് ഗ്രഡ്ഹാർട്ട് പേരാൽത്തണലിൽ വിശ്രമിക്കുയാണു്. കൈവശമുണ്ടായിരുന്ന 'തിന'യുടെ സ്റ്റോക്കു് തീർന്നു. ഒറ്റതിരിഞ്ഞു വന്ന ചില പക്ഷികൾ, 'തിന'യും തിന്നുതീർത്തു് എങ്ങോ പറന്നുപോയി. പാവങ്ങൾ! സ്വല്പം തിനകൊണ്ടുമാത്രം അവയുടെ ഭക്ഷണപ്രശ്നം തീരുമോ? ഈ നട്ടുച്ചവെയിലിലും—അഥവാ, അവയും ആരെയെങ്കിലും നിരീക്ഷിക്കുവാൻ പുറപ്പെട്ടിരിക്കുകയാകുമോ? മിസ്സസ്സ് ഗ്രഡ്ഹാർട്ടിന്റെ പല്ലില്ലാത്ത മോണയിൽ ഒരു പുഞ്ചിരി വിരിഞ്ഞു... ആ പുഞ്ചിരിമായുന്നതിനുമുമ്പു്, അവരൊന്നു് മയങ്ങിപ്പോയി.

ഒരു കൂട്ടക്കാറും, മുദ്ദുവായ ഒരു ശബ്ദവും കേട്ടുകൊണ്ടാണു് അവർ മയക്കത്തിൽനിന്നുണർന്നതു്. '—തോന്നുന്നു. ദാ, അമ്മുക്കു് ഉറക്കം തെളിഞ്ഞു.' ക്ഷമാപണസ്വരത്തിൽ ചിരിച്ചുകൊണ്ടു് ഉയരംകൂടിയവനും സുമുഖനുമായ ഒരു യൂനിഫോമിട്ട ചെറുപ്പക്കാരൻ അഞ്ചാറടി അകലെ നില്പുണ്ടു്. അമ്പതുപതടി അകലെ, വെള്ളിനിറത്തിലുള്ള ഒരു വിമാനം നില്പുണ്ടും അതിന്നടുത്തു് മൂന്നാളുകൾ (അവരും യൂനിഫോറത്തിലാണു്.) എന്തോ സംസാരിച്ചുനില്പുണ്ടും മിസ്സസ്സ് ഗ്രഡ്ഹാർട്ട് കണ്ടു. മരുഭൂമിയെപ്പോലുള്ള ഈ മൈതാനത്തിൽ മനുഷ്യരെ കാണുന്നതു് എത്ര ആശ്വാസദമാണു്! മുത്തശ്ശി അകം നിറഞ്ഞു് മന്ദഹസിച്ചു,

'മുത്തശ്ശിയ്ക്കു് നമ്മളെ കണ്ടതിൽ എന്തു സന്തോഷമാണെന്നോ!' അവരെ ഉണർത്തിയ ചെറുപ്പക്കാരൻ കൂട്ടുകാരോടു് വിളിച്ചുപറഞ്ഞു.

നാല്വ യൂനിഫോറക്കാരും മിസ്സസ്സ് ഗ്രഡ്ഹാർട്ടിനെ വളഞ്ഞു. അവരിൽ

വെച്ച് ഏറ്റവും ചെറുപ്പമായ ആൾ (അയാൾക്കു് ഇരുപത്തിരണ്ടിലധികം കാണുകയില്ല.) ചോദിക്കുകയാണു്: 'മുത്തശ്ശിക്കു് നല്ലപോലെ ചെവി കേൾക്കുമോ?'

'നല്ലപോലെ കേൾക്കാം. കുട്ടീ എനിക്കുത്രയധികംവയസ്സൊന്നുമായിട്ടില്ല.'

ഇരുപത്തിരണ്ടുകാരൻ മുത്തശ്ശിയുടെ അരികത്തിരുന്നു. എന്നിട്ടു് ചോദിക്കുകയാണു്: 'മുത്തശ്ശിയുടെ പേരു്?'

'മേരി ഗ്രഡ്ഹാർട്ട്. കുഞ്ഞിന്റെ പേരോ?'

'സോർബ'

അയാളുടെ വലതു കൈപ്പടം തലോടിക്കൊണ്ടു്, മിസ്സസ്സു് ഗ്രഡ്ഹാർട്ടു് പറഞ്ഞു: 'നല്ല ഓമനത്തമുള്ള അസാധാരണമായ പേരു്'

സോർബ: 'മുത്തശ്ശിക്കു് എന്റെ അമ്മയുടെ അമ്മയുടെ ഛായയുണ്ടു്: ഞാനവരെകണ്ടിട്ടു് വളരെക്കാലമായി.' അയാളുടെ കണ്ണിൽ ഒരു തുള്ളി കണ്ണീർ പൊടിഞ്ഞു. അതു മറ്റുള്ളവരുടെ ദൃഷ്ടിയിൽനിന്നു് മറയ്ക്കുവാൻ പ്രയാസപ്പെടുന്ന അയാളോടു് മിസ്സസ്സു് ഗ്രഡ്ഹാർട്ടു് പറഞ്ഞു: 'ഇതാ, ഇതു കൊണ്ടു് കണ്ണു തുടയ്ക്കു.' തന്റെ വൃത്തിയായ സുഗന്ധം തൂവാല അവർ അയാൾക്കു കൊടുത്തു. അവരുടെ മുഖത്തിൽ സഹതാപം തിങ്ങിത്തുളുമ്പിയിരുന്നു.

"നമ്മുടെ ഹാർമണിക്കുന്നുകളിലെ സംഗീതത്തിന്റെ രുചിയുണ്ടു് ഈ ഗന്ധത്തിനു്. തൂവാലയിലെ സുഗന്ധം ആസ്വദിച്ചുകൊണ്ടു് ആ ചെറുപ്പക്കാർ നാലുപേരും ഒരുമിച്ചു പറഞ്ഞു,

ഹാർമണിക്കുന്നുകൾ! അങ്ങനെ പേരുള്ള കുന്നുകളെപ്പറ്റി താൻ കേട്ടിട്ടില്ലല്ലോ? മിസ്സസ്സു് ഗ്രഡ്ഹാർട്ടിന്റെ 'ഭ്രമിശാസ്ത്ര' വിജ്ഞാനംനന്നെ കഷ്ടിയായിരുന്നു. എവിടെയാണു് ടിംബക്ടു? മിസ്സസ്സു് ഗ്രഡ്ഹാർട്ടിന്നറിഞ്ഞുകൂടാ. ടിംബക്റ്റുവെപ്പോലെ, ഭ്രമിയിലെങ്ങാണ്ടോ ഉള്ള ഇടമായിരിക്കണം ഹാർമണിക്കുന്നുകളും. അപ്പോൾ ഈ ചെറുപ്പക്കാർ ഹാർമണിക്കുന്നുകാരായപട്ടാളക്കാരാണു്! സാധുക്കൾ! ജന്മദേശത്തിൽനിന്നു് എത്ര ദൂരത്തെത്തെല്ലാമാണു്, ഈ ശനിയൻപിടിച്ച യുദ്ധങ്ങൾകാരണം ആളുകൾക്കു് പോകേണ്ടിവരുന്നതു്. ആ ചെറുപ്പക്കാരുടെ ദുർയോഗത്തെക്കുറിച്ചാലോചിച്ചപ്പോൾ മിസ്സസ്സു് ഗ്രഡ്ഹാർട്ടിന്നു് വല്ലാത്ത ദുഃഖം അനുഭവപ്പെട്ടു.

"നിങ്ങളുടെ കുന്നുകളെപ്പറ്റി പറയൂ, കേൾക്കട്ടെ" അവർ ഔത്സുക്യത്തോടെ ആരഞ്ഞു.

"ദാ ഞങ്ങളുടെ നാടു് മുത്തശ്ശിക്കു് കാണിച്ചുതരാം". എന്നു പറഞ്ഞു്, അനുവാദം തേടുന്നതുപോലെ, സോർബ് തന്റെ തലവന്റെ നേക്കു് (കൂട്ടത്തിൽ നിന്നു് തെല്ലകന്നു നിന്നിരുന്ന ആളുകളുടെ നേക്കു നോക്കി). തലവൻ അനുകൂലഭാവത്തിൽ തലയാട്ടി. ഉടനെ സോർബ് തന്റെ യൂനിഫാറത്തിൽ നെഞ്ചിന്നടുത്തായുള്ള ഒരു ബട്ടൻ അമത്തി. പെട്ടെന്നവിടെ ഒരുപോക്കറു് പ്രത്യക്ഷപ്പെട്ടു—മുമ്പില്ലാതിരുന്ന ഒരു പോക്കറു്. ആ പോക്കറിൽനിന്നും ചിലന്തിനൂൽപോലെ ലോലലോലമെങ്കിലും, സുശക്തമായ ഒരു നീണ്ടകുഴൽ രണ്ടുമൂന്നടി നീളത്തോളം പുറത്തെയ്ക്കെടുത്തു് സോർബ്, മിസ്സസ്സു് ഗ്രഡ്ഹാർട്ടിനോടു് കൂടുതൽ അടുത്തേയ്ക്കു വരാൻ ആംഗ്യം കാണിച്ചു. അവരുടെ മുഖത്തു് ഭയവും നേരിയ അമ്പരപ്പും നിഴലിച്ചിരുന്നു,

'ഒന്നും പേടിയ്ക്കാനില്ല, മുത്തശ്ശി' നിഷ്കളങ്കവും, വിശ്വാസമേകുന്നതുമായ ഒരു പുഞ്ചിരിയോടെ അവരുടെ അരികത്തേയ്ക്കു നടന്നുകൊണ്ടു് സോർബ് ഉറപ്പുനൽകി: ഇതിനകം ആ കുഴലിന്നു് മഴവില്ലിന്റെ വർണ്ണപ്പൊലിമ കൈവന്നുകഴിഞ്ഞിരുന്നു. " മുത്തശ്ശി സ്വല്പം ഈ വശത്തേയ്ക്കു് തലകുനിയ്ക്കു. പോരാ ഇനിയും. ഇനി കണ്ണടയ്ക്കു. മുഴുക്കെ കണ്ണടയ്ക്കു".

പെട്ടെന്നു് താൻ അലിഞ്ഞലിഞ്ഞു് ഇല്ലാതാകുന്നതുപോലെ മിസ്സസ്സു് ഗ്രഡ്ഹാർട്ടിന്നു തോന്നി. ശരത്കാലത്തെ ചന്ദ്രികയേക്കാളും പതിന്മടങ്ങു് കൂടുതൽ മൃദുളമായ ഹർഷദ്രവമായ ഒരനുഭൂതി അവരെ വലംചെയ്തു. അവ്യാഹതമധുര

മായ ഏതോ ദിവ്യ സംഗീതത്തിന്റെ അലകൾ അവരെ പുളകംകൊള്ളിച്ചു. ചിമ്മിയ കണ്ണുകളുടെ ഇരുട്ടിനെ ഭേദിച്ചു്, ലക്ഷക്കണക്കിനുള്ള നറു പുഷ്പങ്ങൾ, അവക്കുചുറ്റും നൃത്തമാടി. താൻ കേൾക്കുന്ന സംഗീത നിർഝരിയിൽ നിന്നും പൂക്കൾ വിടരുകയാണോ? അതോ ആ പൂക്കളാണോ സംഗീതത്തിന്റെ ഉറവിടം.

പാട്ടു് പെട്ടെന്നു നിലച്ചു് അവർ കണ്ണുതുറന്നു. സോർബു് ആ കുഴൽ പോക്കറ്ററിലിടുകയായിരുന്നു. അയാളാബട്ടൻ ഒന്നുകൂടി അമർത്തി. പോക്കറ്റു് അപ്രത്യക്ഷമായി.

'മുത്തശ്ശിക്കു് സംഗീതം ഇഷ്ടപ്പെട്ടുവോ?'

മിസ്സസ്സു് ഗ്രഡ്ഹാർട്ടു്:' സോർബു്, എത്ര മധുരമാണു് ആ സംഗീതവും അന്തരീക്ഷവുമെന്നോ!'

സോർബു്: 'അതാണു് ഞങ്ങളുടെ നാടു്'.

ആ യുവാക്കളുടെ നേതാവു് ഗൌരവസ്വരത്തിൽ പറഞ്ഞു:

'മേരിയമ്മേ, ക്ഷമിക്കണം. നേരം വൈകുന്നു. ഞങ്ങളുടെ ചില ചോദ്യങ്ങൾക്കു് മറുപടി പറയാമോ?'

മിസ്സസ്സു് ഗ്രഡ്ഹാർട്ടു്: 'തീർച്ചയായും. എനിക്കറിയാവുന്നതാണെങ്കിൽ'

ദീർഘകായകനായ നേതാവു് ഗൌരവസ്വരത്തിൽ തുടർന്നു: 'ഞങ്ങളെ ഇങ്ങോട്ടയച്ചതു്, ഈ ലോകത്തിലെ—ഭൂമിയിലെ സ്ഥിതിഗതികൾ ശരിക്കു്പഠിക്കാനാണു്. ആ വേഗത കുറഞ്ഞ വാഹനത്തിൽക്കയറി, അയാൾ വെയിലിൽ വിശ്രമിക്കുന്ന വിമാനത്തിന്റെ നേർക്കു് ചൂണ്ടിക്കാട്ടി, 'ഞങ്ങൾ എല്ലായിടത്തും സഞ്ചരിച്ചുകഴിഞ്ഞു. ഒരുപക്ഷെ ഇവിടത്തെ സ്ഥിതിഗതികൾ വളരെ അതൃപ്തികരമാണെന്നു് റിപ്പോർട്ടു് ചെയ്യേണ്ടിവന്നേക്കാം ഞങ്ങൾക്കു്. പക്ഷെ, അതു്—അതേപ്പറ്റി—നിങ്ങളോടു് സംസാരിച്ചു കഴിഞ്ഞതിനുശേഷമേ ഞങ്ങൾ തീരുമാനമെടുക്കുകയുള്ളു. ഭാഗ്യവശാൽ, നിങ്ങളെ കണ്ടു സംസാരിക്കാനുള്ള അവസരംകിട്ടി. ഞങ്ങളുടെ ഈ ഡ്യൂട്ടി അവസാനിക്കുന്നതിനുമുമ്പു്, ഒരു — ഒരാളോടു് ചില കാര്യങ്ങൾ ചോദിച്ചു മനസ്സിലാക്കേണ്ടതായുണ്ടു്. അതുംകൂടിയായാൽ ഞങ്ങൾക്കു് നാട്ടിലേക്കു് പോകാം. സോർബിനു് കഴിയുന്നതും വേഗം നാട്ടിലേക്കു് പോകണമെന്നുണ്ടു്. അയാളുടെ കൊച്ചനുജനുവേയും, അനുജത്തിമാരേയും കാണാൻ—" അയാൾ നെടുവീർപ്പിട്ടു. അവർ നാലുപേരും ഒരുമിച്ചു് നെടുവീർപ്പിട്ടനതായി മിസ്സസ്സു് ഗ്രഡ്ഹാർട്ടിനുതോന്നി.

"എല്ലാദിവസവും, രാത്രി ഉറങ്ങുന്നതിനുമുമ്പു്, മിസ്സസ്സു് ഗ്രഡ്ഹാർട്ടു് ഗദ്ഗദസ്വരത്തിൽ പറഞ്ഞു: "ഞാൻ ലോക സമാധാനത്തിനുവേണ്ടി പ്രാർത്ഥിക്കാറുണ്ടു്. നിങ്ങളെപ്പോലെ എത്രയെത്ര കുട്ടികൾ യുദ്ധത്തിൽ മരിച്ചുപോകുന്നുണ്ടെന്നു്—എനിക്കു്, എനിക്കു്, അതിനെ കുറിച്ചാലോചിക്കുമ്പോൾ—എനിക്കുമാരേയും, ശത്രുവിനെപ്പോലും, വെറുക്കാൻ സാധിക്കുന്നില്ല. ഇനി നിങ്ങളുടെ ചോദ്യങ്ങൾ ചോദിച്ചുകൊള്ളു".

'മനുഷ്യന്റെ മാഹാത്മ്യത്തിൽ വിശ്വാസമുണ്ടോ? യുദ്ധത്തോടു് വാസ്തവത്തിൽ വെറുപ്പുണ്ടോ?' 'സ്വന്തം അയൽപക്കക്കാരനെ സ്നേഹിക്കാനുള്ള കഴിവു് മനുഷ്യനുണ്ടോ?' ഇങ്ങനെ ഒട്ടവളരെ ചോദ്യങ്ങൾക്കു് മിസ്സസ്സു് ഗ്രഡ്ഹാർട്ടു് ഉത്തരം പറഞ്ഞു.

'മുത്തശ്ശി, ഇതെന്താണു്? നോക്കട്ടെ.' മിസ്സസ്സു് ഗ്രഡ്ഹാർട്ടിന്റെ പഴ്സു് ചൂണ്ടിക്കാണിച്ചുകൊണ്ടു് സോർബു് ചോദിച്ചു.

അവർ സന്തോഷപൂർവ്വം തന്റെ പഴ്സു് സോർബിന്റെ കയ്യിൽകൊടുത്തു. അതു തുറന്ന ഉടനെ അയാളുടെ കണ്ണിൽ പെട്ടെന്നു് ചില കൊച്ചു ഫോട്ടോകളായിരുന്നു. മിസ്സസ്സു് ഗ്രഡ്ഹാർട്ടിന്റെ പൌത്രിമാരുടെ ഫോട്ടോകൾ. യൂനിഫോറത്തിന്റെ ഉൾപ്പോക്കറ്ററിൽനിന്നു് ചില ഫോട്ടോകൾ എടുത്തു് സോർബു് പറഞ്ഞു: 'മുത്തശ്ശി, ഇതെന്റെ അനുജത്തികളാണു്. നിങ്ങളുടെ ഈ കൊച്ചു കുട്ടികളെപ്പോലില്ലേ എന്റെ അനുജത്തികൾ? ഈ

ഫോട്ടോയെല്ലാം മുത്തശ്ശിയെടുത്തോളൂ. മുത്തശ്ശിയുടെ കുട്ടികളുടെ ഫോട്ടോയെല്ലാം ഞാനെടുത്തോട്ടെ?'

മിസ്സസ്സ് ഗ്രഡ്ഹാർട്ട് സസന്തോഷം സമ്മതിച്ചു. പഴ്സിലുള്ള എല്ലാം തന്നെ സോർബിനു കൊടുക്കാൻ അവർ തയ്യാറായിരുന്നു.

രണ്ടു മിഠായി കഷണങ്ങളും, ഒരു തൂവാലയുംകൂടി, സോർബ് അവരോട് ചോദിച്ചു വാങ്ങി.

നാല്യ യുവാക്കളും മിസ്സസ് ഗ്രഡ്ഹാർട്ടിനോടു വിടവാങ്ങി. സോർബ് മുത്തശ്ശിയുടെ വലംകവിളിൽ ഉമ്മവച്ചു.....

ആ വിമാനം അകന്നകന്നു് അപ്രത്യക്ഷമാകുന്നതു്, മിസ്സസ്സ് ഗ്രഡ്ഹാർട്ട് കണ്ണീർനിറഞ്ഞ കണ്ണുകളോടെ നോക്കി നിന്നു.

II

വീട്ടിലും തെരുവിലുമെല്ലാം ഒരേ ബഹളം. ശബ്ദകോലാഹലം. 'പറക്കും തളികകൾ!' 'സ്പേയ്സ് മനുഷ്യരുടെ ആക്രമണം!'—ഇങ്ങനെ പ്രില വാക്കുകൾമാത്രം വിശദമാ... മിസ്സസ്സ് ഗ്രഡ്ഹാർട്ടിന്റെ ചെവിയിൽപ്പെട്ട പത്രവില്പനക്കാർ, 'സ്പെഷൽ എഡിഷൻ' 'എക്സ്ട്രാ' എന്നെല്ലാം ആഞ്ഞുവിളിച്ചു ഈ ബഹളത്തിന്റെ ശക്തി ഒന്നുകൂടി വർദ്ധിപ്പിക്കുന്നതായി തോന്നി.

അടിപിടികൂട്ടുന്ന ഒരു പൌത്രനും പൌത്രിയുമിടയിൽ, എന്റെ കുഞ്ഞുങ്ങളല്ലെ? തമ്മിൽത്തല്ലാതെ. മുത്തശ്ശി മിഠായി തരാം' എന്ന വാക്കുകൾകൊണ്ടു് സമാധാനം സ്ഥാപിച്ചശേഷം, അവർ പത്ര വില്പനക്കാരൻ കൊണ്ടുവന്നിട്ടിരുന്ന പത്രങ്ങൾ കയ്യിലെടുത്തു. അവയുടെ ഒന്നാംപേജിലെല്ലാം ഒരേ വാർത്തയെക്കുറിച്ചുള്ള തലക്കെട്ടുകളാണുണ്ടായിരുന്നതു്—'പറക്കുംതളികകൾ നഗരത്തിനു മീതെ'

'എങ്ങനെയുണ്ടായിരുന്നു എന്നറിയാതെ റേഡിയോ പ്രക്ഷേപണം. എല്ലാ റേഡിയോ നിലയങ്ങളിൽനിന്നുള്ള പ്രോഗ്രാംകളിലും ഇടപെട്ടു്, എല്ലാ വേവ്ലെൻത്തുകളിൽനിന്നും ഒരുമിച്ചുള്ളപ്രക്ഷേപണം'

'അജ്ഞാതയായ ഒരു സ്ത്രീ ഭൂമിയെ ആപത്തിൽനിന്നു് രക്ഷിച്ചുവെന്നു് സ്പെയിസിൽനിന്നുള്ള ആക്രമികൾ പറയുന്നു'.

'ഭ്രാന്തു പിടിക്കാത്ത ഒരു മനുഷ്യൻ ഭൂമിയിലുള്ളതുകൊണ്ടുമാത്രം, ഈ ലോകം പൂണ്ണനാശത്തിൽനിന്നും രക്ഷപ്പെടുന്നു.'

ഇത്തരം എത്രയെത്ര തലക്കെട്ടുകൾ! മിസ്സസ്സ് ഗ്രഡ്ഹാർട്ടിനു് ഒന്നും മനസ്സിലായില്ല.

അഞ്ചുനിമിഷംമുമ്പു് അടിപിടികൂടിയ പൌത്രിയും പൌത്രനും (ഫിലിപ്പും റോസിയും) കൈകോർത്തു് പിടിച്ചു് അവിടെയെത്തി. സോർബ് തനിക്കുതന്ന ഫോട്ടോകൾ, മിസ്സസ്സ് ഗ്രഡ്ഹാർട്ട് അവക്കു കാണിച്ചുകൊടുത്തു. 'നോക്കൂ, എത്ര നല്ല കുട്ടികൾ! നിങ്ങളെപ്പോലെ ശണ—'

ഫിലിപ്പ്, കൈപൊള്ളിയെന്നോണം, തന്റെ കയ്യിലുള്ള ഫോട്ടോ നിലത്തിട്ടു. അവനു് കരച്ചിൽ വരുന്നുണ്ടായിരുന്നു. 'ഈ കൂട്ടിയ്ക്കു് പച്ചനിറമാ മുത്തശ്ശി...'

'പച്ചത്തവളയുടെ നിറം' റോസി അറപ്പോടെ പറഞ്ഞു.

മിസ്സസ്സ് ഗ്രഡ്ഹാർട്ട്, ആത്മഗതമെന്നോണം, പതിഞ്ഞ സ്വരത്തിൽ പറഞ്ഞു: 'മനുഷ്യരുടെ തൊലിയുടെ നിറം എത്രതന്നെയാകട്ടെ. ചുവപ്പോ.. മഞ്ഞയോ... കറുപ്പോ... തവിട്ടു നിറമോ....എന്തും. അവരുടെ ജന്മസ്ഥലം ഏഷ്യയാകട്ടെ, യൂറോപ്പാകട്ടെ... നാമെല്ലാം—എല്ലാ മനുഷ്യരും—സഹോദരീ സഹോദരന്മാരാണു് അതുകൊണ്ടു്...'

മുതുകളുണ്ടു് വരുന്നു. അവർ നിന്നു. സ്വന്തം മുറിയിലേക്കു് അവർ ധൃതിയിൽ നടന്നു. അവർ ചിന്തിച്ചു: 'മനുഷ്യരുടെ നിറങ്ങൾ മഞ്ഞ, ചുകപ്പു്, കറുപ്പു്, വെള്ള, തവിട്ടുനിറം. പക്ഷെ, പച്ച ... പച്ചനിറമുള്ള മനുഷ്യർ. അവരുടെ 'ഭൂമിശാസ്ത്ര' വിജ്ഞാനം നന്നെ കുഷ്ഠിയായിരുന്നു. പച്ച നിറമുള്ള മനുഷ്യർ...ഭൂമിയിലേതു പ്രദേശത്താണു?... പച്ചനിറമുള്ള മനുഷ്യർ?

(ഒരിംഗ്ലീഷു് കഥയോടു് കടപ്പാടുണ്ടു്.)

കവിയും കന്നിയാറും

കെ. കെ. പൊതുവാൾ

വിസ്മയം കൊള്ളുന്നു ഞാൻ, കന്നിയാറേ, നീയിത്ര
സത്വരമെങ്ങുന്നാണിശ്ശാന്തത സമ്പാദിച്ചു?
തുമഞ്ഞിൻ തുകിലണി ഞ്ഞരൻ കരങ്ങളാൽ
താളവുമിണക്കിക്കൊ,ണ്ടോമനക്കിനാവുമായ്,
ദൂരത്തുനിന്നെക്കാത്തു കൈനീട്ടം കണവന്റെ
മാറിലേയ്ക്കുമരുവാൻ വിഘ്നങ്ങളേതുംതാണ്ടി,
ഇന്നു മാദകഗാനലോലയായൊഴുകും നീ
യിന്നലെയോളം വിങ്ങിവിതുമ്പിക്കഴിഞ്ഞവൾ!
കവി ഞാനസൂയാലു, നിൻഹൃദയാന്തം ശാന്ത-
സ്വരസുന്ദര രാഗഗാനമിന്നാലാപിയ്ക്കുന്നു.
സ്ഥായിപൂണ്ടെന്നാത്മാവിലിഴുകും വിഷാദത്തിൻ
ച്ഛായ തെല്ലകറ്റാൻ ഞാനെത്രമേൽ യത്നിച്ചാലും
വിജയം വരിയ്ക്കുവാൻ സ്വല്പവും കഴിയാതെൻ
ഹൃദയം കൂടെക്കൂടെ ക്ലാന്തതയുൾക്കൊള്ളുന്നു.
മഴമേഘത്താൽ മങ്ങിയിരുളുംഗഗന,–മെൻ–
ഹൃദയം പ്രകാശമാണെന്നാണു പുഞ്ചിരിച്ചെങ്കിൽ!
കവിയിങ്ങനെ ചൊല്ലിനിത്തവേ, സ്നേഹാർദ്രത
വഴിയും കരളിന്റെ ഭാഷയിൽ നദിയോടു:
'ഞാനെനിയ്ക്കുനുഭവം തന്ന വല്ലകിമീട്ടി
പ്പാട്ടുകയാണിശ്ശാനം, നീയിതു ശ്രദ്ധിച്ചാലും!
ശരിയാണു നീ ചൊന്നതിന്നലത്തേക്കാളിന്നു
പരിതുഷ്ടയായ് ലക്ഷ്യംനോക്കിഞാൻ കുതിയ്ക്കുന്നു
ഇന്നലെവരെയുമെൻ ചുറുപാടിരുൾമൂടി
നിന്നെന്നാ,ലിന്നോ ചുറും വെളിച്ചം തുളുമ്പുന്നു.
ആടിക്കാറണിനിരന്നിന്നലെ യിടിമിന്നൽ–
വാളമായലറിയെൻ ചുറ്റിലും ഘനം വെയ്ക്കെ,
കരയിൽ നിൽക്കും വൃദ്ധവൃക്ഷങ്ങൾ കാറ്റത്താടി–
ക്കടയും പുഴങ്ങിയെൻ മാറിലാപതിയ്ക്കുമ്പോൾ,
അതുമല്ലെൻ മിർഗ്ഗത്തിൽ വിലങ്ങായ് ശിലാജാലം
തല പൊക്കിക്കൊണ്ടെങ്ങും നിശ്ചലമലരുമ്പോൾ;
കിടിലംകൊള്ളാതെ ഞാനെങ്ങിനെ മുന്നേറീടും
മമചേതനയെത്രകണ്ണുനീരൊഴുക്കീല!
പക്ഷെ, ഞാൻ നിരാശതപൂണ്ടില്ല സ്വല്പംപോലും
ചുറുപാടൊരുകാലം തെളിയാതിരിക്കുമോ!
അപ്പൊഴും ലക്ഷ്യം തെറ്റാ, തല്പവും കൂസീടാതെ
നിൽക്കാതെ മുന്നേറീ ഞാ,നിന്നു ഞാൻ വിജയിച്ചു!
ചുറുപാടിനോടൊത്തു ജീവിതം ചലിപ്പിക്കാൻ
മർത്ത്യനുകഴിയണമെങ്കിലേ വിജയിക്കൂ!
കണ്ണുനീർ തുകൊല്ലേ നീ നിന്റെ തുലികയുടെ
കണ്ണീരുകാൺകെ കാലം കൈകൊട്ടിച്ചിരിച്ചാക്കും!"

പൂ തിരുവാതിര

നീയെന്താ പായിക്കുട്ടി, വട്ടപ്പാലം കറങ്ങുന്നത്? അങ്ങു താണുകളിച്ചുകൂടെ? . . . . . "എടീ, അമ്മുക്കുട്ടി, നിന്റെ വായിൽ കൊഴുക്കട്ടയുണ്ടോ? അങ്ങു തുറന്നു പാടിയേൻ" . . . . . "ഭാക്ഷായണിയുടെയും മക്കളുടേയും കളികാണ്ണ വാനെന്തൊരുചന്തം!" . . . . അമ്മുമ്മമാർ ഭാക്ഷായണിയമ്മയുടെ വീടിന്റെ ഉമ്മറത്തിരുന്നു് മുറുത്തെ തിരുവാതിരകളി നോക്കി വിളിച്ചുപറയുകയാണു്. ഭാക്ഷായണിയമ്മയുടെ മൂത്തമകൾ രാധയുടെ കല്യാണം കഴിഞ്ഞു്, ആദ്യത്തെ പൂ തിരുവാതിരയുടെ ഉറക്കമൊഴിപ്പും, കളിയും പൊടിപൊടിക്കുകയാണു്. ഭാക്ഷായണിയമ്മയെപ്പറ്റി എല്ലാവർക്കും പരക്കെ മതിപ്പാണു്. പെൺപള്ളിക്കൂടത്തിലെ പാട്ടമിസ്സ്രസ്സാണവർ. പത്തുകൊല്ലം മുൻപു അവർ മൂന്നു കുട്ടികളുടെ അമ്മയും വിധവയുമായി. തുച്ഛമായ ശമ്പളമുണ്ടു്, വരുമാനം. എങ്കിലും അവർ കുട്ടികളെ മാനമായി പഠിപ്പിച്ചുവളർത്തി. പലർക്കും അത്ഭുതം



തോന്നിയിട്ടുണ്ടു്, ഈ തുച്ഛമായ തുകയിൽ ഇവരെങ്ങിനെ ഇത്ര സുഖമായി കഴിയുന്നു എന്നു്. പക്ഷെ, ഭാക്ഷായണിയമ്മയെ കണ്ണിനു കണ്ടുകൂടാത്ത മറ്റൊരു സ്ത്രീയുണ്ടു്, കാത്ത്യായനിയമ്മ. അവർ ധനികയാണു്, അസൂയയുടെ കലവറയുമാണു്. അസൂയക്കും കഷണ്ടിക്കും മരുന്നില്ലല്ലൊ. കാത്ത്യായനിയമ്മയും തിരുവാതിരകളിക്കുവിനിട്ടുണ്ടു്. ഇല്ലെങ്കിൽ നാട്ടുകാരെന്തുപറയും. പാതിരാപ്പൂ പറിക്കാൻ അരമണിക്കൂറുള്ളപ്പോൾ ഭാക്ഷായണിയമ്മപറഞ്ഞു. "ഇനി നമുക്കു കാപ്പികുടിക്കാം". രാധ മുറത്തുനിന്നു വിളിച്ചു പറഞ്ഞു. "രണ്ടുപാട്ടുംകൂടികഴിയട്ടെ,അമ്മെ". കാത്ത്യായനിയമ്മക്കു നാക്കു ചൊറിഞ്ഞു. അതു പുറത്തുചാടി. "നിനക്കെന്താപെണ്ണേ, കയ്യും കാലും കഴുക്കുകില്ലെ?" കല്യാണിയമ്മ ഇടക്കു ചാടിപറഞ്ഞു, "ഓ, കരിനാക്കു പറവാ!" ഭാക്ഷായണിയമ്മക്കു ക്രുസലില്ല. "പറഞ്ഞുകൊള്ളട്ടെ, ഒന്നും പറവാൻ പോകുന്നില്ല. പിള്ളേരുടെ അച്ഛന്റെ കാലം കഴിഞ്ഞു്, ഇവിടെ മുടങ്ങാതെ മൂന്നുനേരം അടുപ്പിൽ തീപുക കാണുന്നതുകൊണ്ടും, കുട്ടികൾം മരുന്നും മന്ത്രവുമില്ലാതെ സുഖമായി നടക്കുന്നതുകണ്ടിട്ടും, ഓരോരുത്തർക്കു കണ്ണുകടിയാണു്. ഞാനെന്തു ചെയ്യാനാണു്. ഞാനിവിടെ കിടുന്നകാര്യംകൊണ്ടു്, വേണ്ടതുപോലെ തിന്നും കുടിച്ചും ജീവിക്കുന്നു. അല്ലാണ്ടെന്താ!"

DL. 326A-X29 ML

ഹിന്ദുസ്ഥാൻ ലീവർ ലിമിറ്റഡ്, ബോംബെ.

കാത്ത്യാ : നീ പറയുന്നതുകേട്ടാൽ, പിന്നെല്ലാവരും തിന്നാതെയും കുടിക്കാതെയും ജീവിക്കയാണെന്നുതോന്നുമല്ലൊ, എന്റെ ഒരു ദിവസത്തെ ചിലവെത്രയെന്നറിയാമൊ, നിന്റെ ഒരുമാസത്തെ ശമ്പളം എന്റെ മൂക്കിൽ പോകാനില്ല.
ഭാക്ഷാ : ഞാൻ കാര്യം ചിലവാക്കുന്നതു മൂക്കു നിറക്കുവാനല്ല. വയറു നിറക്കുവാനാണ്. വിലകൂടിയ ആഹാരം കഴിക്കുന്നതുകൊണ്ടുമാത്രം ആരോഗ്യമുണ്ടാകുമെന്നില്ല.
കാത്ത്യാ : എന്റെ മോളു മെലിഞ്ഞിരിക്കുന്നന്നല്ലേ നീ പറഞ്ഞുവരുന്നതു്.
ഭാക്ഷാ : ഇതുവല്ലതും ഞാൻ പറഞ്ഞോ? ഞാനും മക്കളും സുഖക്കേടില്ലാതെ സുഖമായിട്ടിരിക്കുന്നതെന്താണെന്നാണു ഞാൻ പറഞ്ഞതു്. ദേഹത്തിന്റെ ഓരോ അവയവത്തിനു പറ്റിയ ആഹാരം കഴിക്കണം. അതിനാണു് ധാരാളം പച്ചക്കറിയും നെയ്യും പാലും കഴിക്കണമെന്നു പറയുന്നതു്.
കാത്ത്യാ : ഓ, നീയിവിടെ നെയ്യിൽ കുളിച്ചല്ലെ ജീവിക്കുന്നതു്.
ഭാക്ഷാ: എന്നു ഞാൻ പറഞ്ഞൊ. നിത്യവും നെയ്യു വാങ്ങിക്കുവാൻ എനിക്കു വകയില്ല. പക്ഷെ, നെയ്യും പകരം ഞാൻ മറ്റൊന്നാണുപയോഗിക്കുന്നതു്. അതിൽ നെയ്യിലുള്ളതത്തോളം തന്നെ വിറ്റാമിൻ 'എ'യും, കൂടാതെ വിറ്റാമിൻ 'ഡി'യും ചേർന്നിട്ടുണ്ടു്. ഇവരണ്ടും രോഗങ്ങളെ തടഞ്ഞു നിറുത്തുകയും, പല്ലിനും അസ്ഥിക്കും ഉറപ്പുനൽകുകയും ചെയ്യുന്നു. കഴിഞ്ഞ ഏഴുകൊല്ലമായി ഈ സാധനം ഞാൻ നെയ്യും എണ്ണയ്യും പകരമായി എല്ലാവിധ പാചകങ്ങൾക്കും ഉപയോഗിക്കുന്നു. പച്ചക്കറിയും മറേറതു സാധനവും ഇതിൽ പാചകം ചെയ്യുമ്പോഴും നല്ല സ്വാദുകിട്ടുന്നു. വിലയൊ, അതുകൊണ്ടു താങ്ങാവുന്നതും.
കാത്ത്യാ : അതെയൊ? എന്തായിരിക്കാം നിന്റെ കണ്ടുപിടുത്തം?
ഭാക്ഷാ : എന്റെകണ്ടുപിടുത്തമൊന്നും അല്ല അതു്. എല്ലാ പീടികകളിലും കിട്ടുന്നതാണതു്. അതിന്റെ പേരാണു ഡാൽഡാ വനസ്പതി.
കാത്ത്യാ : ഹും, നീ പറഞ്ഞുതുടങ്ങിയപ്പോഴേ എനിക്കു മനസ്സിലായി. അതു പാട്ടനെയ്യു ഞാനെന്റെ വീട്ടിൽ കടത്തുകില്ല.
ഭാക്ഷാ : പാട്ടനെയ്യല്ല അതു്, നല്ല ശുദ്ധമായ സസ്യഎണ്ണകളിൽ നിന്നുണ്ടാക്കുന്നതാണു് 'ഡാൽഡാ'. അടച്ചു സീൽചെയ്ത ടിന്നിലാണു് അതു കിട്ടുന്നതു്.
കല്യാ: ഭാക്ഷായണി പറഞ്ഞില്ലെ, അവളും പിള്ളരും ഏഴ കൊല്ലമായി ഇതുപയോഗിക്കുന്നുഎന്നു്, അവർക്കു കുഴപ്പമൊന്നും പറഞ്ഞില്ലല്ലൊ. അവരുടെ ഒപ്പംനിന്നു കളിക്കുവാൻ നിങ്ങൾക്കൊന്നും ശേഷിയും കണ്ടില്ല. ഭക്ഷായണിക്കു നല്ലതാണെങ്കിൽ എന്തുകൊണ്ടു് എനിക്കും നന്നായിക്കൂടാ. ഞാനും അതു വാങ്ങിക്കാൻ പോകയാണു്, നാളെത്തന്നെ.
ഭാക്ഷാ : കല്യാണിച്ചേച്ചി, 'ഡാൽഡാ' സീൽചെയ്ത ടിന്നിലാണു് കിട്ടുന്നതു്. ടിന്നിന്റെ പുറത്തു് ഈന്തപ്പനയുടെ പടമുണ്ടു്. അതുനോക്കി വാങ്ങണം.
രാധ കാപ്പിയും ഉപ്പുമാവും പഴവും കൊണ്ടുവച്ചു. കല്യാണിയമ്മ ഉപ്പുമാവു സ്വാദുനോക്കി പറഞ്ഞു. "ഭാക്ഷായണീ, നിന്റെ ഒരു കൈപുണ്യം." ഭാക്ഷായണിയമ്മ പറഞ്ഞു. "കൈപുണ്യമുണ്ടെന്നുവച്ചു കാഞ്ഞിരക്കായ വേവിച്ചാൽ സ്വാദുണ്ടാകയില്ല. ഇതു 'ഡാൽഡാ'യിൽ പാചകം ചെയ്തതിന്റെ സ്വാദാണു്. കാരണം, 'ഡാൽഡാ'യിൽ പാചകം ചെയ്യുന്ന ആഹാരസാധനങ്ങൾക്കു് അവയുടെ ശരിയായ സ്വാദുകിട്ടുന്നു. കല്യാണിച്ചേച്ചിക്കു വലിയ ഇഷ്ടമല്ലെ മൊളോഷ്യവും, മെഴുക്കുപിരട്ടിയും. വെളിച്ചെണ്ണയ്യുപകരം 'ഡാൽഡാ' ഉപയോഗിച്ചു നോക്കു. നല്ല സ്വാദുണ്ടാകും. കൂടാതെ ശരീരത്തിനു നല്ലതുമാണു്. സ്ത്രീകളെല്ലാവരും കാപ്പിയും പലഹാരവും കഴിച്ചു, കാത്ത്യായനിയമ്മയും കഴിച്ചു. അവർക്കും സ്വാദിഷ്ടമായി. അതവരുടെ മുഖം വിളിച്ചു പറയുന്നുണ്ടായിരുന്നു.
പിന്നെ, പാതിരാപ്പൂ പറിക്കുവാനുള്ള പുറപ്പാടായി.

വളരെയധികം പ്രാധാന്യമർഹിക്കുന്ന ഈ കാലിക പ്രശ്നത്തെക്കുറിച്ച് മിസ്സ് രജനി പ്രകടിപ്പിക്കുന്ന അഭിപ്രായങ്ങൾ തികച്ചും ശ്രദ്ധേയമാണ്.

സ്ത്രീകളും ഉന്നതവിദ്യാഭ്യാസവും

മിസ്സ് രജനി, എം.ഏ.

സ്ത്രീകൾക്കു ഉന്നത വിദ്യാഭ്യാസം വേണമെന്നും വേണ്ടായെന്നുമുള്ള വാദങ്ങൾ കേട്ടു തുടങ്ങിയിട്ട് കുറേ കാലങ്ങളായി. ഇന്നും ആ തർക്കം അനിശ്ചിതാവസ്ഥയിൽതന്നെ കിടക്കുകയാണ്. സ്ത്രീകൾക്കു ഉന്നത വിദ്യാഭ്യാസം പ്രായോഗിക ജീവിതത്തിൽ എത്രകണ്ട് ആവശ്യമാണെന്ന് നിഷ്പക്ഷമായി അല്പമൊന്നു വിശകലനം ചെയ്യുകയാണ് ഈ ലേഖനത്തിന്റെ ഉദ്ദേശം.

ഇന്ന് ഉന്നത വിദ്യാഭ്യാസം എന്ന വാക്കുകൊണ്ട് വിവക്ഷിക്കുന്നതു് സെക്കൻഡറി വിദ്യാഭ്യാസത്തിനു മുകളിലുള്ള വിദ്യാഭ്യാസത്തെയാണ്. സോഷ്യൽ ഡെമോക്രസിയിലേക്കു നീങ്ങിക്കൊണ്ടിരിക്കുന്ന നമുക്കു സ്ത്രീ പുരുഷഭേദമെന്യേ തുല്യവിദ്യാഭ്യാസ സൌകര്യങ്ങൾ ഭരണഘടനയിൽ അനുവദിച്ചിട്ടുണ്ട്. എന്നാലും ഈ സമതാധിഷ്ഠിതം യഥാർത്ഥത്തിൽ സ്ത്രീകൾക്കു അനുപേക്ഷണീയമാണോ എന്നതാണ് ചിന്താവിഷയം. വളർന്നുവരുന്ന ഒരു യുവതിക്കു അവളോടും, അച്ഛനമ്മമാരോടും, കുടുംബത്തിലെ മറ്റംഗങ്ങളോടും ചില കടമകളെല്ലാമുണ്ട്. വിവാഹിതയാകുന്നതോടുകൂടി ആ ബാദ്ധ്യതകളുടെ കനം വർദ്ധിക്കുകയാണ്. എല്ലാറ്റിനുമുപരിയായി സമുദായത്തോടും രാഷ്ട്രത്തിനോടും ചെയ്യുതീർക്കേണ്ട ചില പ്രത്യേക കടപ്പാടുകൾകൂടി അവൾക്കുണ്ട്. ഈ വ്യത്യസ്ത തുറകളിൽ വിജയകരമായി ഇടപെടുപോകുന്നതിനു് വേണ്ടവിധത്തിലുള്ള വിദ്യാഭ്യാസം അവൾക്കു കിട്ടിയേ മതിയാവൂ. കുറേക്കാലങ്ങളായി, ഒരു പ്രത്യേക ധാരണ ജനങ്ങളിൽ കടന്നുകൂടിയിട്ടുണ്ട്. അതായതു് മേൽ പ്രസ്താവിച്ച ബാദ്ധ്യതകൾ തൃപ്തികരമായി നിറവേറ്റി അങ്ങനെ ജീവിതം വിജയപ്രദമാക്കിത്തീർക്കണമെങ്കിൽ സ്ത്രീകൾ എം. ഏ. ഡിഗ്രിയോ അല്ലെങ്കിൽ ബി. ഏ. ഡിഗ്രിയെങ്കിലുമോ കരസ്ഥമാക്കിയിരിക്കണം. പക്ഷെ ഇതിൽ എത്രമാത്രം കഴമ്പുണ്ടെന്നുള്ളതു് സംശയാസ്പദമാണ്.

കുടുംബത്തിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിൽ പുരുഷന്മാരോടൊപ്പം സ്ത്രീകൾക്കും ചുമതലയുണ്ടെന്നുള്ളതു് തർക്കമറ്റതാണ്. പക്ഷെ അതിനു് ഉന്നത വിദ്യാഭ്യാസം ഉണ്ടായെങ്കിലേ സാധിക്കൂ എന്ന സർവ്വാത്മനാ വിശ്വസിക്കുന്ന ചിലരുണ്ട്. അവരോടു് ഞാൻ ചോദിക്കട്ടെ, കുടുംബത്തിന്റെ വരുമാനം വർദ്ധിപ്പിക്കുവാൻ ഒരു ഡിഗ്രി അനുപേക്ഷണീയമാണോ? എന്റെ സ്നേഹിതകൾ ഇക്കാര്യത്തിൽ എന്നോടു് പൂർണ്ണമായി യോജിക്കുകയില്ലെന്നു് എനിക്കു വിശ്വാസമുണ്ട്. മാന്യമായ ഒരു വേതനം ലഭിക്കണമെങ്കിൽ ഉയർന്ന ഒരു സവ്വകലാശാലാ ബിരുദം അത്യാവശ്യമാണെന്നു് പറയുന്നവരായിരിക്കാം നിങ്ങളിൽ അധികവും. ഏതായാലും ഈ പരിതസ്ഥിതിയിൽ മുമതലപ്പെട്ടവർ സ്വീകരിച്ചിരിക്കുന്ന നയം, ഗവൺമെൻറു സർവ്വീസിൽ പ്രവേശിക്കാനുള്ള ഏറ്റവും താണ യോഗ്യത ഹയർ സെക്കൻഡറി സർട്ടിഫിക്കറുകളാണെന്നറിയുന്നു. ഇപ്പോഴത്തെ സാഹചര്യത്തിൽ ഇപ്രകാരമുള്ള ഒരു

വിദ്യാഭ്യാസ പദ്ധതി നിലവിലില്ല എങ്കിലും ആസന്ന ഭാവിയിൽ അതു നടപ്പിലാകുമെന്നു് നമുക്കു പ്രത്യാശിക്കാം. കഷ്ടിച്ചു് കഴിച്ചുകൂട്ടാൻമാത്രം സാമ്പത്തികശേഷിയുള്ള വിദ്യാർത്ഥിനികൾക്കു ഈ പുതിയ പദ്ധതി വളരെയധികം പ്രയോജനം ചെയ്യുന്നതായിരിക്കും. മാത്രമല്ല, എത്രയും എളുപ്പത്തിൽ ഒരു ജോലി കരസ്ഥമാക്കുവാൻ കഴിയുന്നുവോ, അത്രയും വേഗത്തിൽ നമുക്കു കുടുബത്തിന്റെ വരുമാനം വർദ്ധിപ്പിക്കുവാൻ സാധിക്കും. ഇടത്തരക്കാരെ സംബന്ധിച്ചിടത്തോളം ഇതെത്രയും ആശ്വാസപ്രദമാണു്. എന്തെന്നാൽ വിദ്യാഭ്യാസത്തിനായി അനവധി വർഷങ്ങൾ ചിലവിടേണ്ടിവരുമ്പോൾ അതു അവരുടെ കുടുംബത്തിന്റെ സാമ്പത്തിക ഭദ്രതയെ താറുമാറാക്കുകയാണു ചെയ്യുന്നതു്.

ഉന്നത വിദ്യാഭ്യാസം അത്യാവശ്യമാണു് എന്ന ധാരണയ്ക്കു് ഉപോൽബലകമായിട്ടുള്ള മറ്റൊരു കാരണം, അതുമൂലം സംസിദ്ധമാകുന്ന മനഃസംസ്കാരമാണു്. ജീവിതത്തേയും ലോകത്തേയും സംബന്ധിച്ചു് ഉൽകൃഷ്ടമായ ചിന്താഗതികൾ ഒരുവളിൽ ഉണ്ടാകണമെങ്കിൽ മനഃസംസ്കരണം ഉണ്ടാകണമെന്നും അതിനു ഉന്നത വിദ്യാഭ്യാസം അത്യാവശ്യമാണെന്നുമാണു് പറയുന്നതു്. പക്ഷെ ഇതിൽ എത്രമാത്രം പരമാർത്ഥം ഉണ്ടെന്നറിയണമെങ്കിൽ നാംതന്നെ നമ്മുടെ ചുറ്റും ഒന്നു കണ്ണോടിച്ചാൽമതി. വലിയ ബിരുദങ്ങളെല്ലാം നേടിയിട്ടും, പരിതാപകരമാംവിധം സങ്കുചിത മനസ്കരും സ്വാർത്ഥതല്പരരുമായിട്ടെത്രപേരെ നാം കാണുന്നുണ്ടു്! പ്രാഥമിക വിദ്യാഭ്യാസം മാത്രം സിദ്ധിച്ചിട്ടുള്ള സംസ്കാര സമ്പന്നരെ നാം നമ്മുടെ അനുദിന ജീവിതത്തിൽ കൂട്ടിമുട്ടുന്നില്ലേ? ഇതിൽനിന്നും മനസ്സിലാകുന്നതു് ഇത്രയും മാത്രമാണു്. ഉന്നതവിദ്യാഭ്യാസവും വിശാല മനസ്ഥിതിയും പലപ്പോഴും പരസ്പരം ബന്ധപ്പെട്ടതല്ല. ഒരു വ്യക്തിക്കു് എത്രമാത്രം സംസ്കാരസമ്പന്നയാകാൻ സാധിക്കുമെന്നതു്, അവളുടെ കുടുംബത്തിന്റെ ചുറ്റുപാടിലും അവൾക്കു് വിദ്യാഭ്യാസം നൽകുന്ന സ്ഥാപനത്തിന്റെ ചിട്ടയിലുമാണു് സ്ഥിതിചെയ്യുന്നതു്. ചുരുക്കിപ്പറഞ്ഞാൽ ഉപരി പഠനത്തിനു് കോളേജുകളിലേക്കു പ്രവേശിക്കുന്നതിനുമുമ്പു് ഒരു പെൺകുട്ടിയുടെ സ്വഭാവ രൂപീകരണം നടന്നുകഴിഞ്ഞിട്ടുണ്ടു്.

നവം നവങ്ങളായ വ്യതിയാനങ്ങൾ വന്നുകൊണ്ടിരിക്കുന്ന ഇന്നത്തെ ലോകത്തിൽ ജനാധിപത്യത്തിന്റെ വിജയത്തിനു് ഒരു സ്ത്രീ ചെയ്യേണ്ട കടമകൾ അനവധിയാണു്. ദേശീയ നവോത്ഥാനത്തിൽ പങ്കുകൊള്ളാൻ ഒരു സ്ത്രീക്കു് സർവ്വകലാശാല ഡിഗ്രി അനുപേക്ഷണീയമാണോ? അതാണു് നമ്മുടെ മുമ്പിൽ ഉയർന്നുവരുന്ന ചോദ്യം. സ്കൂൾ ജീവിതത്തിനുശേഷമില്ലെങ്കിൽതന്നെ, ഒരു പെൺകുട്ടിക്കു് സമുദായോൽക്കർഷത്തിനുവേണ്ടി എന്തുചെയ്യാൻ കഴിയുമെന്നതിനെ ആസ്പദമാക്കിയുള്ള വാദങ്ങൾ സാമൂഹ്യ വിദ്യാഭ്യാസ സംവിധായകർക്കു് എത്രവേണമെങ്കിലും നൽകാൻ കഴിയുന്നതാണു്. ഈ പരിതസ്ഥിതിയിലും മഹിളകൾക്കു് ഉന്നത വിദ്യാഭ്യാസം അനുപേക്ഷണീയമായ ഒന്നാണെന്നു് തെളിയുന്നില്ല.

അവസാനമായി, ഉന്നതവിദ്യാഭ്യാസം സ്ത്രീകൾക്കുകൂടി നൽകേണ്ടതിന്റെ അത്യാവശ്യകതയ്ക്കു് ആസ്പദമായി പറയുന്നതു്, ഭാവിയിൽ അവർ ഉത്തമ ഗൃഹനായികമാരും മാതൃകാ മാതാക്കളുമായിത്തീരുവാൻ ഉന്നത വിദ്യാഭ്യാസം വളരെയധികം സഹായിക്കും എന്നതാണു്. മാതൃകാ മാതാക്കളും ഉത്തമ ഗൃഹനായികമാരും ഒരു രാഷ്ട്രത്തിനു വിലയേറിയതാണു്. അതുപോലെ, അതിനുള്ള യോഗ്യതകൾ ലഭിക്കാനും പ്രയാസങ്ങൾ കുറെയധികമുണ്ടു്. പക്ഷെ അതിനും ബി. എ.യും എം. എ.യും ഡിഗ്രികൾ അത്യാവശ്യമല്ല. എന്നാൽ അവരെ ഭാവിയിലെ ഉത്തമ ഗൃഹനായികമാരും നല്ല മാതാക്കളുമാക്കിത്തീർക്കാൻ ഉപകരിക്കുന്ന പരിപാടികൾ സ്കൂൾജീവിതത്തിനിടയിൽ നടപ്പിലാ

ക്കിയാൽ ജീവിത വിജയത്തിനു് അതു വളരെയധികം സഹായിക്കും.

ഇതുയും പറഞ്ഞതിൽനിന്നും സ്ത്രീകൾക്കാക്കും ഉന്നതവിദ്യാഭ്യാസം പാടില്ല എന്നാണു് എന്റെ വിവക്ഷയെന്നു് ആരും തെറ്റിദ്ധരിക്കരുതു്. അസാമാന്യ ബുദ്ധിശക്തിയും കഴിവുമുള്ള പെൺകുട്ടികൾ നിശ്ചയമായും അവരുടെ കഴിവുകൾ സമുദായത്തിനുപകരിക്കുവാൻ തക്കവണ്ണം ഉന്നതവിദ്യാഭ്യാസത്തിനുതന്നെ പോകണം. എന്തെന്നാൽ അവരാണു് കാളേജുകളിൽ അദ്ധ്യാപികമാരായും, രാഷ്ട്രത്തിന്റെ ഭരണചക്രം തിരിക്കുന്ന ഭരണമേധാവികളായും ശോഭിക്കുവാനുള്ളതു്.

ലോകത്തിലെ പരിഷ്കൃത രാജ്യങ്ങളിൽ എല്ലാംതന്നെ വിദ്യാഭ്യാസം വ്യക്തികളുടെ അഭിരുചിക്കനുസൃതമായിട്ടതകത്തക്കവണ്ണം പരിഷ്കരിച്ചിട്ടുണ്ടു്. അവിടത്തെ വിദ്യാഭ്യാസ സമ്പ്രദായങ്ങൾ നമുക്കു യോജിക്കുന്നവയല്ലായിരിക്കാം. എന്നാലും നമ്മുടെ ഇന്നത്തെ ചുറുപാടിൽ വിദ്യാഭ്യാസ സമ്പ്രദായത്തിനു അനുയോജ്യമാംവിധം വ്യക്തികളെ കണ്ടുപിടിച്ചെടുക്കാൻ ശ്രമിക്കാതെ വ്യക്തികൾക്കനുസൃതമായവിധം വിദ്യാഭ്യാസ സമ്പ്രദായങ്ങൾ പുനരുദ്ധരിക്കാൻ രാഷ്ട്രം ശ്രദ്ധിക്കേണ്ടതാണു്. എങ്കിൽമാത്രമേ ഉന്നത വിദ്യാഭ്യാസത്തിനുവേണ്ടിയുള്ള അടങ്ങാത്ത ദാഹം സ്ത്രീകളിൽനിന്നുംവിട്ടുമാറുകയുള്ളു.



റഷ്യയിലെ സ്ത്രീകൾ

ഷാപെലോവ്

പുരുഷന്മാരോടൊപ്പം നടന്നു്, അവരുടെകൂടെ എല്ലാവിധത്തിലുള്ള സ്വാതന്ത്ര്യവുമനുഭവിച്ചു്, അവരെപ്പോലെത്തന്നെ എല്ലാജോലിയുംചെയ്തു് ജീവിതം കഴിക്കുന്ന ഒരു വർഗ്ഗമാണു് റഷ്യയിലെ സ്ത്രീകൾ. ഒരു കവിഹൃദയത്തെ ആകഷിക്കുന്ന സൌന്ദര്യമോ ശാലീനതയോ അവക്കുണ്ടായെന്നു വരില്ല. പക്ഷെ, നാടിന്റെ ഹൃദയത്തുടിപ്പുകൾക്കൊത്തു പദമൂന്നി നടക്കുവാനുള്ള കഴിവും തന്റേടവുമുണ്ടു് അവക്കു്. നല്ല ആരോഗ്യം നിറഞ്ഞ കൊഴുത്തുതടിച്ച ശരീരമുള്ള ഈ സ്ത്രീകൾ എല്ലാ ജോലിയുംചെയ്യും. അട്ടക്കള മുതൽ അടക്കളം വരെയുള്ള എല്ലാ ഊറകളിലും അവരെ കാണാം.

റഷ്യയിലെ സ്ത്രീകൾക്കെല്ലാംതന്നെ ജോലിയുണ്ടെന്നു പറയാം. ബസ്സുഡ്രൈവർമാരായും റോഡു പണിക്കാരായും ഫാക്ടറി തൊളിലാളികളായും ബൂട്ടു് പോളിഷുകാരായും കർഷകത്തൊഴിലാളരായും സ്കൂൾ ടീച്ചർമാരായും എം. എൽ. എ. മാരായും മറ്റും മറ്റും അവർ ജീവിതം നയിക്കുന്നു. അതായതു ജോലി നല്ല സാമർത്ഥ്യത്തോടുകൂടി ചെയ്യുതീക്കുവാനും അവക്കു സാധിക്കും. പുരുഷന്മാരെക്കാൾ കഠിനമായി അദ്ധ്വാനിച്ചിട്ടുകൂടി തങ്ങൾക്കു് അവരെക്കാൾ കൂടുതൽ കൂലി കിട്ടാത്തതിലാണു് റഷ്യൻ സ്ത്രീകളുടെ ആവലാതി.

എന്തുജോലിയായാലും വേണ്ടില്ല, സ്ത്രീകൾ സാധാരണ വൃത്തിയായി വസ്ത്ര

ധാരണം ചെയ്യും. പാരീസിലും മറ്റുമുള്ളതുപോലെ അനുനിമിഷം 'ഫാഷൻ' മാറുന്ന ഏർപ്പാട് റഷ്യയിലില്ല. നല്ല നിറപ്പകിട്ടുള്ള പരുത്തി വസ്ത്രങ്ങളാണ് സ്ത്രീകൾ വേനൽക്കാലത്തു ധരിക്കുക; തണുപ്പുകാലത്തു്, കമ്പിളിത്തുണിയും.

സ്ത്രീകൾ സാധാരണയായി പുക വലിക്കാറില്ല. വലിക്കുകയാണെങ്കിൽ തന്നെ സ്വന്തം മുറിയിലോ, വീട്ടിലോ തനിച്ചിരുന്നുവലിക്കുന്ന പതിവേയുള്ളൂ. പൊതു നിരത്തുകളിലും പാർക്കുകളിലും മറ്റും വെച്ചു് സ്ത്രീകൾ സിഗരറ്റു വലിക്കുന്നതു് വലിയൊരു മര്യാദകേടായാണു് കണക്കാക്കപ്പെടുന്നതു്.

റഷ്യയിലെ സ്ത്രീകൾ അസാധാരണമായ വിധത്തിൽ വേല ചെയ്യുന്നുണ്ടെങ്കിലും, സൌന്ദര്യ സംരക്ഷണത്തിനുള്ള നിസർഗ്ഗമായ വാസനക്കു് അവിടെ കുറവൊന്നുമില്ല. ലിപ്സ്റ്റിക്കും പൌഡറും മറ്റുമുപയോഗിച്ചു് അഴകു വർദ്ധിപ്പിക്കാൻ മിക്ക പെൺകിടാങ്ങളും ശ്രദ്ധ ചെലുത്താറുണ്ടു്. ഒന്നേയുള്ളൂ. സൌന്ദര്യംകൊണ്ടുമാത്രം എല്ലാമായില്ല എന്നു് അവക്കറിയാം. നല്ലൊരു വിദ്യാഭ്യാസവും നല്ലൊരു ജോലിയുമുള്ള ഒരുവൾക്കേ നല്ലൊരു ഭാര്യയാവാൻ പറ്റുള്ളൂ എന്നതാണവിടത്തെ പ്രമാണം.

വിവാഹകാര്യത്തിൽ മുൻകയ്യെടുക്കുന്നതു് പലപ്പോഴും സ്ത്രീകളാണു്. തന്റെ വരനെ തിരഞ്ഞെടുക്കാനും അയാളോടു് വിവാഹസമ്മതം ചോദിക്കാനും അവൾക്കധികാരമുണ്ടു്. വിദ്യാർത്ഥികളായിരിക്കുമ്പോൾ തന്നെയോ, ഫാക്ടറിയിൽ ജോലി പഠിക്കുമ്പോഴോ, മിക്കവരുടേയും വിവാഹം കഴിയും. ഇരുപത്തൊന്നു വയസ്സു കഴിഞ്ഞു് അവിവാഹിതകളായിരിക്കുന്ന സ്ത്രീകൾ റഷ്യയിൽ ദുർല്ലഭമാണു്.

രണ്ടുതരത്തിലുള്ള വിവാഹങ്ങളുണ്ടു്: രജിസ്റ്റർ വിവാഹവും, സമുദായത്തിൽ ആർഭാടത്തോടെ നടത്തപ്പെടുന്ന കല്യാണവും. രണ്ടിനും നല്ല പ്രചാരമുണ്ടു്. വിവാഹമോചനവും സാധാരണമാണു്. മറ്റു നാട്ടുകളിലുള്ളപോലെ വിഷമങ്ങളൊന്നുമില്ല, റഷ്യയിൽ വിവാഹമോചനം നടത്താൻ. അതിനെ സംബന്ധിച്ചു് കൂടുതൽ കുശനമായ നിയമങ്ങൾ നടപ്പിലാക്കാൻ ഇപ്പോൾ ഗവമ്മെണ്ടു ശ്രമിക്കുന്നുണ്ടു്.

ജോലിക്കുപോകുന്ന സ്ത്രീകളുടെ കൊച്ചുകുഞ്ഞുങ്ങളെ സംരക്ഷിക്കാൻ ആയമാരെ നിർത്തുന്ന പതിവുണ്ടു്. വീട്ടിലൊരു മുത്തശ്ശിയുണ്ടെങ്കിൽ, അവരായിരിക്കും വീട്ടുകാര്യങ്ങളെല്ലാം നടത്തുന്നതു്. റഷ്യൻ കുടുംബജീവിതത്തിലെ അതിപ്രധാനമായ ഒരു അംഗമാണു് ഈ മുത്തശ്ശി. മൂന്നിലധികം കുട്ടികളുള്ള അമ്മമാക്കു് ഗവമ്മെണ്ടിന്റെ വക ചില പ്രത്യേക സമ്മാനങ്ങളും വേതനങ്ങളും ലഭിച്ചുവരുന്നു. കുട്ടികളൊന്നുമില്ലാത്ത ദമ്പതിമാരുടെമേൽ ഒരു നികുതി ചുമത്തിയിട്ടുണ്ടു്. അവിവാഹിതയായ ഒരു സ്ത്രീക്കു് അമ്മയാകണമെന്നാഗ്രഹമുണ്ടെങ്കിൽ, അവൾക്കതു് നിർബ്ബാധം സാധിയ്ക്കുന്നു. സമുദായം നെറ്റിച്ചുളിക്കുകയൊന്നുമില്ല. അവൾക്കുണ്ടാകുന്ന കുട്ടിയ്ക്കു്, മറ്റെല്ലാ കുട്ടികളെയുംപോലെതന്നെ, എല്ലാവിധത്തിലുള്ള സ്വാതന്ത്ര്യങ്ങളും പൌരത്വാവകാശങ്ങളുമുണ്ടു്.

റഷ്യയിലെ സ്ത്രീകളുടെ ശരീരഘടനയും, മറ്റു നാട്ടുകാരിൽനിന്നു വ്യത്യസ്തമാണു് അഴകു വർദ്ധിപ്പിക്കാൻവേണ്ടി, മെലിഞ്ഞ ശരീരമുണ്ടാക്കാനോ മറ്റോ അവർ ശ്രമിക്കാറില്ല. നല്ല ആരോഗ്യവും പ്രസരിപ്പും നിറഞ്ഞ ദേഹമാണവക്കാനശ്യം. പുതിയൊരു വ്യാവസായികയുഗത്തെ കെട്ടിപ്പടുത്തുയർത്താൻ ശ്രമിക്കുന്ന സോവിയറ്റു ഗവമ്മെണ്ടിനു്, സ്ത്രീകളുടെ സൌന്ദര്യത്തോടുള്ളതിനെക്കാളും മതിപ്പു് അവരുടെ കാര്യക്ഷമതയോടാണതാനും!

"നിനക്കിപ്പോൾ പശ്ചാത്താപം തോന്നുന്നുണ്ട്, ഇല്ലേ?" അയാൾ അലസനായി ചോദിച്ചു.
"ഒരിക്കലുമില്ല" അവൾ മറുപടി പറഞ്ഞു.

ഒഴുകിപ്പോയ ജീവിതങ്ങൾ

മിസ്സ് മോളി വർഗ്ഗീസ് കുന്നിൽ, എം.എ.

അവളെ അവസാനമായി ഒരു നോക്കു കൂടി കാണാനുള്ള അടങ്ങാത്ത ദാഹത്തിൻെറ പ്രേരണയാണ് ആ വീട്ടിലേക്കു കടന്നുചെല്ലാൻ അയാൾക്കുത്തേജനം നൽകിയതു്. ഹൃദയം അവളെപ്പറ്റിയുള്ള ഒരു നൂറു നൂറു ചിന്തകളാൽ ആകുലമായിരുന്നു. ഇടറുന്ന പാദങ്ങളോടെ മന്ദം മന്ദം അയാൾ ആ വരാന്തയിലേക്കു കയറി.

അവൾ അകത്തിരിക്കുമോ? അയാൾ സംശയിച്ചു. മുൻവശത്തെ വാതിൽ അല്പം ചാരിയിട്ടുണ്ട്. അപ്പോൾ അകത്തു് അവൾ കാണാതിരിക്കയില്ല. മടിച്ചു മടിച്ചു് അയാൾ ആ വാതിലിലേക്കു നടന്നു. എന്നിട്ടു് അതിൽ രണ്ടുമൂന്നു പ്രാവശ്യം മുട്ടി ശബ്ദമുണ്ടാക്കി. അവളെ കാണാൻ ആ കണ്ണുകൾ ജാഗരൂകമായിട്ടിരിക്കുകയാണു്.

മുറിയിൽ മന്ദമായ കാല്പെരുമാറ്റം. വസ്ത്രം കൂട്ടിയുരുമ്മുന്നതിൻെറ നേരിയ ശബ്ദം. ആരോ നടന്നടുക്കുകയാണു്.

പെട്ടെന്നു് ആ വാതിൽ തുറന്നു. ഓ! അവൾതന്നെ... അവൾ കുറേക്കൂടി തടിച്ചിട്ടുണ്ടു്... അവളുടെ നേർക്കു് അങ്ങനെ നോക്കിനിന്നപ്പോൾ അയാളുടെ മുഖം വിളറിവരുന്നതായി അയാൾക്കു തോന്നി.

"ഓ, രാജീവു്!" അവൾ അത്ഭുതം കലർന്ന സ്വരത്തിൽ പറഞ്ഞു. എന്നിട്ടു് നിശ്ചേഷ്ടയായി അയാളെത്തന്നെ നോക്കിനിന്നു.

"അതെ, ഞാൻ തന്നെ.. എന്താ, വന്നുകൂടായിരുന്നോ?"

അവളുടെ അരുണിമ കലർന്ന കവിൾത്തടങ്ങൾ പൂർവ്വാധികം ചുവന്നു. രക്തകണങ്ങൾ അങ്ങോട്ടിരമ്പിക്കയറുകയാണു്. ലജ്ജയും അത്ഭുതവുമെല്ലാം ഒരേ സമയത്തു് അവിടെ പ്രതിഫലിച്ചു. "ഇപ്പോൾ ഈ വൈകിയ വേളയിൽ അങ്ങയെ ഞാൻ പ്രതീക്ഷിച്ചിരുന്നില്ല." അവൾ പരിഭ്രമത്തോടെ പറഞ്ഞു.

അവളുടെ മുമ്പിൽ അങ്ങനെ നിന്നപ്പോൾ അയാൾക്കു എന്തെന്നില്ലാത്ത വിമ്മിഷ്ടം അനുഭവപ്പെട്ടു. അയാളുടെ നയനങ്ങൾ അവളെ ആകമാനം പരിശോധിക്കുകയായിരുന്നു. നീണ്ടു വളഞ്ഞ മനോജ്ഞമായ പുരികക്കൊടികളും, നീലിച്ച നേത്രദ്വയങ്ങളും, ചുവന്ന റോസാദലങ്ങൾപോലുള്ള കവിൾത്തടങ്ങളും എല്ലാം അയാൾക്കു അത്യധികം ആകർഷകങ്ങളായിത്തോന്നി.

അവരുടെ നയനങ്ങൾ പരസ്പരമിടഞ്ഞു. ആ കണ്ണുകളിൽ എന്തെന്നില്ലാത്ത ഒരു ശോകച്ഛവി അയാൾ ദർശിച്ചു. അതേ സമയം അസാധാരണമായ ഒരു തിളക്കവും. എല്ലാറ്റിനുമുപരിയായി ശാന്തത വഴിഞ്ഞൊഴുകുന്ന അവളുടെ ആ മുഖഭാവം.

അയാളുടെ ദേഹം നൂറായി നുറുങ്ങുന്നതുപോലെ അയാൾക്കുതോന്നി. വളരെ പ്രയാസപ്പെട്ടു് ഹൃദയത്തിലെ വ്യഥ അയാൾ ഒതുക്കാൻ ശ്രമിച്ചു.

"വരൂ, അകത്തോട്ടു് കയറി ഇരിക്കൂ." അവൾ അയാളെ ക്ഷണിച്ചു. അയാൾ മുറിക്കുള്ളിലേക്കു കയറി അവിടെ കിടന്ന ഒരു കസേരയിൽ ഇരുന്നിട്ടു് ചോദിച്ചു.

"അദ്ദേഹം?"

"ഓഫീസ്സിൽനിന്നും മടങ്ങീട്ടില്ല"- അവൾ ശാന്തമായിത്തന്നെ പറഞ്ഞു. പക്ഷെ ആ നയനങ്ങളിൽ ഒളിഞ്ഞുകിടന്നിരുന്ന ശോകച്ഛായ അയാൾക്ക വ്യക്തമായിത്തന്നെ കാണാമായിരുന്നു.

അയാളോട് അവിടെ വിശ്രമിക്കുവാൻ പറഞ്ഞിട്ട് അവൾ അടുക്കളയിലേക്കു പോയി... അയാൾക്കു ചായ കൊണ്ടുവരുവാൻ.

നിശ്ശബ്ദമായ ആ ചുറ്റുപാടിൽ അവളേപ്പറ്റി മാത്രമേ അയാൾക്കു ഓർമ്മിക്കുവാനുണ്ടായിരുന്നുള്ളു. പ്രേമത്തെപ്പറ്റി മന്ദ്ര മധുരമായി അയാളുടെ ഹൃദയത്തിലിരുന്നു സംഗീതം പൊഴിച്ചു ഗാനഗന്ധർവ്വ അവളായിരുന്നു. പക്ഷെ ഇന്നവൾ അയാൾക്കു തികച്ചും അന്യയായിക്കഴിഞ്ഞിരിക്കുകയാണ്. അവൾ മറെറാരാളുടേതായിക്കഴിഞ്ഞു...

അയാൾ ചുറ്റും നോക്കി. മുറിയുടെ ഒരുവശത്തായി വലിപ്പമേറിയ ഒരു അലമാര ഇരിക്കുന്നു. അതിൽ നിറയെ വണ്ണപ്പകിട്ടുള്ള പുസ്തകങ്ങളാണ്. നിരുന്മേഷനായി അയാൾ മെല്ലെ അതിന്റെ സമീപത്തേക്കു നടന്നു. എന്നിട്ട് ആ പുസ്തകങ്ങളിലേക്കു തുറിച്ചു നോക്കിക്കൊണ്ടുനിന്നു. ആ പുസ്തകങ്ങളിലധികവും അയാൾ അവൾക്കു അയച്ചുകൊടുത്തിട്ടുള്ളതാണ്. സുപ്രസിദ്ധരായ സാഹിത്യകാരന്മാരുടെ വിലപിടിപ്പുള്ള കാവ്യങ്ങൾ.....പുസ്തകങ്ങളിൽനിന്നും അയാളുടെ ശ്രദ്ധ മറെറാരിടത്തേക്കു തിരിഞ്ഞു. ജാലകത്തിനു് സമീപം വച്ചിട്ടുള്ള ജറാനിയം പൂച്ചെടികൾ.. സൂര്യ പ്രകാശത്തിൽ അവയുടെ വണ്ണഭംഗികലർന്ന കൊച്ചിലകൾ വെട്ടിത്തിളങ്ങുകയാണ്. ആ ഭിത്തികളിൽ തൂക്കിയിരിക്കുന്ന ചിത്രങ്ങൾ അവയിലധികവും അയാൾ ചെയ്തിട്ടുള്ള പെയിൻറിംഗുകളാണ്. അവൾക്കായി സമ്മാനിച്ച അനശ്വര കലാസൃഷ്ടികൾ. ആ ചുറ്റുപാടുകളിൽ ഏകനായി ഒരിക്കൽകൂടി ജീവിച്ചപ്പോൾ അയാളുടെ ഹൃദയം പൂർവ്വകാല സ്മരണകളാൽ തരളിതമായി. വേദനിപ്പിക്കുകയും മധുരിപ്പിക്കുകയും ചെയ്യുന്ന ഓർമ്മകൾ...

അവൾ ഇതിനകം ടേയിൽ പല ഹാരങ്ങളുമായി അവിടെയെത്തി. അവൾതൊട്ടടുത്തുള്ള ഒരുസെറ്റിയിൽ അയാൾക്കഭിമുഖമായിരുന്നു. എന്നിട്ട് അയാൾക്കായി ചായ പകർന്നുകൊണ്ടിരുന്നു.

അയാൾ അവളെത്തന്നെ സൂക്ഷ്മവീക്ഷണം ചെയ്യുകയായിരുന്നു. അവളുടെ നേർത്ത മനോജ്ഞമായ കഴുത്തും ചുരുണ്ട അളകങ്ങളും, വെണ്മയേറിയതും മൃദുലവുമായ കൈത്തടങ്ങളും അയാൾക്കു പുതുമയുള്ളതായിത്തോന്നി. അവൾ ആകപ്പാടെ ഒരു പുതിയ ആളായി അയാൾക്കനുഭവപ്പെട്ടു. നിശ്ശബ്ദനായി ഓർമ്മകളിൽ മുഴുകി അവളേത്തന്നെ നോക്കിക്കൊണ്ടയാൾ ഇരുന്നപ്പോൾ അവൾ ചോദിച്ചു:

"രാജീവ്, നമുക്കല്പം നടക്കാൻ പോകാം."

അയാൾ അവളോടൊരുമിച്ചു് തോട്ടത്തിലേക്കിറങ്ങി.

"ദാ നമ്മുടെ പഴയ ഊഞ്ഞാൽ"

അവൾ അല്പമകലെ കണ്ട ആ ഊഞ്ഞാലിലേക്കു ദൃഷ്ടികൾ പായിച്ചുകൊണ്ടുപറഞ്ഞു.

"അതേ. നിന്നെപ്പറ്റിയുള്ള സ്മരണകളുടെ ഉറവിടമധികവും അവിടെയാണ്"". അയാൾ പഴയ ഓർമ്മകളെ അയവിറക്കുകയായിരുന്നു.

അയാളുടെ മുഖം വിവർണ്ണമായിരുന്നു. ആ മുഖത്തു് നോക്കിയപ്പോൾ അവളുടെ ഹൃദയം വേദനാത്മകമായി. ഉൽക്കടമായ ശോകവികാരങ്ങൾ അവളറിയാതെതന്നെ അവളുടെ ഹൃദയത്തിലേക്കു പാഞ്ഞുവന്നു. അയാളുടെ പ്രത്യേകരീതിയിലുള്ള ആ മുഖഭാവമാണ് പണ്ടും അവളെ വ്യാകുലപ്പെട്ടുത്തിയിട്ടുള്ളതു്. അയാൾ യഥാർത്ഥത്തിൽ അവളെ സ്നേഹിച്ചിരുന്നില്ലേ? എങ്കിൽ പിന്നെ യാതൊന്നും അറിയാത്ത മട്ടിലുള്ള ആ ഭാവം.. അതെന്തിനായിരുന്നു..? അവൾക്കുത്തരം മുട്ടുന്ന സംശയങ്ങൾ...

ആറരുകിലേക്കവർ നടക്കുകയാണ്.. പൂവ്കാല സ്മരണകളെ തട്ടിയുണത്തുന്ന പല കാഴ്ചകളും അവർ പരസ്പരം കാണിച്ചുകൊടുത്തു. അപ്പോഴെല്ലാം ഇടതടവില്ലാതെ അവൾ ഓരോന്നു പുലമ്പിക്കൊണ്ടിരുന്നു. എന്നാൽ അയാൾ ഏതോ വികാരത്താലധീനനായി അധികവും നിശ്ശബ്ദനായിനടന്നുകൊണ്ടിരുന്നു.

സൂര്യാസ്തമന സമയം അപ്പോഴമായിരുന്നില്ല. ചുവന്ന രൂക്ഷമേറിയ രശ്മികൾ അവരുടെ മുഖത്തും ദേഹത്തും പതിച്ചിരുന്നു. അപ്പോൾ അവളുടെ മുഖം കൂടുതൽ തേജസ്സുള്ളതായി അയാൾക്കുതോന്നി.

ഒരു മണൽ തിട്ടയിൽ അവർ ഇരുന്നു. അവൾ അവളുടെ കഥകൾ പറയുകയാണ്—അയാൾ പായതിനു ശേഷമുള്ളത്...

"എന്റെ വിവാഹത്തപ്പറ്റിരാജീവ് അറിഞ്ഞിരുന്നല്ലോ... അദ്ദേഹത്തെ കണ്ടിട്ടില്ലേ? "

" ഉണ്ട്. രണ്ടു പ്രാവശ്യം. അയാൾ സുന്ദരനാണല്ലേ ?" അയാൾ അവളുടെ മുഖത്തു് ഉറുനോക്കിയിട്ടു ചോദിച്ചു.

പക്ഷെ അവൾ നിശ്ശബ്ദയായിരുന്നു. അവളുടെ ശോകച്ഛായ നിഴലിക്കുന്ന ആ നേത്രദ്വയങ്ങൾ വിദൂരതയിൽ കേന്ദ്രീകരിച്ചിരുന്നു. ആ കവിളിണകളിൽകൂടി രണ്ടു കണ്ണീർച്ചാലുകൾ ഒഴുകിയിരുന്നു.

'എന്തു് നീ കരയുകയാണോ?" അയാൾ പരിഭ്രമത്തോടെ ചോദിച്ചു.

കനത്ത നിശ്ശബ്ദത അവിടെ കളിയാടി. അല്പം കഴിഞ്ഞു് കണ്ണീർ തുടച്ചുകൊണ്ടവൾ പറഞ്ഞു.

"അവസാനം ഞാൻ മറ്റൊരാളുടെ ആയി.. നിയമാനുസൃതമല്ലാ. എങ്കിലും പരമാർത്ഥത്തിൽ... നിങ്ങൾ വിവാഹിതനായ ആ രാത്രിതന്നെ..."

അയാൾ അവളെ ഉറിച്ചുനോക്കിക്കൊണ്ടിരുന്നു. എന്തു പറയണമെന്നയാൾക്കു് നിശ്ചയമില്ലായിരുന്നു. പരിഭ്രമം കലർന്ന ആ നോട്ടം കണ്ടിട്ട് വീണ്ടുമവൾ പറഞ്ഞു:

" എന്താണു്, ഞാൻ അങ്ങനെ ചെയ്യുകയില്ലായിരുന്നു എന്നാണോ നിങ്ങൾ വിചാരിച്ചിരുന്നതു്?" അവളുടെ ശബ്ദം കൂടുതൽ ദൃഢതരമായി അയാൾക്കുതോന്നി.

അപ്പോഴും എന്തു പറയണമെന്നു് അയാൾക്കു നിശ്ചയമില്ലായിരുന്നു.

"എനിക്കതു് ചെയ്യണമായിരുന്നു. ഞാൻ സ്വതന്ത്രയല്ലായിരുന്നോ?"

"നിനക്കിപ്പോൾ പശ്ചാത്താപം തോന്നുന്നുണ്ടു് അല്ലേ? " അയാൾ അലസനായി ചോദിച്ചു.

"ഒരിക്കലുമില്ല" അവളുടെ ശബ്ദം ആത്മാർത്ഥതാ നിർഭരമായിരുന്നു.

"നീ അയാളെ സ്നേഹിക്കുന്നില്ലേ?"

"ഞാൻ സർവ്വാത്മനാ സ്നേഹിക്കുന്നു".

"കൊള്ളാം" മെല്ലെ പുഞ്ചിരിയിട്ടുകൊണ്ടു് അയാൾ പറഞ്ഞു. പക്ഷെ ആ പുഞ്ചിരിയുടെ പിന്നിൽ കട്ടത്ത വേദന ഒളിഞ്ഞുകിടന്നിരുന്നതു് അവൾ കണ്ടില്ലായിരുന്നു.

അവൾ അല്പം കഴിഞ്ഞിട്ടു് വീണ്ടും പറഞ്ഞു.

"നിങ്ങൾ എപ്പോഴും എന്നെ മറ്റൊരു വ്യക്തിയായി മാറുകയായിരുന്നു".

അയാൾ മെല്ലെ പൊട്ടിച്ചിരിച്ചു.

ആറ്റിൽകൂടി തോണിക്കാർ വഞ്ചി തുഴഞ്ഞുകൊണ്ടുപോയി. അപരിചിതനായ അയാളെ അവിടെ കണ്ടപ്പോൾ അവർ എന്തോ പിറുപിറുക്കുന്നുണ്ടായിരുന്നു.

അയാൾ, കുഞ്ഞലകൾ സൃഷ്ടിച്ചുകൊണ്ടിരുന്ന ആ പുഴയിലേക്കു നോക്കിക്കൊണ്ടിരുന്നു. ഏതോ ഉൽക്കടവികാരങ്ങൾ അയാളുടെ ഹൃദയത്തെ മഥിക്കുന്നുണ്ടെന്നു് ആ മുഖഭാവം വെളിപ്പെടുത്തി.

"എങ്ങോട്ടെന്നില്ലാതെ ഒഴുകിപ്പോകുന്ന ഒരു വഞ്ചിയാണു് നമ്മുടെ ജീവിതം. അതിനെ നിയന്ത്രിച്ചില്ലെങ്കിൽ അതു ചെന്നു നില്ക്കുന്നതു് യഥാസ്ഥാനത്തായിരിക്കുകയില്ല."

ആരോടെന്നില്ലാതെ അവൾ പറഞ്ഞു. അവളുടെ ശബ്ദം പതിഞ്ഞതും

ദുഃഖാത്മകവുമായിരുന്ന സ്വന്തം ജീവിതാനുഭവത്തിൽനിന്നാണ് അതു പറഞ്ഞതെന്നു് പെട്ടെന്നയാൾക്കു മനസ്സിലായി.

അയാൾ അവളുടെ വിഷാദലിപ്തമായ മുഖത്തുതന്നെ ദൃഷ്ടിപതിച്ചിരുന്നു. അകലേക്കു നോക്കിയിരുന്ന അവളെ അയാൾ സസൂക്ഷ്മം വീക്ഷിക്കുകയായിരുന്നു.

"നിങ്ങൾ വളരെ അധികം വ്യത്യാസപ്പെട്ടുപോയി". അവൾ അല്പംകഴിഞ്ഞു് അയാളുടെ നേർക്കു നോക്കിയിട്ടു പറഞ്ഞു.

"എന്റെ ഈ വ്യത്യാസം നിനക്കു പിടിക്കുന്നില്ലായിരിക്കും. ആകട്ടെ എനിക്കിപ്പോഴും പഴയതുപോലെ ആകാൻ കഴിയുമെന്നു് നിനക്കു വിശ്വാസമുണ്ടല്ലോ?" അയാൾ പതറിയ ശബ്ദത്തിൽ പറഞ്ഞു.

"ഓ, ഒരിക്കലുമില്ല! നിങ്ങൾ ഒരു വസ്തു അടർത്തിയെടുത്തിട്ടു് അതിനെ വേണ്ടവിധം പരിശോധിച്ചു കഴിഞ്ഞപ്പോൾ അതിനെ അകലേക്കെറിഞ്ഞിരിക്കുകയാണു്."

"ഞാനോ? എന്താണിപ്പറയുന്നതു്? നിന്റേയും എന്റേയും ജീവിതം ഒരുപോലല്ലായിരുന്നോ?"

"എങ്ങനെയാണതു്? ഞാനൊരു വ്യത്യസ്ത ജീവിയായിരുന്നു."

"പക്ഷെ, ചിലപ്പോൾ രണ്ടു ജീവിതങ്ങൾ ഒരേവഴിക്കുകൂടി ഒഴുകാറുണ്ടു്".

"നിങ്ങൾ എന്നെ നിങ്ങളിൽനിന്നു് അകറ്റുകയായിരുന്നു."

"എന്നിട്ടു് നീയതു് എപ്പോഴെങ്കിലും മനസ്സിലാക്കിയിരുന്നോ?" അയാൾ ഇടച്ചുയോടെ ചോദിച്ചു.

"ഇല്ല. അതറിയുവാൻപോലും നിങ്ങളെന്നെ ആദ്യം അനുവദിച്ചിരുന്നില്ല. എന്നിൽനിന്നും ഒളിക്കുവാൻ നിങ്ങൾ ശ്രമിച്ചു. എനിക്കതു സഹിച്ചില്ല. അവസാനം നിങ്ങൾ എന്നെ വിട്ടുപോയപ്പോൾ ഞാൻ സന്തോഷിക്കുകമാത്രം ചെയ്തു".

'ഉവ്വു്. അതെനിക്കറിയാമായിരുന്നു'. അയാൾ നിർവ്വികാരനായി പറഞ്ഞു. പക്ഷെ അയാളുടെ മുഖം വിളറിവെളുത്തുവരുന്നതു് അവൾ കണ്ടു.

"എന്നാലും നീയാണു് എന്നെ ഈ വഴിക്കു തള്ളിവിട്ടതു്." വിഷാദാത്മകമായിരുന്ന അയാളുടെ ശബ്ദം.

"എന്തു്, ഞാനോ?" അത്ഭുതത്തോടെ അവൾ ചോദിച്ചു.

"അതേ. നീതന്നെ. ഉപരിപഠനത്തിനു് വിദേശത്തേക്കു ഞാൻ പോയതു് നിന്റെ പ്രേരണയാലല്ലായിരുന്നോ? ഞാൻ ഉയർന്നുവരുന്നതു കാണാൻ നീ ആഗ്രഹിച്ചു. പക്ഷെ അപ്പോഴെല്ലാം നീ എന്നെ നിന്നിൽനിന്നും അകറ്റുകയായിരുന്നു. എന്റെ ഓരോ വിജയങ്ങളും നമ്മുടെ ഇടയിൽ നികത്താനാവാത്ത വിടവുകൾ സൃഷ്ടിക്കുകയായിരുന്നു. എന്നാൽ ഒരിക്കൽപോലും എന്നോടൊത്തുവരുവാൻ നീ ഇഷ്ടപ്പെട്ടില്ല. ഞാൻ വേറൊരു സ്ത്രീയെ വിവാഹം ചെയ്യാൻകൂടി നീ ആഗ്രഹിച്ചു. അതിനായി പരിശ്രമിച്ചു."

അവൾ ശോകമൂകയായി വിദൂരതയിലേക്കു നോക്കിയിരുന്നു. അയാൾ വീണ്ടും വ്യാകുലചിത്തനായി പറഞ്ഞു:

"എല്ലാം നിനക്കുവേണ്ടി ഞാൻ ചെയ്തു. നിന്നെ പ്രീതിപ്പെടുത്തുക മാത്രമായിരുന്നു എന്റെ ജീവിത ലക്ഷ്യം."

"ഹാ! നിങ്ങൾ ഒരു കൊച്ചുകുട്ടിയെപ്പോലെ എപ്പോഴും നവംനവങ്ങളായ വ്യതിയാനങ്ങൾ ഇഷ്ടപ്പെട്ടിരുന്നു".

"ശരിയാണു്. എന്നാൽ ഞാൻ നിന്നെപ്പറ്റി മറുപലതും വിചാരിച്ചിരുന്നു. ആകട്ടെ ഒരു പുരുഷനോടു് നിന്റെ കടമ എന്താണെന്നു് നീ ചിന്തിച്ചിട്ടുണ്ടോ?"

"നിങ്ങൾക്കു എന്താണു വേണ്ടതു്?' അവൾ ഭയം കലർന്ന ശബ്ദത്തിൽ ചോദിച്ചു. അവളുടെ കണ്ണുകളിൽ ശോകരസംമാറി അവിടെ ഭയത്തിന്റെ അലകൾ പൊന്തിവന്നു.

അയാൾ അവളെത്തന്നെ ശ്രദ്ധമായി നോക്കിക്കൊണ്ടിരുന്നു. ആ നോട്ടം ഭയാനകമായി അവൾക്കുതോന്നി. "ഓ, ഒന്നുമില്ല..." അതു പറഞ്ഞിട്ടയാൾ അലസനായി ചിരിക്കാൻ ശ്രമിച്ചു.

നേരം സന്ധ്യമയങ്ങിയിരുന്നില്ല അപ്പോഴും എങ്കിലും അവരുടെ തല

ക്കുമുകളിൽ നീലാകാശത്തിൽകൂടി പക്ഷികൾ ചിറകടിച്ചു കരഞ്ഞുകൊണ്ട് പറന്നുപൊയ്ക്കൊണ്ടിരുന്നു.

നിശ്ശബ്ദത അവിടെ അലതല്ലി. അവരിരുവരും എന്തിനേയോപറ്റി ഗാഢമായി ചിന്തിക്കുകയായിരുന്നു. അല്പം കഴിഞ്ഞു് അവൾ ചോദിച്ചു. അവളുടെ ശബ്ദം വല്ലാതെ പതറിയിരുന്നു.

'രാജീവ്', നിങ്ങളുടെ ഭാര്യ എവിടെയാണ്? ക്ഷേമം തന്നെയല്ലെ?"

"ഓ.. അതൊരു വമ്പിച്ച പരാജയമായിരുന്നു. അവൾ എന്നെ വിട്ടുപോയി." എന്തെന്നില്ലാത്ത വ്യഥ അയാളുടെ ശബ്ദത്തിൽ അലിഞ്ഞുചേർന്നിരുന്നു.

വീണ്ടും കനത്ത നിശ്ശബ്ദത. അവസാനം രാജീവ് ആ നിശ്ശബ്ദതയെ ഭേദിച്ചുകൊണ്ടുചോദിച്ചു:

"സതീശിനു് നിന്നെ ഇഷ്ടമില്ലേ?."

"സതീശ് ജീവനിലുമുപരിയായി എന്നെ സ്നേഹിക്കുന്നു". അവൾ പ്രതിവചിച്ചു.

അയാളുടെ അന്തരംഗം വിവിധ വികാരങ്ങളാൽ പ്രക്ഷുബ്ധമായിരുന്നു. ഒരു ഉന്മത്തനെപ്പോലെ അയാളിലും അയാൾ പറയാൻ തുടങ്ങി.

"ഒരായിരം പ്രാവശ്യം ഞാൻ ആത്മഹത്യക്കു ശ്രമിച്ചു. പക്ഷെ അപ്പോഴെല്ലാം ഞാനൊരു ഭീരുവായി മാറുകയാണുണ്ടായതു്. നിന്നേപ്പറ്റിയുള്ള മായാത്ത ഓർമ്മകൾ മാത്രമാണു് എന്നെ ജീവിപ്പിക്കാൻ പ്രേരിപ്പിച്ചതു്. ഒരു ശൂന്യലോകമാണു് ഇന്നെനിക്കു ശേഷിച്ചിട്ടുള്ളതു്. പ്രിയപ്പെട്ട രാജീ, നിന്നെ എത്രയധികമായി ഞാൻ സ്നേഹിക്കുന്നുണ്ടെന്നു് നീ അറിയുന്നില്ല."

അയാളുടെ ശബ്ദം വല്ലാതെ പതറി. തൊണ്ട വരളുന്നതായും ഹൃദയമിടിപ്പു നില്ക്കാൻപോകുന്നതായുംഅയാൾക്കുതോന്നി. അതു പറഞ്ഞിട്ടു് ദയനീയമായി അയാൾ അവളെ നോക്കിക്കൊണ്ടിരുന്നു.

"രാജീവ്', ഇനിയൊന്നും ചെയ്യാനില്ല. സമയം ആക്കുവേണ്ടിയും കാത്തുനില്ലുന്നില്ല. ഞാനിപ്പോൾ സതീശിന്റെതായിക്കഴിഞ്ഞു". അവളുടെ മുഖത്തുകൂടി ബാഷ്പബിന്ദുക്കൾ ഒലിച്ചിറങ്ങി.

അയാൾ പകച്ചിരുന്നു. എന്താണു് പറയേണ്ടതെന്നു് അയാൾക്കു നിശ്ചയമില്ലായിരുന്നു. അല്പം കഴിഞ്ഞു് വീണ്ടും അവൾ തുടർന്നു.

"എന്റെ ആത്മാവിന്റെ അഗാധതയിൽ ഉണങ്ങിക്കൊണ്ടിരുന്ന ആ വ്രണം വീണ്ടും പഴുക്കുകയാണു്. നിങ്ങളെ കണ്ട ആ ക്ഷണം മുതൽ. ആഴ്ചകളും മാസങ്ങളും കൊല്ലങ്ങളും അതു നീറി നീറി വേദനിച്ചുകൊണ്ടിരുന്നു. നിങ്ങളുടെ ഒരുമന്ദസ്മിതം മതിയാകുമായിരുന്നു അതുണങ്ങാൻ. പക്ഷെ നിങ്ങൾ ഇങ്ങോട്ടു എത്തിനോക്കുകപോലും ചെയ്യാതെ അകലുകയായിരുന്നു."

"രാജീ, ഞാനിതാ തിരിച്ചുവന്നിരിക്കുന്നു. ഇനി ഒരിക്കലും നിന്നെവിട്ടകലുകയില്ല". അയാൾ അവളെ സമാശ്വസിപ്പിച്ചുകൊണ്ടു പറഞ്ഞു. അവൾ അത്ഭുതത്തോടെ അയാളെ തുറിച്ചുനോക്കിക്കൊണ്ടിരുന്നു. എന്നിട്ടവസാനം പറഞ്ഞു:

"എന്തു്, നിങ്ങൾ രാജീവ്? ഓ, അല്ല. എന്റെ രാജീവു് നിങ്ങളല്ല. അദ്ദേഹം എന്നേക്കുമായി പൊയ്ക്കഴിഞ്ഞു. ഇനി മടങ്ങിവരില്ല".

" രാജീ ! " അയാൾ വേദന വിങ്ങുന്ന ഹൃദയത്തോടെ അവളെവിളിച്ചു.

നേരം അന്തി മയങ്ങുകയായിരുന്നു. സൂര്യൻ ചക്രവാളങ്ങൾക്കുമപ്പുറത്തായിക്കഴിഞ്ഞിരുന്നു. ചുറ്റും നോക്കിയിട്ടു് അവൾ എഴുന്നേറ്റു് വസ്ത്രത്തിലെപൊടിമണൽ തട്ടിക്കളയുവാൻ തുടങ്ങി.

"സതീശ് വന്നു കാണും." ആരോടെന്നില്ലാതെ അവൾ പറഞ്ഞു.

അയാളും എഴുന്നേറ്റു. ആറ്റരുകിലൂടെ അവർ നടന്നുകൊണ്ടിരുന്നു. തോട്ടത്തിലെത്തിയപ്പോൾ അയാൾ ചോദിച്ചു.

"എനിക്കെഴുതുകയില്ലെ? രാജീ?"

"നാം അകലേണ്ടവർ അല്ലെ?" അവൾ വേദനയോടെ പറഞ്ഞു. എന്താണു് പ്രതിവചിക്കേണ്ടതെന്നു' അയാൾക്കുഅറിവില്ലായിരുന്നു. എങ്കിലും അയാൾ പറഞ്ഞു.

" നിന്റെ ഇഷ്ടംപോലെ ".

അവൾ പ്രതിവചിച്ചില്ല. അവർ ഇരുവരും നിശ്ശബ്ദരായി നടന്നു. വീടിന്റെ സമീപമെത്തിയപ്പോൾ അയാൾ നടത്തയുടെ വേഗത കുറച്ചു. എന്നിട്ട് അവളുടെ ഹസ്തം ഗ്രഹിച്ചിട്ട് പറഞ്ഞു.

" എന്റെ പ്രിയപ്പെട്ട രാജീ, നിനക്കു നന്മകൾ കൈവരട്ടെ. ഞാൻ പോകുകയാണ്. ഇനി ഒരിക്കലും നിന്റെ കൺമുമ്പിൽ ഞാൻ പ്രത്യക്ഷപ്പെടുകയില്ല....നമസ്കാരം". അയാൾ അവളിൽനിന്നു അകന്നുമാറി.

" രാജീവ്! " അവൾ അയാളെ വിളിച്ചു.

അയാൾ പിന്തിരിഞ്ഞില്ല. കാട്ടുചെടികൾക്കിടയിലൂടെ അയാൾ വേച്ചു വേച്ചു നടന്നുപോയി. അപ്പോഴും അവളുടെ പതറിയ ശബ്ദം അയാളുടെ കാതിൽ വന്നലക്കുന്നുണ്ടായിരുന്നു.

" രാജീവ് "

അല്പദൂരം നടന്നിട്ട് ഒരു കാട്ടുചെടിയുടെ മറവിൽ അയാൾ നിന്നു. അവൾ തന്നെ പിൻതുടരുമോ എന്നയാൾ ശങ്കിച്ചിരുന്നു. അവിടെ നിന്നുകൊണ്ടയാൾ അവൾ പോയവഴിയെനോക്കി. രാജീ കല്പടികൾ വേഗത്തിൽ കയറുകയായിരുന്നു.

ആ ചെടികളിലേക്കും അതിനുള്ളിൽ പതുങ്ങിശബ്ദിക്കുന്ന കാടപ്പക്ഷികളിലേക്കും അയാളുടെ ശ്രദ്ധതിരിഞ്ഞു. അപ്പോൾ അകലെ നിന്നും അവളുടെ ശബ്ദം അയാൾ കേട്ടു.

"ഇല്ല. അയാൾ പോയതുകൊണ്ട് എനിക്കല്പവും കുണ്ഠിതമില്ല. സതീശ്, അങ്ങേക്കെന്നെ മനസ്സിലായിട്ടില്ലേ?"

അയാൾ പതിഞ്ഞ ശബ്ദത്തിൽ എന്തോ പറഞ്ഞു. പക്ഷെ അതു് രാജീവിനു് അവ്യക്തമായിരുന്നു. അപ്പോൾ വീണ്ടും അവളുടെ മനോജ്ഞമായ നേർത്ത ശബ്ദം അയാൾ കേട്ടു.

"സതീശ്, ഞാനങ്ങയുടെതുമാത്രമാണ്. ഇപ്പോൾ എന്റെ ജീവിതത്തിന്റെ മതിൽകെട്ടിനപ്പുറത്താണയാൾ. അയാളെപ്പറ്റി വിചാരിച്ചു ദുഃഖിക്കരുതു്. അയാൾ എന്റെ ആരുമല്ല." അതുപറഞ്ഞിട്ടവൾ ചിരിക്കാൻ ശ്രമിച്ചു. അവളുടെ മണിനാദംപോലുള്ള പൊട്ടിച്ചിരി അയാളുടെ കാതുകളിൽ വന്നലച്ചു് വേദനകൾ സൃഷ്ടിച്ചു.

നേരം ഇരുണ്ടു തുടങ്ങിയിരിക്കുന്നു. ചീവീടുകളുടെ ശബ്ദം നാലുവശത്തുനിന്നും ഉയർന്നുവന്നു. ആ മരവിപ്പിക്കുന്ന ചുറ്റുപാടിൽനിന്നും രക്ഷപ്പെടാൻ അയാൾ ആഗ്രഹിച്ചു. അവസാനമായി ഒരിക്കൽകൂടി അയാൾ ആ വീട്ടുമുറ്റത്തേക്കു എത്തിനോക്കി.

സതീശ് അവളെ ചുംബിക്കുകയാണ്. അവൾ കിണുങ്ങിക്കിണുങ്ങി ചിരിക്കുന്നു. സതീശ് വീണ്ടുമെന്തോ അസ്പഷ്ടമായിപ്പറഞ്ഞു. അതിനു മറുപടിയെന്നോണം അവൾ ചിരിക്കുകമാത്രം ചെയ്തു.

അവർ പരസ്പരം കൈകോർത്തുപിടിച്ചുകൊണ്ട് വീട്ടിനുള്ളിലേക്കു കയറി. അവർ തികച്ചും അപ്രത്യക്ഷരായിക്കഴിഞ്ഞപ്പോൾ ആ ചെടിയുടെ മറവിൽ നിന്നു അയാൾ മാറി. എന്നിട്ട് ഇരുട്ടിലൂടെ എങ്ങോട്ടെന്നില്ലാതെ വീണ്ടും യാത്ര തുടർന്നു.

***

(ഡി. എച്ച്. ലോറൻസിന്റെ ഒരു കഥയോട്ട് കടപ്പാട്ടുണ്ട്.)

"മര്യാദയുടെ അതിർത്തികൾ പുരുഷന്മാർ ലംഘിക്കുന്നതു സ്ത്രീകൾ ലംഘിക്കാറില്ല. പക്ഷെ ഒരുതവണ ലംഘിച്ചുകഴിഞ്ഞാൽ സ്ത്രീകൾ പുരുഷന്മാരെക്കാൾ വളരെ മുന്നോട്ടു പോകും."

—കോൾട്ടൻ.

പാകിസ്ഥാന്റെ അയൽരാജ്യമാണെങ്കിലും അഫ്ഘാനിസ്ഥാനു് കൂടുതൽ അടുപ്പം ഇന്ത്യയോടാണു്.

ഇന്ത്യയും അഫ്ഘാനിസ്ഥാനും

ജി .എം. കാടാപുരം

അഫ്ഘാൻ രാജാവായ സാഹിർഷാ ഈ അടുത്ത കാലത്തു് ഇന്ത്യ സന്ദർശിക്കുകയുണ്ടായി. ഒരു സുഹൃത്തെന്ന നിലയിൽ ഇന്ത്യ സന്ദർശിച്ച ആദ്യത്തെ അഫ്ഘാൻ ഭരണാധികാരി ഇദ്ദേഹമാണു്. ഇദ്ദേഹത്തിന്റെ സന്ദർശനം നമ്മുടെ അയൽരാജ്യവുമായി ഒരു പുതിയ ബന്ധം സൃഷ്ടിക്കുന്നതിനു് സഹായകമായി തീർന്നിട്ടുണ്ടു്.

അതിപുരാതനകാലം മുതല്ക്കേ നിലനിന്നിരുന്ന ഇൻഡോ-അഫ്ഘാൻ ബന്ധം അത്ര സുഖകരമല്ലായിരുന്നു. 'ഹിന്ദുക്കുഷിൽ' ഇന്നു കാണുന്ന ഹൈന്ദവ ബൌദ്ധസംസ്കാരം ഇതിനൊരു തെളിവാണു്. ഇന്ത്യയുടെ സ്വാതന്ത്ര്യലബ്ധിക്കു ശേഷം ഈ ബന്ധം ഒന്നുകൂടി ദൃഢതരമായിട്ടുണ്ടെന്നു പറയാം.

പുരാതനകാലങ്ങളിൽ ഇന്ത്യയെ ആക്രമിച്ച മദ്ധ്യേഷ്യൻ ഭരണാധികാരികളെല്ലാം തന്നെ അഫ്ഘാൻ വഴിയായിട്ടായിരുന്നു ഇന്ത്യയിൽ പ്രവേശിച്ചിട്ടുള്ളതു്. പത്തൊമ്പതാം ശതാബ്ദത്തിന്റെ ആരംഭത്തിൽ, ഫ്രാൻസും ഗ്രേറ്റ് ബ്രിട്ടനും ഈ രാജ്യത്തിനു വേണ്ടികിടപിടി കൂടിയിട്ടുണ്ടു്. 1869-ൽ ലോർഡ് മിന്റോയുടെ കാലത്താണു് അഫ്ഘാനിസ്ഥാൻ ബ്രിട്ടീഷ് ഭരണനകത്തിൻകീഴിലായതു്. പക്ഷെ, ഒരു ശതാബ്ദക്കാലശേഷം ഈ സ്ഥിതി മാറി. രണ്ടു മുന്നു യുദ്ധങ്ങൾക്കു ശേഷം 1919-ൽ, ബ്രിട്ടനു് അഫ്ഘാനിസ്ഥാന്റെ സ്വാതന്ത്ര്യം അംഗീകരിക്കേണ്ടിവന്നു!

സുദീർഘമായ ഈ കാലയളവിൽ ബ്രിട്ടീഷ്സാമ്രാജ്യ ദുഷ്പ്രഭുത്വവും അഫ്ഘാൻകാരുടെ സ്വാതന്ത്ര്യദാഹവും തമ്മിൽ ഏറ്റുമുട്ടിക്കൊണ്ടിരിക്കുമ്പോൾ തന്നെ, അപ്പുറത്തു ബ്രിട്ടന്റേയും റഷ്യയുടേയും സാമ്രാജ്യങ്ങൾക്കു വേണ്ടിയുള്ള വടംവലി വാശിയോടെ നടക്കുകയായിരുന്നു. ഈ രണ്ടു വലിയ രാജ്യങ്ങളുടെ അധികാരവടംവലിയിൽ അഫ്ഗാനിസ്ഥാൻ നിസ്സഹായയായിത്തീർന്നു.

ഇന്ത്യയെ ബ്രിട്ടീഷ് സാമ്രാജ്യത്തിന്റെ ഒരു ഭാഗമാക്കുന്നതിൽ സാരമായ പങ്കുവഹിച്ച ലിറ്റൺ പ്രഭു തന്റെ നയപരിപാടികളുമായി അഫ്ഘാനിസ്ഥാനിലും കണ്ണുവെച്ചു. കുറേക്കാലത്തേക്കു് അഫ്ഘാനിസ്ഥാനെ ബ്രിട്ടന്റെ വരുതിയിൽ നിർത്താൻ അദ്ദേഹത്തിനു കഴിഞ്ഞു. പക്ഷെ ധീരരായ അഫ്ഘാൻകാർ തങ്ങളുടെ സ്വാതന്ത്ര്യത്തിനുവേണ്ടി തുടച്ചയായി പൊരുതി. അവസാനം പൊരുതിമുട്ടിയ വെള്ളക്കാരനു് അവിടെ നിന്നു് തടിതപ്പേണ്ടിവന്നു. പകരം അവർക്കു കിട്ടിയതു് ആധുനിക അഫ്ഘാന്റെ സംവിധായകനായ അബ്ദുർ റഹിമാന്റെ തെ വ്യവസ്ഥയായിരുന്നു.—തങ്ങൾ മറ്റു യാതൊരു രാജ്യവുമായി കൂട്ടുകെട്ടിലേപ്പെടുകയില്ലെന്നു.

അബ്ദുർ റഹിമാനെ പിൻതുടർന്ന അമനുള്ളാ, തന്റെറഅച്ഛൻ അനുവദിച്ചുത്രസൌജന്യങ്ങൾ പോലും കൊടുത്തില്ല. ആകപ്പാടെ യുദ്ധംകൊണ്ടും പരാജയംകൊണ്ടും പരിക്ഷീണനായ ബ്രിട്ടനു് മൂന്നാമത്തെ യുദ്ധത്തോടുകൂടി അഫ്ഘാനിസ്ഥാന്റെ സ്വാതന്ത്ര്യം സമ്മതിച്ചുകൊടുക്കേണ്ടിവന്നു. റഷ്യയും അതംഗീകരിച്ചു. അതോടെ അഫ്ഘാനിസ്ഥാൻ 'ലീഗി'ൽ അംഗത്വമുള്ള ഒരു സ്വതന്ത്രരാജ്യമായിമാറി.

ഇന്ത്യ സ്വതന്ത്രയായ അവസരത്തിൽ ഒരു സുഹൃത്‌രാജ്യമായി അഫ്ഘാനിസ്ഥാനെ സ്വീകരിക്കുന്നതിൽ പണ്ടത്തെ കലഹങ്ങൾ ഒരു തടസ്സമായിരുന്നു. പക്ഷെ, കോൺഗ്രസ്സ് പത്താൻകാരോട് വളരെ അനുഭാവപരമായ ഒരു നയമായിരുന്നു കൈക്കൊണ്ടിരുന്നതു്.

ഇന്ത്യ സ്വതന്ത്രയായിക്കഴിഞ്ഞു് ഇന്ത്യക്കെതിരായി ആയുധമെടുക്കുവാൻ പാകിസ്ഥാൻ പത്താൻകാരെ പ്രേരിപ്പിച്ചിട്ടുണ്ടു്. ആ പ്രേരണയ്ക്കു വശംവദരായ പത്താൻകാർ പാകിസ്ഥാൻ സേനയോടുചേർന്നുകാഷ്മീർ ആക്രമിക്കുകയുണ്ടായി. അതിനെതുടർന്നു ഇന്ത്യക്കു അഫ്ഘാനിസ്ഥാന്റെപേരിൽ ചില 'കുരുത്ത' ഉദ്ദേശങ്ങളുണ്ടെന്നും ഉള്ള ഒരു പ്രസ്താവന പാകിസ്ഥാൻ കാബൂളിൽ പരത്തി.

പക്ഷെ സ്വതന്ത്രഭാരതത്തിന്റെ വിദേശനയം വാഴ്ത്തേടുത്ത കഴിവുള്ള കരങ്ങൾ ഇൻഡോ-അഫ്ഘാൻ ബന്ധത്തിന്റെ ചരിത്രത്തിൽ ഒരു പുതിയ അദ്ധ്യായം തുറന്നു. കുറെക്കാലം കൊണ്ടു് ഇന്ത്യയേയും പാകിസ്ഥാനേയും അഫ്ഘാനിസ്ഥാനു് ശരിക്കു പഠിക്കുവാൻ ഇതുകൊണ്ടു് സാധിച്ചു.

അഫ്ഘാനിസ്ഥാന്റെ മുട്ടുമടക്കുവാൻ പാകിസ്ഥാൻ സാമ്പത്തിക സമ്മർദ്ദം ചെലുത്തി. പക്ഷെ, ഇന്ത്യയുടെ കൈതുറന്ന സഹായം ആ ഉദ്ദേശത്തെ വിഫലമാക്കി.

കരയാൽ വലയംചെയ്യപ്പെട്ടതാണു് അഫ്ഘാനിസ്ഥാൻ. അവിടത്തെ വാണിജ്യമാർഗ്ഗം അയൽരാജ്യങ്ങളിൽകൂടിയാണു്. ഏറ്റവും വലിയ അതിർത്തി പാകിസ്ഥാനോടു ചേർന്നുള്ളതാണു്. ഇതുകൂടാതെ റഷ്യയും ചൈനയും ചുറ്റുമുണ്ടു്. ഭൂമിശാസ്ത്രപരമായ ഈ പരിതസ്ഥിതികൾ തികച്ചും നിഷ്പക്ഷപരമായ ഒരു വിദേശനയം കൈക്കൊള്ളാൻ അവിടത്തെ ഗവർമ്മേണ്ടിനെ പ്രേരിപ്പിച്ചു. അതുകൊണ്ടു് ചേരിതിരിഞ്ഞുനിന്നുകൊണ്ടുള്ള ഇന്നത്തെ ശീതസമരത്തിൽ അഫ്ഘാനിസ്ഥാൻ ഒരു കക്ഷിയിലും ഇല്ല; എല്ലാവരോടും ഇണങ്ങി കഴിയുകയാണു്.

ബാന്ദുംഗ് സമ്മേളനത്തോടുകൂടി ഇൻഡോ-അഫ്ഘാൻ സൗഹാർദ്ദം ഒന്നുകൂടി സുദൃഢമായി തീർന്നിട്ടുണ്ടു്. രണ്ടു രാജ്യങ്ങളുടേയും വിദേശനയത്തിലടങ്ങിയിട്ടുള്ള തത്വം ഒന്നുതന്നെയാണു്. വാണിജ്യപരമായും സാംസ്കാരികമായും ഉള്ള ബന്ധം ഒന്നുകൂടി വിശാലമായിതീർന്നുകഴിഞ്ഞു. ഇന്ത്യൻ സാധനങ്ങൾക്കു് ഇന്നു് അഫ്ഘാനിസ്ഥാനിൽ നല്ല മാർക്കറ്റുണ്ടു്. രണ്ടു രാജ്യങ്ങളും ഐക്യരാഷ്ട്ര സംഘടനയിൽ സഹകരണ ബുദ്ധിയോടെ ഇന്നും പ്രവർത്തിച്ചുവരുന്നുണ്ടു്.

അവിടത്തെ ഇപ്പോഴത്തെ രാജാവായ സാഹിർഷാ 1933ലാണു് ഭരണാധികാരിയായതു്, അവിടെ ഒരുറച്ച ഗവർമ്മേണ്ടുണ്ടാക്കിയതു് അദ്ദേഹമാണു്. അദ്ദേഹം സാമ്പത്തികവും സാമൂഹ്യവും ആയ പല പരിഷ്കാരങ്ങളും നടപ്പിലാക്കി കഴിഞ്ഞു. ഇന്നു് അഫ്ഘാനിസ്ഥാനിൽ ഭരണഘടനപ്രകാരം ഒരു ജനാധിപത്യപരമായ രാജവാഴ്ചയാണുള്ളതു്.

ഒരു ദ്വിമണ്ഡല അസംബ്ലിയുടെ സഹായത്തോടെ രാജാവു് ഭരിക്കുന്നു. പാർലമെന്റും ഭരണകാര്യത്തിൽ ഇടപെടാറുണ്ടു്. തിരഞ്ഞെടുക്കുന്നവരും നോമിനേറു ചെയ്യപ്പെടുന്നവരുമായ അംഗങ്ങൾ ഇതിന്റെ ഓരോ സഭയിലും വേർതിരിച്ചിരിക്കുന്നു.

ഗ്രാമീണോദ്ധാരണത്തിനായി പഞ്ചവത്സര പദ്ധതി അവിടെയുമുണ്ടു്. വ്യവസായപരമായും അഫ്ഘാനിസ്ഥാൻ പുരോഗമിച്ചുവരുന്നു.

വിദ്യാഭ്യാസം സൌജന്യവും നിർബന്ധിതവും ആണു്. ഉന്നതവിദ്യാഭ്യാസത്തിൽ അവിടെ ഉയർന്ന നിലവാരം പുലർത്തുന്നുണ്ടു്. അഫ്ഘാനിസ്ഥാൻ ഇതെല്ലാം സാധിക്കുന്നതു് അമേരിക്കയുടേയും റഷ്യയുടെയും സഹായം കൊണ്ടാണു്. ഈ രണ്ടു മഹാശക്തികളും യാതൊരു മറപിടിച്ച ഉദ്ദേശങ്ങളുമില്ലാതെ സഹായിക്കുന്ന ഒരു ചെറിയ രാജ്യം അഫ്ഘാനിസ്ഥാൻ മാത്രമാണു്. അതു് ആ 'കൊച്ചു' രാജ്യത്തിനു് അഭിമാനിക്കാവുന്ന ഒരു 'വലിയ' നേട്ടമാണു്.

***

മക്കളുടെ പാട്ട്

കൃഷ്ണകുമാർ

ആടുകമ്മേ! കളിയാടുകമ്മേ! പര–
മാനന്ദക്കോള യന്നാടുകമ്മേ!
അണിയണിയായ് സുരമണികൾ മണിവീണകൾ മീട്ടുന്നള–
വടിവച്ചങ്ങാട്ടം പോലാടുകമ്മേ!
അങ്ങോള മിങ്ങോളം പൊന്നോളം തള്ളുമ്പോ–
ലാലോല മാലോല മാടുകമ്മേ!
കളമെഴുതി ക്കിന്നരികൾ കൈമണികൾ കൊട്ടിപ്പുല–
കവിപാട്ടം താളത്തിലാടുകമ്മേ!
തിങ്കളണിയുന്ന താണ്ഡവമാടുന്ന
തമ്പുരാനിമ്പമായാടുകമ്മേ!
തിങ്കളോളി തങ്കത്തെളി താലമെട്ടുഴിയുന്നൊരു
താളരൂപിൽ താഴ്ന്നുലഞ്ഞാടുകമ്മേ!
വാന്തരിൻ വില്ലൊളി വീശുമാറങ്ങനെ
വീരാളിപ്പട്ടുത്താടുകമ്മേ!
വൃന്ദാവന മുരളീധര നുള്ളും കുഴൽ വിളികേട്ട
വല്ലവിമാരാട്ടം പോലാടുകമ്മേ!
നേരെന്നറിയുവാൻ നേരുന്ന മക്കടെ
നാടക ശാലയിലാടുകമ്മേ!
നടരാജ നടനാലയ നടയിൽ നടമാട്ടംപോൽ
നാണം കുണുങ്ങിനിന്നാടുകമ്മേ!
കാരണിമെയ്യാളെ! ക്കാരുണ്യക്കണ്ണാളേ
കാണിനേരം കനിഞ്ഞാടുകമ്മേ!
കട്ടവത്തോലണിവോന്റെ കൊടിയ കട്ടം തുടിനാദം
കേട്ടു കേട്ടാട്ടം പോലാടുകമ്മേ!
യാമിനിയായ് മനോ മോഹന നത്തന
യാമമായൊന്നു വന്നാടുകമ്മേ!
യതിപുംഗവ ഹൃദയാംഗമ മണി ദീപിക മിന്നുന്നൊരു
യാഗോജ്ജ്വല വേദികയിലാടുകമ്മേ!
പാതിരാപ്പൂനിലാപ്പാലപ്പൂ വീഴുന്ന
പാതയിലൊന്നുവന്നാടുകമ്മേ!
പരിപാടല കിരണോജ്ജ്വല പരിവേഷകലവിയിൽ നിൻ
പരിവാരത്തോടു വന്നാടുകമ്മേ!
മാമല തായുലേ! മാമറക്കാതലേ!
മായാതെ മുന്നിൽ വന്നാടുകമ്മേ!
മംഗള തര താംബൂല മധുരരസ മൃദുലാധര–
മഞ്ജിമയിൽ പൂഞ്ചിരി പെയ്യാടുകമ്മേ!

---

* കുത്തിയോട്ടപ്പാട്ട്

ഇന്ത്യൻ സംസ്കാരത്തിന്റെ കാവൽപടയാളി

എൻ. കെ. ജോസ്

ഉത്തരപൂർവ്വേന്ത്യയും ദക്ഷിണേന്ത്യയും ആര്യന്മാർ കൈവശപ്പെട്ടത്തിയതു് സാംസ്കാരികമായിട്ടാണു്. രാഷ്ട്രീയമായി അപൂർവ്വം ചില സന്ദർഭങ്ങളിൽ മാത്രമെ ആര്യൻ മേധാവികൾക്കു് ആ പ്രദേശം കീഴടങ്ങിയിട്ടുള്ളു. എന്നാൽ ദ്രാവിഡ സംസ്കാരം ആര്യസംസ്കാരത്തിനു് തല കുനിച്ചു. നേരത്തെതന്നെ സിന്ധു നദീതട സംസ്കാരത്തെ കീഴടക്കി അതിന്റെ നേട്ടങ്ങളെ സ്വന്തമാക്കിയ ആര്യൻ സംസ്കാരത്തിനു് അതൊരു പ്രശ്നമായിരുന്നില്ല ആര്യസംസ്കാരത്തെക്കാൾ പുരാതനവും മഹത്തരവുമായ ഒരു സംസ്കാരത്തിന്റെ ഉടമയാണു് തങ്ങളെന്നു് ദ്രാവിഡർ പിന്നീടു് സ്മരിക്കാതിരിക്കത്തക്കവണ്ണം അത്രപൂർണ്ണമായിരുന്ന ആ കീഴടക്കം. ആര്യ മേധാവിത്വം ഇന്ത്യയിൽ സ്ഥാപിക്കുന്നതിനുവേണ്ടിയുള്ള ഒരു പ്രവർത്തനമായിരുന്ന അതു്. അതാണു് ഇന്നു് ദക്ഷിണേന്ത്യയിൽ ആര്യ വിദ്വേഷവും ദ്രാവിഡ പ്രേമവും ഉയിരിട്ടവരുവാൻ കാരണമാക്കിയതു്. ദ്രാവിഡ സംസ്കാരത്തോടു് ആര്യന്മാക്കുണ്ടായിരുന്ന വെറുപ്പു് അന്നു് വിദ്വേഷമായി മാറി. അതിന്റെ ഫലമായി ഉണ്ടായ വൈരാഗ്യബുദ്ധിയോടുകൂടി അതിനെ നശിപ്പിക്കുവാൻ നടത്തിയ പരിശ്രമമാണു് പുരാണങ്ങളിലും ഇതിഹാസങ്ങളിലും നമുക്കു കാണുവാൻ കഴിയുന്നതു്. രാമായണം ആര്യദ്രാവിഡ സംഘട്ടനത്തിന്റെ കഥയാണു്. ഒരു ആര്യ കവിയായ വാല്മീകി അന്നത്തെ രാഷ്ട്രീയ പരിതസ്ഥിതികൾക്കും ആര്യൻ മേധാവിത്വത്തിനും സ്വന്തം ഭാവനയിലൂടെ സംഭാവനചെയ്ത ശാശ്വത സ്മാരകമാണു് ആ ഗ്രന്ഥം. ദ്രാവിഡ ചക്രവർത്തിയായ രാവണന്റെ ശക്തിയെ പരാജയപ്പെടുത്തുവാൻ ഒരു ധർമ്മയുദ്ധത്തിലൂടെ രാമനു് സാദ്ധ്യമായിരുന്നില്ല എന്നു് വാല്മീകിക്കുപോലും സമ്മതിക്കേണ്ടിവന്നു. ആ പരാജയബോധമാണു് ദ്രാവിഡരെ സംസ്കാരഹീനരായി ചിത്രീകരിക്കുവാൻ അന്നത്തെ കവികളെ പ്രേരിപ്പിച്ചതു്. മഹാഭാരതം രാമായണത്തിനും വളരെ കാലത്തിനുശേഷമാണു് നിർമ്മിക്കപ്പെട്ടിട്ടുള്ളതു്. ഒരു ദ്രാവിഡനേതാവായ ശ്രീകൃഷ്ണന്റെ കഴിവിനെ മനിക്കുവാൻ അന്നു് ആര്യന്മാർ തയ്യാറായി എന്നുമാത്രമല്ല, ആര്യന്മാരുടെ തൊഴത്തിൽകുത്തും അഭിപ്രായഭിന്നതയും അവസാനിപ്പിക്കുവാൻ ദ്രാവിഡ മദ്ധ്യസ്ഥം വേണ്ടിവരികകൂടി ചെയ്തു. എങ്കിലും കംസനെപ്പോലുള്ള കഥാപാത്രങ്ങൾ സൃഷ്ടിക്കാതിരിക്കുവാൻ അവരുടെ വൈരാഗ്യ ബുദ്ധി അനുവദിച്ചില്ല.

മഹാഭാരതത്തിന്റെ കാലമായപ്പോൾ ഇരു വർഗ്ഗങ്ങളും തമ്മിലുള്ള അകൽച്ച മാറി അന്യോന്യം ബന്ധപ്പെടുവാൻ തുടങ്ങി. അതോടുകൂടി ദ്രാവിഡ സംസ്കാരത്തിന്റെ ചില ഘടകങ്ങളെ അതേപടി ആര്യന്മാർ സ്വീകരിക്കുകയും ബഹുമാനിക്കുകയുംചെയ്തു. അങ്ങനെ ഒരു ലയനം രണ്ടു സംസ്കാരങ്ങളും തമ്മിൽ നടന്നു.

എന്നാൽ ഈ രണ്ടു പുരാണഗ്രന്ഥങ്ങളും പ്രാചീന ഇന്ത്യൻ സംസ്കാരത്തിന്റെ ഏറ്റവും വലിയ പ്രതീകങ്ങളായിട്ടാണു് ഇന്നും നിലകൊള്ളു

ന്നതു് എന്ന പരമാത്ഥം വിസ്മരിക്കാവുന്നതല്ല. പല നൂറാണ്ടുകൾകൊണ്ടാണു് അവ രൂപമെടുത്തതു്. അവയിൽ വിവരിക്കുന്ന സംഭവങ്ങൾ യഥാത്ഥചരിത്ര സംഭവങ്ങൾ അല്ലെങ്കിൽ തന്നെ ചരിത്ര സത്യത്തിന്റെ നിഴൽ അതിൽ തെളിഞ്ഞുകാണാവുന്നതാണു്. പ്രസ്തുത സംഭവങ്ങൾക്കു അനേക നൂറാണ്ടുകൾക്കുശേഷമാണു് ഈ കൃതികൾ വിരചിക്കപ്പെട്ടിട്ടുള്ളതു്. ലോകത്തിൽ ഒരു ജനതയിലും ഇത്രയധികം സ്വാധീനത ചെലുത്തിയ മറ്റു ഗ്രന്ഥങ്ങൾ ഇല്ല. ഇലിയഡ്, ഒഡിസ്സി, ബൈബിൾ തുടങ്ങിയവയാണു് ഇക്കാര്യത്തിൽ രാമായണത്തോട്ടം, മഹാഭാരതത്തോട്ടം താരതമ്യപ്പെട്ടുത്താവുന്നവ. യൂറോപ്യ ജനതക്കളുടെ ജീവിത രൂപീകരണത്തിൽ ബൈബിൾ വഹിച്ച പങ്കു് വളരെ പ്രധാനമാണു . പക്ഷെ ഭാരതീയ പുരാണങ്ങൾ ഭാരതീയ ജനതയുടെ ജീവിത രൂപീകരണത്തിൽ വഹിച്ച സ്വാധീനതയുമായി താരതമ്യപ്പെട്ടുത്തുമ്പോൾ ബൈബിളിന്റെ ആരംഗത്തിലുള്ള പ്രാധാന്യം വളരെ നിസ്സാരമാണു്. ഈ രണ്ടു കൃതികളെയും അടിസ്ഥാനമാക്കി പിന്നീടു് വിവിധ ഭാഷകളിൽ വിരചിക്കപ്പെട്ട കൃതികളുടെ എണ്ണം സീമാതീതമാണു്. തത്വശാസ്ത്ര പണ്ഡിതന്മാർ മുതൽ സാധാരണ കഷ്കർവരെ എല്ലാനിലയിലുമുള്ള വക്കും ആസ്വദിക്കുവാൻ അവ പര്യാപ്തങ്ങളായിരുന്നു എന്നതാണു് അവയുടെ പ്രത്യേകത.

സത്യത്തെ സംരക്ഷിക്കുന്നതിനുവേണ്ടി സഹിച്ച ത്യാഗങ്ങളുടെ വർണ്ണനകളാണു് അവയിൽ പല കഥകളും. അന്നത്തെ കവികളുടെയും കഥാകാരന്മാരുടെയും ഭാവനാ വിശേഷങ്ങളാണു് അവയിൽ മിക്കതും. എന്നാൽ പലതിനും യഥാത്ഥ്യങ്ങളുമായി അടുത്ത ബന്ധമുണ്ടു്. യഥാത്ഥ ചരിത്രസത്യങ്ങളുടെ രേഖകളല്ല അവയെങ്കിലും അന്നത്തെ ജനതയുടെ ആഗ്രഹങ്ങളാണവ. അങ്ങനെ പ്രാചീന ഇന്ത്യയ്ക്കു ഇല്ലാതിരുന്ന ചരിത്രകാരന്മാരുടെ ഭാഗമാണു് അവ വഹിക്കുന്നതു്. ഗ്രീസിലെ ഹെറോഡിട്ടസ്സിനും തൂസ്സിഡീസ സ്സിനും പകരം ഭാരതത്തിനു് രാമായണവും മഹാഭാരതവുമാണുള്ളതു്.

അവയെ തമ്മിൽ താരതമ്യപ്പെടുത്തുമ്പോൾ രാമായണത്തിനു് കാണാനുള്ള ഏകാഗ്രത മഹാഭാരതത്തിനു് ഇല്ലെങ്കിൽതന്നെ അതിന്റെ അടിസ്ഥാന ചർച്ചാവിഷയം ഇന്ത്യയുടെ ഐക്യമാണു് എന്നു് ഗ്രഹിക്കുവാൻ പ്രയാസമില്ല. ആര്യന്മാക്കുശേഷം ഇന്ത്യയിലുണ്ടായ വിദേശ കുടിയേറ്റത്തിന്റെ കാലത്തെ കഥകളാണു് മഹാഭാരതത്തിൽ ഉള്ളതെന്നു് കരുതേണ്ടിയിരിക്കുന്നു. ആര്യന്മാരിൽ കാണാത്ത പല സമൂഹാചാരങ്ങളും മഹാഭാരതത്തിൽ കാണുന്നുണ്ടു്. പാഞ്ചാലിയുടെ ബഹുഭർത്തൃത്വം അതിനൊരുദാഹരണമാണു്.

ഒരുപക്ഷെ ആ ഘട്ടത്തിലായിരിക്കണം ആര്യന്മാരുടെ വേദമതത്തിന്റെ സ്ഥാനത്തു് ഹിന്ദുമതം സ്ഥാനം പിടിച്ചതു്. വേദമതത്തിൽ പരസ്പരവിരുദ്ധങ്ങളായ ആശയങ്ങൾ കുറവാണു്. എന്നാൽ ഹിന്ദുമതം ഒരു മതമെന്നപേരിനുതന്നെ അർഹമല്ലാത്തവിധം പരസ്പര വിരുദ്ധങ്ങളായ ആശയങ്ങളുടെയും തത്വങ്ങളുടെയും ഒരു സമാഹാരമാണു്. വേദങ്ങൾ അന്നു നിലവിലിരുന്ന വിജ്ഞാനത്തിന്റെ ശേഖരങ്ങളായിരുന്നു. കീർത്തനങ്ങളും പ്രാർത്ഥനകളും യാഗനിബന്ധനകളും പ്രകൃതിവർണ്ണനകളുമാണു് അവയിലുള്ളതു് ഈ ശരണം ക്ഷേത്രങ്ങൾക്കും അതിൽ പ്രാധാന്യം കല്പിച്ചു കാണുന്നില്ല. എന്നാൽ ഹിന്ദുമതം നേരെ മറിച്ചാണു്. ബഹുദൈവാരാധനമാണു് അതിന്റെ പ്രത്യേകത. മഹാഭാരതത്തിലെ കഥകളുടെ കാലത്തു് ഇന്ത്യയിൽ കുടിയേറിപ്പാർത്ത വിദേശികളുടെ ആചാരങ്ങളും വിശ്വാസങ്ങളും ആര്യന്മാരുടേതുമായി ലയിച്ചതിന്റെ ഫലമായി ഉണ്ടായതല്ലേ ഹിന്ദുമതം എന്ന സംശയിക്കേണ്ടിയിരിക്കുന്നു. അതിനുമുമ്പുതന്നെ ദ്രാവിഡരുടെ വിശ്വാസങ്ങളും ആചാരങ്ങളുമായി ആര്യന്മാർ സാദാത്മ്യം പ്രാപിച്ചുകഴിഞ്ഞിരുന്നു. ഭാരതത്തിൽ

തങ്ങളുടെ നില സുസ്ഥിരപ്പെട്ട കഴിഞ്ഞപ്പോഴാണ് ആര്യന്മാരുടെ ഇടയിൽ ആഭ്യന്തരകുഴപ്പങ്ങൾ പൊട്ടിപ്പുറപ്പെട്ടതു്. മഹാഭാരതത്തിലെ പ്രതിപാദ്യ വിഷയംതന്നെ ആഭ്യന്തരകുഴപ്പങ്ങളാണല്ലൊ. പ്രസ്തുത ആഭ്യന്തരകുഴപ്പങ്ങളെ ചൂഷണം ചെയ്തുകൊണ്ടാണ് വിദേശിയർ പ്രത്യക്ഷപ്പെട്ടതു് എന്നു് അനുമാനിക്കുന്നതിൽ തെറ്റില്ല.

ഇന്ത്യയിലെ ജനങ്ങളുടെ തത്വശാസ്ത്ര വീക്ഷണഗതി അത്ഭുതാവഹമാണ്. പ്രകൃതി ശക്തികളുടെ നിഗൂഢ രഹസ്യങ്ങളെ കണ്ടുപിടിക്കുവാനുള്ള കഴിവില്ലായ്മമൂലം പ്രകൃതിയിൽ അതായു കാലത്തുണ്ടാകുന്ന വ്യത്യസ്ഥാനുഭവങ്ങളെ 'വിധി'യായി സ്വീകരിക്കുന്ന ഒരു മനോഭാവമാണ് അന്നു് ബഹുജനങ്ങളിൽ ഉണ്ടായിരുന്നതു്. പക്ഷെ വിധിയുടെ പേരിലുള്ള ക്ഷമയ്ക്കും സഹനത്തിനും ഒരു അതിരുണ്ടു്. ഇന്ത്യൻ ഗ്രാമീണന്റെ ആവശ്യങ്ങൾ പരിമിതങ്ങളും അനായാസേന ലഭ്യങ്ങളുമായിരുന്നു. പ്രകൃതിക്ഷോഭംമൂലം ഇടയ്ക്കിടക്കു് ഭക്ഷണ ദൗർലഭ്യം അവനെ അലട്ടിക്കൊണ്ടിരുന്നു. അന്ധവിശ്വാസങ്ങളിൽനിന്നുടലെടുത്ത കാരണങ്ങളാണ് അതിനവർ കണ്ടുകൊണ്ടിരുന്നതു്. പ്രസ്തുത അന്ധ വിശ്വാസങ്ങൾക്കുപോലും തത്വശാസ്ത്രത്തിന്റെ ചായംകൊടുക്കുവാനുള്ള ഇന്ത്യാക്കാരന്റെ കഴിവു് വിദേശികളെ അത്ഭുതപ്പെടുത്തി. യൂറോപ്പു് സോക്രട്ടീസ്സിൽനിന്നും തത്വശാസ്ത്രത്തിന്റെ ബാലപാഠങ്ങൾ പഠിക്കുമ്പോൾ ഇന്ത്യയിൽ ഒരുറച്ച തത്വശാസ്ത്രമുണ്ടായിരുന്നു. ഇന്ത്യയെപ്പോലെ അക്ഷരാഭ്യാസത്തിൽ പിന്നോക്കം നില്ക്കുന്ന ജനത ഇത്രയധികം സഹിഷ്ണത കാണിച്ചതു് വാസ്തവത്തിൽ യുക്തിസ്സഹതീതമാണ്. വിദ്യാഭ്യാസമില്ലാത്തവർക്കു് ഇത്ര മഹത്തായ ഒരു സംസ്കാരം എങ്ങനെ ലഭിച്ചു എന്നുള്ളതു് ഒരു പ്രശ്നമാണു്.

പ്രാചീന ഇന്ത്യയിൽ ഗ്രാമപ്രദേശങ്ങളിൽ സഞ്ചരിച്ചുകൊണ്ടിരുന്ന കാഥികരെയും സന്യാസിമാരെയുംപറ്റി ചിന്തിക്കുമ്പോഴാണു് അതിന്റെ രഹസ്യം മനസ്സിലാകുന്നതു്. അവരാണ് മതത്തിന്റെയും സന്മാർഗ്ഗത്തിന്റെയും തത്വശാസ്ത്രം സാധാരണക്കാരിലേയ്ക്കു് കൈമാറിയതു്. വിദ്യാഭ്യാസത്തിന്റെയും സാഹിത്യത്തിന്റെയും കുറവുകൾ അതുമൂലം പരിഹരിക്കപ്പെട്ടു. തത്വശാസ്ത്രത്തെ കഥകളാക്കി അവർ രൂപകല്പനപ്പെടുത്തി. മതത്തെ ആചാരങ്ങളാക്കി അവർ മാറ്റി. സാന്മാർഗ്ഗത്തെ പുരാണങ്ങളിലൂടെ പ്രചരിപ്പിച്ചു. ആരോഗ്യശാസ്ത്രം മത നിബന്ധനകളിലൂടെ പ്രയോഗത്തിൽ വരുത്തി. അങ്ങനെ ഇന്ത്യയിലെ സാധാരണക്കാരൻ അറിയാതെതന്നെ ഒരു മഹത്തായ സംസ്കാരത്തിന്റെ ഉടമയായി.

പ്രസ്തുത കായികന്മാർ പ്രചരിപ്പിച്ച ഇതിഹാസം ഇന്ത്യൻ സംസ്കാരത്തിന്റെ ഏറ്റവും വലിയ നേട്ടമാണ്. ഒരു ജനതയുടെ സ്വപ്നങ്ങളും ആഗ്രഹങ്ങളും സങ്കടങ്ങളും ചേർന്താണ് അതു്. അനേകം കഥകൾ കോർത്തിണക്കിയ മാലകളാണവ. അവയിൽ പുരാണങ്ങളും, നീതികഥകളും, നാടകങ്ങളും, ചെറുകഥകളും നോവലുകളും ഉണ്ടായിരുന്നു. അക്ഷരാഭ്യാസമില്ലാത്ത ജനതയ്ക്കു് സംസ്കാരത്തിന്റെ പൊന്നിൻ ചഷകങ്ങളാണവ. ചരിത്രപരമായി ഒരു പക്ഷെ അവരുടെ കഥകൾക്കു് വലിയ നിലനില്പ്പുണ്ടായിരുന്നില്ലായിരിക്കാം. എന്നാൽ സഹസ്രാബ്ദങ്ങളായി ഇന്ത്യൻ ജനതയുടെ വികാരങ്ങളെയും നിയന്ത്രിച്ചുകൊണ്ടുപോന്നതു് പ്രസ്തുത ഇതിഹാസങ്ങളാണ്.

ഇന്ത്യയെപ്പോലെ ഇതിഹാസസമ്പത്തിന് പേരെടുത്ത മറ്റൊരു രാജ്യവും ലോകത്തിലില്ല. പ്രാചീനഗ്രീസ്സ് മാത്രമാണ് അക്കാര്യത്തിൽ ഇന്ത്യയ്ക്കുടുത്തു വരുന്നതു്. ചൈനയ്ക്കും ജപ്പാനും സമ്പന്നമായ ഓരോ ഇതിഹാസ ശേഖരങ്ങളുണ്ടു്. പ്രാദേശിക നിറമുള്ള വിശ്വകഥകളാണ് ഇതിഹാസങ്ങൾ. ഇന്ത്യയിലെ ഗംഗാ മാതാവും ജർമ്മനിയിലെ റൈൻ പിതാവും, തെക്കെ അമേരിക്കയിലെ മഹാനായ ആമസോണും അതിന്റെ പ്രതീകങ്ങളാണ്. ഇന്ത്യൻ ചരിത്രത്തിൽ തങ്കലിപികളാൽ

ആലേഖനം ചെയ്യപ്പെട്ടിരിക്കുന്ന ബുദ്ധന്റെയും അശോകന്റെയും അക്ബറുടെയും പേരുകൾ കേട്ടിട്ടില്ലാത്തവർക്കുപോലും ശിവന്റെയും രാമന്റെയും കൃഷ്ണന്റെയും ജീവിതകഥകൾ നിശ്ചയമാണ്. അത്രയധികം സാധാരണക്കാരുമായി ബന്ധപ്പെട്ട അവരുടെ ആശയാഗ്രഹങ്ങൾക്കു രൂപംകൊടുക്കുവാൻ ഇതിഹാസങ്ങൾക്കു കഴിയും. ഇന്ത്യയിലെ ഇതിഹാസങ്ങൾക്കു പ്രസ്തുത ശക്തി പ്രദാനം ചെയ്തതു പ്രാചീന ഇന്ത്യയിലെ കാഥികരാണ്.

ഇതിഹാസങ്ങൾ മനുഷ്യൻ വിശ്വസിക്കേണ്ട പ്രമാണങ്ങളായി കരുതപ്പെട്ടപ്പോൾ അതിന്റെ എല്ലാ ഭംഗിയും നഷ്ടപ്പെട്ടുന്നു. എന്നാൽ അവ പൗരാണികകാലത്തെ ഭാവനാസമ്പന്നരായ കവികളുടെ സൃഷ്ടികളെന്ന നിലയിൽ വീക്ഷിക്കപ്പെട്ടപ്പോൾ മാത്രമേ അവയുടെ ഭംഗിയും പ്രാധാന്യവും വ്യക്തമാകയുള്ളൂ. മനുഷ്യന്റെ പ്രശ്നങ്ങളിൽ പലതും സ്ഥലകാലഭേദങ്ങൾക്കതീതമാണ്. ചരിത്രാതീതകാലം മുതൽ ആ പ്രശ്നങ്ങൾ ചർച്ച ചെയ്യപ്പോന്നു. പ്രാചീനകാലങ്ങളിൽ അവയിൽ ഓരോന്നിനെയും മനുഷ്യൻ ഏതുവിധത്തിൽ വീക്ഷിച്ചിരുന്നു എന്നു് ഇന്നു് പരിശോധിക്കുന്നതുമൂലം പുരാതന മനുഷ്യരുടെ ജീവിതത്തെപ്പറ്റി പല പുതിയ അറിവുകളും ലഭിക്കുവാൻ ഇടയാകും.

പ്രാചീന ഇന്ത്യയിൽ സംസ്കാരത്തിന്റെ പ്രവാചകന്മാരായി സഞ്ചരിച്ചുകൊണ്ടിരുന്ന കാഥികരെ ഇന്നു കണ്ടുകിട്ടുക വിഷമമാണ്. ഒരു പരിധിവരെ അവരുടെ സ്ഥാനം ഇന്നു് രാഷ്ട്രീയപ്രവർത്തകർ സ്വീകരിച്ചിട്ടുണ്ട്. ഗ്രാമീണന്റെ ദൈനംദിന പ്രവർത്തനങ്ങളിലിടപെട്ടു് അവർക്കു് സഹായംനൽകി അവരുടെ സംഭാവനകൊണ്ടു ജീവിതം നയിക്കുന്ന ഇന്നത്തെ ആദർശരാഷ്ട്രീയ പ്രവർത്തകരുടെ പ്രാചീന രൂപമായിരുന്നു പ്രസ്തുത കാഥികർ. പുരാണങ്ങളിലെ വീരസാഹസിക കഥകൾ അവർ ജനങ്ങളുടെ ഇടയിൽ പ്രചരിപ്പിച്ചു. അതിലെ കഥാനായകന്മാർ ജനങ്ങളുടെ ആദർശപുരുഷന്മാരായി. അവരുടെ കഥകൾ ഒരു ഉന്നത സാന്മാർഗ്ഗികനിലവാരം പുലർത്തുന്നവയായിരുന്നു. തന്മൂലം ബഹുജനങ്ങളുടെ സാന്മാർഗ്ഗിക മാനദണ്ഡം പ്രസ്തുത കഥകളായിരുന്നു. ഇന്നത്തെ ഗ്രാമങ്ങളുടെ സാംസ്കാരികവളർച്ചയിൽ പ്രസ്തുത കഥാകാരന്മാരുടെ അഭാവം കാര്യമായ ഒരു വിടവു് സൃഷ്ടിച്ചിട്ടുണ്ട്. രാഷ്ട്രീയ പ്രവർത്തകന്മാക്കു് നികത്താനാവാത്തതാണ് ആ വിടവു് സാമ്പത്തികവും രാഷ്ട്രീയവുമെന്നതിനേക്കാൾ സാംസ്കാരിക രംഗത്താണ് ആ വിടവു് വ്യക്തമായിക്കാണുന്നതു്. അവർ പ്രാചീന ഇന്ത്യയുടെ സാംസ്കാരിക സംരക്ഷകരായിരുന്നു. അവരുടെ നേതൃത്വത്തിലാണ് അന്നു സംസ്കാരം പുരോഗമിച്ചുകൊണ്ടിരുന്നതു്. ഇന്നത്തെ ഇന്ത്യയിലെ സാംസ്കാരിക രംഗത്തെ നേതാക്കന്മാക്കു സാധാരണക്കാരനുമായുള്ള ബന്ധം തീരെ അയഞ്ഞതാണ്. സാധാരണക്കാരും ചിന്തകരുമായി പ്രാചീന ഇന്ത്യയിലുണ്ടായിരുന്നതിനേക്കാൾ വ്യത്യായ അന്തരം ഇന്നുണ്ട്. പത്രങ്ങളും പൊതുയോഗങ്ങളും സിനിമാ പ്രദർശനങ്ങളുമാണ് ആ അന്തരം കുറക്കുവാനുള്ള ആധുനികോപാധികൾ. തല്പരകക്ഷികൾക്കു മുതലെടുക്കുവാനല്ലാതെ ജനസാമാന്യത്തിന്റെ പുരോഗതിയെ ഉദ്ദേശിച്ചുകൊണ്ടു് പ്രസ്തുത ഉപാധികൾ ഇന്നു് ആരും ഉപയോഗിക്കുന്നില്ലാ എന്നതാണ് ഖേദകരമായിരിക്കുന്നതു്.

പ്രാചീന ഇന്ത്യയിൽ ഗ്രാമങ്ങളിലെ സാമ്പത്തികവും സാമൂഹ്യവുമായ ജീവിതത്തിലെ ഒരു അഭേദ്യഘടകമായിരുന്നു പ്രസ്തുത കഥാകാരന്മാർ. അവർ സാധാരണക്കാരന്റെ മനഃസാക്ഷിയും ചരിത്രത്തിന്റെ സംരക്ഷകരുമായിരുന്നു. രേഖപ്പെടുത്തേണ്ട സംഭവങ്ങളുടെ സ്മരണകൾ നശിക്കാതെ നിലനിത്തിക്കൊണ്ടുപോന്നതു് അവരാണ്. കാഥികൻ ഒരു ചരിത്രകാരനും കവിയും എന്നപോലെ ഒരു നടനുംകൂടിയായിരുന്നു, ആധുനിക ചലച്ചിത്രങ്ങളും നാടകങ്ങളും അന്നുണ്ടായിരുന്നില്ല. ഇ

ന്നു് സാധാരണക്കാരനു് ചിന്തിക്കുവാനും വിനോദിക്കുവാനും പണം വിനിയോഗിക്കുവാനും നഗരങ്ങളിൽ മാത്രമല്ല ഗ്രാമങ്ങളിലും അനേകം സൗകര്യങ്ങളുണ്ടു്. എന്നാൽ പ്രാചീന ഇന്ത്യയിലെ ഗ്രാമവാസികളുടെ വിദ്യാഭ്യാസവും വിനോദവും ആരാധനയും കാഥികന്മാരിലൂടെയാണു് നടന്നിരുന്നതു്. അവരുടെ വിനോദം അയാളുടെ വാക്കായിരുന്നു. ഈ കാഥികനാണു് പിന്നീടു് ചാക്യാരായും തുള്ളൽക്കാരനായും എല്ലാം പരിണാമം പ്രാപിച്ചതു്. മഹത്തരങ്ങളായ ആദർശങ്ങളുടെ അവസാന വിജയത്തെപ്പറ്റിയുള്ള കഥകൾ വിനോദരസപ്രധാനമാക്കി അയാൾ വിവരിച്ചിരുന്നു.

പ്രാചീന ഇന്ത്യയിലെ ഗ്രാമീണക്കു് കാഥികൻ ഒരു വ്യക്തിയായിരുന്നില്ല. ഒരു പ്രസ്ഥാനമായിരുന്നു. ഗ്രാമജീവിതം സംഘടിക്കപ്പെട്ടിരുന്നതു് ആ കേന്ദ്രബിന്ദുവിലായിരുന്നു. അയാളുടെകഥകൾ കേൾക്കുവാൻ ഗ്രാമീണർ രാത്രികാലങ്ങളിൽ കൂട്ടം. അവിടെവച്ചു് അവരവക്കു് ഇഷ്ടമുള്ള വിഷയത്തെപ്പറ്റി പരസ്പരം ചർച്ച നടത്തുന്നതിനും ആശയങ്ങൾ കൈമാറുന്നതിനും അവസരം ലഭിച്ചിരുന്നു. ക്രമേണ ജനങ്ങളുടെ കഴിവുകൾ പ്രദർശിപ്പിക്കുവാനുള്ള സന്ദർഭം കൂടിയായി അതുമാറി. പഠനക്ലാസുകളെയും ചർച്ചാ സമ്മേളനങ്ങളെയുംപറ്റി കേട്ടിട്ടില്ലാത്ത അക്കാലത്തു് അവയുടെ ഉപയോഗം ഇതുമൂലം സാധിച്ചുപോന്നു. സാമൂഹ്യ ജീവിതത്തിനു് അതൊരു കെട്ടുറപ്പുവരുത്തി ആധുനികകാലത്തെ ഉത്സവങ്ങളും അതിനെ അനുകരിക്കുന്ന രാഷ്ട്രീയ സമ്മേളനങ്ങളും ഇതിൽനിന്നു് വളർന്നതാണു് എന്നു് അനുമാനിക്കേണ്ടിയിരിക്കുന്നു.

വളരെ ചുരുക്കമായിമാത്രമേ കാഥികൻ ഗ്രാമങ്ങളിൽനിന്നു് പുറത്തുപോകാറുണ്ടായിരുന്നുള്ളു. ശ്രോതാക്കളുടെ അംഗവിക്ഷേപങ്ങളാണു് അവർക്കുള്ള തുടെ വിജയത്തിന്റെ മാനദണ്ഡമായി കരുതിയിരുന്നതു്. ത്യാഗത്തിന്റെയും സ്നേഹത്തിന്റെയും കഥകൾ ഇരുകൂട്ടരുടെയും ഹൃദയങ്ങളെ തരളിതമാക്കി. ലൗകിക ജീവിതവുമായി ബന്ധപ്പെട്ടതായിരുന്ന ആ കഥകൾ എല്ലാംതന്നെ തന്മൂലം ആധുനിക 'യഥാതഥാ' പ്രസ്ഥാനവുമായി അതിനു് ബന്ധമുണ്ടായിരുന്നു എന്നു് ഉൽഘോഷിക്കുന്നതിൽ തെറ്റില്ല.

വിജയകരമായ് ഒരു ജീവിതക്രമം ഇന്ത്യയിൽ പടുത്തുയർത്തിയതിന്റെ ഉത്തരവാദിത്വം മറ്റാരെയുംകാൾ കാഥികരാണു് വഹിക്കുന്നതു്. അവരുടെ അഭാവത്തോടുകൂടി ആ ജീവിതക്രമം ഇന്നു് തകർന്നു. എന്നാൽ അതിന്റെ സ്ഥാനത്തു് മറ്റൊന്നും രൂപം പ്രാപിച്ചിട്ടുമില്ല. പഴയതിൽനിന്നും പുതിയതിലേയ്ക്കുള്ള പരിവർത്തനത്തിന്റെ ഘട്ടമാണിതു്. അവ്യക്തങ്ങളായ ആദർശങ്ങളും സങ്കല്പങ്ങളുമാണു് ഇന്നു് ഭരണം നടത്തുന്നതു്. വ്യക്തതയുടെ അഭാവംമൂലമുള്ള കുഴപ്പം എവിടെയും കാണാം.

***

'ഒരുവന്റെ മതത്തിലുള്ള വിശ്വാസംമൂലം മറുമതങ്ങളെ പൂജിക്കുന്നവർ, അവന്റെ മതത്തിനു വലിയദോഷമാണു് ചെയ്യുന്നതു്.'

—അശോകൻ

'ലോകത്തിൽ എറ്റവും നല്ലതെന്നു പറയപ്പെടുന്നതും അറിയപ്പെടുന്നതുമായ കാര്യങ്ങൾ ശരിയായി അറിഞ്ഞിരിക്കുകയെന്നതാണു് സംസ്കാരം'.

—അമ്പോർഡു്

"ഞാൻ വസ്ത്രങ്ങളഴിച്ചുവച്ചു", ചാടാനുള്ള ഭാവത്തിൽ നദിയിലേക്കു നോക്കിക്കൊണ്ടുനിന്നു. അപ്പോൾ യാദൃച്ഛികമായി എന്റെ നഗ്നമായ പുറത്തു് ഒരു ചൂരൽ വന്നുവീണു.

പുഴയൊഴുകും ചിലന്തിവലയും

വിദ്യാസാഗർ നൌത്തിയാൽ

(വിവ: വിദ്വാൻ, കെ.എസ്സ്.പി. കത്താവു്, ബി.എ.)

എന്റെ മുറിയുടെ വടക്കേ ജന്നലിൽക്കൂടി നോക്കിയാൽ അല്പം അകലെയായി പുഴയൊഴുകുന്നതുകാണാം. ആ പുഴയിൽ ഞങ്ങൾക്കാർക്കും കുളിക്കാൻ പാടില്ല. കുടുംബത്തിലെ ഒരു വ്യക്തിയ്ക്കും കുളിക്കാൻ പറ്റുകിൽ പിന്നെ ഞങ്ങളുടെ പൂർവ്വീകർ എന്തിനാണു് ഈ പുഴയുടെയരികിൽ പുര പണികഴിപ്പിച്ചതെന്നു് എനിക്കു മനസ്സിലാകുന്നില്ല. ഒരു പക്ഷെ അവർ കുളിച്ചിരുന്നിരിക്കാം. എങ്കിലും, ഇതു് ഞാൻ അനുമാനിക്കുന്നതാണു്. തെളിവൊന്നും എന്റെ കൈവശമില്ല.

ഞങ്ങൾക്കു് കുളിക്കണമെങ്കിൽ പുഴയിൽനിന്നു് വെള്ളം വീട്ടിൽ കൊണ്ടുവന്നു് കുളിപ്പുരയിൽവച്ചു് കുളിക്കണം. കുടിക്കാനുള്ള വെള്ളവും വീട്ടിൽ കൊണ്ടുവന്നു് ഗ്ലാസ്സിലൊഴിച്ചു് കുടിക്കണം. കുറച്ചുനാൾമുമ്പു് അച്ഛൻ എനിക്കു് ഒരു വെള്ളിഗ്ലാസ്സു് വാങ്ങിത്തന്നുകൊണ്ടു പറഞ്ഞു; "ഈ ഗ്ലാസ്സുകൊണ്ടു വെള്ളം കുടിച്ചോളൂ".

"പുഴയിൽപോയി...സ്സു..." ഞാൻ ചോദിക്കാൻ ഭാവിച്ചു.

അച്ഛനു് ദേഷ്യം വന്നു. അദ്ദേഹം പറഞ്ഞു; 'പുഴയും സമുദ്രവുമൊന്നുമില്ല. വെള്ളം കുടിക്കണമെങ്കിൽ ഈ ഗ്ലാസ്സുകൊണ്ടു കുടിച്ചുകൊള്ളണം.'

'ഞാൻ കുളിക്കുന്ന കാര്യമാണു ചോദിച്ചതു്' പേടിച്ചു വിറച്ചുകൊണ്ടു് ഞാൻ പറഞ്ഞു.

'നദിയിൽപ്പോയി കുളിക്കുന്നതു് നന്നല്ല. മുങ്ങിയൊഴുകിപ്പോകും'.

'മലവെള്ളം വരുമ്പോഴല്ലേ ഒഴുകിപ്പോവുകയുള്ളു'.

'അല്ലാത്തപ്പോഴും ചിലപ്പോൾ പറ്റും. എങ്ങനെ വിശ്വസിക്കാം? ആരു് എപ്പോൾ മുങ്ങിച്ചാവുമെന്നു് പറയാൻ പറ്റുമോ? വെള്ളത്തിലൊഴുകിപ്പോയാൽ പിന്നെ ഒരു വിവരവും കിട്ടുകയില്ല.'

'എന്നാലും ഇപ്പോൾ വെള്ളം തെളിഞ്ഞാണു കിടക്കുന്നതു്. അടിയിലെ കല്ലുകളുംകൂടി കാണാം! ഞാൻ നദിയുടെ നേക്കു നോക്കിക്കൊണ്ടു പറഞ്ഞു.

'എത്രപറഞ്ഞാലും യുക്തിവാദമാണു്!' അച്ഛൻ എന്നെ ഭീഷണിപ്പെടുത്തി. 'ഇക്കാലത്തും ആൾക്കാർക്കു മുങ്ങിച്ചാവാം. പുഴയുടെ അടുത്തു പോവുകപോലുമരുതു്'

എനിക്കു് എന്റെ മുറിയിലെ സാധനങ്ങൾ അടുക്കിയൊതുക്കി വയ്ക്കുന്നതു വളരെയിഷ്ടമാണു്. സ്നേഹിതരിൽ ആരെങ്കിലുംവന്നു് എതെങ്കിലും സാധനത്തിനു് സ്ഥാനഭ്രംശം വരുത്തുകയാണെങ്കിൽ, അയാൾ പോകുന്നതുടനെ ഞാൻ അതു ശരിക്കുവയ്ക്കും. എന്റെ മുറികണ്ടു് ആൾക്കാർക്കു് അത്ഭുതംതോന്നും. എല്ലാ സാധനങ്ങളും അതതു സ്ഥാനത്തു വയ്ക്കുന്ന ഈ സ്വഭാവംമൂലം എനിക്കു് ഇരുട്ടുനിറഞ്ഞ രാത്രിയിൽപോലും ഏതെങ്കിലും സാധനമാവശ്യമാണെങ്കിൽ വിഷമംകൂടാതെ എടുക്കാൻ സാധിക്കും. എനിക്കു് ഗ്ലാസ്സു കിട്ടിയപ്പോൾ ഞാനതു് കട്ടിലിന്റെ തലയ്ക്കലുള്ള ജന്നൽക്കൽ, കൈയെത്താവുന്ന സ്ഥാനത്തു് സ്ഥാപിച്ചു,

പുഴയുടെ നിമ്ലവും ശീതളവുമായ ജലത്തിൽ നീന്തിത്തുടിച്ചു, അക്കരെയെത്താറുള്ള മുന്നുനാലാൾക്കാരും ഈ ഗ്രാമത്തിലുണ്ട്. അവർ മണിമുറുകൾ വരെ അതിലിറങ്ങിക്കിടക്കും. നാട്ടുകാക്കെല്ലാം ഈ മനുഷ്യരെ ഭയമാണ്. ഞാനതിനെപ്പറ്റി ആലോചിക്കാൻ മിനക്കെട്ടില്ല. അവർ പുഴയിൽ കിടന്ന് ഓളങ്ങളെ തട്ടിമാറ്റിക്കൊണ്ട് അക്കരയ്ക്ക് നീന്തിപ്പോകുന്നതു് ഞാനെന്റെ മുറിയുടെ ജന്നലിൽക്കൂടി നോക്കിക്കൊണ്ടിരിക്കും. എനിക്ക് ആ കാഴ്ച രസകരമാണ്. അങ്ങനെ അവരെ നോക്കിക്കൊണ്ടിരിക്കുന്നതു് ഒരു സുഖമാണ്. ചിലപ്പോൾ അവർ ഒരുയർന്നപാറയിൽനിന്നെടുത്തു് ചാടുന്നതു കാണാം. മറ്റുചിലപ്പോൾ ഒരിടത്തുമുങ്ങി വളരെയകലെച്ചെന്ന് നിവരും. പിന്നെ ചിലപ്പോൾ കൈകാലുകളനക്കാതെ ഒഴുക്കിലങ്ങനെ കിടക്കുന്നതു കാണാം. ചിലപ്പോൾ സൂര്യനഭിമുഖമായി കിടന്ന് കൈകൾ കൂപ്പി കാലുകളെക്കൊണ്ടു തുഴഞ്ഞുകൊണ്ടിരിക്കും. ഈ രംഗങ്ങളെല്ലാം ആരെയും ആകർഷിക്കുന്നവയാണ്. അവർ അത്രമാത്രം ധൈര്യത്തോടെ നദിയിലെ ശക്തിയേറിയ തിരകളെ തരണം ചെയ്യുന്നതു കാണുമ്പോൾ, എന്തിനാണ് ഇവരെ ഭയങ്കരന്മാരെന്ന് വിളിക്കുന്നതെന്ന് എനിക്കു മനസ്സിലാകുന്നില്ല.

ഒരു ദിവസം ഞാൻ അവരങ്ങനെ നീന്തുന്നതു നോക്കിക്കൊണ്ടിരിക്കയായിരുന്നു. ദാഹം തോന്നിയതിനാൽ ഞാനെന്റെ ഗ്ലാസ്സെടുത്തു. ഒരു തുള്ളി കുടിച്ചപ്പോഴേയ്ക്കും മനംപിരട്ടി ഗ്ലാസ്സിലെ വെള്ളത്തിന് ഒരു നേരിയ ചൂട തോന്നി. മുമ്പിൽ ശീതള ജലത്തിന്റെ നിമ്ല പ്രവാഹം! എന്നിട്ട് മുറിക്കുള്ളിൽ ഇരുന്ന് ചൂടുവെള്ളം കുടിക്കുന്നതു് എത്ര മണ്ടത്തരമാണെന്നു ഞാനാലോചിച്ചു. മുറിയിലെ ചൂട വർദ്ധിച്ചുതുടങ്ങി. പുഴയിലെ തണുത്ത വെള്ളത്തിൽച്ചെന്ന് ഒന്നു മുങ്ങിവന്നാലോ എന്ന് എന്റെമനസ്സിൽതോന്നി.

അച്ഛൻ എന്നെ നിരീക്ഷിച്ചുകൊണ്ടിരിക്കുന്നുണ്ടോ എന്നറിയാൻവേണ്ടി ഞാനദ്ദേഹത്തിന്റെ മുറിയിലേക്കുചെന്നു. അദ്ദേഹം ഉറങ്ങുകയാണ്. ഇതാണ് പറ്റിയ അവസരമെന്ന് നിശ്ചയിച്ച് ഞാൻ ഗ്ലാസ്സ് ജന്നലിങ്കൽ നിക്ഷേപിച്ചിട്ട് പുഴവക്കത്തേക്കുകുതിച്ചു.

തീരത്തെത്തിയപ്പോൾ എനിക്കതേന്നിയ സുഖം അവർണ്ണനീയമായിരുന്നു. അവിടെനിന്നുകൊണ്ടുതന്നെ പുഴവനും എന്നിലേക്ക് വലിച്ചെടുക്കണമെന്ന മോഹം തോന്നി.

ഞാൻ വസ്ത്രങ്ങളഴിച്ചുവച്ച്, ചാടാനുള്ള ഭാവത്തിൽ നദിയിലേയ്ക്കു നോക്കിക്കൊണ്ടുനിന്നു. അപ്പോൾ യാദൃച്ഛികമായി എന്റെ നഗ്നമായ പുറത്ത് ഒരു ചൂരൽ വന്നുവീണു. വേദനയാൽ പുളഞ്ഞുകൊണ്ട് ഞാൻ പിന്തിരിഞ്ഞുനോക്കി. അച്ഛൻ കയ്യിൽ ചൂരലുമായി നില്ക്കുകയാണ്. അദ്ദേഹം രണ്ടാമതൊന്നടിച്ചില്ല. ഒരക്ഷരം മിണ്ടിയതുമില്ല. ഞാൻ മിണ്ടാതെ മുണ്ടെടുത്തുടുത്ത് വീട്ടിലേയ്ക്കു നടന്നു. ഇരുവരും പരസ്പരം സംസാരിച്ചില്ല. രണ്ടുപേരും താന്താങ്ങളുടെ വിചാരങ്ങളിൽ വിലീനരായി, പരസ്പരം ദർശനത്തിനുപോലും ശ്രമിക്കാതെ വീട്ടിലെത്തിച്ചേർന്നു. ഞങ്ങൾക്ക് പരസ്പരം നോക്കാൻപോലും വേണ്ടത്ര ധൈര്യമുണ്ടായില്ലെന്നതാണു വാസ്തവം.

വീട്ടിലെത്തിയയുടൻ ഞാൻ നേരെ എന്റെ മുറിയിലേക്കുപോയി. ആ ഗ്ലാസ്സ് ജന്നലിനുതാഴെ വീണുകിടക്കുന്നു; വെള്ളംകൊണ്ട് നിലം മെഴുകിയിട്ടുണ്ട്. ജനലിങ്കൽ വച്ചിരുന്ന ഗ്ലാസ് ഉരുണ്ടു താഴെ വീണ ശബ്ദംകേട്ടപ്പോൾ അച്ഛൻ തട്ടിപ്പിടഞ്ഞെഴുന്നേല്ക്കുകയും മുറിയിൽ വന്നപ്പോൾ എന്നെക്കാണാഞ്ഞു് ചൂരലുമായി പുറപ്പെട്ടകയും ചെയ്തതാണെന്ന് അമ്മപറഞ്ഞു.

ഓരോ സാധനവും യഥാസ്ഥാനം വയ്ക്കുന്ന കാര്യത്തിൽ കൂടുതൽ ശ്രദ്ധിക്കേണ്ടതുണ്ടെന്ന് അന്നെനിക്കു മനസ്സിലായി. ആ ഗ്ലാസ് തലയ്ക്കുള്ള ജന്നലിങ്കൽ വച്ചിരുന്നെങ്കിൽ എന്റെ പുറത്ത് ചൂരൽ പ്രയോഗം നടക്കുമായിരുന്നില്ല. എനിക്കു നീന്തുവാൻ സാധിച്ചേനെ. ജന്നലിങ്കലിരുന്ന ഗ്ലാസ്

ഞാൻ പുഴവക്കത്തേയ്ക്കു പോകുന്നതു കണ്ടു് ഉരുണ്ടു് താഴെ വീണതായിരിക്കും.

ഞാൻ ഗ്ലാസ്സെടുത്തു് അതിന്റെ സ്ഥാനത്തു വച്ചിട്ടു് അതിനോടു സംസാരിക്കാനാരംഭിച്ചു. 'എന്റെ പ്രിയ ഗ്ലാസേ, നീ എന്തിനേ ഉരുണ്ടു വീണതു്? എനിക്കുവേണ്ടിയാണു് വലിയ വിലകൊടുത്തു നിന്നെ മേടിച്ചതെന്നും, നീ എനിക്കു ദാഹം തീർക്കാനുള്ള ഉപകരണമാണെന്നും ഞാൻ സമ്മതിക്കുന്നു. എന്നാലും ആ പുഴവക്കത്തേയ്ക്കു് ഞാനൊന്നു പോയാൽ നിനക്കെന്താ ചേതം? നിനക്കു മുറിവു പറ്റിയെന്ന കാര്യം ശോചനീയം തന്നെ നീയൊരു ഗ്ലാസ്സാണു്, വെള്ളി കൊണ്ടുള്ളതാണു് എന്നു് നിനക്കറിയില്ലേ? വേറെയാണെങ്കിലും നിന്നെ വിലകൊടുത്തു വാങ്ങുമായിരുന്നില്ലേ? നിന്റെ നിർമ്മാണകാലത്തു് ആ പണിക്കാരൻ, നീയിവിടെത്തന്നെയാണു വന്നെത്തുകയെന്നു് തീരെ തീരുമാനിച്ചിട്ടുണ്ടാവില്ല. നിന്നെ പണിതീർക്കൽ മാത്രമായിരുന്നു ഉദ്ദേശം. ആർക്കുവേണ്ടിയാണെന്നു് അയാൾക്കറിയാമായിരുന്നില്ല. ആരെങ്കിലും നിന്നെ വാങ്ങിച്ചുകൊള്ളുമെന്നുമാത്രം മനസ്സിലുണ്ടായിരുന്നു....'

ഗ്ലാസ്സിന്റെ മറുപടി പ്രതീക്ഷിച്ചു് ഞാൻ തെല്ലിട നിന്നു. ലോഹംകൊണ്ടുള്ള ഗ്ലാസു് എങ്ങനെയാണുത്തരം പറയുക? മുൻപിൽ പുഴയിലെ അലകളുടെ ഒലി കളകളം പുറപ്പെടുവിച്ചുകൊണ്ടിരുന്നു.

ഗ്ലാസ്സു് ഒത്തരവും പറയാതിരുന്നപ്പോൾ എനിക്കു ദേഷ്യം വന്നു. ഞാൻ വീണ്ടും പറഞ്ഞു: 'നീ ഈ പുഴയിലെ അലയൊലി കേൾക്കുന്നുണ്ടോ? നോക്കൂ, ഈ സ്വരത്തിൽ നിരവധി കവികളുടെ വാണിയെ നിരുപമാക്കിത്തീർത്ത സംഗീതമുണ്ടു്. നിനക്കിതൊന്നും മനസ്സിലാവില്ല. പോകട്ടെ നീതന്നെ ഉത്തരം പറയൂ.'

ഗ്ലാസ്സിൽനിന്നു് ഒരു ശബ്ദവും പുറപ്പെട്ടില്ല. 'പോയിത്തുലയട്ടെ' എന്നും പറഞ്ഞു് ഞാനതു് വലിച്ചൊരേറു കൊടുത്തു. ഗ്ലാസു് തറയിൽ ചെന്നു വീണപ്പോൾ വിലാപസ്വരം പുറപ്പെടുവിച്ചു. എനിക്കു സ്വയം മടിപ്പുതോന്നി. ഗ്ലാസ്സു് വല്ല മറുപടിയും പറയുമോ? ഹൃദയത്തിൽ വേദന അനുഭവിച്ചുകൊണ്ടു് ഞാൻ അതിനെ കയ്യിലെടുത്തു. അതിന്മേൽ രണ്ടാമതും ഒരു 'പാട്ടു്' പററിയിരുന്നു. ഞാനതിൽ വെള്ളം നിറച്ചു് പൂർവ്വസ്ഥാനത്തുവച്ചു.

നദിയുടെ നേർക്കു നോക്കുവാൻ ആശങ്കയുണ്ടായെങ്കിലും ഗ്ലാസിന്മേലുള്ള രണ്ടു മുറിവുകളിൽനിന്നു് കണ്ണെടുക്കുവാൻ ധൈര്യമുണ്ടായില്ല. നദിയിൽനിന്നു് അപ്പോഴും സംഗീതലഹരി പ്രവഹിക്കുന്നുണ്ടു്. ഗ്ലാസു് മിണ്ടുന്നുമില്ല. ഞാൻ ആ ഗ്ലാസ്സിനെ സാന്ത്വനിപ്പിക്കാനെന്നപോലെ വിരൽകൊണ്ടു് അതിൽ താളം പിടിച്ചു തുടങ്ങി. ഗ്ലാസ്സിൽനിന്നും ഒരു ദിവ്യ സംഗീതം പൊട്ടിപുറപ്പെട്ടു. ഞാനുകണ്ണടച്ചു് ആ താളപ്രയോഗത്തിൽതന്നെ തല്പരനായി. ഗ്ലാസ്സിൽനിന്നും പലതരത്തിലുള്ള സ്വരം കേൾക്കാറായി. ഏകാന്തതയിൽ സുന്ദരമായൊരു വാദ്യയന്ത്രത്തിന്റെ സഹായത്തോടെ മനോരഞ്ജകമായരാഗം ആലപിക്കുന്നതുപോലെ എനിക്കനുഭവപ്പെട്ടു. പെട്ടെന്നു് ഞാൻ മതിമറന്നു് സ്വയം പാടിത്തുടങ്ങി,

എന്റെ പാട്ടുകേട്ടു് അച്ഛൻ ശകാരിച്ചു. "നിനക്കിന്നു് എന്തുപറ്റി? വീട്ടിലാകെ ചെവിതല കേൾക്കേണ്ടല്ലോ. ഗ്ലാസെന്താ ചെണ്ടയോ മറേറാ ആണോ, അതിന്മേലിട്ടു കൊട്ടാൻ? അതു വെള്ളം കുടിക്കാനുള്ളതാണു്, കൊട്ടാനുള്ളതല്ല.'

ഗാനം–സംഗീതം–ഭഗ്നമായി. എങ്കിലും അച്ഛന്റെ ആ തടയൽ എനിക്കു തീരെ പിടിച്ചില്ല. അതിൽപ്പിന്നെ ജീവിതത്തിലൊരിക്കലും എനിക്കു പാടാൻ തോന്നിയിട്ടില്ല. ഗ്ലാസ്സുകൊണ്ടു് വെള്ളം കുടിക്കൽമാത്രം നിർവ്വഹിച്ചു് ഞാൻ കഴിഞ്ഞുപോന്നു. അതിൽനിന്നു് പിന്നൊരിക്കലും കളനാദം പുറപ്പെടുവിക്കാൻ എനിക്കു കഴിഞ്ഞിട്ടില്ല.

ഞാൻ അതിൽപിന്നെ പാടിയില്ലെങ്കിലും, പുഴയിലെ അലകളുടെ സംഗീ

തത്തെ തടയാൻ അച്ഛനു് സാധിക്കില്ലല്ലോ. എന്റെ മുറിയുടെ ജന്നലിങ്കലിരുന്നു് ഞാൻ വളരെനേരത്തേയ്ക്കു് ആ സംഗീതം കേട്ടുകൊണ്ടിരിക്കാറുണ്ടു്. ഗ്ലാസ്സിൽ വെള്ളം നിറച്ചിട്ടു്, അതിന്മേൽ താളം പിടിക്കാനുള്ള ആശ ഇടയ്ക്കു് അങ്കുരിക്കുമെങ്കിലും അച്ഛന്റെ ഭീഷണിയെപ്പറ്റിയോർക്കുമ്പോൾ അതു വേണ്ടെന്നുവയ്ക്കും. ആ സമയത്തു് എന്റെ വ്യസനം നൂറിരട്ടി-ആയിരമിരട്ടിയായി വർദ്ധിക്കും. എങ്കിലും മനസ്സടക്കിക്കൊണ്ടു്, ഉള്ളിലെ വികാരത്തെ ഉള്ളിൽത്തന്നെ ഒതുക്കിക്കൊണ്ടു്, ഞാൻ നദിയുടെ താളത്തിൽ ലയിച്ചിരിക്കും.

* * *

നിലാവണിഞ്ഞൊരു നിശാവേള. വീട്ടിൽ എല്ലാവക്കും പൗർണ്ണമാസിപ്രതമാണു്. രാത്രി ഹരികഥയുണ്ടായിരുന്നു. പലതരത്തിലുള്ള പലഹാരങ്ങളുണ്ടായിരുന്നു. ഞങ്ങളെല്ലാവരും മുറ്റത്തിറങ്ങി. വേനൽക്കാലം, പകൽ മുഴുവൻ പട്ടിണി. പോരെങ്കിൽ പാതിരയ്ക്കു് അതിഭക്ഷണവും. എല്ലാംകൂടി വലിയ ദാഹം തോന്നി. ഞാൻ ഗ്ലാസ്സിൽനിന്നും വെള്ളം കുടിച്ചുകൊണ്ടേയിരുന്നു. ചൂടുപിടിച്ച വെള്ളം, കിടക്കാൻ നേരത്തു തീർന്നുപോയി. വീട്ടിലെങ്ങും ഒരു തുള്ളിവെള്ളംപോലുമില്ല, ഞാൻ നിരാശയോടെ പോയിക്കിടന്നു.

തെല്ലുനേരമേത്തയ്ക്കു് കണ്ണുചിമ്മിക്കൊണ്ടങ്ങനെകിടന്നു. ഇടയ്ക്കു് ഗ്ലാസ്സെടുത്തു നോക്കുമ്പോൾ കരച്ചിൽവന്നിരുന്നു. അംബരത്തിൽ പൗർണ്ണമിച്ചന്ദ്രൻനിന്നു് പാലൊളിപ്പഞ്ചരി തൂകുന്നു. എന്റെ ജന്നലഴികളിൽക്കൂടി അമ്പിളിയുടെ ശീതള കിരണങ്ങൾ എത്തിനോക്കി. അല്പസമയത്തിനുള്ളിൽ അവ അകത്തേയ്ക്കു് കടന്നുവന്നു. അതേ ചന്ദ്രകിരണങ്ങൾ പുഴയിലെ കല്ലോലങ്ങളെയും ദീപ്തിമത്താക്കുന്നുണ്ടു്. പവ്വത്തിന്റെ തടങ്ങളിലും പാടങ്ങളിലെ തലയാട്ടുന്ന കതിക്കലകളിലും ആ കതിരുകൾതന്നെ തിരതല്ലുന്നു! നമുക്കു് പ്രകാശവും ജീവനും, ശൈത്യവും നൽകുന്ന ഒരേ ജോതിസ്സാണു് എല്ലാവക്കും ഗോചരീഭവിക്കുന്നതെന്നു് എനിക്കപ്പോൾ തോന്നി. ഞാനിടയ്ക്കു് പുഴയുടെ നേക്കും, ഇടയ്ക്കു് ചന്ദ്രന്റെ നേക്കും നോക്കിക്കൊണ്ടിരുന്നു.

ഈ നോട്ടത്തിനിടയ്ക്കു് കുറച്ചുനേരത്തേയ്ക്കു് ഞാനെന്റെ ദാഹംതന്നെ മറന്നുപോയി. പക്ഷെ അതധികസമയം നീണ്ടുനിന്നില്ല, ക്രമേണ എന്റെ തൊണ്ടയുണങ്ങി. ഒരുവശത്തിരുന്നിരുന്ന ഗ്ലാസ്സിനു് എന്റെ തൊണ്ട വരൾച്ചമാറാനുള്ള സന്നദ്ധതപോലുമില്ല. പ്രത്യുത, അതു് ശൂന്യമാണെന്നോക്കുവേ, എന്റെ ദാഹം സ്വാഭാവികമായിത്തന്നെ വർദ്ധിച്ചു.

എനിക്കു് കിടക്കപ്പൊറുതിയില്ലാതായി. ഞാനെഴുന്നേറ്റു്, നേരത്തെ കുറച്ചു വായിച്ചുവച്ചിരുന്ന തൂർഗനേവിന്റെ 'പ്രഥമ പ്രേമം' വായിക്കാനായി വിളക്കു കത്തിക്കാൻ ഭാവിച്ചു. ഈ അസമയത്തു് വിളക്കുകത്തിക്കുന്നതുകണ്ടു് അമ്മ കോപിച്ചാലോ എന്നു പേടിച്ചു് (അങ്ങിനെ ഒന്നുരണ്ടുതവണ ഉണ്ടായിട്ടുണ്ടു്) ആ നിലാവെളിച്ചത്തിൽത്തന്നെ അതു വായന തുടങ്ങി.

പ്രണയ ചന്ദ്രന്റെ പ്രകാശം, തൂർഗനേവിന്റെ സാഹിത്യം, നിലാവുനിറഞ്ഞരാത്രി–പോരെങ്കിൽ പാതിരാനേരത്തു് ഉന്മാദിനിയായൊരു നദിയുടെ കളകളസ്വനം, എനിക്കു് സ്വർഗ്ഗംകിട്ടിയതുപോലെ, ജീവിതത്തിലെ സർവ്വോത്തമമായ സാധനം കൈവന്നതുപോലെ തോന്നി.

ഞാൻ വളരെ നേരംവരെ വായിച്ചുകൊണ്ടേയിരുന്നു. എത്രനേരമെന്നു് എനിക്കതന്നെ നിശ്ചയമില്ല. 'പ്രഥമപ്രേമ'ത്തിലെ നായകൻ രാത്രി, തന്റെ കാമുകിയുടെ ഗൃഹത്തിൽനിന്നു് സ്വന്തം പിതാവു വരുന്നതുകണ്ടു. അപ്പോഴേക്കും എന്റെ ജന്നാലഴികൾനിന്നു് ചന്ദ്രകിരണങ്ങൾ മറ്റൊരിടത്തേയ്ക്കു് മാറിപ്പോയി. ഞാൻ പുസ്തകമടച്ചുവച്ചു് നദിയുടെ നേക്കു നോക്കിത്തുടങ്ങി. അവിടെ അപ്പോഴും, ആയിരക്കണക്കിനു്, ലക്ഷക്കണക്കിനു് അമ്പിളി പുഞ്ചിരിപൊ

ഴിച്ചുകൊണ്ടിരിക്കുന്നു. എന്റെ ദാഹം ഈ നിമിഷത്തിൽ ശമിച്ചില്ലെങ്കിൽ ഞാൻ മരിച്ചുപോകുമെന്നു്—നാളെ രാവിലെ ഈ കട്ടിലിൽ എന്റെ സ്ഥാനത്തു് എന്റെ ശവമാണു് കാണപ്പെടുകയെന്നു്—എനിക്കുതോന്നി.

ഞാൻ നദിയിലേയ്ക്കു് ഓടി. തീരത്തെത്തിയപ്പോൾ വെള്ളത്തിലിറങ്ങിയാലെന്തെന്നു് തോന്നി. രണ്ടു മുങ്ങു് മുങ്ങിയാൽമതി. ഉള്ളിൽക്കടന്നു് അല്പം തണുത്തവെള്ളം കുടിച്ചാൽമതി. ഈ സന്ദർഭം ഇനി കിട്ടിയെന്നു വരില്ല.

ഞാൻ ചന്ദ്രനെ നോക്കി. അദ്ദേഹം മന്ദഹസിക്കുന്നു. വേഗം മുണ്ടഴിച്ചുവച്ചു് ഞാൻ വെള്ളത്തിലേക്കിറങ്ങി.

മുങ്ങുമ്പോൾ മൂക്കിൽ വെള്ളം കയറാതിരിക്കാനായി ഞാൻ ഒരു കൈകൊണ്ടു് മൂക്കു പൊത്തിപ്പിടിച്ചു. പെട്ടെന്നു് വെള്ളത്തിനുള്ളിൽ എന്റെ കാലിൽ എന്തോ തടയുന്നതായിതോന്നി. ഞാൻ ചകിതചിത്തനായി. പിന്നോട്ടു തിരിഞ്ഞുനോക്കിയപ്പോൾ അമ്മയുണ്ടു് വെള്ളത്തിനുള്ളിൽനിന്നുയരുന്നു! ഞാൻ കണ്ണുതിരുമ്മി വീണ്ടും അങ്ങോട്ടു നോക്കിയപ്പോഴേയ്ക്കും അദ്ദേഹം പൂഴവക്കത്തുനിന്നു. പിന്നെ വീട്ടിലേയ്ക്കു നടന്നു. വെള്ളത്തിൽനിന്നു് പൊങ്ങുമ്പോൾ ഞാൻ അദ്ദേഹത്തിന്റെ പിന്നിലായിരുന്നതുകൊണ്ടു് അദ്ദേഹം എന്നെ കണ്ടില്ലെന്നാണു് എന്റെ വിശ്വാസം.

വീട്ടിൽ തിരിച്ചെത്തിയിട്ടു് ഞാൻ നടന്ന സംഭവത്തെപ്പറ്റി പര്യാലോചിച്ചു. എന്നെ പൂഴവക്കത്തു കണ്ടിട്ടു് ചൂരൽപ്രഹരം നടത്തിയ അമ്മൻ പാതിരാനേരത്തു് സ്വയം ആ പുഴയിൽ... ഇതിന്റെയൊക്കെ അർത്ഥമെന്താണു്."

* * *

ആ സംഭവം എനിക്കു മറക്കാൻവയ്യ. ഇന്നു് വർഷങ്ങൾക്കുശേഷം, ഞാൻ എന്റെ മുറിയുടെ സ്ഥിതിയെപ്പറ്റി ആലോചിക്കയാണു്. എല്ലാസാധനങ്ങൾക്കും സ്ഥാനഭ്രംശം പറ്റിയിരിക്കുന്നു. എന്റെ കൺമുമ്പിൽവച്ചതന്നെ ഈ മുറിയ്ക്കു് ഈ ദുരവസ്ഥ നേരിടാൻ മാത്രം ഞാൻ സ്ഥിരബുദ്ധിയില്ലാത്തവനായോ എന്നു് എനിക്കത്ഭുതം തോന്നുന്നു. നാലുപാട്ടം ചപ്പും ചവറും, എല്ലാ സാധനങ്ങളും തോന്നിയ സ്ഥലത്തു്—കൊട്ടക്കണക്കിനു പൊടിയും.

മുറിയിലെ സാധനങ്ങളെല്ലാം ശരിയ്ക്കു് ഒതുക്കിവച്ചിട്ടു് ഞാൻ ജനാലയ്ക്കൽ പോയിരുന്നു. അവിടെ ഒരു ചിലന്തി വല നെയ്യാൻ തുടങ്ങിയിരിക്കുന്നു. തന്മൂലം മുൻവശത്തെ നദീരംഗം മങ്ങിമങ്ങി കാണപ്പെടുന്നു. വാതിക്കൽ ചെന്നു് നോക്കിയപ്പോൾ, അവിടെയും ഒരു ചിലന്തി വായുവിൽ ഊഞ്ഞലാടിക്കൊണ്ടു, വല നെയ്യുന്നു.

എന്റെ മാർഗ്ഗം വൃത്തിയാക്കാൻവേണ്ടി ആ വല നശിപ്പിക്കണമെന്നു് ഞാനാശിച്ചു. അപ്പോഴേക്കും എന്റെ പത്നി അരികെ വന്നു് സങ്കോചത്തോടെ മൊഴിഞ്ഞു: 'ഈ വീട്ടിലേയ്ക്കു് ഒരു കളിപ്പാവ വരാറായിട്ടുണ്ടല്ലോ' ഇതും പറഞ്ഞവൾ തല കുനിച്ചു.

ഞാൻ ആ ചിലന്തിവലയിൽനോക്കിക്കൊണ്ടു് ഭാര്യയുടെ വാക്കുകളെപ്പറ്റി ചിന്തിക്കാൻ തുടങ്ങി.

***




ആത്മത്യാഗം പഠിക്കുക. അതു പ്രാവർത്തികമാക്കുന്നതിൽ ആനന്ദം കണ്ടെത്തുക. ലോകം മഹത്തരമാക്കാൻ അതിൽകവിഞ്ഞൊന്നും ആവശ്യമില്ല.

സർ വാൾട്ടർ സ്കോട്ട്.

ആ കർമ്മോന്മുഖതയും ഭാഷാസ്നേഹവും മരിക്കുന്നതുവരെ അദ്ദേഹത്തെ വിട്ടുപിരിഞ്ഞിരുന്നില്ല.

വള്ളത്തോൾ : യുഗവിധാതാവ്



ഗോവിന്ദൻകുട്ടി നായർ

മഹാകവി വള്ളത്തോൾ ഒരവസരത്തിൽ ഇങ്ങനെ പാടുകയുണ്ടായി:

പെരുത്തുനൂറ്റാണ്ടിനിടക്കൊരിക്കലീ
മരുപ്പറമ്പാമുലകത്തിലീശ്വരൻ
ഒരുറവ വൃക്ഷത്തെ നട്ടുന്ന പാന്ഥരായ്
വരുന്നവക്കുത്തമ വിശ്രമത്തിനായ്.

ബാഹ്യലോകത്തെപ്പറ്റി പ്പ റഞ്ഞ ഈ പരമാർത്ഥം സാഹിത്യലോകത്തിനും ബാധകമാണ്. വളരെ വളരെ കാലം കൂട്ടുമ്പോൾ മാത്രമാണ് സാഹിത്യലോകത്തിൽ സർഗ്ഗശക്തി മുറ്റിയ ഒരു കവി ഉദയം ചെയ്യുന്നതു്. എഴുത്തച്ഛനുശേഷം എണ്ണിത്തീർക്കാൻ കഴിയാത്തത്ര കവികൾ നമുക്കുണ്ടായിട്ടുണ്ട്. എന്നാൽ അവരിൽ ഓർമ്മിക്കാവുന്നവർ എത്രപേരുണ്ടാകും? പഴയ കാലത്തു ഒരു കുഞ്ചനും ഉണ്ണായിയും. അടുത്തകാലത്തോ, ഒരു ആശാനും, ഉള്ളൂരും വള്ളത്തോളും. കവിയുടെ നിലയിൽ ഉള്ളൂരിന്റെ പ്രശസ്തി കാലക്രമത്തിൽ മങ്ങിക്കുടായ്കയില്ല. ആ സ്ഥാനത്തു് അദ്ദേഹത്തിലടങ്ങിയ പണ്ഡിതൻ പ്രതിഷ്ഠിക്കപ്പെട്ടേക്കും. എത്രയെത്ര മഹാകവികളും കവിസാർവ്വഭൗമന്മാരും എന്തിന്നു്? കവികുലകിരീടമണികൾതന്നെയും ഓർമ്മയിൽനിന്നു വാടിക്കൊഴിഞ്ഞുവീണതു സ്വന്തം ജീവിതകാലത്തു നാംതന്നെ കണ്ടിട്ടുണ്ടു്! ഊന്നുകോലില്ലാതെ നിവർന്നുനിൽക്കാൻ കഴിയുന്ന, നട്ടെല്ലുള്ള, കവികൾ പെരുത്തു നൂറ്റാണ്ടിനിടക്കൊരിക്കലേ ഉണ്ടാവൂ. ചുരുങ്ങിയതു മുന്നൂറാലായിരം കൊല്ലത്തെ പരന്ന പാരമ്പര്യമുള്ള സംസ്കൃത സാഹിത്യത്തിൽത്തന്നെയും 'ദിഗ്വാണ്യേ വകവയഃ' എന്നാണല്ലൊ കണക്കാക്കപ്പെട്ടിരിക്കുന്നതു്. ഈ നിലയിൽ മലയാളത്തിൽ കവികളുടെ എണ്ണം കുറവായതിൽ ഒട്ടും പരിതപിക്കാനില്ല.

അസുലഭദർശനന്മാരായ ആ അനുഗ്രഹീത കവികളെ 'യുഗവിധാതാക്കൾ' എന്നുതന്നെവേണം വിളിക്കുക. കാരണം അവരുടെ ഉദയത്തോടുകൂടി സാംസ്കാരികജീവിതത്തിൽ ഒരു പുതിയ യുഗം ആവിർഭവിക്കുന്നു. മലയാളത്തിൽ എഴുത്തച്ഛൻ അത്തരത്തിലുള്ള യുഗവിധാതാവായ, കാലത്തെ അതിജീവിക്കുന്ന ഒരു കവിയായിരുന്നു. അതിന്നുശേഷം അസാധാരണ പ്രഭാവത്തോടുകൂടിയ മറ്റൊരു കവി മലയാളത്തിലുണ്ടായിട്ടുണ്ടെങ്കിൽ അതു വള്ളത്തോളാണ്. കേരളീയജനതയുടെ ജീവിതത്തിൽ ഒരു പുതിയയുഗം അദ്ദേഹം സൃഷ്ടിച്ചു. എന്തിന്റെ യുഗം?

പുതിയ ജീവിതവീക്ഷണം

ജീവിതത്തെ വെറുത്തിരുന്ന, പരലോകത്തിന്റെയും ഈശ്വരന്റെയും പേരിൽ ലോകത്തിൽനിന്നൊളിച്ചോടാൻ വെമ്പിക്കൊണ്ടിരുന്ന ഒരു ജീവിതവീക്ഷണമാണ് അതുവരെക്കും നമുക്കുണ്ടായിരുന്നതു്. എഴുത്തച്ഛൻ മുതൽപ്പേർപോലും അത്തരമൊരു ജീവിതവീക്ഷണം വളർത്തിക്കൊണ്ടുവരുവാനാണ് സാഹിത്യവ്യവസായം ചെയ്തതു്. വള്ളത്തോളാകട്ടെ, ഇതിൽനിന്നു തികച്ചും വ്യത്യസ്തമായ, ജീവിതത്തെ സ്വീകഴിവുകളുമുപയോഗിച്ചു് സ്നേഹിപ്പാനും അങ്ങനെ അതിനെ സമ്പന്നവും സമുൽകൃഷ്ടവുമാക്കുവാനും സഹായിക്കുന്ന, ഒരു ജീവിതതത്വശാസ്ത്രത്തിനു വേണ്ടി വാദിച്ചു. വള്ളത്തോൾ കവിതയുടെ ഏറ്റവും കാതലായ സന്ദേശം

'ജീവിതത്തെ സ്നേഹിക്കുക' എന്നതാണ്. ജീവിതത്തെ സ്നേഹിപ്പാൻ തയ്യാറില്ലാത്തേടത്തോളംകാലം നിങ്ങൾക്കു പുരോഗതിയെപ്പറ്റി സ്വപ്നംകാണാൻ പോലും കഴിയില്ല. അപ്പോൾ വാസ്തവത്തിൽ വള്ളത്തോൾക്കവിത അതുവരെയും ഒട്ടൊക്കെ നിശ്ചലവും നിസ്സംജ്ഞവുമായിരുന്ന കേരളത്തിന്റെ സാംസ്കാരികജീവിതത്തെ ചലനാത്മകവും പുരോഗമനോന്മുഖവുമാക്കി. അതുതന്നെയാണ് അദ്ദേഹത്തെ ഒരു യുഗവിധാതാവ് എന്നു പറയുന്നതും.

അതുവരെക്കും കേരളീയജീവിതം അതിരുകളുടെയും വരമ്പുകളുടെയും ഒരു പ്രദർശനരംഗമായിരുന്നു. ഇവിടെ നായരും, നമ്പൂതിരിയും, മാപ്പിളയും നസ്രാണിയുമല്ലാതെ 'മനുഷ്യൻ' ഉണ്ടായിരുന്നില്ല. ഉണ്ടെങ്കിൽത്തന്നെ മതത്തിന്റെയും ജാതിയുടെയും പരിവേഷത്തിലൂടെ മാത്രമേ മനുഷ്യത്വത്തെ നോക്കിക്കാണാൻ കഴിഞ്ഞിരുന്നുള്ളൂ. സമുദായത്തിൽ മാത്രമല്ല, സാഹിത്യത്തിലും സ്ഥിതി ഇതുതന്നെയായിരുന്നു. കവികൾതന്നെ തമ്പുരാൻ കവികൾ, നമ്പൂതിരിക്കവികൾ, നായർക്കവികൾ, ഈഴവക്കവികൾ, ക്രിസ്ത്യാനിക്കവികൾ ഇങ്ങനെ ജാതിതിരിച്ചാണ് അറിയപ്പെട്ടിരുന്നതു്. ഈ കാലഘട്ടത്തിൽ 'മറയക്കടിലിലെപ്പരൽമീൻചട്ടി'യെയും 'മറയോൻ മനസ്സിലെ പൂജാപുതുത്തെ'യും പ്പോം തഴുകുന്ന, ഭേദബുദ്ധിയില്ലാത്ത, ഒരു നൂതനസംസ്കാരത്തിനുവേണ്ടി വള്ളത്തോൾ വാദിച്ചു. സംസ്കൃതം മാത്രം പഠിച്ചു് സംസ്കൃതസാഹിത്യത്തിന്റെ സഹസ്രാബ്ദങ്ങളുടെ പഴക്കമുള്ള അന്തരീക്ഷത്തിൽ പുലർന്നുപോന്ന അന്നത്തെ ബുദ്ധരിൽ ബുദ്ധരായ സാഹിത്യകാരന്മാർക്കിടയിൽ ഏറ്റവും ഉൽപ്പതിഷ്ണുവായാണ് വള്ളത്തോൾ രംഗപ്രവേശം ചെയ്തതു്. അദ്ദേഹം ഹൃദയത്തിലേക്കു കാലത്തിന്റെ ചൂടും വെളിച്ചവും പ്രസരിപ്പിച്ചു. വത്തമാനകാലത്തിന്റെ വക്താവായി ആദ്യം സാഹിത്യരംഗത്തിൽ കാലുകുത്തിയ കവി വള്ളത്തോളത്രെ. കവിതയ്ക്കും പാണ്ഡിത്യത്തിനും തമ്മിലുള്ള അന്തരം ആദ്യം പ്രദർശിപ്പിച്ചതും അദ്ദേഹമാണു്.

കാലികസത്ത

വള്ളത്തോൾ പുറമേക്കു ബന്ധിരനായിരുന്നു. എന്നാൽ ചുറുപാട്ടം അലയടിച്ചുകൊണ്ടിരുന്ന ജീവിതസ്പന്ദങ്ങൾ അദ്ദേഹം കേൾക്കാതിരുന്നില്ല. ഇന്ത്യ അന്നു് നവോത്ഥാനത്തിന്റെ ദീപ്തിയിൽ സാംസ്കാരികമായി ഏകീഭവിക്കാൻ തുടങ്ങുകയായിരുന്നു. ഉത്തരഭാരതം ടാഗോറിന്റെ നൂതനസന്ദേശം ചെവിക്കൊണ്ടു. സുപ്താവസ്ഥയിൽനിന്നും മുരിനിവന്നു ഉണർന്നെഴുന്നേറുകഴിഞ്ഞിരുന്നു. ദക്ഷിണേന്ത്യ ഭാരതിയുടെ സന്ദേശംകേട്ടും ആലസ്യത്തിൽനിന്നു കൺമിഴിച്ചെഴുന്നേറ്റു. കുന്നലയാഴികൾക്കിടയിൽകിടന്നിരുന്ന കേരളമാകട്ടെ കാലത്തിന്റെ കാലൊച്ച കേൾക്കുകപോലുമുണ്ടായില്ല. ഈ അവസരത്തിൽ അന്തശ്ചോദനംകൊണ്ടെന്നപോലെ ബന്ധിരനും ആംഗലഭാഷാനഭിജ്ഞനുമായ വള്ളത്തോൾ രാഷ്ട്രത്തിന്റെ ആഹ്വാനംകേട്ട അതിന്നുമുമ്പിൽ സ്വദേശീയരെ അണിനിരത്തി. പുത്തുതഴച്ചു നിന്നിരുന്ന അദ്ദേഹത്തിന്റെ ഭാവനയിൽനിന്നു കേരളീയജനതയെ ആലസ്യത്തിൽനിന്നുണർത്താനും കർത്തവ്യത്തെ കെട്ടിപ്പുണരാനും പ്രേരിപ്പിക്കുന്ന വീരഗാനങ്ങൾ ഒന്നുകണക്കിൽ ഊറിക്കൂടി. വള്ളത്തോളിന്റെ നിസർഗ്ഗസുന്ദരമായ ശൈലിയിൽക്കൂടി ആവിഷ്കരിക്കപ്പെട്ടതുകൊണ്ടത്രെ കേരളീയർക്കിടയിൽ മഹാത്മജിയുടെ മധുരോദാരമായ ആശയങ്ങൾക്കു അത്രവേഗം പ്രചാരം സിദ്ധിച്ചതു്. കവിതയും സാഹിത്യവുമൊക്കെ അന്നു പണ്ഡിതന്മാരുടെ പന്തിയിൽമാത്രം വിഹരിക്കുകയായിരുന്നു. ലളിതകോമളമായ വള്ളത്തോളിന്റെ ആവിഷ്കരണരീതി കവിതാംഗനയെ സാധാരണക്കാർക്കിടയിലേക്കുപോലും ആകഷിച്ചു. ആവേശഭരിതങ്ങളായ അദ്ദേഹത്തിന്റെ രാഷ്ട്രീയഗാനങ്ങൾ – സർവ്വസമുദായസാഹോദര്യം, ഐക്യബഹിഷ്കരണം, ഖാദിപ്രചരണം, ഹിന്ദുമുസ്ലീം മൈത്രി

തുടങ്ങിയ അന്നത്തെ എല്ലാ രാഷ്ട്രീയ പ്രശ്നങ്ങളെ അധികരിച്ചും വള്ളത്തോൾ കവിതകളെഴുതീട്ടുണ്ട് – കേരളത്തിലെ ഓണംകേറാ മൂലകളിൽപോലും മാറൊലികൊണ്ടു. അങ്ങനെ ഇന്ത്യയുടെ ഇതരഭാഗങ്ങളിൽ ആഞ്ഞടിച്ചതും സ്വാതന്ത്ര്യതൃഷ്ണയുടെ സാത്വികഘടകങ്ങളടങ്ങിയതുമായ ഉൽബുദ്ധതയെ ഉൾക്കൊള്ളാൻ ഇവിടത്തെ വെറും സാധാരണക്കാർപോലും സന്നദ്ധരായി. ജീവിതത്തിന്റെ വൈയക്തികവും സാമൂഹ്യവും രാഷ്ട്രീയവുമായ മണ്ഡലങ്ങളിൽ ഇത്രയേറെ സ്വാധീനത ചെലുത്തിയ മറെറാരു കവി മലനാട്ടിൽ ഉണ്ടായിട്ടില്ല.

ആവിഷ്ക്കരണത്തിലും

ആശയത്തിലെന്നപോലെ ആവിഷ്കരണത്തിലും വള്ളത്തോൾ പുതുമയുടെ ഭാഗത്തായിരുന്നു. ഭാഷയെ എല്ലാറ്റുറകളിലും സംസ്കൃതത്തോടടുപ്പിക്കുന്നതിലാണ് സായൂജ്യമെന്നു കരുതപ്പെട്ടിരുന്നവരായിരുന്ന അന്നത്തെ സാഹിത്യാരാധകന്മാർ. കേരളവർമ്മയുടെ സ്വാധീനതക്കു സാധാരണക്കാർപോലും വശഗരായിരുന്നു. വള്ളത്തോൾ മലയാളഭാഷയുടെ വ്യക്തിത്വത്തെ വേർതിരിച്ചുകാണിക്കുന്നതിലാണ് മുൻകയ്യെടുത്തതു്. മാൺപുററ മലയാളപദങ്ങൾ അണിനിരത്തിത്തന്നെ ആശയത്തിനു ആസ്വാദ്യത വർദ്ധിപ്പിക്കുവാൻ സാധിക്കുമെന്നു അദ്ദേഹം തെളിയിച്ചു. മണിപ്രവാളകവിതയുടെ ഹൃദയദ്രവീകരണപരതക്കു ഇത്രയും നല്ല നിദർശനം നൽകാൻ വേറൊരുകവിക്കും കഴിഞ്ഞിട്ടില്ല. ഗണപതി, ശിഷ്യനും മകനും, വിലാസലതിക തുടങ്ങിയ കാവ്യശില്പങ്ങൾ ഭാഷാകവിതാരീതിയുടെ വിജയവൈജയന്തികളാണ്.

ഭാവപ്രകാശത്തിനു ഭാഷാവൃത്തങ്ങൾക്കു കഴിവു എത്രമാത്രമുണ്ടെന്നു് ആദ്യമായി തെളിയിച്ചതും വള്ളത്തോളത്രെ. ഈ വിഷയത്തിൽ അദ്ദേഹത്തിന്റെ ആദ്യത്തെ കാൽവെപ്പാണ് 'ഒരു ചിത്രം'. ഇതെത്രത്തോളം വിജയലാളിതമായിരുന്നുവെന്നതിലേയ്ക്കു മലയാളത്തിൽ പിൽക്കാലത്തു ഭാഷാവൃത്തങ്ങൾക്കു സിദ്ധിച്ച പ്രചുരപ്രചാരംതന്നെ ഉത്തമസാക്ഷ്യം വഹിക്കുന്നു. കൊച്ചുസീത, അച്ഛനും മകളും എന്നീ ഗാനാത്മക കാവ്യങ്ങൾ ഏതദ്വിഷയത്തിൽ വള്ളത്തോൾ നേടിയ വിജയത്തിന്റെ ഏററവും മികച്ച ഉദാഹരണങ്ങളാകുന്നു. ശ്ലോകമുത്തശ്ശിവണ്ടി വാദിച്ചവരുടെ വായടക്കുവാൻ സംഗീത സാന്ദ്രങ്ങളായ ഭാഷാവൃത്തങ്ങൾക്കു പിൽക്കാലത്തു ലഭിച്ച പ്രചാരപ്രാചുര്യത്തിനു സാധിച്ചു. പഴംപാട്ടുകളോടു മഹാകവി പ്രദർശിപ്പിച്ച താല്പര്യം കൈരളിയുടെ ഈടുവെപ്പിൽ അതുവരെക്കും അവഗണിക്കപ്പെട്ടുകിടന്നിരുന്ന എത്രയോ ഗാനാത്മകവൃത്തങ്ങൾക്കു നവജീവൻ നൽകി. അങ്ങനെയാണ് 'മധുരമൊഴി'യും 'ഓമനക്കുട്ടി'യും കൂട്ടാളികളും ഒരിക്കൽകൂടി കവിതാദേവിയുടെ വിരിമാറിൽ സ്വച്ഛന്ദവിഹാരം നടത്താൻ തുടങ്ങിയതു്.

സൗന്ദര്യബോധത്തിൽ

'നഗരാണ്ടവ ങ്കിശലത്തുചന്ദ്രാക്കോദയ'ങ്ങളെ വിഷ്ണുവേഷണംചെയ്തു പ്രദർശിപ്പിക്കുന്നതു അന്നത്തെ ഒരു സാധാരണപതിവായിരുന്നു. അവക്കപ്പുറത്തും സൗന്ദര്യമുണ്ടെന്നും ഭാവനാസമ്പന്നതയാണ് നൂതനകല്പനകളുടെ ഉറവിടമെന്നും മനസ്സിലാക്കിയിരുന്ന കവികൾ വളരെ വിരളമായിരുന്നു. സൗന്ദര്യം സർവ്വവ്യാപകമാണെന്നു വള്ളത്തോൾ സമർത്ഥിച്ചു. കീരവാണികളിലെന്നപോലെ 'കീറത്തലയണ'യിലുമുണ്ട് ആസ്വാദ്യമായ സൗന്ദര്യമെന്നു അദ്ദേഹം കേരളീയരെ ആദ്യമായി ഗ്രഹിപ്പിച്ചു. ടാഗോറിന്റെതെന്നപോലെ തൊട്ടതെല്ലാം പൊന്നയമാക്കാൻ കഴിയുന്ന ഒരു അപൂർവ്വ സൃഷ്ടിസാമർത്ഥ്യമാണ് വള്ളത്തോളിനുണ്ടായിരുന്നതു്. പട്ടിണിയുടെയും ദാരിദ്ര്യത്തിന്റെയും ബീഭത്സചിത്രങ്ങൾ അദ്ദേഹം പലവുരു വരച്ചുകാണിച്ചിട്ടുണ്ട്. ഇന്നത്തെ പുരോഗമന സാഹിത്യകാരന്മാരും അത്തരം ചിത്രങ്ങൾ ആയിരക്കണക്കിനു വരച്ചുവിട്ടുന്നു. എന്നാൽ അവക്കെത്രമ്മി

ലുള്ള അന്തരമോ? മഹാകവിയുടെ ചിന്തകൾ മുതലാളികളുടെ മനസ്സിൽ പരിവർത്തനം വരുത്താൻ പര്യാപ്തങ്ങളാണ്. മറുള്ളവയോ, വായനക്കാരിൽ യാതൊരു ചലനവുമുണ്ടാക്കുന്നില്ല. ഇവിടെയാണ് കവിതക്കു സാമൂഹ്യപരിവർത്തനത്തിനുള്ള ശക്തി എത്രത്തോളമുണ്ടെന്നു നാം അസ്സലായറിയുന്നതു്. പറയുന്നതേതും സുന്ദരമായാലല്ലേ അതിനു അനുവാചകഹൃദയത്തിൽ സ്വാധീനത ചെലുത്താൻ കഴിയൂ?

രണ്ടു രംഗത്തിലും

വള്ളത്തോൾ പഴമയെ പാടെ പരിത്യജിച്ചുവോ? ഇല്ല. അതിലെ നല്ലവശങ്ങളെ അദ്ദേഹം സ്വീകരിച്ചു. അതുപോലെ പുതുമയുടെയുള്ളുംഖലതയെയും അദ്ദേഹം കണ്ണടച്ചനുകരിച്ചില്ല. തികച്ചും പ്രായോഗികമായ ഒരു പന്ഥാവായിരുന്നു അദ്ദേഹത്തിന്റേതു്. ഒരു നല്ല നാളെ സൃഷ്ടിച്ചെടുക്കുന്നതിനു് പ്രസ്തുത പന്ഥാവിനുള്ള കൈമിടുക്കു കണ്ടറിഞ്ഞവരാണ് നമ്മൾ. വാർദ്ധക്യം അദ്ദേഹത്തിന്റെ കർമ്മവീഥിയിൽ വിലങ്ങുതടിയായി നിന്നില്ല. ഗ്രേദത്തെപോലുള്ള പ്രൗഢനിബന്ധങ്ങൾപലതും അദ്ദേഹം വിശ്രമയോഗ്യമായ വാർദ്ധക്യത്തിലാണ് കൈരളിക്കു സംഭാവനചെയ്തതെന്നറിയുമ്പോൾ ആ കർമ്മോന്മുഖതയുടെയും ഭാഷാസ്നേഹത്തിന്റെയും മുമ്പിൽ നാം മുകുളിതഹസ്തരായിത്തീരുന്നു.

അവസാനമായി അദ്ദേഹത്തിന്റെതന്നെ ഒരുപദ്യം ഇവിടെയുദ്ധരിക്കട്ടെ:

സ്വർഗ്ഗസ്ഥനസ്സദ്ഗുരുവിജ്ജനത്തി-
നേകേണമേ വീണ്ടുമനുഗ്രഹങ്ങൾ
മാതാവുതൻ തുച്ചരണം തലോടി
മാഹാത്മ്യമാജ്ജിച്ചകരങ്ങളാലെ.

നീളമുള്ളതും മിനുസമുള്ളതുമായ തലമുടിക്കു്

രാംതീർത്ഥ് ബ്രഹ്മി എണ്ണ

ഉപയോഗിക്കുക.

സ്പെഷ്യൽ നമ്പർ 1 (രജിസ്റ്റേർഡ്) (ആയുർവ്വേദ ഔഷധം)

തലമുടിക്കും തലച്ചോറിനും പറ്റിയ ഒരു അമൂല്യസിദ്ധൗഷധം.



മുടികൊഴിച്ചിൽ നിർത്തുന്നതിനും തലമുടി സമൃദ്ധമായി വളരുന്നതിനും, പ്രകൃതിദത്തമായ കറുപ്പുനിറം വീണ്ടെടുക്കുന്നതിനും സഹായിക്കുന്നു.

ഓർമ്മ നിലനിർത്തുന്നതിനും താരൻ നീക്കം ചെയ്യുന്നതിനും, സുഖനിദ്രയെ പ്രദാനം ചെയ്യുന്നതിനും പറ്റിയതു്. എല്ലാവർക്കും എക്കാലത്തേക്കും പറ്റിയതു്.

വലിയ കുപ്പി രൂ. 4.
ചെറിയ ,, രൂ. 2.

പോസ്റ്റേജ് പുറമെ
വി.പി.എർപ്പാടില്ല.

ആരോഗ്യവും പുഷ്ടിയും ഉള്ളവരായിരിക്കുവാൻ, യോഗാസനങ്ങൾ വിവരിക്കുന്ന ഞങ്ങളുടെ മനോഹരമായ ആസനചിത്രങ്ങൾക്കു് എഴുതുക. തപാൽച്ചിലവുൾപ്പെടെ രൂ. 2.00 മണിയോർഡർ അയക്കുക. ഈ യോഗാസനങ്ങൾ വീട്ടിലിരുന്നു് എളുപ്പത്തിൽ പരിശീലിക്കാവുന്നതാണു്.

ശ്രീ രാംതീർത്ഥ് യോഗാശ്രമം
ദാദർ (Central Rly.), ബോംബെ-14

ഫോൺ : 62899. ടെലിഗ്രാംസ് : 'പ്രാണായാം' ദാദർ, ബോംബെ.

പുസ്തകങ്ങൾ

ആശയസമ്പന്നനായ കുമാരനാശാന്റെ ആദർശശുദ്ധിയില്ലാത്ത കഥാപാത്രങ്ങൾ

പോൾ കുഴിവേലി. അമൃതഭാരതി പബ്ലിക്കേഷൻസ്, കല്ലൂത്ത. 75 പേ.

കുമാരനാശാന്റെ 'കരുണ', 'നളിനി' 'ലീല' എന്നീ ഖണ്ഡകാവ്യങ്ങളിലെ കഥാപാത്രങ്ങളെ പരാമർശിച്ചുകൊണ്ടുള്ള മൂന്ന് ലേഖനങ്ങളാണ് ഈ പുസ്തകത്തിലെ ഉള്ളടക്കം. യുക്തിവാദത്തിന്റെ പാപ്പരത്തത്തിനുള്ള ഒന്നാംതരം മാതൃകകളാണ് ഈ ലേഖനങ്ങൾ. ഉദാഹരണമായി, ആദ്യത്തെ ലേഖനത്തിൽ, ഉപഗുപ്തൻ ഒരു കള്ള സന്യാസിയാണെന്ന് തെളിയിക്കുവാൻവേണ്ടി കുഴിവേലി കാണിക്കുന്ന കസർത്തുകൾ കണ്ടാൽ, അദ്ദേഹം മറെറന്തുതന്നെയായാലും, ഒരു സാഹിത്യനിരൂപകനല്ലെന്നു വായനക്കാരന് ബോദ്ധ്യപ്പെട്ടും. എന്തെന്നാൽ, ആശാന്റെ ചിത്രീകരണത്തിന്റെ അടിസ്ഥാനത്തിലല്ല, സ്വന്തം ഭാവനയുടെ അടിസ്ഥാനത്തിലാണ് ഉപഗുപ്തൻ ഒരു കള്ളസന്യാസിയാണെന്ന് കുഴിവേലി വാദിക്കുന്നത്. ഉപഗുപ്തൻ മുൻകാലങ്ങളിൽ, മാംസദാഹശമനത്തിനായി വാസവദത്തയുടെ ഗൃഹത്തിൽ പോകാറുണ്ടായിരുന്നെന്നനുമാനിക്കുന്നതു താർക്കികമായി ഒരു കട്ടംകയ്യായിപ്പോയി. ഇതുതന്നെയാണ് നളിനിയുടെയും ലീലയുടെയും സ്വഭാവചിത്രീകരണത്തിലും കുഴിവേലി അവലംബിച്ചിട്ടുള്ള വാദഗതി. ഉപഗുപ്തന്റെയും നളിനിയുടെയും സ്വഭാവം നല്ലതോ ചീത്തയോ ആയിക്കൊള്ളട്ടെ. ആശാനോ ആശാന്റെ കഥാപാത്രങ്ങൾക്കോവേണ്ടി വക്കാലത്തു പിടിക്കുകയല്ല. പക്ഷെ, സ്വയം (കു)പ്രസിദ്ധി നേടാൻ വേണ്ടി സാഹിത്യനിരൂപണകല ഇങ്ങിനെ വ്യഭിചരിപ്പിക്കുന്നതു ഒരനാശാസ്യമായ പ്രവണതയാണെന്നുള്ളതിൽ അഭിപ്രായമുണ്ട്.

ഇരുപത്തിരണ്ടാം നൂറാണ്ട്

രാഹുൽ സാംകൃത്യായൻ.
പരി: സി. ചന്ദ്രശേഖരൻ.
കറന്റ് ബുക്സ്, തൃശ്ശൂർ. വില 1-25.


ഭാവനയുടെ ചിറകടിച്ചുകൊണ്ട്, "ഇരുപത്തിരണ്ടാം നൂറാണ്ടി"ലേയ്ക്കു പറന്നു ചെല്ലുകയാണ്, രാഹുൽസാംകൃത്യായൻ സമൃദ്ധിയും സന്തുഷ്ടിയും നിറഞ്ഞ, സുഭിക്ഷവും സമത്വസുന്ദരവുമായൊരു ലോകത്തെയാണദ്ദേഹം കാണുന്നതു്. അവിടെ "വക്കീലും പുരോഹിതനും തൂപ്പുകാരിയും വ്യഭിചാരിണിയും ഭിക്ഷക്കാരനും സന്യാസിയും കച്ചവടക്കാരനും വേലക്കാരനുമില്ല. ദൈവവും ദേവാലയവുമില്ല; പൂജാരിയും പൂജയുമില്ല; ബലിയും മോഷണവുമില്ല. ജാതിഭേദമോ നിറഭേദമോ ഇല്ല." ഇതൊരു ഉട്ടോപിയയല്ലേ? തീർച്ചയായും അല്ല. ഇതൊരു യാഥാർത്ഥ്യമായിത്തീരുമെന്ന് മാർക്സിസത്തിലൂടി നോക്കുന്ന ആർക്കും മനസ്സിലാക്കാം. അല്ലെങ്കിൽ, ഇതൊരു യാഥാർത്ഥ്യമാക്കിത്തീർക്കാനുള്ള വഴി തെളിയിക്കുവാനുള്ളൊരുപാധിയാണ് മാർക്സിസം. സുപ്രസിദ്ധ പണ്ഡിതനായ സാംകൃത്യായന്റെ ഈ പുസ്തകം മലയാളത്തിൽ വിവർത്തനം ചെയ്തതിന്നു് ശ്രീ. ചന്ദ്രശേഖരൻ കൃതജ്ഞതാർഹനാണ്. പരിഭാഷ നന്നായിട്ടുണ്ട്.

മോഹൻരാജ്,

മന്ദഹാസം — വി. കെ. എൻ.

കേരളാ ബുക്സ് ഡിപ്പോ കോഴിക്കോട് വില 1 രൂ.

ജീവിതത്തിലെ മിക്ക രംഗങ്ങളേയും നേരിയ നമ്മബോധ (ശ്രീ. മാരാരുടെ നമ്മബോധമല്ലേ, അല്ല) ത്തോടെ നോക്കിക്കാണാൻ "മന്ദഹാസ"ത്തിന്റെ



ജിൻജെർ ക്രീം ഐസ് ഉണ്ടാക്കാനുള്ള ഒരു പുതിയ രീതി

½ ഔൺസ് ബ്രൌൺ ആൻഡ് പോൾസൺ കസ്റ്റേഡ് പൌഡർ, 8 ഔൺസ് പഞ്ചസാര, ഒരു ടിസ്പൂൺ ഇഞ്ചിസത്തു് ഒരു പിൻട് പാലു്, 2 മുട്ടയുടെ കടഞ്ഞെടുത്ത മഞ്ഞക്കരുവു്. 4 ഔൺസ് നല്ല ഇഞ്ചി. കസ്റ്റേഡ് പൌഡർ കുറച്ചു് പാലിൽ കലക്ക, ബാക്കിയുള്ള പാൽ തിളപ്പിക്ക. മുട്ടയിലെ മഞ്ഞക്കരുവു്, പഞ്ചസാര, കസ്റ്റേഡ്, ഇഞ്ചിനുറുക്കുകൾ, ഇഞ്ചിസത്തു്, കൂടാതെ രണ്ടു് ടിസ്പൂൺ ഇഞ്ചിച്ചാറും ചേത്തു് തിളച്ച പാലിൽ ഇട്ടു്, കട്ടപിടിക്കുന്നതുവരെ ഇളക്ക. പിന്നിട്ടു് താഴെ ഇറക്കി, കുറെ സമയം ഇളക്കി കൊടുത്തതിനുശേഷം തണുപ്പിക്ക.

ആരോഗ്യസമ്പാദനത്തിനുള്ള മാർഗ്ഗം

രുചിയുള്ളതും, ആരോഗ്യദായകവുമായ പാൽപാടയോടുകൂടിയ കസ്റ്റേഡിനെ എല്ലാ കുട്ടികളും ഇഷ്ടപ്പെടുന്നു. കാരണം, അതിലടങ്ങിയിട്ടുള്ളതു് ആരോഗ്യപ്രദമായ പാലാണു്. ബ്രൌൺ ആൻഡ് പോൾസൺ കസ്റ്റേഡ് പൌഡർ തികച്ചും ഒരു സസ്യഭക്ഷണമാണെന്നു് നിങ്ങൾ ഓർക്ക. ഭക്ഷണസാധനങ്ങൾ വാങ്ങിയ്ക്കുമ്പോൾ ബ്രൌൺ ആൻഡ് പോൾസൺന്റെ മറ്റു സാധനങ്ങളായ—റെയിസ്സിലി, പേറെറൻഡ് കോൺഫ്ലവ്വർ, ബ്ലമാൻജു് എന്നിവയും അനേപഷിച്ചു് വാങ്ങുവിൻ.



സൌജന്യം

വിശേഷ രീതിയിലുള്ള പുതിയ ലഘുലേഖ. ഈ ഫോറം പൂരിപ്പിക്ക

ദയവു ചെയ്തു നിങ്ങളുടെ സൌജന്യ റെസിപ്പി ഇംഗ്ലിഷ് ലഘുലേഖ എനിക്കു് അയച്ചു തരിക

എന്റെ പേർ _____

എന്റെ മേൽവിലാസം _____

_____

ഞാൻ ഇതോടൊന്നിച്ചു് 15 നയാ പൈസാ സ്റ്റാമ്പു് തപാൽച്ചിലവിന്നയക്കുന്നു

ഡിപ്പാർട്ട്മെന്റു്: LKV 2

കോൺ പ്രോഡക്ടസു് കമ്പനി (ഇൻഡ്യ) പ്രൈവെറ്റു് ലിമിറ്റഡു്,
പോസ്റ്റു് ബോക്സ് 994, ബോംബെ–1.



കോൺ പ്രോഡക്ടസ് ക. (ഇൻഡ്യ) പ്രൈവറ്റ് ലി.

ഏജന്റുസു്: പാരി ആൻഡ് ക. ലി.

രചയിതാവു്–ശ്രീ. വി. കെ. എൻ.–ശ്രമിക്കുന്നു. വിശ്രുതിയും തറവാടിത്തവും തികഞ്ഞ തന്റേടവുമുള്ള ഈ മന്ദഹാസത്തിനു നമ്മളിലെ ഗൗരവക്കാരനെ കുറച്ചു നേരത്തേക്കു് ചിരിപ്പിക്കാനുള്ള കെൽപുണ്ടു്.

നല്ല വള്ളുവനാടൻ മലയാളത്തിൽ വിവാഹത്തിന്റെ പിറേറന്നുണ്ടായ അനുഭവങ്ങളെ സരസമായി അവതരിപ്പിക്കുന്ന ആദ്യത്തെ ലേഖനം മുതൽ "നിസ്സാരത്തിന്റെ ഉയക്കോണ്ടു് അരേലെ ചരട്ടു്ന്നു് ബയറിന്റെ മടക്കു്ല കേറിക്കുത്തിരുന്ന" ഹാജിയാരുടെ "താക്കോൽ" വരെയുള്ള ഓരോന്നിനുമുണ്ടു് നമ്മെ രസിപ്പിക്കാനുള്ള വൈഭവം. "ഒരു തീവണ്ടി യാത്ര", "വാർഷികോത്സവം" തുടങ്ങിയ പലതും അനുഭവകഥനമെന്നോണം ഹൃദ്യമത്രേ. "പ്രൊഹിബിഷൻ" സോദ്ദേശസാഹിത്യത്തിന്റെ ധർമ്മംകൂടി നിർവ്വഹിക്കുന്നുണ്ടു്.

പൊതുവിൽ, നമ്മുടെ സാഹിത്യശാഖയിൽ വളരെണ്ട ഒരു പ്രസ്ഥാനത്തിന്റെശുഭോദർക്കമായ നാന്ദിയായി ഈ ലഘുപ്രബന്ധസമാഹാരത്തെ കണക്കാക്കാം.

എം. എസ്, മേനോൻ.

മൃഗം


ടി. എൻ. ഗോപിനാഥൻനായർ
നാഷനൽ ബുക്കു് സ്റ്റാൾ, കോട്ടയം.
വില 1 ക. 4 ണ.

പണക്കാരനായ രാഘവക്കുറുപ്പു് ഒരു മൺകുടിലിൽ കഷ്ടപ്പെട്ട കഴിഞ്ഞിരുന്ന ഭാരതിയെ സഗൃഹത്തിലേക്കാനയച്ചു ഭാര്യാപദത്തിൽ പ്രതിഷ്ഠിക്കുന്നു. ഭാരതിയോടൊപ്പം അവളുടെ ഇളയ സഹോദരി വാസന്തിയും കുറുപ്പിന്റെ ഗൃഹത്തിൽ താമസിപ്പിക്കപ്പെട്ടു. ഭാരതി അചിരേണ രോഗിണിയായിത്തീർന്നു. കുറുപ്പു് വാസന്തിയുമായി അടുത്തുതുടങ്ങി. കുറുപ്പിൽനിന്നു രക്ഷപ്പെടാൻ വഴികാണാതെ വാസന്തി അവസാനം അയാൾക്കു് വിഷം കൊടുക്കുന്നു കുറുപ്പിനോടൊപ്പം രോഗിണിയായിരുന്ന വാസന്തിയും ഐഹികവാസം വെടിഞ്ഞു. ആറു നീണ്ട രാഗങ്ങളുള്ള മി. ഗോപിനാഥൻ നായരുടെ മൃഗത്തിലെ കഥാവസ്തു ഇതാണു്.

പരിഷത്തിൽ (കോട്ടയം) അഭിനയിച്ചുകണ്ടപ്പോൾതന്നെ നാടകത്തിനു് ശില്പപരമായി മെച്ചം പോരെന്നു തോന്നി. വായിച്ചപ്പോൾ ആ തോന്നൽ കൂടുതൽ ശ്രദ്ധമൂലമാവുകയാണുണ്ടായതു്. പാത്രങ്ങളുടെ എണ്ണം നിയന്ത്രിച്ചു സ്ത്രൈണ്യത്തെ അനുസ്മരിപ്പിക്കുന്നവിധം അവതരിപ്പിക്കുകയുമായിരുന്നു ഭേദമായിപ്പോയി. ഈ ലഘുവായ ഇതിവൃത്തത്തിന്റെ വാലിൽത്തൂക്കി വീർപ്പുമുട്ടി കഴിയുന്ന വ്യക്തികൾ അഞ്ചാറുപേരല്ല ഒരു ഡസനാണു്. കാണികളുടെ സമയം പാഴാക്കാനല്ലാതെ കഥയുടെ നിവ്വഹണത്തിനു് ഇവരിൽ മിക്കവരെക്കൊണ്ടും യാതൊരു പ്രയോജനവുമില്ല. സന്ധിശ്ലിഷ്ടത്തിലെന്നപോലെ പാത്രസൃഷ്ടിയിലും മി. നായർ തുലോം പരാജയപ്പെട്ടിരിക്കുന്നു. ആദ്യം മുതൽക്കേ ആദർശവതിയായി പ്രദർശിപ്പിക്കപ്പെട്ട വാസന്തിയെക്കൊണ്ടു രാഘവക്കുറുപ്പിനു വിഷം കൊടുപ്പിച്ചതു കൂടാതെ കഴിക്കാമായിരുന്നു. ജ്യേഷ്ഠത്തിയുടെ ജീവനെ രക്ഷിപ്പാൻ അതാണു് മാർഗ്ഗമെന്ന വിശ്വാസത്താലാണെങ്കിൽ, കുറുപ്പിനോടൊപ്പംതന്നെ ആ ജ്യേഷ്ഠത്തിയും മരിക്കുന്നതായി പ്രവിച്ചിരിക്കുന്നു.

സംഭാഷണങ്ങൾക്കു് ചിലേടത്തു പ്രസംഗച്ഛായ വീണിട്ടുണ്ടു്. ചുരുക്കത്തിൽ മൃഗം ഒരു മൂന്നാംതരം നാടകമേ ആകുന്നുള്ളു. 'അഖിലേന്ത്യാറേഡിയോയുടെ ആഭിമുഖ്യത്തിൽ പ്രത്യേകം സജ്ജമാക്കിയിരുന്ന പന്തലിൽ ക്ഷണിക്കപ്പെട്ട സദസ്സിന്റെ മുമ്പിൽ അവതരിപ്പിക്കുകയും അതേസമയംതന്നെ പ്രക്ഷേപണം ചെയ്യുകയും ചെയ്ത നാടകമാണു് ഇതെന്നു കാണുന്നു. റേഡിയോഭാരവാഹികളുടെ വിവേചനം അത്രക്കൊന്നും അഭിനന്ദനമർഹിക്കുന്നില്ലെന്നു പറയേണ്ടിയിരിക്കുന്നു. 'കാട്ടിലെ മരം, തേവരുടെ ആന, വലിയെടാ വലി' എന്ന പഴഞ്ചൊല്ലിനെ അനുസ്മരിപ്പിക്കുവാനേ ഗ്രന്ഥകാരന്റെ ആ പ്രസ്താവന പ്രയോജനപ്പെട്ടുള്ളു.

ജി. കെ. എൻ.



ഒരു പുഷ്പംപോലെ...

റെക്സോണാ കൊണ്ട് നിങ്ങളുടെ ശരീരകാന്തി വിളങ്ങുന്നു.

റെക്സോണാ സോപ്പിൽ കാഡിൽ അടങ്ങിയിട്ടുണ്ട്. എണ്ണകളുടെ ഒരു പ്രത്യേക ചേരുവയായ കാഡിൽ, ത്വക്കിനെ പോഷിപ്പിച്ച് നിങ്ങളുടെ പ്രകൃത്യാ ഉള്ള ഈർമ്മകിനെ വെളിപ്പെടുത്തുവാൻ സഹായിക്കുന്നു!



കാഡിൽ അടങ്ങിയിട്ടുള്ള ഒരേ ഒരു ടോയ്ലറ്റ് സോപ്പ്

RP. 151-50 ML

റെക്സോണാ പ്രൊഡക്ടുകൾ ലിമിറ്റഡിലേയ്ക്കായി ഇന്ത്യയിൽ നിർമ്മിച്ചത് ലിവർ ബ്രദേഴ്സ് ലിമിറ്റഡ്.

സ്വർഗ്ഗം നാണിക്കുന്നു

ഈ. കെ. പുരുഷോത്തമൻ, എം.എ.

"സ്നേഹംകൊണ്ടു തൃത്താൽ പോകാത്ത മഷിയില്ല. സ്നേഹത്തിന്റെ മുമ്പിൽ ചെകുത്താൻപോലും തല കുനിക്കും. മനുഷ്യന്റെ നന്മകണ്ടു സ്വർഗ്ഗം നാണിക്കും'. ഇതാണു് പൊൻകുന്നംവക്കിയുടെ 'സ്വർഗ്ഗം നാണിക്കുന്നു' എന്ന നാടകത്തിലെ കാതലായ പ്രമേയം. ഈ നാടകത്തിലെ ഒരു പ്രധാന കഥാപാത്രമായ പീറ്ററിന്റെ വാക്കുകളാണു് മേലുദ്ധരിച്ചതു്, ദൈവത്തിന്റേയും സ്വർഗ്ഗരാജ്യത്തിന്റേയും പേരു പറഞ്ഞു നടക്കുന്നവർ മനുഷ്യരുടെയിടയിൽ നരകം സൃഷ്ടിക്കാൻ ശ്രമിക്കുമ്പോൾ, ആ വാസ്തവം മനസ്സിലാക്കി, സ്നേഹത്തിന്റെ തണലിൽ ആശ്വാസം കണ്ടെത്താൻ മനുഷ്യൻ ശ്രമിക്കുമ്പോൾ, ആ സ്വർഗ്ഗം നാണിച്ചുപോകുന്നെങ്കിൽ അതിൽ അത്ഭുതമില്ല.

നാടകത്തിന്റെ ഇതിവൃത്തം ഇതാണു്. പ്രായാധിക്യംനിമിത്തം അദ്ധ്യാപകവൃത്തിയിൽനിന്നു വിരമിച്ചിരിക്കുന്ന ഒരാളാണു് മാത്തൻ മാസ്റ്റർ, അദ്ദേഹത്തിന്റെ മൂത്തമകൾ രാജമ്മ, പറഞ്ഞൊത്ത സ്ത്രീധനം മുഴുവൻ കൊടുക്കാൻ കഴിയാത്തതുകൊണ്ടു ഭർത്തൃഗൃഹത്തിൽനിന്നു തിരസ്കൃതയായിരിക്കുന്നു. അവളെ ഭർത്തൃഗൃഹത്തിലേക്കു, മുഴുവൻ സ്ത്രീധനവുമായി പറഞ്ഞയക്കുവാൻ ശ്രമിക്കുന്ന മാത്തൻ സാറിനു അനുഭവിക്കേണ്ടിവരുന്ന കഷ്ടതകൾ; ആ കഷ്ടതകളെ വർദ്ധിപ്പിക്കാനല്ലാതെ തെല്ലുപോലും കുറയ്ക്കാൻ ശ്രമിക്കാത്ത പള്ളിയുടേയും പുരോഹിതന്റേയും, പെരുമാറ്റം, സാറിനെ സഹായിക്കാനും, മതത്തിന്റെ ഭാഗത്തുനിന്നു വരുന്നതായാൽപ്പോലും അനീതികളെ എതിർക്കാനും വെമ്പുന്ന പീറ്ററുടെ പ്രവൃത്തികൾ ഇവയെല്ലാം ഈ നാടകത്തിൽ വിവരിക്കപ്പെട്ടിരിക്കുന്നു. ജോ[illegible] ഷ്ടപ്പെടുകയും തന്മൂലം ദുർമാർഗ്ഗ[illegible] ലേക്കു വഴുതി വീണുപോവുകയും ചെയ്ത ജോണി, (സാറിന്റെ മകൻ) മദ്യപാനിയെങ്കിലും നല്ലവനായ റപ്പേൽ, രാജമ്മയുടെ ഭർത്താവു ചെറിയാൻ കുഞ്ഞു, പള്ളിക്കണക്കെഴുത്തുകാരനായ ചാക്കോച്ചൻ, പോല്ലീസിൽനിന്നു കൈക്കൂലിക്കേസ്സിൽ പിരിച്ചുവിട്ട മടങ്ങിവന്ന കുര്യപ്പ്—ഇവരെല്ലാം നാടകത്തിലെ പ്രധാനപ്പെട്ട മറ്റു കഥാപാത്രങ്ങളാണ്.

പള്ളിയുടെ അധികാരമുറപ്പിക്കാൻ പുരോഹിതനും സിൽബന്ധികളും നടത്തുന്ന ശ്രമങ്ങൾക്കു അവർ ചെറിയാൻ കുഞ്ഞിനെ ഉപകരണമാക്കുന്നു. പള്ളിയെ അന്ധമായനുസരിക്കാൻ തയ്യാറാകാത്ത, കഷ്ടപ്പെടുന്നവരുടെ അവകാശങ്ങൾക്കുവേണ്ടി പൊരുതാൻ തയ്യാറാകുന്ന പീറ്ററേയും സ്ത്രീധനം കൊടുക്കാൻ കഴിയാഞ്ഞതുകൊണ്ടു് ഭർത്തൃഗൃഹത്തിലേക്കു തിരിച്ചുപോകാൻ കഴിയാതെ നില്ക്കുന്ന രാജമ്മയേയും കൂട്ടിച്ചേർത്തു അപവാദം പറഞ്ഞുപരത്തുവാൻ ചാക്കോച്ചൻ നല്ലവണ്ണം ശ്രമിച്ചു. അതു കുറെയെല്ലാം വിലപ്പോവുകയും ചെയ്തു. സ്ത്രീധനത്തിന്റെ പേരിൽതന്നെ കൈവെടിഞ്ഞ ഭർത്താവു് തന്നെ പ്പറ്റി നടത്തുന്ന അവകാശവാദത്തിൽ വലിയ കഴമ്പുള്ളതായി രാജമ്മക്കു തോന്നിയില്ല. അതുകൊണ്ടു തന്റെ സ്വഭാവത്തിനെതിരെ അയാൾ നടത്തിയ ആരോപണങ്ങളെ അവൾ വകവെച്ചില്ല, എന്നല്ല വേദനയോടുകൂടിയാണെങ്കിലും, അഭിമാനിനിയായ അവൾ, തന്നെ സ്നേഹിക്കാത്ത ഭർത്താവു തന്റെ കഴുത്തിൽ അണിയിച്ച കെട്ടുതാലി പൊട്ടിച്ചു അയാൾക്കുതന്നെ മടക്കി

പൊൻകുന്നം വക്കി, കറന്റ് ബുക്സ്, 1-8-0.

ഒരു സ്വപ്നം സാക്ഷാത്കരിക്കപ്പെടുന്നു



അവൻ വെറുമൊരു തൊഴിലാളിയല്ല. അവൻ പണിയെടുക്കുന്ന വമ്പിച്ച അണക്കെട്ടിൽ നിന്നു കഷ്ടിച്ചു 50 മൈൽ അകലെയുള്ള സ്വന്തം ഗ്രാമത്തിൽ അവനു അഞ്ചേക്കർ ഭൂമിയുണ്ട്. ശ്രേയസ്സുരമായ ഒരു ഭാവി അവനെ കാത്തു നില്ക്കുന്നു. രണ്ടു വർഷമായി അവൻ അണക്കെട്ടിൽ വേലചെയ്തു വരികയാണ്. അവന്റെ കൺമുൻപിൽ ഒരു വമ്പിച്ച പദ്ധതി പൂർത്തീകരിക്കപ്പെടുന്നു—ഒരു സ്വപ്നം സാക്ഷാത്കരിക്കപ്പെടുന്നു; ഇനി അവനു തന്റെ ഗ്രാമത്തിൽ തിരിച്ചു ചെന്നു വേണ്ടതൊക്കെ കൃഷി ചെയ്യാം. ഒരു ചെറിയ കടിൽ വ്യവസായമാരംഭിച്ചു, ശ്രമിയിൽനിന്നുള്ള വരുമാനത്തിനു പുറമേ മറെറാരു വരുമാനം കൂടി ഉണ്ടാക്കാനും ഒരു പക്ഷേ അവനു കഴിഞ്ഞേക്കാം.

ഇതുപോലെ എത്രയോ നദീതടപദ്ധതികളാണ് ഇന്ത്യയിലെങ്ങും നടപ്പിൽ വന്നുകൊണ്ടിരിക്കുന്നു. അവയുടെ ഫലമായി ജലസേചനസൗകര്യങ്ങൾ കൂടുതൽ സ്ഥലങ്ങളിലേക്കു വ്യാപിക്കും, സുലഭമായിത്തീരുന്ന വിദ്യുച്ഛക്തി വ്യവസായരംഗത്തു ചലനങ്ങളുണ്ടാക്കും, ജീവനും വസ്തുവകകളും വെള്ളപ്പൊക്കത്തിന്റെ കെടുതികളിൽ നിന്നു സുരക്ഷിതമായിത്തീരും. എന്നാൽ, ഇതിനൊക്കെ ധാരാളം പണമാവശ്യമാണ്.

നിങ്ങൾ മിച്ചം വയ്ക്കുന്ന പണം, എത്ര ചെറിയ തുകയായിരുന്നാലും ദേശീയപദ്ധതി സമ്പാദ്യ സർട്ടിഫിക്കറ്റുകളിലും ലഘുസമ്പാദ്യപ്രദ്ധതിയിലെ, ഗവണ്മെണ്ടിന്റെ ഉറപ്പോടുകൂടിയ മറു പ്രമാണ പത്രങ്ങളിലും നിക്ഷേപിക്കപ്പെടുന്ന പക്ഷം പദ്ധതിക്കാവശ്യമായ പണമുണ്ടാകുന്നതാണ്. ഈ പണം, നികുതിയിൽ നിന്നൊഴിവാക്കിയ പലിശയോടുകൂടി പിന്നീട് നിങ്ങൾക്കു മടക്കി കിട്ടുന്നതുമാണ്.

12 വർഷത്തെ ദേശീയ പദ്ധതി സമ്പാദ്യ സർട്ടിഫിക്കറ്റുകൾ

- പ്രതിവർഷം നികുതിയിൽനിന്നൊഴിവാക്കിയ 5.41 ശതമാനം പലിശ
- 5 രൂപ മുതൽ 5000 രൂപവരെയുള്ള വിഭാഗങ്ങളായി ഏതു തപാലാഫീസിൽ നിന്നും നിഷ്പ്രയാസം ലഭിക്കുന്നതാണ്.
- ഇന്ത്യാഗവണ്മെണ്ടിന്റെ ഉറപ്പോടുകൂടിയതു.

ലഘുസമ്പാദ്യ പദ്ധതിയിൽ പെട്ട മറു ഗവർമ്മെണ്ടു പ്രമാണ പത്രങ്ങൾ

10 വർഷത്തെ ട്രഷറി സേവിംഗ്സ് ഡിപ്പോസിറ്റ് സർട്ടിഫിക്കറ്റു

പോസ്റ്റ് ഓഫീസ് സേവിംഗ്സ് ബാങ്ക് ഡിപ്പോസിറ്റ്



DA-57/283

ദേശീയ സമ്പാദ്യ സ്ഥാപനം


കൂടുതൽ വിവരങ്ങളും ഈ നിക്ഷേപങ്ങൾ സംബന്ധിച്ച ചട്ടങ്ങളും നാഗപ്പരിലുള്ള നാഷനൽ സേവിംഗ്സ് കമ്മിഷണരിൽ നിന്നോ നിങ്ങളുടെ സംസ്ഥാനത്തെ റീജിയനൽ നാഷനൽ സേവിംഗ്സ് ഓഫീസറിൽ നിന്നോ അറിയാവുന്നതാണ്.

കൊട്ടക്കുകയും ചെയ്യുന്നു. ചെറിയാൻ കുഞ്ഞുമായി സംസാരിക്കാൻചെന്ന മാത്തൻ സാറിനെ അയാൾ ചെകിടത്തടിക്കുകയാണ് ചെയ്തതു്. ആക്ഷമാമൂർത്തി എന്നിട്ടും ചെറിയാൻ കുഞ്ഞിനോട്ട കയർത്തൊന്നും പറഞ്ഞില്ല. ചെറിയാൻ കുഞ്ഞിനെ ആ സംഭവം തെല്ലൊന്നമ്പരപ്പിക്കാതിരുന്നില്ല. പിന്നീട്ട പീറ്ററിനേയും, രാജമ്മയേയുംപറ്റി ചാക്കോച്ചൻ പറഞ്ഞുപരത്തിയ അപവാദം തെറ്റാണെന്നറിഞ്ഞപ്പോൾ ചെറിയാൻകുഞ്ഞു ആകെ മാറിപ്പോവുകയും ചെയ്തു. അതിനു മുമ്പുതന്നെ പള്ളിക്കുവേണ്ടി മുൻകയ്യെടുത്തു മാത്തൻസാറിന്റെ അരികിൽ നിൽക്കുന്ന ആഞ്ഞിലി വെട്ടിക്കാൻ ശ്രമിച്ചപ്പോൾ ഉണ്ടായ സംഘട്ടനത്തിൽ ജോണിയുടെ അടിയേറ്റു ചെറിയാൻ കുഞ്ഞിന്റെ കയ്യൊടിയുകയുണ്ടായി, എന്നിട്ടോ, പള്ളിയിൽനിന്നു മാടമ്പി സ്ഥാനത്തിനുവേണ്ടി നിർദ്ദേശിച്ചവരുടെ കൂട്ടത്തിൽ അയാളുടെ പേരു ഇല്ലതാനും. വാസ്തവങ്ങൾ പലതും അയാൾക്കും മനസ്സിലാകുന്നു. തെറ്റുകളെ എങ്ങിനെയെങ്കിലും ഭർത്തൃഗൃഹത്തിലേക്കു അയക്കണമെന്നു ആഗ്രഹിച്ചു കിടപ്പോടംപോലും വിറ്റു പണമുണ്ടാക്കിയ മാത്തൻസാറിന്റെ മുമ്പിലേക്കു, മുമ്പു അദ്ദേഹം വന്നു ക്ഷണിച്ചിട്ടപോലും ചെല്ലാൻമടിച്ച ചെറിയാൻ കുഞ്ഞു്, പശ്ചാത്താപവിവശനായി കയറിച്ചെല്ലുന്നു. മുമ്പൊരിക്കൽ കോപത്തോടുകൂടി പൊട്ടിച്ചുവാങ്ങിച്ച രാജമ്മയുടെ മിന്നുമാല കണ്ണീരോടുകൂടി അയാൾ മടക്കികൊടുക്കുന്നു. ആ രണ്ടു ഹൃദയങ്ങളുടേയും അകലിച്ച വഴിപ്പിക്കുവാനാണു ദൈവത്തിന്റെയും സ്വർഗ്ഗത്തിന്റെയും ആളുകൾ ശ്രമിച്ചതു്. പക്ഷെ സ്നേഹത്തിന്റെ ശക്തി ആ ഹൃദയങ്ങളെ അടുപ്പിച്ചു. സ്വർഗ്ഗം നാണിക്കേണ്ട ഈ രംഗത്തിനു മുമ്പിൽ?

സ്വീധനത്തെപ്പറ്റിയുള്ള നിബ്ബന്ധം മനുഷ്യബന്ധങ്ങളെ എങ്ങിനെ തകർത്തുകളയുന്നു എന്നു ചിത്രീകരിക്കയല്ല വക്കിയുടെ ഉദ്ദേശം. മനുഷ്യനെ ഉദ്ധരിക്കാൻ എന്നു അവകാശപ്പെട്ടുകൊണ്ടു നിലക്കൊള്ളുന്ന പള്ളി, പണക്കാരന്റെ താല്പര്യങ്ങളെ രക്ഷിക്കുവാൻ പാടുപെടുന്നതിനെ നിശിതമായി വിമർശിക്കുവാനാണു് നാടകകൃത്തു അധികവും ശ്രമിക്കുന്നതു. "പണക്കാരായ ചെറിയാൻകുഞ്ഞുമാരാണു് ഇന്നു പള്ളി ഭരിക്കുന്നതു്. ആ സ്വാധീനശക്തി കൊണ്ടു അവർ സാറിനു പള്ളിയുദ്ധാരം തന്നു. കൊള്ളലാഭക്കാരും അക്രമികളും ഒളിച്ചിരിക്കുന്നിടത്തുനിന്നു നീതിയുടെ ശബ്ദം പുറപ്പെട്ടുമോ?"—എന്ന പീറ്ററുടെ വാക്കുകൾ, വക്കിയുടെ വാക്കുകൾ തന്നെയാണു്. അന്യായമായി അന്യരുടെ അതിരിൽ നിൽക്കുന്ന തടി വെട്ടിക്കുന്നതിൽ താല്പര്യം പ്രകടിപ്പിക്കുക, ചീട്ടികൾ നടത്തുക, തങ്ങളുടെ തോട്ടത്തിൽനിന്നു കുലിക്കാരെ പിരിച്ചുവിടുക, തൊഴിലാളികളുടെ സമ്മേളനം തടയുക എന്നിങ്ങനെ ഒരു മുതലാളിയുടെ എല്ലാ പ്രവൃത്തികളും ഏറ്റെടുക്കുന്നുണ്ടു് വക്കി ചിത്രീകരിക്കുന്ന പള്ളിയും. ഇവക്കെല്ലാം ആളായി നടക്കുന്ന ചാക്കോച്ചന്റെ ആയുധങ്ങൾ അപവാദങ്ങളും ദ്വേഷം പരത്താനുതകുന്ന പ്രസ്താവനകളുമാണു്. "മാപ്പിളപിള്ളേക്കിവിടെ വഴി നടക്കണം" അതാണയാളുടെ പല്ലവി. തൊഴിലാളികളെ എതിർക്കുമ്പോൾ നിരീശ്വരന്മാരെ എതിർക്കുകയാണു് എന്നാണു് അയാളുടെ ഭാവം. അതിനു അയാൾ കൂട്ടു പിടിക്കുന്നതു "ഗാന്ധ്യൻ സോഷ്യലിസത്തേയും."

ഈ നാടകത്തിൽ വക്കി കൈകാര്യം ചെയ്യുന്നതു തികച്ചും സാമൂഹ്യവിമർശനപ്രധാനമായ ഒരു ഇതിവൃത്തമാണു് എന്നു ഇതുംകൊണ്ടു വ്യക്തമാകുമല്ലോ. തന്റെ കഥാപാത്രങ്ങളെ ജീവനുള്ളവരാക്കിത്തീർക്കാൻ വക്കിക്കു കഴിഞ്ഞിട്ടുണ്ടു്. പള്ളിയോടുള്ള കൂറും ബഹുമാനവും, സത്യത്തോടുള്ള കൂറും മകളോടുള്ള സ്നേഹവും, കഴിഞ്ഞകാലത്തെപ്പറ്റിയുള്ള അഭിമാനവും എല്ലാം നിറഞ്ഞു, പ്രായാധിക്യംവന്നു കണ്ണു കാണാതായി കുടുംബഭാരത്താൽ വിഷമിക്കുന്ന മാത്തൻ മാസ്റ്റർ, ഭർത്താവിനെ എത്രമാത്രം സ്നേഹിക്കുന്നുണ്ടെ


ലോഹത്തിന് രക്ഷ ആവശ്യമാണ്




ലോഹപ്പണികളുടെ ഉപരിതല സ്ഥിതി എങ്ങിനെയിരുന്നാലും അതാതിന്നു പറ്റിയ ഷാലിമാർ പെയിൻറു് പൂശുന്നതായാൽ അവയെ അനിശ്ചിതകാലത്തേക്കു് നാശം വരാതെ രക്ഷിക്കുവാൻ കഴിയും.




അതെന്തുകൊണ്ടെന്നാൽ ഷാലിമാർ ചായങ്ങൾക്കു മാത്രമെ ഇന്ത്യയിൽ 55 കൊല്ലത്തിലധികമുള്ള നിർമ്മാണ പരിചയം പിൻബലമായുള്ളൂ. വിപുലമായ ഗവേഷണം, നിരന്തരമായ പുരോഗതി, ലബ്ധമായ അഭിവൃദ്ധി എന്നിവ ഷാലിമാർപെയിൻറു് ഇന്ത്യയിലെ കടുത്ത കാലാവസ്ഥകളെ ചെറുത്തു നിൽക്കുമെന്നതിനു് ഉത്തരവാദിത്വം നൽകുന്നു.





ആവശ്യപ്പെടുമ്പോഴും എന്തുപയോഗത്തിനായാലും ഉദ്ദേശം വ്യക്തമാക്കുക.

ഷാലിമാർ പെയിൻറുകൾ



ഷാലിമാറിൻെറ എല്ലാവിധ പെയിൻറു് നിർമ്മാണങ്ങളേയും പൂർണ്ണവിവരത്തിനു് "ഷാലിമാർ റെഡി റെഫറൻസ്" ലഘുപുസ്തകത്തിനു്, പോസ്റ്റ് ബോക്സ് 68, കൽക്കത്താ-1, എന്ന വിലാസത്തിൽ എഴുതുക.


SHALIMAR PAINT

SPW 358


SHALIMAR PAINT, COLOUR & VARNISH CO. PRIVATE LTD.

ങ്കിലും ഭാര്യയുടെ അഭിമാനം രക്ഷിക്കുവാൻ വെമ്പുന്ന രാജമ്മ; എത്രയധികം കൂടിച്ചാലും നിലതെറ്റാത്ത റപ്പേൽ: ഗൌരവത്തോടും ധൈര്യത്തോടും കൂടി കാര്യങ്ങൾ തുറന്നുപറയുവാനും മനസ്സാക്ഷിയുടെ മുമ്പിൽ ക്ലേശത്തിലുത്തുകൊണ്ടു ഏതു അപവാദങ്ങളേയും തലയുയർത്തിത്തന്നെ നേരിടുവാനും കഴിയുന്ന പീറ്റർ: പോല്പീസുകാരനായിരുന്നെങ്കിലും മനുഷ്യസ്നേഹിയായ കുറുപ്പ്; ജീവിതത്തിന്റെ തല്ലുകളേറ്റു കള്ളനും മദ്യപാനിയും ആയിത്തീർന്നെങ്കിലും പിന്നീട്ട വേലയുടെ മഹത്വം മനസ്സിലാക്കി, നല്ലൊരു തൊഴിലാളിയായിമാറുന്ന ജോണി— ഇവരെല്ലാം രംഗത്തു ശോഭിക്കുന്നവരാണ്—നമ്മെ ആകർഷിക്കുന്നവരാണ്. ചാക്കോച്ചന്റെ പ്രതിരൂപങ്ങളെ വക്കിയുടെ മറ്റുചില നാടകങ്ങളിലും കണ്ടുമുട്ടാം. പൊതുവെ കഥാപാത്രസൃഷ്ടിയിൽ വിജയിച്ചിട്ടുണ്ടെങ്കിലും പ്രധാനകഥാപാത്രമായ ചെറിയാൻകുഞ്ഞിന്റെ ഹൃദയപരിവർത്തനം വേണ്ടത്ര വിശ്വാസയോഗ്യമായോ എന്നു സംശയമാണ്. നാടകത്തിന്റെ അവസാനഭാഗത്തു ചാക്കോച്ചന്റെ കളവു മനസ്സിലാക്കുമ്പോഴാണ് ചെറിയാൻ കുഞ്ഞിനു ഒരു വല്ലായ്മ അനുഭവപ്പെടുന്നതായി നാം കാണുന്നതു്. അതുവരെ പള്ളിയുടെ ഭാഗത്തുനിന്നു് തൊഴിലാളികളെ എതിർക്കുന്നതിനും, സമീപത്തുള്ള ചെറിയ പുരയിടങ്ങളിലെ ആളുകളെ ഉപദ്രവിക്കുന്നതിനും മാത്തൻ സാറിനേയും ജോണിയേയും തല്ലുന്നതിനും, സർവ്വോപരി രാജമ്മയുടെ മിന്നുമാലപോലും പൊട്ടിച്ചുവാങ്ങുന്നതിനും മുതിർന്ന ചെറിയാൻ കുഞ്ഞിനെയാണ് നാടകകൃത്തു നമുക്കു പരിചയപ്പെടുത്തുന്നതു്. നന്മയുടെ അംശങ്ങൾ അവിടെയെങ്ങും നാം കണ്ടുമുട്ടുന്നില്ല. എന്നിട്ട അയാൾ അവസാനരംഗത്തു പ്രത്യക്ഷപ്പെട്ട, മാത്തൻ സാറിനെ അടിച്ചപ്പോൾമുതൽ ഉറക്കമില്ലായിരുന്ന തനിക്കു എന്നു അവകാശപ്പെട്ടപ്പോൾ, ഇപ്പോൾ പല വാസ്തവങ്ങളും താൻ മനസ്സിലാക്കി എന്നു പറയുമ്പോൾ—അതു, ആ പരിവർത്തനം, വിശ്വാസയോഗ്യമല്ലാതാകുന്നു. അത്തരങ്ങൾക്കു നമ്മുടെ നാടകങ്ങളിൽ സ്ഥാനമില്ലല്ലോ. മറിച്ചു ജോണിയുടെ കാര്യം നോക്കുക. അയാൾ നല്ലവനായിരുന്നു; ജോലിചെയ്തു ജീവിച്ചിരുന്നു. അങ്ങിനെയിരിക്കെ പെട്ടെന്നു അയാളെ ജോലിയിൽനിന്നും പിരിച്ചയച്ചു. നിസ്സാരജോലികൾ ചെയ്വാൻ അഭിമാനിയായ മാത്തൻ സാർ സമ്മതിക്കുകയുമില്ല. അങ്ങിനെ വിഷമിച്ച ജോണി മദ്യപാനിയും കള്ളനുമായിത്തീർന്നു. അയാൾക്കു എല്ലാ സ്ഥലത്തുനിന്നും, താൻ ആരെ സംരക്ഷിക്കാൻ വേണ്ടി കൊള്ളരുതായ്കകൾ ചെയ്തുവോ ആ സഹോദരിമാരിൽനിന്നുപോലും അവഹേളനം ഏല്ക്കേണ്ടിവരുന്നു. ആ അവഹേളനങ്ങളും പീഡനങ്ങളുടേയും മറ്റും സ്വാധീനതയും അയാളിൽ പരിവർത്തനമുണ്ടാക്കി. ബിഡിതെറുപ്പാണെങ്കിൽപോലും ജോലിചെയ്തു ജീവിക്കുകയാണ് മേന്മയെന്ന അയാൾ മനസ്സിലാക്കി. മദ്യപാനിയും കള്ളനുമായ ജോണിയുടെ സ്ഥാനത്തു തൊഴിലാളിയും നല്ലവനും ആയ ജോണി ഉയർന്നുവരുന്നു. ഈ പരിവർത്തനം നമുക്കു മനസ്സിലാവുകയും ചെയ്യും.

സംഭാഷണത്തെപ്പറ്റി. നാടൻ ശൈലിയിലാണ് സംഭാഷണം മുഴുവൻ. നാടകത്തിനു ജീവൻ നൽകാൻ അതുപകരിക്കും. എങ്കിലും ചില സ്ഥലങ്ങളിൽ ചില അപാകതകൾ പറ്റിപ്പോയിട്ടില്ലെന്നില്ല. നല്ലവനും സ്നേഹനിധിയുമായ മാത്തൻസാർ, കോപിച്ചുകൊണ്ടാണെങ്കിൽപ്പോലും തന്റെ മകനായ ജോണിയോടു് (അയാൾ പഴയ മദ്യപാനവും കൊള്ളരുതായ്മയും ഉപേക്ഷിച്ചു നല്ലവനായിക്കഴിഞ്ഞിരിക്കുന്നു)—"നിന്റെ മറവനു കൊണ്ടു ചെന്നുകൊട്ടക്കു് തവളേ"—എന്നു പറഞ്ഞാൽ—അതെല്ലാം തെറ്റുകയാണ്!



"നിങ്ങളുടെ പെൺകുട്ടി കാഴ്ചയ്ക്ക് അത്ര വലിയ സുന്ദരി യാണെന്ന് ഞാൻ കരുതുന്നില്ല . . . പക്ഷെ, അവൾ എന്റെ മകന് ഏറ്റവും യോജിച്ച ഒരു ഭാര്യ യായിരിക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു . . . കാരണം, അവൾ ബുദ്ധിപൂർവം



ടിനോപാൽ

ഉപയോഗിക്കപ്പെട്ട സാരി ധരിച്ചിരിക്കുന്നു"

'ടിനോപാൽ' ഉജ. ആർ. ഗായ്ഗിയുടെ (എസ്. എ. ബാൽ സ്വിറ്റ്സർലണ്ട്) രജിസ്റ്റർ ചെയ്യപ്പെട്ട ട്രെയ്ഡ് മാർക്കാണ്

നിർമ്മാതാക്കൾ: സുഹൃദ് ഗെയ്ഗി പ്രൈവറ്റ് ലിമിറ്റഡ്
വാഡി വാഡി, ബറോഡ

ഏക മൊത്തവിതരണക്കാർ:
സുഹൃദ് ഗെയ്ഗി ട്രേഡിങ്ങ് പ്രൈവറ്റ് ലിമിറ്റഡ്,
പി. ഒ. ബോക്സ് 9165, ബോംബെ.

വെള്ളത്തുണികളിൽ കഴുകുമ്പോൾ ടിനോപാൽ പ്രയോഗിച്ചാൽ അവ ഏറ്റവും വെണ്മയുള്ളതാകുന്നു

SISTA'S-SG-42-MAL

ഇപ്പോൾ മെക്ക്‌ലീൻസ് പല്ലുകളെ പൂർവ്വാധികം ശോഭയുള്ളതാക്കിതീർക്കുന്നു



ഒരു വിശേഷ വാർത്ത! നിങ്ങളുടെ പല്ലുകൾ പൂർവ്വാധികം ശുചിയുള്ളവയും വെണ്മയുള്ളവയും ആക്കുവാനുള്ള ആഗ്രഹവും അതിശക്തവുമായ ഒരു ധാതു ഇപ്പോൾ മെക്ക്‌ലീൻസിൽ ചേർത്തിട്ടുണ്ട്. അതു പല്ലുകളെ പൂർവ്വാധികം ശോഭയുള്ളതാക്കുകയും, തന്മൂലം ആരോഗ്യവത്താക്കുകയും ചെയ്യുന്നു. മെക്ക്‌ലീൻസ് ഉപയോഗിച്ചു നിങ്ങളുടെ പല്ലുകൾ എത്ര ശോഭയുള്ളതാകുന്നു എന്നു അനുഭവിച്ചറിയുക.

മെക്ക്‌ലീൻസ് ഉപയോഗിച്ചു വെളുപ്പിച്ച പല്ലുകൾ

ആരോഗ്യമുള്ളവ മാത്രമല്ല, അവ ദന്ത രോഗങ്ങളിൽ നിന്നു സുരക്ഷിതവുമാകുന്നു.

മെക്ക്‌ലീൻസ് കൊണ്ടു ദന്ത ശുദ്ധി വരുത്തുക. അവ ഉപയോഗിക്കുമ്പോൾ ആദ്യമായിട്ടു കളിഞ്ഞും, രമ്യവുമായ ഒരനുഭൂതി നിങ്ങളിൽ ഉളവാകുന്നു. അതിനുശേഷം നിങ്ങളുടെ പല്ലുകൾ എത്ര പ്രകാശഭരിതമായി എന്നു നിങ്ങൾക്കു അറിയുവാൻ സാധിക്കും. ഇതിൽ നിന്നും നിങ്ങളുടെ പല്ലുകൾ പരിപൂർണ്ണമായി ശുചിയാക്കപ്പെട്ടു എന്നു തീർച്ചപ്പെടുത്താം.

പല്ലുകളെ ആവരണം ചെയ്തിരിക്കുന്ന വഴുവഴുപ്പായ വസ്തുവിൽ "ലൈപോയിഡസ്സു" കലർന്നിട്ടുണ്ടു." ഈ 'ലൈപോയിഡ്'സിനെ' നിത്യേന മാറാത്ത പക്ഷം, അതിലടങ്ങിയിരിക്കുന്ന അമ്ല വസ്തു പല്ലിന്റെ ഇനാമലിനെ നശിപ്പിക്കുകയും, തന്നിമിത്തം പല്ലുകൾ ദ്രവിക്കുകയും ചെയ്യുന്നു. 'ലൈപോയിഡ്'സ്സിനെ അലിയിപ്പിച്ചു കളയുകയാണു അവയെ നിക്കം ചെയ്യാനുള്ള ഏക മാർഗ്ഗം. ഇങ്ങനെ 'ലൈപോയിഡ്'സ്സിനെ' അലിയിക്കാൻ ശക്തിയുള്ള ഒരു പ്രത്യേക ധാതു മെക്ക്‌ലീൻസ് ടൂത്തു പേസ്റ്റിൽ മാത്രമേ അടങ്ങിയിട്ടുള്ളു. ഇതു സൗമ്യമായും സുരക്ഷിതമായും, ശീഘ്രമായും, 'ലൈപോയിഡ്'സ്സിനെ' നിക്കം ചെയ്യുന്നു. അതെ, അത്രയ്ക്കുതന്നെയാണു ദന്തങ്ങൾ ദ്രവിക്കാതിരിക്കാനുള്ള ഏക മാർഗ്ഗം.



മെക്ക്‌ലീൻസ് പെറോക്സൈഡ് ടൂത്തു പേസ്റ്റ് പ്രതിദിനം രാവിലേയും, രാത്രിയിലും ഉപയോഗിച്ചു പല്ലുകളെ ശോഭയുള്ളവയും, വെടിപ്പുള്ളവയും, ആരോഗ്യമുള്ളവയുമാക്കുവിൻ.

മെക്ക്‌ലീൻസ് പല്ലുകളെ ഏറ്റവും ശുചിയുള്ളവയാക്കുന്നു.

MTY 43 MAL.



പെപ്സ്

ലോകോത്തരമായ



കണ്ണത്തിനും
നെഞ്ചിനുമുള്ള
ഗുളികകൾ
ബ്രോങ്കയിറ്റിസ്സിനു്
ശീഘ്ര ശമനം നൽകി

തൊണ്ടവേദന, ബ്രോങ്കയിറ്റിസ്, ചുമ, ജലദോഷം ഇവയെ പെപ്സ് ഗുളികകൾ ശീഘ്രത്തിൽ ആശ്വസിപ്പിക്കുന്നു. പെപ്സ് ഗുളികകൾ സേവിച്ച ഉടനെ തന്നെ ആന്തിലടങ്ങിയ ശമനശക്തിയുള്ള സത്തുക്കൾ രോഗാണുക്കളെ നശിപ്പിച്ച്, വേദനയെ ശമിപ്പിക്കുന്നതു് നിങ്ങൾക്കു് അനുഭവപ്പെട്ടും.



പെപ്സ്

കണ്ണത്തിനും
നെഞ്ചിനുമുള്ള
ഗുളികകൾ

എല്ലാ മരുന്നു വ്യാപാരികളിൽ നിന്നും ലഭ്യമാണു്

FPY-56-MAL

സി. ഇ. ഫ്രൈഫോർഡ് (ഇൻഡ്യ) പ്രൈവറ്റ് ലി.

സോൾ ഏജന്റ്സ് :
ദാദാ ആൻഡ് കമ്പനി, മദ്രാസ്–3



Sole Distributors :

PENMEN'S INDUSTRIAL SERVICES

Kandivli, Bombay (S.D.)

മനസ്സിൽ മലർമഴ പെയ്യിക്കുന്ന മിക
രണ്ടു ചെറുകഥാസമാഹാരങ്ങൾ

ഗ്രന്ഥകർത്താ :
എം. പരമേശ്വരൻ നായർ.

1. ആകാശവിളക്കു്

ആ കമ്പി തുടങ്ങി 13 ചെറുകഥക
വില ക 1. (110 പേ

2. ഹൃദയത്തിലെ സപ്പ്ങ്ങൾ

സക്സ്സുകാരൻ തുടങ്ങി 6 കഥക
വില ക. 0–50. (പേജു് 5

സാഹിത്യപരിഷത്തു് ബുക്കു് സ്റ്റാ
എറണാകുളം.



കിട്ടാവുന്ന
ഏറ്റവും
സ്വനീയമായ
ൾ
ലഭിക്കുന്ന
മോഡലുകൾ

STRIAL

D.)


ക്കുന്ന മിക
ാരങ്ങൾ

നായർ.

ചെറുകഥക
(110 പേ

ങ്ങൾ
16 കഥക
(പേജ് 5

ക്കു് സ്റ്റാ





പതിവായ ശിരസ്സാസനം കൊണ്ടു് നരച്ച മുടിയെ ക്രമേണ കറുത്തതാക്കാമെന്നു് പറയപ്പെടുന്നു. പക്ഷെ, അതിനു് ധാരാളം ഒഴിവു സമയവും മന:ശാന്തിയും ആവശ്യമാണു്.

ഇക്കാലത്തു് നര നീക്കുവാനുള്ള ഏറ്റവും സുരക്ഷിതവും സുനിശ്ചിതവും വ്യയരഹിതവുമായ മാർഗ്ഗം **"ലോമ"** ഉപയോഗിക്കുക എന്നുള്ളതാണു്.





ചൂഷണം സാദ്ധ്യമല്ലാത്ത പ്രത്യേകതരം അടപ്പുള്ള കുപ്പികളിൽ ഇപ്പോൾ "ലോമ" ലഭിക്കുന്നു.

ലോമ
REGD.

സോൾ ഏജന്റ്സ്: എം. എം. ഖംബാത്ത്വാലാ, അഹമ്മദബാദ് 1.
ഏജന്റ്സ്: സി, നരോത്തം & കം., ബോംബെ-2. ഫോൺ: 30575.

പദ്മിനി പറയുന്നു, "ഞാൻ എല്ലായ്പ്പോഴും ലക്സ്"

ടോയ്‌ലറ്റ് സോപ്പ് ഉപയോഗിക്കുന്നു—അതു് പരിപൂർണ്ണമായും വെളുത്തതും, പരിശുദ്ധവുമാണു്!"



പ്രസിദ്ധനടിയായ പദ്മിനി പറയുന്നു. "ഈ വെളുത്തതും, പരിശുദ്ധവും, സൌരഭ്യമുള്ളതുമായ സോപ്പ് എന്റെ ത്വക്കിനെ മൃദുവായും, അഴകുള്ളതായും സൂക്ഷിക്കുന്നു."

നിങ്ങളുടെ ശരീരകാന്തിയ്ക്കു വേണ്ടി നിങ്ങളും ലക്സ് ടോയ്‌ലറ്റ് സോപ്പ് ഉപയോഗിക്കുക.

ലക്സ്
ടോയ്‌ലറ്റ്
സോപ്പ്



സിനിമാതാരങ്ങളുടെ
സൌന്ദര്യ്യ
സോപ്പ്

LTS. 543-50 ML

ബോംബെയിലെ ഹിന്ദുസ്ഥാൻ ലീവർ ലിമിറ്റഡ്നാൽ നിർമ്മിക്കപ്പെട്ടതു്.